*Issued on 8-12-1987*

# PROCEEDINGS
# OF THE
# KERALA LEGISLATIVE ASSEMBLY

**First Session**

Friday, 3rd April, 1987

**OFFICIAL REPORT**

Vol. LXX—No. 6

LIBRARY ARCHIVES Kerala Legislative Assembly

**Price: 50 P.**

Government of Kerala
1987

PRINTED BY THE S. G. P. AT THE GOVERNMENT PRESS,
TRIVANDRUM, 1987.

77327.

## ഉള്ളടക്കം

പേജ്

I അടിയന്തിര ചോദ്യം

തെരഞ്ഞെടുപ്പുകാലത്ത് കൊലചെയ്യപ്പെട്ടവർ 523

II അടിയന്തിരപ്രമേയം

ഐക്യജനാധിപത്യ മുന്നണി പ്രവർത്തകർക്ക് നേരെയുള്ള ആക്രമണം 527

III ചരമോപചാരം 533

ശ്രീ. കൊച്ചുകുട്ടൻ

ശ്രീ. ഹൈദ്രോസ് ഹാജി

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി എന്നിവരുടെ നിര്യാണം

IV സബ്മിഷൻ

1. ശ്രീ. വി. എം. സുധീരൻ

പുതിയ മന്ത്രിമാരുടെ വകുപ്പു വിഭജനം സംബന്ധിച്ച നോട്ടിഫിക്കേഷൻ 535

2. ശ്രീ. ആനത്തലവട്ടം ആനന്ദൻ

കയർ തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ 535

3. ശ്രീ. എം. എം. ഹസ്സൻ

നിയമ സഭാംഗം അല്ലാത്ത ഒരാൾ ട്രഷറി ബഞ്ചിൽ ഇരിക്കുന്നതു സംബന്ധിച്ച് 536

V ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെ കുറിച്ചുള്ള ചർച്ച (തുടർച്ച) 537

2/1946/B.

LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

## എട്ടാം കേരള നിയമസഭ

ഒന്നാം സമ്മേളനം

1987 ഏപ്രിൽ 3, വെള്ളി

വാല്യം LXX] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 6

നിയമസഭ 1987 ഏപ്രിൽ 3-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

### (i) അടിയന്തിര ചോദ്യം

തെരഞ്ഞെടുപ്പുകാലത്ത് കൊല ചെയ്യപ്പെട്ടവർ

ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പ് പ്രവർത്തന വേളയിൽ എത്രപേർ കൊലചെയ്യപ്പെട്ടിട്ടുണ്ട് ; അവർ ഏതെല്ലാം പാർട്ടിയിൽപ്പെട്ടവരാണ്;

(ബി) ഈ സംഭവങ്ങളുമായി ബന്ധപ്പെട്ട് ഇതിനകം എത്ര ആളുകളുടെ പേരിൽ കേസ് ചാർജ് ചെയ്തിട്ടുണ്ട് ;

(സി) കൊലപാതകങ്ങളെ തുടർന്ന് ഉളവായ സംഘർഷം അവസാനിപ്പിക്കാനും സമാധാനാന്തരീക്ഷം സൃഷ്ടിക്കാനും ഗവൺമെൻറ് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) 11 പേർ കൊല ചെയ്യപ്പെട്ടിട്ടുണ്ട്. ഇവരിൽ 7 പേർ മാർക്സിസ്ററു കമ്മ്യൂണിസ്ററ് പാർട്ടിയിൽപ്പെട്ടവരും ഒരാൾ സി.പി.ഐ. യിലും, ഒരാൾ കോൺഗ്രസ് (ഐ) യിലും, ഒരാൾ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിലും, ഒരാൾ ഭാരതീയ ജനതാ പാർട്ടിയിലും പെട്ടതാണ്.

(ബി) 265 ആളുകളുടെ പേരിൽ.

(സി) ശക്തവും ഊർജ്ജിതവുമായ പോലീസ് ബന്തവസ്സും പട്രോളിങ്ങും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കാസർഗോഡ് താലൂക്കിൽ 24-3-1987 മുതൽ രണ്ടാഴ്ചത്തേക്ക് 144-ാം വകുപ്പനുസരിച്ച് നിരോധനാജ്ഞ പുറപ്പെടുവിച്ചിട്ടുണ്ട്. വിവിധ രാഷ്ട്രീയ കക്ഷികളിലെ പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് സമാധാന സമ്മേളനം നടത്തുകയും അനിഷ്ട സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും ക്രമസമാധാനം നിലനിറുത്തുന്നതിനും ആവശ്യമായ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

**ശ്രീ. എം.വി. രാഘവൻ :** ഈ 11 പേരിൽ സി.എം.പി. യുടെ പ്രവർത്തകനായ വിജയനെ എറണാകുളം ജില്ലയിൽ ചിത്രപ്പുഴ എന്നു പറയുന്ന സ്ഥലത്തു വച്ച് സി.പി.എം. കാർ വെട്ടിക്കൊന്നത് ഉൾപ്പെടുമോ ? ഇത് രാഷ്ട്രീയമല്ലേ? തെരഞ്ഞെടുപ്പിനെ സംബന്ധിച്ചുള്ളതല്ലേ ? അത് എന്തുകൊണ്ടാണ് വ്യക്തമാക്കാത്തത് ?

**ശ്രീ. ഇ.കെ. നായനാർ :** ഇവിടെ ചോദ്യം തെരഞ്ഞെടുപ്പുകാലത്ത് എത്ര പേർ കൊലചെയ്യപ്പെട്ടു എന്നാണ്. തെരഞ്ഞെടുപ്പിനുശേഷം ഒരാഴ്ച കഴിഞ്ഞാണ് ഈ സംഭവം നടക്കുന്നത്. ഒരു സി. എം. പി. ക്കാരൻ കൊല ചെയ്യപ്പെട്ടിട്ടുണ്ട്—വിശ്വനാഥഷെഡ്ഡി.

**ശ്രീ. എം.വി. രാഘവൻ :** ഞാൻ ചോദിക്കുന്നത് അതല്ല. എറണാകുളം ജില്ലയിൽ ചിത്രപ്പുഴ എന്ന സ്ഥലത്ത് പിറവം നിയോജകമണ്ഡലത്തിൽ വിജയൻ എന്നു പറയുന്ന ഞങ്ങളുടെ ഒരു പ്രവർത്തകൻ തെരഞ്ഞെടുപ്പിന്റെ ബോർഡ് എഴുതുമ്പോൾ വീട്ടിൽ കടന്നാണ് സി.പി.എം. കാർ കുത്തിക്കൊന്നത്. അത് തെരഞ്ഞെടുപ്പു വേളയിലാണ്. ഇതു സംബന്ധിച്ചാണ് ഞാൻ ചോദിക്കുന്നത്.

**ശ്രീ. ഇ.കെ. നായനാർ :** അത് ഇവിടെ കിട്ടിയ റിപ്പോർട്ടിൽ ഇല്ല. അതിനെപ്പററി അന്വേഷിക്കാം.

**ശ്രീ. എം.വി.രാഘവൻ :** ഈ ഗവൺമെൻറിന് ഇപ്പോൾ കൊലപാതകത്തിന്റെ കണക്കും ഇല്ലെന്നാണോ ? ഈ ചോദ്യം, കേരളത്തിൽ ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പുവേളയിൽ എത്രപേർ കൊല ചെയ്യപ്പെട്ടിട്ടുണ്ട്, അവർ ഏതെല്ലാം പാർട്ടിയിൽപ്പെട്ടവരാണെന്നാണ്. 11 പേർ കൊല ചെയ്യപ്പെട്ടിട്ടുണ്ട് എന്നു പറഞ്ഞു. സി.എം.പി. യുടെ ഒരു പ്രവർത്തകൻ തെരഞ്ഞെടുപ്പ് പ്രവർത്തനത്തിന്റെ ഘട്ടത്തിൽ കൊല ചെയ്യപ്പെട്ടിട്ടുണ്ട്. ആ സംഭവം എന്തുകൊണ്ടാണ് ഇതിൽ വരാത്തതെന്നാണ് എന്റെ ചോദ്യം.

**ശ്രീ. ഇ.കെ.നായനാർ :** സി. എം. പി. പ്രവർത്തകനെ സംബന്ധിച്ച് ഇവിടെ രേഖയിൽ ഇല്ല. അതിർത്തിത്തർക്കമാണ് ആ സംഭവത്തിന്റെ പിന്നിലുള്ളതെന്നാണ് അറിയുന്നത്.

**ശ്രീ. സി.ടി. കൃഷ്ണൻ :** തെരഞ്ഞെടുപ്പ് സമയത്ത്, ആലത്തൂർ നിയോജകമണ്ഡലത്തിലെ മുടപ്പലൂരിൽ, ഐക്യജനാധിപത്യമുന്നണി സ്ഥാനാർത്ഥിയുടെ പ്രചരണ ജീപ്പ് കയററി, ചന്ദ്രൻ എന്നു പറയുന്ന ഒരു ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രവർത്തകനെ കൊലപ്പെടുത്തി. ആ കേസ്സിൽ എത്ര പ്രതികളുണ്ട് ? അവരെ അറസ്ററ് ചെയ്തിട്ടുണ്ടോ ? അത് ഈ ലിസ്ററിൽ പെടുമോ എന്നു വ്യക്തമാക്കുമോ ?

**ശ്രീ. ഇ.കെ. നായനാർ :** അന്വേഷിച്ച് വിവരം ശേഖരിച്ചു പറയാം.

**ശ്രീ. സി.എഫ്. തോമസ് :** ഈ തെരഞ്ഞെടുപ്പ് സമയത്ത് ഗുരുതരമായ പരിക്കുകളോടുകൂടി ആശുപത്രിയിൽ അഡ്മിററ് ചെയ്യപ്പെട്ട ആളുകൾ എത്ര പേരെന്നുള്ള വിവരം ശേഖരിച്ചിട്ടുണ്ടോ ? ചങ്ങനാശ്ശേരിയിൽ, ഗുരുതരമായ പരിക്കുകളോടുകൂടി ഐക്യജനാധിപത്യമുന്നണിയുടെ 6 പ്രവർത്തകർ ആശുപത്രിയിൽ കഴിയുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

**ശ്രീ. ഇ.കെ. നായനാർ :** ഈ ചോദ്യത്തിൽ അത് ഉദിക്കുന്നില്ല. അതിന് പ്രത്യേക ചോദ്യം വേണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഒ. ഭരതൻ : തെരഞ്ഞെടുപ്പ് നടന്ന ദിവസം വൈകുന്നേരം നാലു മണിക്കുശേഷം കാസർഗോഡ് ജില്ലയിലെ ചീമേനി എന്നു പറയുന്ന സ്ഥലത്തു വച്ച് അഞ്ചു സി.പി.ഐ. (എം) പ്രവർത്തകരെ ക്രൂരമായും പൈശാചികമായും കൊലചെയ്തതിനെതിരായിട്ട് ഇതിനകം എന്തു നടപടിയാണ് ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത് ?

ശ്രീ. ഇ.കെ. നായനാർ : ചീമേനി സംഭവത്തിൽ അന്ന് ഓഫീസിലിരുന്ന പ്രവർത്തകൻമാർക്കെതിരായി നടന്ന ആക്രമങ്ങളിൽ അഞ്ചു സി.പി.എം. പ്രവർത്തകൻമാർ മരിക്കുകയുണ്ടായി. അതിനെ സംബന്ധിച്ച് കേസ് എടുത്തിട്ടുണ്ട്. കേസ് തുടരുകയാണ്.

ശ്രീ. ഉമ്മൻചാണ്ടി : ചീമേനി സംഭവത്തിൻെറ പേരിൽ, നിരപരാധികളായിട്ടുള്ള ആളുകളുടെ വീടുകളിൽ പലരും കടന്നുകയറി അക്രമങ്ങൾ നടത്തുന്നതായിട്ടും, അതിൻെറ ഫലമായി 50-ഓളം വീടുകളിൽനിന്ന് ആളുകൾ താമസം മാററിയതായും ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. ഇ.കെ. നായനാർ : അതിനെ സംബന്ധിച്ച് പ്രത്യേകം ചോദ്യം തന്നാൽ അന്വേഷിച്ച് വിവരം തരാം.

ശ്രീ. ഉമ്മൻചാണ്ടി : അവിടെ നിരപരാധികളുടെ വീടുകളിൽ കയറി ഭീഷണിപ്പെടുത്തുകയും, അതിൻെറ ഫലമായി 50-ഓളം വീടുകളിൽനിന്ന് ആളുകൾ താമസം മാററുകയും ചെയ്തിരിക്കുകയാണ്. അതിൻമേൽ നടപടി എടുക്കാൻ തയ്യാറാകുമോ ?

ശ്രീ. ഇ.കെ. നായനാർ : ഏതെങ്കിലും കേസിലെ പ്രതി ഒളിവിൽപോയിട്ടുണ്ടോ എന്നറിയില്ല. ഉണ്ടെങ്കിൽ അതിനെപ്പററി അന്വേഷിക്കാം.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : തെരഞ്ഞെടുപ്പിനെത്തുടർന്ന് എൻെറ നിയോജകമണ്ഡലത്തിൽ കോട്ടയ്ക്കൽ എന്ന പ്രദേശത്ത് ഹിന്ദു മുന്നണിക്കാരും കോൺഗ്രസ് (ഐ) ക്കാരും എൻ.ഡി.പി. ക്കാരും സംയുക്തമായി ഇടതുപക്ഷ മുന്നണിയുടെ പ്രവർത്തകൻമാരെ ആക്രമിച്ചതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ഇ.കെ. നായനാർ : ഇവിടെ ചോദ്യോത്തരം കൊലപാതകത്തെസംബന്ധിച്ചാണ്. ഈ കാര്യത്തെ സംബന്ധിച്ച് പ്രത്യേകം ചോദിച്ചാൽ അന്വേഷിച്ച് പറയാം.

ശ്രീ. കെ. കെ. തോമസ് : എൻെറ നിയോജകമണ്ഡലത്തിൽ 25-ാം തീയതി ഒരു കൃഷിക്കാരനെ ഡി.വൈ.എഫ്.ഐ. ക്കാർ മുൻ വൈരാഗ്യംവച്ചുകൊണ്ട് കഴുത്തുവെട്ടി കൊല്ലുകയുണ്ടായി. ഈ കൊലപാതകം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഇങ്ങനെയുള്ള കൊലപാതകങ്ങൾ തടയുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ?

ശ്രീ. ഇ. കെ. നായനാർ : തെരഞ്ഞെടുപ്പുമായി ഈ കേസിന് ബന്ധമുള്ളതായിട്ട് തോന്നുന്നില്ല.

ശ്രീ. വി. കേശവൻ : തെരഞ്ഞെടുപ്പിൻെറ വോട്ടെണ്ണൽ ദിവസം ആൾ ഇന്ത്യാ റേഡിയോവിൽ എൻെറ എതിർ സ്ഥാനാർത്ഥി ശ്രീ. ദാമോദരൻ കാളാശ്ശേരി വിജയിച്ചതായിട്ടുള്ള വാർത്ത പ്രഖ്യാപിച്ചതിനെത്തുടർന്ന് ഐക്യജനാധിപത്യമുന്നണിയുടെ പ്രവർത്തകർ അവിടെ പടക്കം പൊട്ടിക്കുകയും ആഘോഷം നടത്തുകയും ഇടതുപക്ഷ ജനാധിപത്യമുന്നണി

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തകരുടെ വീട്ടിൽ കടന്ന് അക്രമം നടത്തുകയും ചെയ്ത സംഭവങ്ങളുണ്ടായി. ഇതു സംബന്ധിച്ച് അന്വേഷിച്ച് ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. കെ. നായനാർ : പത്രത്തിലുള്ള വാർത്ത കണ്ടു എന്നേയുള്ളൂ. അതിനെ സംബന്ധിച്ച് ഒഫിഷ്യലായിട്ടൊന്നും കിട്ടിയിട്ടില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : പിറവം നിയോജകമണ്ഡലത്തിൽ തിരുവാംകുളം പഞ്ചായത്തിൽ ചിത്രപ്പുഴ എന്ന സ്ഥലത്തുവച്ച് ഒരു രാഷ്ട്രീയ പ്രവർത്തകനായ വിജയനെ തെരഞ്ഞെടുപ്പുകാലത്ത് കൊന്നു എന്നു പത്രത്തിൽ വാർത്ത വന്നു. അതിനുശേഷം വളരെ പ്രധാനമായ ഒരു വാർത്തയായി അത് സംസ്ഥാനത്തെ പ്രമുഖ പത്രങ്ങളിലൊക്കെ വന്നു. ഇങ്ങനെയൊരു കൊലപാതകം നടന്നിട്ടില്ലേ? അതോ അദ്ദേഹം രാഷ്ട്രീയ പ്രവർത്തകനല്ലെന്നാണോ ഗവൺമെൻറിൻെറ അഭിപ്രായം? അതിനെ സംബന്ധിച്ച് കേസ് രജിസ്ററർ ചെയ്തിട്ടുണ്ടോ? അദ്ദേഹത്തെ രാഷ്ട്രീയ പ്രവർത്തകരുടെ ലിസ്ററിൽ നിന്ന് നീക്കം ചെയ്തുകൊണ്ടാണോ ഈ ലിസ്ററിൽപ്പെടാത്തത് എന്നുള്ള കാര്യം വ്യക്തമാക്കാമോ ?

ശ്രീ. ഇ. കെ. നായനാർ : ഇവിടെ പറയുന്നത് തെരഞ്ഞെടുപ്പുമായിട്ട് ബന്ധപ്പെട്ട കൊലപാതകത്തെ സംബന്ധിച്ചാണ്. അത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കൊലപാതകമാണോ എന്നറിയില്ല.

ശ്രീ. സി. ടി. അഹമ്മദ്അലി : കാസർകോഡ്, മഞ്ചേശ്വരം ഭാഗങ്ങളിൽ പാതിരാത്രിപോലും പോലീസ് വീട്ടിൽക്കയറി പല നിരപരാധികളെയും കേസിൽ കുടുക്കിക്കൊണ്ട് അറസ്ററ് ചെയ്തുവരുകയാണ്. നിരപരാധികളെ ഈ ബുദ്ധിമുട്ടിൽ നിന്നൊഴിവാക്കിക്കൊണ്ട് കുററവാളികളെ കണ്ടുപിടിച്ച് ശിക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. ഇ. കെ. നായനാർ : കാസർകോട്ട് നടന്ന സംഭവത്തെ സംബന്ധിച്ച് സമാധാനപരമായ അന്തരീക്ഷം സ്ഥാപിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അതിനെ സംബന്ധിച്ച് ഒരു സമ്മേളനം വിളിച്ചിട്ടുണ്ട്.

ശ്രീ. ടി. കെ. അറുമുഖൻ : തെരഞ്ഞെടുപ്പുവേളയിൽ ഒററപ്പാലത്ത് ഒരു ഡി. വൈ. എഫ്. ഐ. പ്രവർത്തകനെ കോൺഗ്രസ്സുകാരുടെ പ്രചരണക്കാരായിട്ടുള്ള ആളുകൾ കുത്തിക്കൊലപ്പെടുത്തിയതിൽ എത്ര പ്രതികളുണ്ടെന്നും അവരെ അറസ്ററു ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കാൻ കഴിയുമോ?

ശ്രീ. ഇ. കെ. നായനാർ : പ്രത്യേക ചോദ്യം വേണം.

ശ്രീ. കെ. പി. നൂറുദ്ദീൻ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞപ്പോൾ ഒരു കോൺഗ്രസ് പ്രവർത്തകൻ കൊല ചെയ്യപ്പെട്ടിട്ടുണ്ടെന്ന് പറഞ്ഞു. ചീമേനിയിൽ കൃഷ്ണൻ എന്ന ആളിനെ തെരഞ്ഞെടുപ്പുദിവസം പോളിംഗ് കഴിഞ്ഞ അവസരത്തിലാണ് വെട്ടിക്കൊലപ്പെടുത്തിയത്. ഈ കേസിൽ ഇതിനോടകം എത്ര പ്രതികളെ അറസ്ററു ചെയ്തിട്ടുണ്ട്. അതുപോലെതന്നെ ശ്രീ. ഭരതൻെറ ചോദ്യത്തിനുത്തരമായി അഞ്ചുപേരെ കൊലപ്പെടുത്തിയിട്ടുണ്ടെന്ന് പറയുകയുണ്ടായി. ആ കേസിൽ എത്ര പേരെ അറസ്ററു ചെയ്തിട്ടുണ്ട്. കൃഷ്ണനെ കൊലപ്പെടുത്തിയ കേസിൽ എത്ര പേരെ അറസ്ററു ചെയ്തിട്ടുണ്ട്. കൃഷ്ണനെ കൊലപ്പെടുത്തിയ പ്രതികളേയും കൂട്ടിയാണ് പോലീസ്സുകാർ മററ് സ്ഥലങ്ങളിൽ സഞ്ചരിക്കുന്നതെന്ന വിവരം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ : അങ്ങനെയൊന്നും പോലീസ് നടക്കുന്നതായിട്ടുള്ള വിവരം ഇല്ല. കൃഷ്ണനെ കൊലപ്പെടുത്തിയ കേസിൽ അഞ്ചു പേരെ ചീമേനിയിൽ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കുന്നതിനുവേണ്ടി അറസ്റ്റു ചെയ്തിട്ടുണ്ട്. കേസിന്റെ വിവരം പൂർണ്ണമായി ശേഖരിക്കാൻ കഴിഞ്ഞിട്ടില്ല. അത് ശേഖരിച്ചു വരികയാണ്.

(അടിയന്തിര ചോദ്യത്തിനുള്ള സമയം കഴിഞ്ഞു.)

## II അടിയന്തിര പ്രമേയം

### ഐക്യജനാധിപത്യമുന്നണി പ്രവർത്തകർക്ക് നേരേയുള്ള ആക്രമണം

മി. സ്പീക്കർ : കാസർകോട് ജില്ലയിലുടനീളം ഐക്യജനാധിപത്യ മുന്നണിയുടെ പ്രവർത്തകർക്കെതിരെ മാർക്സിസ്റ്റു പാർട്ടിക്കാർ അക്രമം അഴിച്ചുവിട്ടിരിക്കുന്നതുമൂലം ഉളവായതായി പറയപ്പെടുന്ന ഗുരുതരാവസ്ഥയെ സംബന്ധിച്ച് ചർച്ച ചെയ്യാൻ സഭാനടപടികൾ നിറുത്തിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. കെ. കരുണാകരൻ, ഇ. അഹമ്മദ്, ഉമ്മൻ ചാണ്ടി, കെ. പി. നൂറുദ്ദീൻ, കെ. സി. ജോസഫ്, കെ. പി. കുഞ്ഞിക്കണ്ണൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

(ബഹളം)

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, ഈ അടിയന്തിര പ്രമേയം സ്പീക്കർ അഞ്ചുമിനിട്ടു മുമ്പാണ് തന്നത്. ഇതിന്റെ വിവരം ശേഖരിച്ചുവരാനുള്ള സമയം കിട്ടിയില്ല. പിന്നെ ഇവിടേയ്ക്ക് പുറപ്പെട്ട സമയത്ത് ഒരു മിനിട്ടുമുമ്പ് മറ്റൊരു ബഹുമാനപ്പെട്ട അംഗവും നോട്ടീസ് തരുകയുണ്ടായി. ഇതിനെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചുവരികയെന്നുള്ളതും സമാധാനം സ്ഥാപിക്കാൻ ശ്രമിക്കുകയെന്നുള്ളതുമല്ലാതെ പൊതുവെ വ്യക്തമായ വിവരം തരാൻ, ഈ കാര്യത്തിൽ ഒരു മണിക്കൂർ എങ്കിലും സമയം വേണമെന്ന് നമ്മുടെ പ്രൊസീഡ്യുവറിൽ തന്നെയുണ്ട്. ഒരു മണിക്കൂർ മുമ്പ് സ്പീക്കർക്കു കിട്ടണം. അല്ലെങ്കിൽ ഒരു പതിനഞ്ച് ഇരുപതു മിനിട്ടു മുമ്പെങ്കിലും എനിക്ക് കിട്ടണം. അഞ്ചു മിനിട്ടു മുമ്പു കിട്ടിയാൽ പൊതുവെ വിവരം ശേഖരിച്ചു തരാനാകില്ല. മുൻകൂട്ടി കിട്ടാത്തതുകൊണ്ടുള്ള വിഷമത്തെപ്പറ്റി ഞാൻ സ്പീക്കറോടുതന്നെ പറഞ്ഞതാണ്.

(ബഹളം)

ശ്രീ. വി. എം. സുധീരൻ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ ഈ അടിയന്തിര പ്രമേയത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത് ശരിയല്ല. റൂൾസ് ഓഫ് പ്രൊസീഡ്യുവറിൽ നോട്ടീസിനെക്കുറിച്ച് പറയുന്നുണ്ട്. റൂൾ 51 :—"Notice of an adjournment motion shall be given before the commencement of the sitting on the day on which the motion is proposed to be made, both to the Speaker and to the Minister concerned. The notice shall be accompanied by a brief statement of the matter proposed to be discussed". ഈ സഭയിലെ കീഴ്വഴക്കങ്ങളും ചട്ടങ്ങളുംപ്രകാരം സഭ തുടങ്ങുന്നതിന് മുമ്പ് കൊടുക്കുകയെന്നുള്ളതല്ലാതെ ഒരു മണിക്കൂർമുമ്പ്

നോട്ടീസ് കൊടുക്കുകയെന്നുള്ള പതിവ് ഒരിക്കലും ഉണ്ടായിട്ടില്ല. അതുകൊണ്ട് മുഖ്യമന്ത്രിക്ക് സമയം വേണമെങ്കിൽ അത് അങ്ങേയ്ക്കു അനുവദിക്കാം. പക്ഷേ അത് ശരിയായിട്ടുള്ള കീഴ്വഴക്കമല്ല, ചട്ടങ്ങൾക്ക് വിരുദ്ധമാണ്. അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. ഇ. കെ. നായനാർ: ഇൻഫർമേഷൻ കിട്ടാനുള്ള സമയം ഇല്ലെങ്കിൽ ഇൻഫർമേഷൻ കിട്ടിയതുപോലെ പറയാമ നയൊക്കുകയുള്ളു. വിശദമായി മറുപടി കൊടുക്കുന്നതിന് സമയം വേണ്ടതാണ്.

ശ്രീ. കെ. എം. മാണി: കാസർകോട് ജില്ലയിലെ അതിക്രമങ്ങളെപ്പററി ഒരു അടിയന്തിര ചർച്ചയ്ക്ക് അനുവാദം തരണമെന്ന്, ലീഡേഴ്സ് മീററിംഗിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ, ഇതിനുമുമ്പുതന്നെ ആവശ്യപ്പെട്ട സാഹചര്യത്തിൽ ഇതിനാവശ്യമായ തെളിവുകൾ പ്രായോഗികമായി മുമ്പുതന്നെ ശേഖരിക്കാമായിരുന്നു.

(ബഹളം)

ശ്രീ. ടി. എം. ജേക്കബ്: വളരെയേറെ ആളുകൾ കൊല ചെയ്യപ്പെട്ടിട്ട് അത്, ഈ ഗവൺമെൻറിന് അറിവില്ല എന്നു പറയുന്നത് ലജ്ജാകരമല്ലേ. അതിനെപ്പററി അറിയാൻ വയ്യാത്തവർ പിന്നെ എന്തിനാണ് ഗവൺമെൻറ് എന്നു പറഞ്ഞിരിക്കുന്നത്.

ശ്രീ. കെ. കരുണാകരൻ: സർ, ഈ സഭയുടെ ചരിത്രത്തിൽ ഒരടിയന്തിരപ്രമേയം സഭയുടെ മുമ്പാകെ വന്നാൽ .. .. .. .. .. .. ..

മന്ത്രി (ശ്രീമതി കെ. ആർ. ഗൗരി): സർ, ഒരു പോയിൻറ് ഓഫ് ഓർഡർ .. .. .. .. .. .. .. .. .. ..

(ബഹളം)

ശ്രീ. ഇ. അഹമ്മദ്: സർ, പോയിൻറ് ഓഫ് ഓർഡറിന് മറുപടി പറഞ്ഞില്ല.

മി. സ്പീക്കർ: ആ പോയിൻറ് ഓഫ് ഓർഡറിന് മറുപടി പ്രതിപക്ഷനേതാവിൻെറ മറുപടികൂടി കേട്ടിട്ട് പറയാം.

(ബഹളം)

ശ്രീ. കെ. കരുണാകരൻ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ ഉന്നയിച്ചുകഴിഞ്ഞാൽ, ആ പോയിൻറ് ഓഫ് ഓർഡറിനെക്കുറിച്ച് സംസാരിക്കാൻ ഒരംഗത്തെ വിളിച്ചുകഴിഞ്ഞാൽ (അത് പ്രതിപക്ഷനേതാവോ മററാരുമോ ആകട്ടെ) അതിനെക്കുറിച്ച് കേൾക്കുന്നതിനുമുമ്പ് മറെറാരു പോയിൻറ് ഓഫ് ഓർഡർ ഉന്നയിക്കുന്നത് സാധാരണ ശരിയായ നടപടിക്രമം അല്ല. ഈ അടിയന്തിര പ്രമേയത്തെ സംബന്ധിച്ച് വിവരം കാലേക്കൂട്ടി അറിയിച്ചിട്ടുണ്ട്. മാത്രമല്ല ഈ അടിയന്തിര പ്രമേയത്തിലെ സംഭവം വളരെ വൈകി ഇന്നലെ രാത്രിയോ ഇന്നു കാലത്തോ സംഭവിച്ചതാണെങ്കിൽ മുഖ്യമന്ത്രി പറയുന്ന കാര്യം കുറെയെങ്കിലും മനസ്സിലാക്കാം. കഴിഞ്ഞ ഒരാഴ്ചക്കാലമായി തുടർച്ചയായി നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളാണിത്. പലപ്പോഴും പല അവസരങ്ങളിലുമായി ഇവിടെ പരാമർശിക്കപ്പെട്ടിട്ടുള്ളതുമാണ്. അങ്ങനെയുള്ള കാര്യങ്ങളെ സംബന്ധിച്ച് ഈ സഭയിൽ ഉന്നയിക്കാനുള്ള അവകാശം ഈ സഭയുടെ ചരിത്രത്തിൽ എന്നും പ്രതിപക്ഷത്തിന് നൽകിയിട്ടുള്ള മൗലികമായ ഒരവകാശമാണ്. ആ അവ

കാശം ഏത് കാരണത്തിന്റെ പേരിലായാലും നിഷേധിക്കപ്പെടുന്നതു ഈ സഭയ്ക്ക് അനുയോജ്യമായിട്ടുള്ളതല്ല. ഇത് കീഴ്‌വഴക്കങ്ങളുടെ ലംഘനമാണ്. ഞാൻ കുറെക്കാലം അപ്പുറത്തിരുന്നതാണ്. രാത്രി ഡെയിലി റിപ്പോർട്ട് വരും. ആ ഡെയിലി റിപ്പോർട്ടിൽ ആ ദിവസം നടന്ന എല്ലാ സംഭവങ്ങളും, നിയമസമാധാനമുൾപ്പെടെയുള്ള കാര്യങ്ങൾ ഉണ്ടാകും. അതുപോലെതന്നെ ഏതെങ്കിലും ഒരു സംഭവം പെട്ടെന്നുണ്ടായാൽ—അത് അർദ്ധരാത്രിയായാലും, രാവിലെയായാലും—അതിനെ സംബന്ധിക്കുന്ന റിപ്പോർട്ടു വരും. മുഖ്യമന്ത്രിയെ സംബന്ധിച്ച്, ഒരു ആഭ്യന്തരകാര്യമന്ത്രിയെ സംബന്ധിച്ച് സംസ്ഥാനത്തിന്റെ ഏത് ഭാഗത്തു നടക്കുന്ന കാര്യങ്ങളുടേയും വിവരങ്ങൾ അതിവേഗതയിൽ എത്തിച്ചുകൊടുക്കുവാനുള്ള സംവിധാനങ്ങൾ ഈ സംസ്ഥാനത്തുണ്ട്. ഈ സംഭവത്തെ സംബന്ധിച്ച് അതാതു അവസരങ്ങളിൽ മുഖ്യമന്ത്രിക്ക് കിട്ടിയ വിവരം പറഞ്ഞാൽ എനിക്ക് മനസ്സിലാക്കാൻ സാധിക്കും. ''ഇത്രയും വിവരം മാത്രമേ എനിക്കു ശേഖരിക്കാൻ കഴിഞ്ഞിട്ടുള്ളു, ഇനി കൂടുതൽ വിവരങ്ങൾ ശേഖരിക്കേണ്ടതായിട്ടുണ്ട്. ശേഖരിച്ചശേഷം വിശദമായി മറുപടി തരാം''. ഇങ്ങനെ പറയുന്നത് സ്വാഭാവികമാണ്. പക്ഷേ തന്നെസംബന്ധിച്ചിടത്തോളം നോട്ടീസ് കിട്ടിയത് വൈകിപ്പോയി എന്നു പറയുന്നത് ശരിയല്ല. എന്റെ സ്നേഹിതൻ മണലൂർ മെമ്പർ ഇവിടെ സൂചിപ്പിച്ചത് ഏത് നിലയ്ക്കാണ് അടിയന്തിര പ്രമേയം അവതരിപ്പിക്കേണ്ടതെന്നാണ്. ഈ സഭയുടെ നിയമവ്യവസ്ഥയിൽ വ്യക്തമായി പറഞ്ഞിരിക്കുന്നു സഭ ആരംഭിക്കുന്നതിന് ഏത് നിമിഷംമുമ്പും നോട്ടീസ് കൊടുത്താൽ മതിയെന്ന്. അങ്ങനെ കൊടുത്താൽ അത് ഓർഡറിലാണ്. ഇങ്ങനെ ഓർഡറിൽ അർപ്പിച്ചിട്ടുള്ള ഒരു അടിയന്തിര പ്രമേയത്തിന് വിവരം ശേഖരിക്കാൻ സാധിച്ചിട്ടില്ലെന്ന് പറയുന്നത് ശരിയല്ല. ഇന്നോ ഇന്നലെയോ ഉണ്ടായ സംഭവമല്ല. കഴിഞ്ഞ രണ്ടുമൂന്നു ദിവസമായി തുടർച്ചയായിട്ടുണ്ടാകുന്ന സംഭവങ്ങളാണ് ഈ പ്രമേയത്തിന്നാധാരം. അതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിലപാട് പുനഃപരിശോധിച്ച് ഇന്നുതന്നെ ഇവിടെ മറുപടി പറയണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഇവിടെ ചൂണ്ടിക്കാണിച്ച നിയമത്തിലെ വ്യവസ്ഥ വളരെയധികം ഇഫക്ടീവാണ്. അത് വളരെയധികം അംഗീകരിക്കപ്പെട്ട ഒരു സംഗതിയാണ്. അതുകൊണ്ട് അതിൽ ഒരു മാററവും വരുത്താൻ പാടില്ല. ഈ സഭയുടെ കീഴ്‌വഴക്കങ്ങളെ ലംഘിക്കുന്നത് ഉചിതമായിരിക്കുകയില്ല.

ശ്രീമതി കെ. ആർ. ഗൗരി : സർ, റൂൾ 50—ൽ പറഞ്ഞിരിക്കുന്നത് ഒരു അഡ്ജേൺമെന്റ് മോഷൻ കൊടുക്കേണ്ടത് എപ്പോഴാണെന്നാണ്. സഭ തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് നോട്ടീസ് കൊടുക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. സഭ തുടങ്ങുന്നതിന് ഒരു മിനിട്ട് മുൻപ് സ്പീക്കർ മന്ത്രിയോട് ഇന്ന പ്രമേയം കിട്ടി, എന്ന് ഫോണിൽ പറഞ്ഞാൽ അതിന് വിവരം ശേഖരിക്കാൻ പററുകയില്ല. സാധാരണ ഗതിയിൽ സഭ തുടങ്ങുമ്പോൾ ഒരു മണിക്കൂർ ചോദ്യോത്തര സമയം ഉണ്ടാകാറുണ്ട്. അതിനിടയിൽ വിവരം കളക്ട് ചെയ്തു കൊടുക്കാൻ കഴിയും. 50—ാം വകുപ്പ് ഉപയോഗിച്ചു കൊണ്ടാണെങ്കിൽ ഇത് തുടങ്ങുന്നതിന് മുൻപ് പറഞ്ഞാൽ മതി. പക്ഷേ വിവരം ശേഖരിക്കാൻ കഴിയാത്തതും സാദ്ധ്യമല്ലാത്തതുമുണ്ട്. പ്രതിപക്ഷനേതാവ് പറഞ്ഞു, ഇവിടെ എല്ലാ സംവിധാനങ്ങളും ഉണ്ട് എന്ന്. ഇപ്പോൾ പ്രതിപക്ഷനേതാവ് ഉന്നയിക്കാൻ പോകുന്ന കാര്യങ്ങൾക്ക് കാസർകോട്ടു നിന്ന് പെട്ടെന്ന് ഇവിടെ മറുപടി കിട്ടാൻ സാദ്ധ്യമല്ല. അതുകൊണ്ട് സാങ്കേതികമായിട്ട് അതിനു മുൻപ് കൊടുത്താൽ മതിയെന്നു പറയുന്നത് ഒരു മണിക്കൂർ ചോദ്യോത്തര സമയമുള്ളപ്പോഴാണ്. ഇന്ന് ചോദ്യോത്തര സമയമല്ല. ചോദ്യമുള്ള സമയത്ത് ഞങ്ങൾക്ക് വിവരം

കളക്ട് ചെയ്തു തരാൻ സമയമുണ്ടാകും. അതുകൊണ്ട് മറുപടി തരാൻ സാദ്ധ്യമല്ലാത്ത ഒരു കാര്യത്തെ സംബന്ധിച്ച് വാശിപിടിക്കുന്നത് ശരിയല്ല. ആ വിധത്തിൽ പോയിന്റ് ഓഫ് ഓർഡർ എന്ന നിലയിൽ ഇതിന് പ്രസക്തിയില്ലാത്തതാണ്.

(പല മെമ്പർമാരും സംസാരിക്കാൻ എഴുന്നേററു)

മി. സ്പീക്കർ: ദയവു ചെയ്ത് ബഹുമാനപ്പെട്ട അംഗങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. റൂളിംഗിന് ആവശ്യമായ വിവരങ്ങൾ രണ്ടുഭാഗത്തു നിന്നും കിട്ടിക്കഴിഞ്ഞാൽ പിന്നീട് മെമ്പർമാരിൽ നിന്നും വിവരം ശേഖരിക്കണം എന്ന് പറഞ്ഞ് നിർബന്ധിക്കരുത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ബഹുമാനപ്പെട്ട സഭാനേതാവും പരിചയ സമ്പന്നയായ ശ്രീമതി കെ. ആർ. ഗൗരിയും ഇതിനെ സംബന്ധിച്ച് സംസാരിച്ചു കഴിഞ്ഞു. അതിന്റെ നിയമപരമായ വശങ്ങളെല്ലാം ചെയറിന് മനസ്സിലായി. അതുകൊണ്ട് ചെയർ ഇക്കാര്യത്തിൽ ഒരു അഭിപ്രായം പറയാൻ തീരുമാനിച്ചിരിക്കുകയാണ്; ഇത് റൂളിംഗാണ്.

ശ്രീ. ഇ. അഹമ്മദ്: സർ, ബഹുമാനപ്പെട്ട ഗൗരിയമ്മ റൂളിനെപ്പററി പറഞ്ഞു. റൂൾ 54 (1) ൽ അതിനെപ്പററി പറയുന്നുണ്ട്. " The speaker, if he gives consent under rule 50 and holds that the matter proposed to be discussed is in order, shall, after the questions and before the list of business is entered upon, call the member concerned who shall raise his place and ask for leave to move the adjournment of the Assembly". ഇവിടെ ചോദ്യമുണ്ടായിരുന്നു. അടിയന്തിര ചോദ്യം ചോദിച്ചു. ബഹുമാനപ്പെട്ട മെമ്പർ സുധീരൻ ചൂണ്ടിക്കാണിച്ചതുപ്പോലെ, അങ്ങ് ഇവിടെ കൺസെന്റ് കൊടുത്തു കഴിഞ്ഞാൽ, It is the duty on the part of the Minister to reply. അതിൽ നിന്ന് ഒഴിഞ്ഞു മാറുന്നതും ശരിയല്ല. ഈ നാട്ടിലെ ജനങ്ങളുടെ സ്വത്തിനെയും ജീവനെയും ഗുരുതരമായി ബാധിക്കുന്ന സ്ഥിതി വിശേഷത്തെ സംബന്ധിച്ച് ഒരു ഗവൺമെന്റിന് ഈ ഹൗസിൽ വിവരം തരാൻ കഴിഞ്ഞില്ലെങ്കിൽ ഗവൺമെന്റ് എന്ന് പറയാൻ ഉള്ള അർഹതയില്ലെന്നാണ് ഞാൻ പറയുന്നത്. ഈ രാജ്യത്ത് നടക്കുന്ന സംഭവങ്ങൾ സംബന്ധിച്ച് സഭയോട് ഉത്തരവാദിത്വം ഉണ്ടായിരിക്കേണ്ട മുഖ്യമന്ത്രിയും മന്ത്രി സഭയും ഇതിനെ സംബന്ധിച്ച് ഒരു വിവരവും കൊടുക്കാതെ ഒഴിഞ്ഞു മാറുന്നു. ഒരു ജനാധിപത്യ രാഷ്ട്രത്തിൽ ഈ സഭയെ സംബന്ധിച്ചിടത്തോളം അത് ശരിയല്ല. അങ്ങ് കൺസെന്റ് കൊടുത്തതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി മറുപടിപറയുകയും പ്രതിപക്ഷ നേതാവിനെ വിവരങ്ങൾ അറിയിക്കുകയും വേണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളോട് ചെയറിന് ഇക്കാര്യത്തെ സംബന്ധിച്ച് അഭിപ്രായം പറയാനുണ്ട്. നിയമസഭാ ചട്ടങ്ങൾ അനുസരിച്ച് നിയമസഭ തുടങ്ങുന്നതിന് മുൻപു തന്നെ നോട്ടീസ് കൊടുക്കണമെന്നു മാത്രമേ പറഞ്ഞിട്ടുള്ളു, വ്യക്തമായ സമയ ക്ലിപ്തത ചട്ടത്തിൽ പറഞ്ഞിട്ടില്ല. ആധുനികമായ കമ്മ്യൂണിക്കേഷൻ സിസ്ററമെല്ലാം നിലവിലിരിക്കുന്നതു കൊണ്ട്, ഷോർട്ട് നോട്ടീസിൽ തന്നെ ഉത്തരം പറയാൻ സർക്കാരിന് കഴിയണം. നമ്മൾ അത്ര മാത്രം കമ്മ്യൂണിക്കേഷൻ സൗകര്യത്തിലിരിക്കുന്നവരാണ്. പക്ഷേ വിവരങ്ങൾ അപര്യാപ്തമാണെങ്കിൽ ആ വിവരം സഭയിൽ പറയാം. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ കൈവശമുള്ള വിവരങ്ങൾ സഭയെ അറിയിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അറിയാവുന്ന വിവരങ്ങൾ പറഞ്ഞാൽ മതി. ഈ സഭയുടെ ബിസിനസ്സ് ഇന്നുകൊണ്ട് അവസാനിക്കുകയാണ്. അല്ലെങ്കിൽ നാളേക്ക് മാററി വയ്ക്കാമായിരുന്നു. ആ പ്രത്യേക സാഹചര്യത്തിൽ മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ് അദ്ദേഹത്തിന് കിട്ടിയ വിവരങ്ങൾ ഈ സഭയെ അറിയിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

<u>മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :</u> സർ, നാലു മിനിട്ട് മുമ്പാണ് അങ്ങ് ഫോണിൽ വിളിച്ച് ഇക്കാര്യം പറഞ്ഞത്. അതുകൊണ്ട് മുഴുവൻ വിവരവും ശേഖരിക്കാൻ സമയം കിട്ടിയില്ല. ആ വസ്തുത ഈ സഭയും മനസ്സിലാക്കണം. തെരഞ്ഞെടുപ്പു കാലത്ത് കാസർകോട് താലൂക്ക് മുഴുവൻ അക്രമവും അനീതിയും കൊലപാതകവും നടന്നത് സംബന്ധിച്ച് ഈ സഭയിൽ പറഞ്ഞു. മാർച്ച് 23-ാം തീയതി വൈകുന്നേരം അഞ്ചു മണിക്കും രാത്രിയും നടന്ന സംഭവങ്ങളെ സംബന്ധിച്ച് പ്രതിപക്ഷ നേതാവും ഞാനും ഈ സഭയിൽ പ്രസ്താവിച്ചിട്ടുണ്ട്. അഞ്ചു പേർ ചീമേനിയിലും ഒരാൾ കയ്യൂരിലും കൊലചെയ്യപ്പെട്ടു. അത് കൂടാതെ മഞ്ചേശ്വരം, കാസർകോഡ് തുടങ്ങിയ ഭാഗത്ത് ബി. ജെ. പി., ലീഗ് പ്രവർത്തകർ തമ്മിൽ നടന്ന സംഘട്ടനത്തെപ്പററി ഇവിടെ പരാമർശം വന്നിട്ടുണ്ട്. അവിടെ സമാധാനപരമായ അന്തരീക്ഷം ഉണ്ടാക്കാൻ ശ്രമങ്ങൾ നടക്കുകയാണ്. അവിടെ നടന്നതെന്താണെന്നുള്ളതിനെ പററി വിശദമായി വിവരം ശേഖരിക്കാൻ സമയം കിട്ടാതെ പറയാൻ കഴിയുകയില്ല. സമാധാനം സ്ഥാപിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഞാനും മഞ്ചേശ്വരം സന്ദർശിച്ച് അവിടെയുള്ള സാമുദായിക സംഘർഷം ഒഴിവാക്കാനുള്ള പരിശ്രമം തുടരുന്നതാണ്. ഇത്രയുമല്ലാതെ ഗുരുതരമായ സംഭവവികാസങ്ങൾ അവിടെയില്ല. സ്ഥിതിഗതികൾ ഇപ്പോൾ നിയന്ത്രണാധീനമാണ്. കാസർകോഡ് മാത്രം 144 ഇപ്പോഴും തുടരുന്നുണ്ട്, മററ് സ്ഥലത്ത് 144 എടുത്തു കളഞ്ഞു. അവിടെ സമാധാനപരിപാലനത്തിന് എല്ലാ കക്ഷികളുടെയും പിന്തുണയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

<u>ശ്രീ. കെ. കരുണാകരൻ :</u> സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ പ്രദേശത്തെക്കുറിച്ച് ഏതെങ്കിലും വിധത്തിലുള്ള വിവരം ശേഖരിച്ച് അതിന്റെ അടിസ്ഥാനത്തിലാണ് മറുപടി പറഞ്ഞത് എന്ന് എനിക്ക് വിശ്വസിക്കാൻ നിവൃത്തിയില്ല. അദ്ദേഹം സത്യവിരുദ്ധമായി പറഞ്ഞുവെന്ന് ഞാൻ പറയുന്നില്ല. അവിടെ ഞാൻ പോയി കണ്ട ഏററവും ദയനീയമായ സ്ഥിതി വിശേഷം................(ബഹളം)........

<u>ശ്രീ. ബേബി ജോൺ :</u> സർ, ഭരണകക്ഷിയിൽ നിന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, പിന്നെ അതിൽ ചർച്ചയില്ല. ...............(ബഹളം)

<u>മി. സ്പീക്കർ :</u> ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് പറയാം.

<u>ശ്രീ. കെ. കരുണാകരൻ :</u> കസേര മാറിയിരിക്കുമ്പോൾ ഇത്ര പെട്ടെന്ന് കാര്യങ്ങൾ മറക്കുമോ ? സാധാരണ അടിയന്തിര പ്രമേയത്തിന് നോട്ടീസ് കൊടുത്തുകഴിഞ്ഞാൽ മുഖ്യമന്ത്രി അതിന് വിശദീകരണം നൽകി കഴിഞ്ഞാൽ നോട്ടീസ് കൊടുത്ത ആളിന് അതിനെ സംബന്ധിച്ച് സംസാരിക്കാൻ അവകാശം കൊടുക്കുകയും അതിൻമേൽ സ്പീക്കറുടെ റൂളിംഗ് ഉണ്ടാകുകയും ചെയ്യും. അതാണ് സാധാരണ നടപടി ക്രമം. ഇതുപോലും ഒരു പരിചയ സമ്പന്നനായ, പഴക്കമുള്ള ഒരു മന്ത്രിക്ക് മനസ്സിലാകുന്നില്ല എന്നു പറഞ്ഞാൽ ഞാൻ അതിനെക്കുറിച്ച് അധികമൊന്നും പറയുന്നില്ല. അത് നിർഭാഗ്യകരമാണ്. തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽപ്പെട്ട ചീമേനി പഞ്ചായത്തിലും പരിസര പ്രദേശങ്ങളിലും ഇന്ന് നിത്യ ജീവിതം ദുഃസഹമാണ്. അവിടെ ജീവിക്കാൻ പ്രയാസമായിത്തീർന്നിരിക്കുകയാണ്.

<u>ശ്രീമതി കെ. ആർ. ഗൗരി :</u> അവിടെ എന്താണ് ഉള്ളത് ?.............. (ബഹളം).............

<u>മി. സ്പീക്കർ :</u> അടിയന്തിര പ്രമേയം അവതരിപ്പിച്ചിരിക്കുന്ന ഒന്നാം പേരുകാരനായ പ്രതിപക്ഷനേതാവിന് അതിനെക്കുറിച്ച് പറയാനുള്ള കാര്യങ്ങൾ പറയാം.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീമതി കെ. ആർ. ഗൗരി :</u> പ്രമേയം അനുവദിച്ചു എന്നാണോ പറയുന്നത്.

<u>മി. സ്പീക്കർ :</u> പ്രമേയം അനുവദിച്ചില്ല. മുഖ്യമന്ത്രിക്ക് പറയാനുള്ളത് കേട്ടിട്ട് സ്പീക്കർ തീരുമാനമെടുക്കും.

<u>ശ്രീ. കെ. കരുണാകരൻ :</u> സർ, അടിയന്തിരപ്രമേയം അങ്ങ് സഭയുടെ മുമ്പാകെ വച്ചാൽ, ഗവൺമെന്റ് ഭാഗത്തുനിന്ന് പറഞ്ഞാൽ, പ്രതിപക്ഷത്തിന് പറയാനുള്ളത് കേട്ടതിനുശേഷം അടിയന്തിരപ്രമേയം അനുവദിക്കാമോ വേണ്ടയോ എന്ന് അങ്ങാണ് തീരുമാനിക്കുന്നത്. അതുപോലും ഗൗരിയമ്മയെ പോലുള്ള ഒരു മെമ്പർ അധികാരത്തിലിരിക്കുമ്പോൾ മറന്നുപോകുന്നത് ഖേദകരമാണ്. ഇത് അധികാരമത്താണ്. ഇത് പ്രയാസകരമാണ്.

ചീമേനി പഞ്ചായത്തിലും പരിസരങ്ങളിലും ഭയാനകമായ സ്ഥിതി വിശേഷമാണുള്ളത്. ജനാധിപത്യയുഗത്തിൽ ഇതു കേട്ടുകേൾവിപോലുമില്ലാത്തതാണ്. അവിടത്തെ ജനങ്ങളെ ഭീഷണിപ്പെടുത്തി, തടഞ്ഞു നിർത്തി വോട്ടു ചെയ്യാൻ അനുവദിച്ചില്ല. അതു പോകട്ടെ. വോട്ടേ നഷ്ടപ്പെട്ടുള്ളുവെന്ന് കരുതാം. പക്ഷേ തിരിച്ചു വന്ന വഴിയിലുണ്ടായ അനുഭവമോ? അവരുടെ വീടുകൾ നശിപ്പിച്ചിരിക്കുന്നു. 12 വീടുകൾ നശിപ്പിച്ചതിൽ ആറെണ്ണം പാവപ്പെട്ട ഹരിജനങ്ങളുടേതാണ്. ഹരിജനങ്ങൾ അടുത്തകാലത്തായി ഇന്നത്തെ ഭരണ മുന്നണിയുമായി വിട പറഞ്ഞതിന്റെ പേരിലാണോ ഇന്നലെവരെ അവരുടെ താങ്ങും തണലുമായി നിന്ന, അവരുടെ ശക്തി ദുർഗ്ഗമായിരുന്ന ഹരിജനങ്ങളോട് ഇത്തരത്തിൽ പെരുമാറിയത്. അവർ നഷ്ടപ്പെട്ടപ്പോഴുണ്ടായ വൈരാഗ്യം തീർക്കുന്നതിനു വേണ്ടിയുള്ള ഒരു നടപടിയായിപ്പോയി ഇത്. അവർ ജനാധിപത്യ മുന്നണിക്ക് വോട്ട് ചെയ്യാൻ പോയി. അവരെ വോട്ടു ചെയ്യാൻ അനുവദിച്ചില്ല, വോട്ട് ചെയ്യാൻ പോയതിന്റെ പേരിൽ പാവപ്പെട്ട ഹരിജനങ്ങളെ..........(ബഹളം) ............ അവിടെച്ചെന്നു കാണണം സർ, തകർത്തു എന്ന് പറഞ്ഞാൽ മുഴുവൻ തകർത്തു. തീ വച്ചു നശിപ്പിച്ചു. പാവപ്പെട്ട ഒരു സ്ത്രീ............(ബഹളം)....... ...... ചീമേനിയിലെ എൻ. വി. ശങ്കരൻ, ഭാസ്ക്കരൻ, കെ. സി. രാമകൃഷ്ണൻ, ററി. വി. രാഘവൻ നായർ, കോരൻ മാസ്ററർ എന്നിവരുടെ വീടുകൾ തകർത്തു. തക്കി കോളനിയിൽ താമസിക്കുന്ന കൃഷ്ണന്റെ വീട് മുഴുവൻ തകർത്തു. കണ്ണൻകുഴി പാറു എന്ന പാവപ്പെട്ട സ്ത്രീ ഷെഡ്യൂൾഡ് കാസ്ററ്സ് ഷെഡ്യൂൾഡ് ട്രൈബ്സ് കോർപ്പറേഷനിൽ നിന്ന് ലോൺ എടുത്തിട്ട് ഒരു ചൂള വച്ചു. ആ ചൂള തകർത്തു. കണ്ണന്റെ ഓടിട്ട വീട് മുഴുവൻ എറിഞ്ഞു തകർത്തു. രാമചന്ദ്രന്റെ വീട് തകർത്തു. വസ്ത്രങ്ങൾ മുഴുവൻ കത്തിച്ചുകളഞ്ഞു. നാരായണന്റെയും ദാമോദരന്റേയും മുഴുവൻ സാധനങ്ങളും നശിപ്പിച്ചു. ഞാൻ ഇങ്ങനെ ലിസ്ററ് വായിക്കുന്നത് ഇത് വെരിഫൈ ചെയ്യാൻ വേണ്ടിയാണ്. അത്താഴം കഴിക്കാൻ വച്ച ഭക്ഷണം പോലും ചവുട്ടി നശിപ്പിച്ചു. മുഴുവൻ സാധനങ്ങളും കിണററിൽ വലിച്ചെറിഞ്ഞു. ഇന്നും അവിടെ ഭീകരാവസ്ഥയാണ്. പത്തു നൂറ് സ്ത്രീകൾ കണ്ണീരോടുകൂടി എന്റെ മുമ്പിൽ വന്നു.............(ബഹളം) ............സർ, അങ്ങയോട് ഒരു കാര്യം ചൂണ്ടിക്കാണിക്കുകയാണ്. ഈ സഭയുടെ ശാന്തസ്സ് കെടുത്താൻ ആരേയും അങ്ങ് അനുവദിക്കരുത്. അവിടെ ചെന്നപ്പോൾ സ്ത്രീകൾ നെഞ്ചത്തടിച്ച് നിലവിളിക്കുന്നു. പലരും വീടു വിട്ടു പോയിരിക്കുന്നു. ആ പ്രദേശത്ത് അവർക്ക് താമസിക്കുവാൻ സാദ്ധ്യമല്ല. ജനപ്പാറ എന്നു പറയുന്ന പ്രദേശത്ത് പുരുഷൻമാരെ കാണാൻ പ്രയാസമാണ്. കേസിന്റെ പ്രതികളെ അന്വേഷിക്കുന്നതിൽ ഞങ്ങൾക്ക് വിരോധമില്ല. എല്ലാ പ്രതികളേയും അന്വേഷിക്കണം. പ്രതികളെ അറസ്ററ്

ചെയ്യണം. പാർട്ടി നോക്കാതെ ശിക്ഷിക്കണം........(ബഹളം)............ അതാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. കോൺഗ്രസിനേയും വിടണ്ട. മാർക്സിസ്റ്റ് പാർട്ടിയേയും വിടണ്ട. പ്രതികളെ പ്രതികളായി കൈകാര്യം ചെയ്യണം. പക്ഷെ ഇന്ന് അതല്ല. ഇതിന്റെ പേരിൽ നടക്കുന്ന ഭീകരാവസ്ഥ കാരണം സാധാരണ ജനങ്ങൾക്ക് അവിടെ ജീവിക്കാൻ സാധിക്കുന്നില്ല. എന്റെ സ്വന്തം അനുഭവം പറയാം. ഞങ്ങളുടെ ഒരു പ്രവർത്തകൻ കൃഷ്ണൻ ഒരു അപരാധവും ചെയ്തില്ല. പോളിംഗ് ബൂത്തിലേക്ക് ഏജന്റിനെ കൊണ്ടുവരാൻ ജീപ്പുമായി പോയി വിവരം അറിയിച്ചു വരുമ്പോഴാണ് കൃഷ്ണനെ തുണ്ടംതുണ്ടമായി വെട്ടിമുറിച്ചു കൊന്നത്. ആ കൃഷ്ണന്റെ അനാഥമായ കുടുംബത്തെ കാണാൻ ഞാൻ പോകുമ്പോൾ വഴിയിൽ ആദ്യം കല്ലിട്ട് നിറച്ചു. പിന്നീട് വഴിയിൽ ഒരു മരം വെട്ടിയിട്ട് ............... (ബഹളം).................... ആ അനാഥ കുടുംബത്തെ ഒന്ന് ആശ്വസിപ്പിക്കുവാൻ പോയപ്പോൾ മാർഗ്ഗതടസമുണ്ടാക്കിയ ഈ കശ്മല ഭരണം, ഈ കിരാതഭരണം കേരളത്തിലെ ജനങ്ങൾ പൊറുക്കുകയില്ല. അതുകൊണ്ടാണ് ഈ സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് പറയുന്നത്.

അതുപോലെതന്നെ മഞ്ചേശ്വരത്തും ഒരു രക്ഷയുമില്ല........... ...... (ബഹളം)..........സംസ്ഥാനത്തിന്റെ പല ഭാഗത്തും നിലനിൽക്കുന്ന ഈ ദുരവസ്ഥയ്ക്ക് അന്ത്യം വരുത്താൻ ഈ ഗവൺമെന്റിന് കഴിയുമോ? കഴിയണം. കഴിഞ്ഞില്ലെങ്കിൽ കഴിയിക്കും. അതിന് വഴിയുണ്ടാക്കും. അതുകൊണ്ട് ഈ സഭ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, ഈ 5 പേരുടെ കൊലപാതകം നടന്നത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് മുഖ്യമന്ത്രിയായിരുന്ന സമയത്താണ്. .......... .... (ബഹളം) .................... നിയമലംഘനം മുഴുവൻ നടന്നത് അങ്ങ് മുഖ്യമന്ത്രിയായിരുന്ന കാലത്താണ്. ............(ബഹളം) ..........26-ാം തീയതിയാണ് ഞാൻ മുഖ്യമന്ത്രി ആയത്. 23-ം 24-ം തീയതികളിലാണ് ഇത് നടന്നത്. അന്ന് മുഖ്യമന്ത്രി ശ്രീ. കരുണാകരനാണ്. മാത്രമല്ല അവിടെ ക്രമസമാധാനം ഇത്തരത്തിൽ ഗുരുതരമായി തീർന്നിട്ടില്ല എന്നുള്ള സത്യവും പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. വളരെ സമാധാനപരമായിട്ടുള്ള സ്ഥിതിയാണുള്ളത്. അക്രമപരമായിട്ടുള്ള പ്രവർത്തനങ്ങൾ ഒഴിവാക്കുന്നതിനുള്ള എല്ലാ നിർദ്ദേശവും കൊടുത്തിട്ടുണ്ട്.

മഞ്ചേശ്വരത്ത് ഇപ്പോൾ ഹിന്ദു-മുസ്ലീം വർഗ്ഗീയത എന്നുള്ള നിലയിലാണ് കാര്യങ്ങൾ. അതും അവിടെ നടക്കാൻ പാടില്ല. അങ്ങ് പറഞ്ഞിട്ടുള്ള ഈ സംഭവഗതികൾ സത്യവിരുദ്ധമാണ്. അതുകൊണ്ട് ഇതിൽ ഒരു ചർച്ച നടത്തേണ്ട ആവശ്യമില്ല. ..............(ബഹളം)...............

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിര പ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

## III. ചരമോപചാരം

മി. സ്പീക്കർ : കൊച്ചി പ്രജാമണ്ഡലത്തിലും കൊച്ചി നിയമസഭയിലും തിരുകൊച്ചി നിയമസഭയിലും കേരള നിയമസഭയിലും അംഗമായിരുന്ന ശ്രീ. കൊച്ചുകുട്ടൻ, കേരള നിയമസഭയിൽ അംഗങ്ങളായിരുന്ന ശ്രീ. ഹൈദ്രോസ് ഹാജി, ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി എന്നിവർ നിര്യാതരായ വിവരം ബഹുമാനപ്പെട്ട അംഗങ്ങൾ അറിഞ്ഞിരിക്കുമല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

1931-ൽ കൊച്ചി പ്രജാമണ്ഡലത്തിൽ അംഗമാവുകയും അങ്ങനെ തന്റെ സജീവ രാഷ്ട്രീയ ജീവിതം ആരംഭിക്കുകയും ചെയ്ത ശ്രീ. കൊച്ചുകുട്ടൻ സ്വാതന്ത്ര്യലബ്ധിക്കുശേഷം കൊച്ചി നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1949-ൽ അദ്ദേഹം ആ നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കറായി. സംയോജിത തിരു-കൊച്ചി സംസ്ഥാനത്തിന്റെ നിയമസഭയിലും അദ്ദേഹം കുറച്ചുകാലം ഡെപ്യൂട്ടി സ്പീക്കറായിരുന്നു. 1951-ൽ വീണ്ടും തിരു-കൊച്ചി നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ശ്രീ. കൊച്ചുകുട്ടൻ 1952-53 കാലഘട്ടത്തിൽ സംസ്ഥാനത്തിന്റെ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയായിരുന്നു. 1954-ലും അദ്ദേഹം തിരു-കൊച്ചി നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. ഒന്നാം കേരള നിയമസഭയിലും രണ്ടാം കേരള നിയമസഭയിലും അംഗമായിരുന്ന അദ്ദേഹം വടക്കാഞ്ചേരി മണ്ഡലത്തെയാണ് പ്രതിനിധീകരിച്ചിരുന്നത്. സൗമ്യനും സത്യസന്ധനും പ്രാപ്തനുമായ ഒരു ഭരണാധികാരിയെന്ന നിലയിൽ അദ്ദേഹം ഏവരുടേയും പ്രശംസയ്ക്ക് പാത്രമായിരുന്നു. ഭാരതീയ അധഃകൃത വർഗ്ഗ ലീഗിന്റെ സ്ഥാപക നേതാക്കളിൽ ഒരാളായിരുന്ന ശ്രീ. കൊച്ചുകുട്ടൻ, ഹരിജനക്ഷേമ പ്രവർത്തനങ്ങൾക്ക് വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്.

അഖില ഭാരതീയ മുസ്ലീംലീഗിന്റെ ആദ്യകാല പ്രവർത്തകനായിരുന്ന ശ്രീ. ഹൈദ്രോസ് ഹാജി പിന്നീട് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ ചേരുകയും പാർട്ടിയുടെ ഉത്തരവാദപ്പെട്ട പല സ്ഥാനങ്ങളും വഹിക്കുകയും ചെയ്തു. കുറെക്കാലം അദ്ദേഹം സംഘടനാ കോൺഗ്രസ്സിന്റെ മലപ്പുറം ഡി. സി. സി. പ്രസിഡന്റായിരുന്നു. സഹകരണ പ്രസ്ഥാനത്തിലും മറ്റ് സാമൂഹ്യപ്രസ്ഥാനങ്ങളിലും സജീവമായ പങ്കു വഹിച്ചിരുന്ന ശ്രീ. ഹാജി ചാവക്കാട് കോ-ഓപ്പറേറ്റീവ് യൂണിയന്റെ ചെയർമാനായും കുമാരനല്ലൂർ സഹകരണസംഘത്തിന്റെ ഡയറക്ടറായും പ്രവർത്തിച്ചിട്ടുണ്ട്. 1959-ൽ വിമോചന സമരത്തിൽ പങ്കെടുക്കുകമൂലം അദ്ദേഹം ജയിൽവാസമനുഭവിക്കുകയുണ്ടായി. നാലാം കേരള നിയമസഭയിൽ പൊന്നാനി നിയോജകമണ്ഡലത്തെയാണ് അദ്ദേഹം പ്രതിനിധാനം ചെയ്തിരുന്നത്. നിയമസഭയുടെ അഷ്വറൻസ് കമ്മിറ്റിയിൽ ശ്രീ. ഹാജി അംഗമായിരുന്നിട്ടുണ്ട്.

കേരളത്തിന്റെ പൊതുജീവിതത്തിൽ മൂന്ന് പതിറ്റാണ്ടുകാലം പ്രശോഭിച്ചിരുന്ന ഒരു അസാധാരണ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ശ്രീ. ദേവസ്സിക്കുട്ടി. വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ രാഷ്ട്രീയ പ്രവർത്തനങ്ങളിലേർപ്പെട്ട അദ്ദേഹം കുറഞ്ഞൊരുകാലത്തെ അഭിഭാഷകവൃത്തിക്കുശേഷം വീണ്ടും സജീവരാഷ്ട്രീയത്തിലേക്ക് മടങ്ങി. ഇന്ത്യൻനാഷണൽ കോൺഗ്രസ്സിന്റെ ഒരു കഴിവുറ്റ പ്രവർത്തകനായിരുന്നു അദ്ദേഹം. കർഷകരുടേയും കർഷക പ്രസ്ഥാനത്തിന്റെയും ഉറ്റ ബന്ധുവായിരുന്ന അദ്ദേഹം തൃശ്ശൂർ കോൾ കർഷകസംഘത്തിന്റെ സ്ഥാപകപ്രസിഡന്റായിരുന്നു. അരിമ്പൂർ പഞ്ചായത്ത് പ്രസിഡന്റായും കേരള പഞ്ചായത്ത് അസോസിയേഷന്റെ പ്രസിഡന്റായും ഏറെക്കാലം ശ്രീ. ദേവസ്സിക്കുട്ടി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കാർഷിക സർവ്വകലാശാലയുടെ മുൻ അംഗവും അടുത്ത കാലം വരെ നാളീകേരബോർഡിന്റെ ചെയർമാനും ആയിരുന്നു അദ്ദേഹം. മൂന്നാം കേരള നിയമസഭയിലും നാലാം കേരള നിയമസഭയിലും അഞ്ചാം കേരള നിയമസഭയിലും അദ്ദേഹം മണലൂർ നിയോജകമണ്ഡലത്തെയാണ് പ്രതിനിധാനം ചെയ്തിരുന്നത്. പ്രഗത്ഭനും ഊർജ്ജസ്വലനുമായ ഒരു നിയമസഭാസാമാജികനായിരുന്നു ശ്രീ. ദേവസ്സിക്കുട്ടി. നിയമങ്ങൾ അപഗ്രഥിച്ചു പഠിക്കുന്നതിൽ അതീവ താല്പര്യം പ്രദർശിപ്പിച്ചിരുന്ന അദ്ദേഹം നിയമനിർമ്മാണത്തിന് നൽകിയിട്ടുള്ള സംഭാവനകൾ എടുത്തുപറയേണ്ടവയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ലൈബ്രറി ഉപദേശകസമിതിയുടെ ചെയർമാനായിരുന്നു അദ്ദേഹം. നിയമസഭാ ലൈബ്രറിയുടെ പ്രവർത്തനത്തിലും പരിഷ്ക്കരണത്തിലും ഏററവും ഉൽസുകനായിരുന്നു. വിമർശനശരങ്ങൾ തൊടുത്തുവിട്ടുകൊണ്ടുള്ള അർത്ഥഗർഭവും ആശയസംപുഷ്ടവുമായ അദ്ദേഹത്തിന്റെ നിയമസഭാ പ്രസംഗങ്ങൾ നിയമസഭാവേദിയിൽ ഒരു കോളിളക്കം തന്നെ സൃഷ്ടിച്ചിരുന്നു. നിയമസഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിററി, പബ്ലിക് അണ്ടർടേക്കിംഗ് കമ്മിററി, പെററീഷൻസ് കമ്മിററി എന്നിവയിലും അദ്ദേഹം അംഗമായിരുന്നു.

പരേതരോടുള്ള ബഹുമാനസൂചകമായി നമുക്ക് അല്പസമയം എഴുന്നേററു നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി ബഹുമാനപ്പെട്ട അംഗങ്ങൾ അല്പസമയം എഴുന്നേററു നിന്ന് മൗനം ആചരിച്ചു.)

# IV സബ്മിഷൻ

## (1) പുതിയ മന്ത്രിമാരുടെ വകുപ്പുവിഭജനം സംബന്ധിച്ച നോട്ടിഫിക്കേഷൻ

ശ്രീ. വി. എം. സുധീരൻ : സർ, ഇന്നലെ വൈകിട്ട് സത്യപ്രതിജ്ഞ കഴിഞ്ഞ് ബഹുമാനപ്പെട്ട 14 മന്ത്രിമാർ നിയമസഭയിൽ വന്നിരിക്കുകയാണ്. സാധാരണഗതിയിൽ സത്യപ്രതിജ്ഞ കഴിഞ്ഞാൽ സഭ നടന്നുകൊണ്ടിരിക്കുന്ന സമയമായതുകൊണ്ട് മന്ത്രിമാരുടെ വകുപ്പുകൾ നിശ്ചയിച്ചുകൊണ്ട് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടതുണ്ട്. അതു സഭയേയും മെമ്പർമാരെയും അറിയിക്കുന്ന പതിവുണ്ട്. ഈ തരത്തിലുള്ള എല്ലാ നടപടിക്രമങ്ങളും ഇപ്പോൾ ലംഘിച്ചിരിക്കുകയാണ്. ഇക്കാര്യത്തിൽ ഇതുവരെ ഒരു നോട്ടിഫിക്കേഷൻ ഇറങ്ങിയതായിട്ട് എത്ര അന്വേഷിച്ചിട്ടും മനസിലായിട്ടില്ല. വകുപ്പില്ലെങ്കിൽ വകുപ്പില്ലായെന്ന് നിശ്ചയിച്ചുകൊണ്ട് നോട്ടിഫിക്കേഷൻ വേണ്ടി വരും. തികച്ചും അസാധാരണമായിട്ടുള്ള ഒരു നടപടിയാണിത്. കേരള നിയമസഭയിൽ ഇതുപോലൊരു നടപടി ഉണ്ടായതായിട്ട് തോന്നുന്നില്ല. ഇത് മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വമെന്ന് പറഞ്ഞുകൊണ്ട് ഒഴിഞ്ഞുമാറാൻ കഴിയുകയില്ല. മന്ത്രിമാരുടെ വകുപ്പുകൾ ഏതൊക്കെയാണെന്ന് അറിയുവാനുള്ള അവകാശം ഈ സഭയ്ക്കുണ്ട്. ഈ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാതിരുന്നത് അങ്ങേയററം അനൗചിത്യപരമായിട്ടുള്ള നടപടിയായിപ്പോയി. ഇതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമറിഞ്ഞാൽ കൊള്ളാം.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, ഇവിടെ നേരത്തെയുള്ള അഞ്ചുമന്ത്രിമാരെ സംബന്ധിച്ചുള്ള നോട്ടിഫിക്കേഷൻ മുൻകൂട്ടി എല്ലാവർക്കും കൊടുത്തിട്ടുണ്ട്. ബാക്കിയുള്ളത് ഇന്നുച്ചയ്ക്കുശേഷം എല്ലാവരേയും അറിയിക്കുന്നതാണ്. ഈ വിവരം ഗവർണ്ണറേയും അറിയിക്കുന്നതാണ്.

മി. സ്പീക്കർ : മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഉടനെതന്നെ വകുപ്പുതിരിച്ചുകൊണ്ടുള്ള വിവരം മെമ്പർമാരെ അറിയിക്കും.

## (2) കയർ തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, ദിവാൻ ഭരണത്തിനെതിരെ പോരാടിയ കയർവ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് പെൻഷൻ അനുവദിക്കണമെന്ന് ഗവൺമെൻറിനോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഏററവും ഗുരുതരമായ ഒരു പ്രതിസന്ധി ഇന്ന് കയർ വ്യവസായത്തിൽ നിലനിൽക്കുന്നു;

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കയർ കെട്ടിക്കിടക്കുന്നതിന്റെ ഫലമായി അഞ്ചുകോടി രൂപയെങ്കിലും കെട്ടിക്കിടക്കുന്ന കയർ വാങ്ങുന്നതിലേക്ക് അനുവദിക്കണമെന്നും ബഹുമാനപ്പെട്ട ഗവൺമെന്റിനോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. നമ്മുടെ രാജ്യത്തെ ഉത്തരവാദഭരണത്തിനുവേണ്ടി പോരാടിയ ആലപ്പുഴയിലേയും അമ്പലപ്പുഴ താലൂക്കിലേയും കയർ ഫാക്ടറി മേഖലയിലെ തൊഴിലാളികൾ ഇന്നനുഭവിക്കുന്ന നിത്യദുരിതങ്ങൾക്ക് പരിഹാരം കാണാനും ജീവിക്കാൻ നിവൃത്തിയില്ലാത്ത ആ വിഭാഗത്തിന് പെൻഷൻ അനുവദിക്കണമെന്നും ഗവൺമെന്റിനോട് ഞാൻ അപേക്ഷിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ): സർ, കയർ വ്യവസായ തൊഴിലാളികളുടെ പ്രശ്നത്തെ സംബന്ധിച്ച് പറയുമ്പോൾ കയർ, കൈത്തറി, കശുവണ്ടി തൊഴിലാളികൾക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. കയർത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ആവശ്യമായ സഹായങ്ങൾ നൽകുന്നതിനുള്ള നടപടി എടുക്കുന്നതാണ്. ഗവർണ്ണറുടെ പ്രസംഗത്തിൽ വ്യക്തമായിട്ടും അതിന് സൂചനയുണ്ട്. അവ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(3) നിയമസഭാംഗമല്ലാത്ത ഒരാൾ ട്രഷറി ബഞ്ചിൽ ഇരിക്കുന്നതു സംബന്ധിച്ച്

ശ്രീ. എം. എം. ഹസ്സൻ: സർ, റൂൾ 311 "Removal and taking into custody of Strangers" അനുസരിച്ച് ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. നിയമസഭാംഗമല്ലാത്ത ഒരാൾ ഇവിടെ ട്രഷറി ബഞ്ചിൽ ഇരിക്കുന്നതായി ഞങ്ങൾ കാണുന്നുണ്ട്. അദ്ദേഹം നിയമസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ട ആളല്ല. ശ്രീ. ടി. കെ. രാമകൃഷ്ണൻ ട്രഷറി ബഞ്ചിൽ ഇരിക്കുന്നതു സംബന്ധിച്ച് ഈ സഭയ്ക്ക് യാതൊരു അറിവും ഉണ്ടായിട്ടില്ല. ഭരണഘടനാപ്രകാരം നിയമസഭാംഗമല്ലാത്ത ഒരാൾക്ക് ആറുമാസത്തേയ്ക്ക് മന്ത്രിയാകാനുള്ള അവകാശമുണ്ട് എന്ന് ഞങ്ങൾക്ക് അറിയാം. 1970-ൽ ശ്രീ. അച്യുതമേനോൻ ഇതുപോലെ ചാർജെടുത്തു വന്നപ്പോൾ അദ്ദേഹം അപരിചിതനാണെന്നും അദ്ദേഹത്തെ ഈ സഭയിൽ നിന്നും ഇറക്കിവിടണമെന്നും ആവശ്യപ്പെട്ട ശ്രീ. എം. കെ. കേളുവടക്കമുള്ളവരുടെ പാർട്ടിയിൽപ്പെട്ട ആളാണ് ശ്രീ. ടി. കെ. രാമകൃഷ്ണൻ. ഇവിടെ നിയമപരമായ ഒരു തടസ്സവും ഇല്ലെങ്കിലും അസാധാരണത്വം ഇതിലുണ്ട്. തെരഞ്ഞെടുപ്പ് പ്രചരണത്തിനിടയിൽ ഒരു സ്ഥാനാർത്ഥി മരണപ്പെട്ടതുമൂലം ആ തെരഞ്ഞെടുപ്പു മാററിവച്ച് ഇന്നും സ്ഥാനാർത്ഥിയായി നിൽക്കുന്ന ആളാണ് ശ്രീ. ടി. കെ. രാമകൃഷ്ണൻ. തത്വാധിഷ്ഠിത രാഷ്ട്രീയം പറയുന്ന നിങ്ങൾ ധാർമ്മികമായി ഈ തെരഞ്ഞെടുപ്പിനെ സ്വാധീനിക്കാൻ ഉതകുന്ന തീരുമാനമാണ് എടുത്തിരിക്കുന്നത്. ഒരാളെ മന്ത്രിയാക്കി വച്ചുകൊണ്ട് തെരഞ്ഞെടുപ്പു നടത്തുന്നത് ധാർമ്മികമായ എല്ലാ മര്യാദകളേയും കാററിൽപറത്തിക്കൊണ്ട് തെരഞ്ഞെടുപ്പിനെ സ്വാധീനിക്കാനാണ്, തെരഞ്ഞെടുപ്പിൽ വീണ്ടും വിജയം വരിക്കാനുള്ള ശ്രമമാണ്. അതുകൊണ്ട് ഇതു സംബന്ധിച്ച് റൂളിംഗ് ഉണ്ടാകണം.

മി. സ്പീക്കർ: ശ്രീ. ഹസ്സൻ ഇവിടെ ഉന്നയിച്ച കാര്യം ചെയർ പരിശോധിക്കുകയുണ്ടായി. മന്ത്രിമാർ ആരായിരിക്കണമെന്ന് തീരുമാനിക്കാനുള്ള പൂർണ്ണമായ അവകാശം മുഖ്യമന്ത്രിക്കാണ്. ഈ സഭയുടെ അധികാരപരിധിയിൽപ്പെടുന്ന ഒരു കാര്യമല്ലത്. ഇനി എന്തെങ്കിലും അപാകതകൾ ഇതിലുണ്ടെങ്കിൽ ഇലക്ഷൻ കമ്മീഷണറേയോ കോടതിയേയോ നിങ്ങൾക്ക് സമീപിക്കാം. അതുസംബന്ധിച്ച് ഈ സഭയിൽ ഉന്നയിക്കുന്നത് ശരിയല്ല.

ശ്രീ. കെ. കരുണാകരൻ: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. ആരെ മന്ത്രിയാക്കണം എന്നും മററും തീരുമാനിക്കാനുള്ള അവകാശം മുഖ്യമന്ത്രിക്കുണ്ട്. ഞങ്ങൾക്ക് അറിയേണ്ടത് മന്ത്രിമാരെ നിയമിച്ചതായുള്ള കാര്യം സഭയെ അറിയിച്ചിട്ടില്ല എന്നുള്ളതിനെക്കുറിച്ചാണ്. അങ്ങനെ അറിയിച്ചിട്ടില്ലാത്തിടത്തോളം കാലം അപരിചിതനായ ഒരാൾ ഈ സഭയിൽ വന്നിരിക്കുന്നത് ഓർഡറിലാണോ? അല്ലെങ്കിൽ അദ്ദേഹം ഇവിടെ ഇരിക്കുന്നതിൽ നിന്നും അദ്ദേഹത്തെ വിലക്കണം.

മി. സ്പീക്കർ: ശ്രീ. ടി. കെ. രാമകൃഷ്ണൻ മന്ത്രിയായിരിക്കുന്നു എന്നുള്ള വിവരം എന്നെ അറിയിച്ചിട്ടുണ്ട്. അതനുസരിച്ചാണ് അദ്ദേഹത്തിന് ഇവിടെ ഇരിക്കാൻ അനുമതി നൽകിയത്.

ശ്രീ. എം. എം. ഹസ്സൻ: സർ, അങ്ങനെ അറിയിച്ചിട്ടുണ്ടെങ്കിൽ സഭയെ അറിയിക്കാനുള്ള ഉത്തരവാദിത്വം അങ്ങേയ്ക്കുണ്ടായിരുന്നില്ലേ? ജവഹർലാൽ നെഹ്റുവിന്റെ കാലത്തുപോലും പാർലമെന്റിൽ മന്ത്രിമാരെ പരിചയപ്പെടുത്തുന്ന കീഴ്വഴക്കമുണ്ടായിരുന്നു.

## പ്രിവിലേജ് മോഷൻ നോട്ടീസ് സംബന്ധിച്ച്

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ ഇന്നലെ ദേശാഭിമാനി പത്രത്തിനെതിരെ ഒരു പ്രിവിലേജ് നോട്ടീസ് നൽകിയിട്ടുണ്ട്. അതിനെ സംബന്ധിച്ച് എന്തു നടപടിയെടുത്തു എന്നറിയാനുള്ള ആഗ്രഹമുണ്ട്.

മി. സ്പീക്കർ: ശ്രീ. ടി. എം. ജേക്കബിന്റെ പ്രിവിലേജ് മോഷൻ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

# V ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ. സി. പി. കുഞ്ഞ്: സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഞാൻ ഈ സഭയിലെ ഒരു കന്നിക്കാരനാണ്. ഈ വേദിയിൽ കാണുന്ന കാര്യങ്ങളൊക്കെ പഠിച്ചുകൊണ്ടുവേണം എന്നെപ്പോലുള്ളവർക്ക് മുന്നോട്ടു പോകാൻ. മുഖ്യമന്ത്രിയായിരുന്ന ഒരാളാണ് ഇപ്പോൾ പ്രതിപക്ഷനേതാവായിരിക്കുന്നത്. അദ്ദേഹം ഇവിടെ കാട്ടിക്കൂട്ടിയത് പേക്കൂത്തെന്നേ പറയാനാവുമെന്ന് എനിക്കറിയില്ല, വളരെ ബാലിശമായ കാര്യങ്ങൾ പറഞ്ഞുകൊണ്ട് ബഹളം വയ്ക്കുകയാണ്. അദ്ദേഹം മുഖ്യമന്ത്രിയായിരുന്ന കാലത്ത് (തെരഞ്ഞെടുപ്പു കാലഘട്ടത്തിൽ) നടന്ന കൊലപാതകങ്ങളെക്കുറിച്ച് വാതോരാതെ പ്രസംഗിക്കുന്നതു കേട്ടു. അദ്ദേഹം പ്രസംഗിക്കുമ്പോൾ ഓരിയിടുന്ന പോലെ കുറേപ്പേർ ബഹളം കൂട്ടുകയാണ്. അതുപോലെ ശ്രീ. കെ. എം. മാണി അദ്ദേഹത്തിന്റെ വലിയ പുസ്തകവുമായി സഭയിൽ വന്നിട്ട് ശ്രീ. ഇ. എം. എസ്. ഒരു സമ്മേളനത്ത് നടത്തിയ പ്രസംഗത്തെക്കുറിച്ച് അടിയന്തിരപ്രമേയം കൊണ്ടുവരികയാണ്. അങ്ങനെ കയ്യിൽ ആയുധമൊന്നുമില്ലാതെ, പ്രതിപക്ഷത്തിരിക്കുമ്പോൾ അതിന്റെ അന്തസ് പുലർത്താൻ കഴിയാത്ത പ്രതിപക്ഷമാണ് ഇവിടെ ഇരിക്കുന്നത്. എന്നിട്ട് ഞങ്ങൾ മോശക്കാരാണെന്ന നിലയിൽ കോപ്രായം കാട്ടുകയാണ് നിങ്ങൾ. അഞ്ചുകൊല്ലക്കാലം നിങ്ങളല്ലേ ഈ സംസ്ഥാനം ഭരിച്ചിരുന്നത്? നിങ്ങൾ ഭരിച്ചപ്പോഴല്ലേ ഇതൊക്കെ സംഭവിച്ചത്? എന്നിട്ട് അഞ്ചു ദിവസം ഭരിച്ച നായനാർ സർക്കാരാണിതൊക്കെ കാട്ടിക്കൂട്ടിയതെന്നു പറഞ്ഞാൽ അതിനെക്കുറിച്ച് എന്തു പറയണം? നമ്മളെ ജയിപ്പിച്ചവർ കുറെ പേർ മുകളിലിരിപ്പുണ്ട്.

നമ്മൾ മാത്രമല്ല ഇവിടെ ഇരിക്കുന്നത്. അഞ്ചുകൊല്ലക്കാലം ഭരിച്ച ആളുകളാണ് ഇപ്പോൾ പ്രതിപക്ഷത്തിരിക്കുന്നത്. നിങ്ങൾ ഭീഷണിപ്പെടുത്തുന്ന (ബഹളം) നിലയിലാണെങ്കിൽ അങ്ങനെ പറയുക. അഞ്ചുകൊല്ലക്കാലം ഭരിച്ച നിങ്ങൾക്ക് എടുത്തുപറയാൻ എന്തുനേട്ടമുണ്ട് ?

ശ്രീ. ടി. എം. ജേക്കബ് ഇവിടെ പറയുകയുണ്ടായി, അഞ്ചുകൊല്ലക്കാലം കൊണ്ട് കേരളത്തിലെ വിദ്യാഭ്യാസരംഗമൊക്കെ ശുദ്ധമാക്കിയെന്ന്. അതിന്റെ കഥയൊന്നും പറയേണ്ട. ജയിച്ച കുട്ടി തോൽക്കുകയും തോററ കുട്ടി ജയിക്കുകയും ചെയ്തിരിക്കുകയാണ്. വിദ്യാഭ്യാസരംഗത്തെ നിങ്ങളുടെ നേട്ടം അതായിരുന്നു.

ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞു, അഞ്ചുകൊല്ലം കൊണ്ട് നാലര ലക്ഷം പേർക്ക് ജോലികൊടുക്കാൻ കഴിഞ്ഞുവെന്ന്. ശ്രീ. മുസ്തഫ പറഞ്ഞു, പത്തരലക്ഷം പേർക്ക് ജോലികൊടുക്കാൻ കഴിഞ്ഞുവെന്ന്. ഇതിൽ ഏതാണ് വിശ്വസിക്കേണ്ടത് ? ഇത്രയും പേർക്ക് നിങ്ങൾ തൊഴിൽ നൽകിയിരുന്നുവെങ്കിൽ കേരളത്തിലെ പത്തൊൻപതരലക്ഷം തൊഴിലില്ലാത്തവരെങ്ങനെയാണ് ഇരുപത്തിയേഴു ലക്ഷമായി വർദ്ധിച്ചത് അതിന് മറുപടി പറയാൻ കഴിയുമോ? തൊഴിലില്ലായ്മ പരിഹരിച്ചുവെന്ന് നിങ്ങൾ അഭിമാനപുരസ്സരം പറഞ്ഞതുകൊണ്ട് ചോദിച്ചതാണ്. പ്രതിപക്ഷനേതാവ് ചീമേനിയിൽ നടന്ന കൂട്ടക്കൊലയെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. കൃഷ്ണന്റെ കുട്ടിയെക്കുറിച്ച് പറയുകയുണ്ടായി. കൃഷ്ണനുമാത്രമേ കുട്ടിയുള്ളോ ? ബാക്കി അഞ്ചു പേരെയും വേണമെങ്കിൽ വെട്ടിനുറുക്കിക്കൊന്നുവെന്ന് പറയാം. അവർക്ക് മക്കളില്ലേ, ഭാര്യയില്ലേ, അമ്മയില്ലേ? ഒരാളിനുമാത്രമേയുള്ളോ കുട്ടിയും അമ്മയും മററും ?

ബഹുമാനപ്പെട്ട സ്പീക്കർ, സ്പീക്കറാകുന്നതിനു മുമ്പ് ഒരു ചോദ്യം ചോദിക്കുകയുണ്ടായി, "പ്രതിപക്ഷം ഭരിച്ചകാലത്ത് കേരളത്തിൽ എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ട്" എന്ന്. അതിന് മറുപടി പറഞ്ഞത് 2084 കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്നാണ്. അതിൽ എത്ര കൊലപാതകികളെ പിടിച്ചുവെന്നു ചോദിച്ചപ്പോൾ മറുപടിയില്ല. സുകുമാരക്കുറുപ്പ് മീശ പിരിച്ച് നടക്കുന്നുണ്ടല്ലോ, പിടിക്കാൻ കഴിഞ്ഞോ? മണിയൻപിള്ളയുടെ മീശ പിരിച്ച് അവിടെ വച്ചു. വേറെ ഒന്നും നിങ്ങൾക്ക് സാധിച്ചില്ല. അടുത്തതായി ചോദിച്ചത്, എത്ര ബലാൽസംഗങ്ങൾ നടന്നിട്ടുണ്ടെന്നാണ്. "474 ബലാൽസംഗങ്ങൾ നടന്നിട്ടുണ്ട്, അതിൽ പതിനൊന്ന് പേർ ഹരിജൻ സ്ത്രീകളാണ്" എന്നായിരുന്നു മറുപടി. അവർക്ക് അയ്യായിരം രൂപ വീതം പ്രതിഫലം ഏല്പിച്ചു കൊടുത്തുവെന്നാണ് പറഞ്ഞത്. അതുപോലെ തന്നെ ലോക്കപ്പിൽ വച്ച് പത്തൊൻപത് കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. അതിനെക്കുറിച്ചൊന്നും പറയാനില്ല. എന്നിട്ട് ക്രമസമാധാനത്തെക്കുറിച്ച് പറയുകയാണ്. ഇതൊക്കെയാണോ നിങ്ങളുടെ നേട്ടം? അഞ്ചു കൊല്ലം ഭരണം നടത്തിയിട്ടും ഒരൊററ വ്യവസായവും തുടങ്ങാൻ കഴിഞ്ഞിട്ടില്ല. ഓരോ കോടി രൂപ വീതം ചെലവഴിച്ച് പഞ്ചായത്തുകൾ തോറും വ്യവസായങ്ങൾ ആരംഭിക്കുമെന്ന് പറഞ്ഞു. എന്നിട്ട് ആരംഭിച്ചോ? അതിനെക്കുറിച്ചൊന്നും പറയാതെ, അരിയും തിന്ന്, ആശാരിച്ചിയെയും കടിച്ചിട്ട്, വീണ്ടും മുറുമുറുക്കുന്ന' മട്ടിൽ ആണ് സംസാരിക്കുന്നത്. എന്നിട്ട് അഞ്ചു ദിവസം പ്രായമാകാത്ത സർക്കാരിന്റെ ക്രമസമാധാന തകർച്ചയെക്കുറിച്ച് പറയുന്നു ?

സർ, 1957 ഏപ്രിൽ അഞ്ചാം തീയതി സഖാവ് ഇ. എം. എസ്. അധികാരത്തിൽ വന്നു. അതിന്റെ പിറേറ ദിവസം മാതൃഭൂമി പത്രത്തിൽ ഒരു വാർത്ത വന്നു. കോനാരത്ത് ഹമീദിനെ ചാവക്കാട് പറമ്പിൽ കൈ വേറെ, കാൽ വേറെ ആയി വെട്ടിമുറിച്ചിട്ടിരിക്കുന്നുവെന്ന്, ക്രമസമാധാനം അപകടത്തിലാണെന്നായിരുന്നു വാർത്ത. പിറേറന്ന് അതേ കോനാരത്ത് തന്നെ മാതൃഭൂമിക്ക്

കണ്ണെഴുതി. 'എന്റെ കയ്യും കാലും എന്റെ ശരീരത്തിൽത്തന്നെയുണ്ട്, ആ വാർത്ത പിൻവലിക്കണമെന്ന്. ക്രമസമാധാനത്തകർച്ചയുടെ പേരും പറഞ്ഞ് കൊണ്ട് മാതൃഭൂമി ഇവർക്കുവേണ്ടി അന്ന് കുഴലൂത്തയിരുന്നു. ഇന്ന് അതേ മാതൃഭൂമിയും മലയാള മനോരമയും കുഴലൂത്തു വിളിക്കുന്നുണ്ട്. പക്ഷേ 1957 അല്ല 1987. അതാരും മറക്കണ്ട. കാരണം ഞങ്ങളുടെ കൂടെ ശ്രീ. കെ. എം. മാണിയോ, ശ്രീ. പി. ജെ. ജോസഫോ, ശ്രീ. പി. എം. അബൂബക്കറോ, ആൻറണിമാരോ, ഹസ്സൻമാരോ ഇല്ല എന്നുള്ളതാണ്. അവരൊക്കെ ഇപ്പോൾ പ്രതിപക്ഷത്താണിരിക്കുന്നത്. നിങ്ങളെ അഞ്ചുകൊല്ലം ഇങ്ങനെ പ്രതിപക്ഷത്തിരുത്തും. എന്നിട്ട് ഞങ്ങൾ ആണുങ്ങളെപ്പോലെ ഭരിക്കും.

അതുപോലെ ഇവിടെ മുസ്ലീംലീഗുകാരുടെ കാര്യം പറഞ്ഞു, ഇവരുടെ ഭാവം കണ്ടാൽ, ദുനിയാവിൽ ഇവരെ സൃഷ്ടിച്ചത് ഭരിക്കാൻ വേണ്ടിയെന്നാണ് തോന്നുക. ലീഗുകാരില്ലാതെ കേരളത്തിൽ ഭരണം നടക്കില്ല; പാണക്കാട്ട് തങ്ങളുടെ വീട്ടിൽ പോയിട്ട് താക്കോൽ വാങ്ങി ബിസ്മി ചൊല്ലി തുറന്നാലേ ഭരണത്തിന്റെ പണ്ടികശാല തുറക്കാൻ പററൂ എന്ന് അഹങ്കരിച്ചവരാണ് ലീഗുകാർ. അവരും അപ്പുറത്തിരിപ്പുണ്ട്. ലീഗുകാരില്ലാതെ ഞങ്ങൾ ഭരിക്കുന്നുണ്ട്. അതിനെക്കുറിച്ച് നിങ്ങൾക്ക് എന്താണ് പറയാനുള്ളത് ? നിങ്ങൾ ഈ രാജ്യത്തെ മുസ്ലീങ്ങളുടെ അട്ടിപ്പേർ അവകാശമെടുത്തിരിക്കുന്നവരാണോ ? 'എവിടെ ലൈഫ്ബോയ് സോപ്പുണ്ടോ അവിടെ ആരോഗ്യമുണ്ട്' എന്ന് പറയുന്നതുപോലെ എവിടെ മുസ്ലീങ്ങളുണ്ടോ അവിടെ മുസ്ലീംലീഗുണ്ട്. എവിടെയാണ് മുസ്ലീംലീഗിന് പ്രാതിനിധ്യം കിട്ടിയത്? കഴിഞ്ഞ ലോകസഭാതെരഞ്ഞെടുപ്പിൽ, 1984 ഡിസംബർ 24-ന് നിങ്ങൾ 26 മണ്ഡലങ്ങളിൽ മൽസരിച്ചിട്ട് എത്ര സീററു കിട്ടി? രണ്ടേമുക്കാൽ കോടി മുസ്ലീങ്ങളുള്ള ഉത്തർപ്രദേശിൽ ആറു സീററുകളിൽ മൽസരിച്ചപ്പോൾ ആറു സീററിലും ജാമ്യ സംഖ്യ നഷ്ടപ്പെട്ടു. ബംഗാളിൽ ആറു സീററുകളിൽ മൽസരിച്ചപ്പോൾ ആറു സീററിലും ജാമ്യ സംഖ്യ നഷ്ടപ്പെട്ടു. മൊത്തം 26 സീററുകളിൽ മൽസരിച്ചപ്പോൾ 23 സീററുകളിലും ജാമ്യസംഖ്യ നഷ്ടപ്പെട്ടവരാണ് ലീഗുകാർ. പന്ത്രണ്ടു കോടി മുസ്ലീങ്ങളുള്ളതിൽ 26 സീററുകളിലുംകൂടി പത്തുലക്ഷം വോട്ടു കിട്ടിയോ ? മലപ്പുറത്ത് ലീഗിന് രണ്ടു സീററുകൾ കിട്ടിയത്, ശ്രീമതി വിനോദിനി അമ്മയുടേയും ശ്രീമതി ദേവകി അമ്മയുടേയും ശ്രീ. കരുണാകരന്റേയും ഔദാര്യത്തിലാണ്. ഇൻഡ്യയിലെ മുസ്ലീമിന്റെ പേരിൽ മൽസരിക്കാനുള്ള അവകാശം ഇവിടെയുണ്ടോ ?

സർ, ലീഗുകാർ മലപ്പുറത്തെക്കുറിച്ച് വല്ലാതെ പറയുന്നുണ്ടല്ലോ. മലപ്പുറം ലീഗുകാരുടെ കുത്തകയോ തറവാട്ടു സ്വത്തോ ആണോ ? നിങ്ങളുടെ വർഗ്ഗീയത അവിടെ തെളിയുകയാണ്. മലപ്പുറത്തിന്റെ പേരിൽ നിങ്ങൾ ഊററം കൊള്ളേണ്ട കാര്യമില്ല. നിങ്ങൾ മുസ്ലീമിന്റെ പേരിൽ സംസാരിച്ചവരും ഞങ്ങൾ ശരിതത്തിന്റെ പേരിൽ സംസാരിച്ചവരും എവിടെയെത്തി? ഞാൻ മൽസരിച്ച മണ്ഡലത്തിൽ 56 000 മുസ്ലീം വോട്ടുണ്ട്. കോഴിക്കോട് 2-ൽ 24 കൊല്ലക്കാലം അബൂബക്കർ മുതൽ പല മഹാന്മാരും ജയിച്ചുവന്ന സ്ഥലമാണ്. എന്നിട്ട് ശ്രീ. അബൂബക്കർക്ക് അവിടെ നിന്ന് മലിച്ചോടി കൊടുവള്ളിയിലേക്ക് കടക്കേണ്ടി വന്നു.

സർ, ശ്രീ. സീതിഹാജി പ്രസംഗിക്കുകയുണ്ടായി. "ഞാൻ സുന്നത്തു കഴിച്ചിട്ടില്ല ഞാനേതായാലും നാറിയാണ് എന്നേക്കാൾ വലിയ നാറിയാണ് കുഞ്ഞു" എന്ന്. വേറൊരാളും പ്രസംഗിച്ചു 'കുഞ്ഞു സുനത്തു കഴിച്ചിട്ടില്ല' എന്ന്. ഇപ്പോൾ ആ സുന്നത്തുറായിട്ട് ലീഗ് നേതാക്കൻമാർ പറഞ്ഞു നടക്കുന്നു. അതുപോലെ 'ഞാൻ ബംഗാളിലെ ഹൈക്കോടതിയിൽ ഖുറാൻ നിരോധിക്കാൻ വേണ്ടി കേസ്സുകൊടുത്തു' എന്ന് ചുവരുകളിൽ എഴുതി വച്ചിരിക്കുന്നു. ശ്രീ. ദാസനെക്കുറിച്ച് വേറൊന്നാണ് എഴുതിവച്ചിരിക്കുന്നത്. ഇതാണോ നിങ്ങളുടെ സംസ്കാരം ?

LIBRARY ARCHIVES Kerala Legislative Assembly

സർ, ശ്രീമതി നബീസാ ഉമ്മാളിനെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. അവരും ഒരു മുസ്ലീം സ്ത്രീയാണ്. പക്ഷേ ഒരു കുരിക്കൾ ഇവിടെ നിന്ന് വരെക്കുറിച്ച് എന്തെല്ലാം കസർത്തുകൾ കാണിച്ചു. അവരെ നബീസാ അമ്മാൾ എന്ന് പത്തുതവണ പറയുകയുണ്ടായി. എന്താണ് അമ്മാൾ എന്നതിനോട് ഇത്രമാത്രം വിരോധം ? നിങ്ങളുടെ കറുത്ത വർഗ്ഗീയതയുടെ കുനിഷ്ടല്ലേ നിങ്ങൾ കാണിച്ചത് ? നിങ്ങൾ ഇസ്ലാമിക് സംസ്കാരമാണോ കാണിച്ചത് ? ഇതാണോ ഇസ്ലാം ? ശത്രുവിനുപോലും പള്ളി എഴുതി കൊടുത്തിട്ടുള്ള ഇസ്ലാമിന്റെ പാരമ്പര്യത്തിൽ ഊററം കൊള്ളുന്ന നിങ്ങൾ നബീസാ ഉമ്മാളെ, അമ്മാൾ എന്ന് വിളിച്ച് ആക്ഷേപിച്ചു കാരണം, ശ്രീമതി നബീസാ ഉമ്മാൾ ലീഗുകാരിയല്ല എന്നുള്ളതുതന്നെ. 'ഉമ്മർ സാഹിബ്ബിനെ കാഫറാക്കിയവരും അസാദിനെ ഉർദ്ദ് ആക്കിയവരും എം. കെ. ഹാജിനെ ഹംക്കാജിയാക്കിയവരും ഇവിടെയിരിക്കുന്ന ശ്രീ. മൊയ്തീൻകുട്ടിഹാജിയെ റാവക്കുട്ടി ഹാജി എന്നു വിളിച്ചവരുമാണ് അപ്പുറത്തിരിക്കുന്ന ലീഗുകാർ. അദ്ദേഹം അവിടെ അഖിലേൻഡ്യാ ലീഗുകാരനായി വളരെ സംസ്കാരത്തോടു കൂടി ഇരിപ്പുണ്ട്. അദ്ദേഹം ഇവിടെ വന്ന് അതിനെക്കുറിച്ചൊന്നും പറഞ്ഞിട്ടില്ല. അദ്ദേഹം അന്തസ് കാണിച്ചു. നിങ്ങൾ ഇസ്ലാമിന്റെ പേരിൽ ഊററം കൊള്ളേണ്ട കാലം കഴിഞ്ഞു. നിങ്ങൾ ഒററയ്ക്കുനിന്നാൽ എന്തു കിട്ടുമെന്ന് എല്ലാവർക്കുമറിയാം. മലപ്പുറം '0' വട്ടത്തു കൂടിയാൽ മതി; നിങ്ങൾക്കു കൂടുതൽ പുതിയൊന്നും വേണ്ട അഞ്ചുകൊല്ലവും ഈ സർക്കാർ ഈ സംസ്ഥാനം ഭരിക്കും, നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടപ്പിൽ വരുത്തും, പോരായ്മകളുണ്ടെങ്കിൽ പരിഹരിക്കും. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു.

(അദ്ധ്യക്ഷ വേദിയിൽ മാഡം ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ബഹുമാനപ്പെട്ട ഗവർണ്ണർ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനുവേണ്ടി ചെയ്ത പ്രസംഗത്തിന് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ എതിർക്കുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. നമ്മുടെ ഗവർണ്ണറുടെ അഞ്ചുവർഷ കാലാവധി അവസാനിക്കാൻ പോവുകയാണ്. സ്പടിക സമാനമായ സ്വഭാവവും സ്വഭാവ ശുദ്ധിയും രാഷ്ട്രീയ ക്ലാരിററിയുമുള്ള അദ്ദേഹത്തെക്കൊണ്ട് കാലാവധി തീരാൻ പോകുന്ന ഈ സമയത്ത് ഭരണഘടനാനുസൃതം ആണെങ്കിലും ഈ വിധത്തിൽ ഒരു പ്രസംഗം ചെയ്യിച്ചത് വളരെ കഷ്ടമായിപ്പോയി. ഗവർണ്ണർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ, ഇപ്പോൾ ഭരണത്തിലുള്ള കക്ഷിയുടെ വരുംകാലത്തെ പ്രവർത്തനങ്ങളുടെ ഒരു ചെറിയ സൂചനയെങ്കിലും നൽകേണ്ടതായിരുന്നു. പക്ഷേ അത് സാധിച്ചില്ല എന്നു മാത്രമല്ല ഗവർണ്ണറുടെ ഈ പ്രസംഗം ഒരു നിറമോ മണമോ ഗുണമോ ഇല്ലാത്ത വെള്ളമില്ലാത്ത കിണറിനു തുല്യമാക്കി അവസാനിപ്പിച്ചിരിക്കുകയാണ്. ഗവർണ്ണറെക്കൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് പ്രത്യേകിച്ച് മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിക്ക് ആവശ്യമായ കാര്യങ്ങൾ പറയിപ്പിച്ചു എന്നതിൽ ഞങ്ങൾക്ക് അഭിപ്രായവ്യത്യാസമില്ല. അത് ഞങ്ങൾ അംഗീകരിക്കുകയും ചെയ്യുന്നു. എന്നെ സംബന്ധിച്ചിടത്തോളം ഭരണകക്ഷിക്ക് കിട്ടിയ വോട്ടിന്റെ എണ്ണം കുറവാണോ കൂടുതലാണോ എന്നത് പ്രശ്നമല്ല. ഭരിക്കാൻ ഒരു രാഷ്ട്രീയ കക്ഷിക്കുവേണ്ട ഭൂരിപക്ഷം എത്രയാണെങ്കിലും അത് നിങ്ങൾക്ക് ഉണ്ടെന്നത് അംഗീകരിക്കുന്നു. അതംഗീകരിക്കാത്ത സ്ഥിതിവിശേഷം ഉണ്ടാകണമെന്ന അഭിപ്രായവും എനിക്കില്ല. ഈ ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വരാൻ ഉപയോഗിച്ച നയം കേരളത്തെയും ഭാരതത്തെയും സംബന്ധിച്ചിടത്തോളം ഭാവിയിൽ എത്ര ദോഷകരമായി ഭവിക്കുമെന്നുള്ളത് അവർ ആലോ

ചിച്ചിട്ടില്ലെങ്കിൽ ഒരു പുനരാലോചന നടത്തണം. ഭരിക്കാൻവേണ്ടി ഏതു നയവും സ്വീകരിക്കുക എന്നത് കമ്മ്യൂണിസ്റ്റുപാർട്ടി 1957 മുതൽ സ്വീകരിച്ചതാണ്. 1957-ലും 1967-ലും 1980-ലും 1987-ലും എല്ലാം സ്വീകരിച്ച നയം, വാസ്തവം പറഞ്ഞാൽ വർഗ്ഗീയതയ്ക്ക് ഇത്ര എതിരായി പറയുന്ന കമ്മ്യൂണിസ്റ്റുപാർട്ടി ഒന്നിച്ചിരുന്നപ്പോഴും രണ്ടായപ്പോഴും പിന്നെയും പിരിഞ്ഞപ്പോഴും സ്വീകരിച്ച നയം എന്താണെന്ന് പച്ചപ്പുൽപോലെ പരമാർത്ഥമാണ് 1987-ൽ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി സ്വീകരിക്കാൻ പോകുന്ന നയം എന്താണെന്ന് 1985-ൽ പാർലമെന്റ് തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് സൂചിപ്പിച്ചുകൊണ്ട് അതിന്റെ തുടക്കം ആരംഭിച്ചു. ശ്രീമതി ഇന്ദിരാഗാന്ധിയുടെ വധത്തിനുശേഷം 1985-ലെ തെരഞ്ഞെടുപ്പിൽ പ്രതിപക്ഷ കക്ഷികളുടെ കൂട്ടുകെട്ടുണ്ടായിട്ടുപോലും ലോക ചരിത്രത്തിൽ ഒരു ജനാധിപത്യ പ്രസ്ഥാനത്തിനും ഇന്നേവരെ നൽകിയിട്ടില്ലാത്ത ഏററവും വലിയ അംഗീകാരം നൽകികൊണ്ടാണ് ഇൻഡ്യയിലെ ജനാധിപത്യ വിശ്വാസികളും സമ്മതിദായകരും ശ്രീ. രാജീവ്ഗാന്ധിയെ അധികാരത്തിൽ ഏററിയത്. ചരിത്രം ഇത് രേഖപ്പെടുത്തിയിട്ടുള്ളതാണ്. 1985 ലെ തെരഞ്ഞെടുപ്പ് കഴിഞ്ഞശേഷം ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് ഈ രാജ്യത്തെ മതന്യൂനപക്ഷങ്ങൾക്കെതിരായിട്ടുള്ള ആയുധങ്ങൾ പ്രയോഗിക്കാൻ തുടങ്ങി. അദ്ദേഹത്തിന്റെകൂടെ ദീർഘകാലം പ്രവർത്തിച്ചിട്ടുള്ള ന്യൂനപക്ഷ സമുദായങ്ങളെ ഒരു കാലഘട്ടത്തിൽ ശ്രീ. നമ്പൂതിപ്പാട് അദ്ദേഹത്തിന്റെ അധികാരം നിലനിർത്താൻ വേണ്ടി ഉപയോഗിച്ചു. 1985-ൽ ശ്രീ. രാജീവ്ഗാന്ധി ജയിച്ച ശേഷം ഇൻഡ്യയിലെ മതന്യൂനപക്ഷങ്ങൾക്കെതിരായി ശ്രീ. നമ്പൂതിരിപ്പാട് തന്റെ ആവനാഴിയിലെ ആയുധങ്ങളെല്ലാം ഉപയോഗിച്ചു എന്ന് ഞാൻ കുററപ്പെടുത്തുന്നു. ഈ രാജ്യത്തെ മതന്യൂനപക്ഷങ്ങൾക്ക് ആശ്വാസം നൽകുകയും സംരക്ഷണം നൽകുകയും ചെയ്യുക എന്നുള്ളത് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ നയമാണ്. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം അതിന്റെനയം സെക്യൂരിററി വേണം, ഒരു സെക്യൂരിററി കോംപ്ലക്സിനുള്ളിൽ മതന്യൂന പക്ഷങ്ങളെ സംരക്ഷിക്കുക എന്നത് അതിന്റെ ഒഴിച്ചുകൂടാൻ വയ്യാത്ത കടമയാണ്. ആ കടമ നിർവ്വഹിച്ചാൽ.......

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : ഒരു ചോദ്യം ഞങ്ങൾ ആവർത്തിച്ചു ചോദിച്ചിട്ടും ഞങ്ങൾ എന്തു വർഗ്ഗീയതയാണ് കാണിച്ചതെന്ന് അപ്പുറത്തെ ഒരാളും മറുപടി പറഞ്ഞില്ല എന്നുമാത്രമല്ല ഇപ്പോൾ തെരഞ്ഞെടുപ്പിനുശേഷം ന്യൂനപക്ഷങ്ങളെ പ്രകോപിപ്പിച്ച് കുഴപ്പമുണ്ടാക്കാൻ ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് നടത്തുന്ന ഗൂഢമായ ശ്രമങ്ങൾ അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. ശങ്കരനാരായണൻ : അതിലേക്കാണ് ഞാൻ വരുന്നത്. 1985-ലെ തെരഞ്ഞെടുപ്പിനുശേഷം മാർക്സിസ്റ്റു പാർട്ടിക്കും കമ്മ്യൂണിസ്റ്റു പാർട്ടി ഓഫ് ഇൻഡ്യയ്ക്കും അതുവരെ ഇല്ലാത്ത ഒരു പുതിയ ചേതോവികാരം ഉണ്ടായി. 1985-നുശേഷം അവർ ഹിന്ദു വർഗ്ഗീയതയെ താലോലിച്ചുകൊണ്ട് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൽ നിന്നും ശ്രീ രാജീവ്ഗാന്ധിയിൽ നിന്നും ഭൂരിപക്ഷമുള്ള ഹിന്ദുക്കളെ അകററാൻ വേണ്ടിമാത്രമാണ്. അവരോടൊപ്പം ഉണ്ടായിരുന്ന മതന്യൂനപക്ഷങ്ങൾക്കെതിരായിട്ടുള്ള ഒരു നയം ശ്രീ. നമ്പൂതിരിപ്പാട് സ്വീകരിച്ചത്. ഞാൻ അതിന് ഒരു ഉദാഹരണം പറയാം. അതുകൊണ്ടാണ് 1985-ൽ ശ്രീ. നമ്പൂതിരിപ്പാട് .........

ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പറുടെ സമയം കഴിഞ്ഞു. ഇനി പാർട്ടി ടൈം എടുക്കാനേ പററുകയുള്ളു. ഇന്ന് സമയം വളരെ കൃത്യമായി പാലിക്കണം. രാവിലെ ബഹുമാനപ്പെട്ട സ്പീക്കർ ഇക്കാര്യം പറഞ്ഞപ്പോൾ ഹൗസിന്റെ സെൻസ്, അനുവദിച്ച ടൈമിന് അകത്തുനിന്ന് സംസാരിക്കുമെന്നായിരുന്നു. അതുകൊണ്ട് ഇനി സമയമെടുത്താൽ അത് താങ്കളുടെ പാർട്ടിക്ക് അനുവദിച്ച സമയത്തിൽ നിന്നായിരിക്കും.

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ഞാൻ അവസാനിപ്പിക്കുന്നു.

ഡോക്ടർ എ. വി. ഐസക് : സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. ക്രിയാത്മകമായ സഹകരണം പ്രതിപക്ഷത്തുനിന്നുണ്ടാകുമെന്നു കുറേപ്പേരെങ്കിലും വാഗ്ദാനം ചെയ്തതിൽ എനിക്ക് സന്തോഷമുണ്ട്. പക്ഷെ തുടർന്ന് ഇവിടെ നടന്ന രംഗങ്ങൾ കണ്ടപ്പോൾ ആ വാഗ്ദാനം അപ്പാടെ വിശ്വസിക്കുവാൻ സാധിക്കുമോ എന്ന് എനിക്ക് സംശയം തോന്നിയിട്ടുണ്ട്. കാരണം പ്രതിപക്ഷത്തുനിന്ന് ഓരോ കാര്യത്തിനും ലഭിക്കുന്ന സ്വീകരണം ക്രിയാത്മകമായിരുന്നു എന്നുപറയാൻ നിവൃത്തിയില്ല. ഇവിടെ പ്രസംഗിച്ച അധികം പേരും ഒരു പ്രത്യേക പോയിൻറാണ് ഉന്നയിച്ചത്. അവർക്ക് സങ്കടം വന്നതും ആ ഒരു പ്രത്യേക കാര്യത്തിലാണ്. ഇവിടെ ശ്രീമതി ഗൗരി അമ്മയെ മുഖ്യമന്ത്രിയാക്കിയില്ല എന്നതാണ് പ്രതിപക്ഷത്തിന്റെ ഏററവും വലിയ വേദനയും സങ്കടവും. അത് ഇവിടെ പ്രസംഗിച്ച മിക്കവാറും എല്ലാവരും പ്രത്യേകം പ്രത്യേകം എടുത്തുപറഞ്ഞതുകൊണ്ടാണ് ഞാൻ ഇതു പറഞ്ഞത്. ഇത്രമാത്രം സങ്കടം അവർക്ക് ഒരു കാര്യത്തിലും ഉണ്ടായിട്ടില്ല. ഇവിടെ ഐക്യജനാധിപത്യ മുന്നണി തോററതിൽ അവർക്കു സങ്കടമില്ല. ഈ അഞ്ചുകൊല്ലം അവർക്കുകിട്ടിയ സുവർണ്ണാവസരംകൊണ്ട് കേരളത്തിലെ ജനതയ്ക്ക് എന്തെങ്കിലും അഭിവൃദ്ധി കൈവരുത്തുന്നതിന് സാധിച്ചില്ല. ആ സുവർണ്ണാവസരം നഷ്ടപ്പെട്ടതിൽ അവർക്ക് വിഷമമില്ല, അവർക്ക് ആകെക്കൂടി ഒരു സങ്കടമേയുള്ളു. ക്രിയാത്മകമായ സൗഹാർദ്ദത്തോടുകൂടിയുള്ള സങ്കടം — ഗൗരിയമ്മയെ മുഖ്യമന്ത്രി ആക്കിയില്ലല്ലോ എന്നതാണ്, അതിനു കാരണം.

ഞാൻ പ്രതിപക്ഷത്തിന്റെ ശ്രദ്ധയിൽ വേറെ സങ്കടപ്പെടുത്തുന്ന കാര്യങ്ങൾ കൊണ്ടുവരികയാണ്. ഏപ്രിൽ 2-ാം തീയതിയിലെ മലയാള മനോരമയിൽ, 'കരുണാകരന്റെ ശൈലി പിഴച്ചു — രാജീവ്ഗാന്ധി' ഇങ്ങനെ ഒരു വാർത്തയുണ്ട്. ഇതു നിങ്ങൾ സങ്കടപ്പെടേണ്ട കാര്യമാണ്. അതിൽ ശ്രീ. കരുണാകരന്റെ പ്രവർത്തന ശൈലിയും ഐക്യജനാധിപത്യ മുന്നണി സൃഷ്ടിച്ച പ്രതിഛായയുമാണ് കേരളത്തിൽ കോൺഗ്രസ് (ഐ)ക്ക് തിരിച്ചടി ഏൽക്കാൻ കാരണം. ഇത് പ്രധാനമന്ത്രി ശ്രീ രാജീവ്ഗാന്ധിയുടെ വിലയിരുത്തലാണ്. ഇലക്ഷൻ പരാജയം ചർച്ചചെയ്ത കോൺഗ്രസ് പാർലമെൻററി പാർട്ടി നിർവ്വാഹക സമിതി യോഗത്തിൽ അദ്ദേഹം അത് വ്യക്തമായി പറഞ്ഞു. പിന്നെ ഗാന്ധിജി സർവ്വകലാശാലയിലെ പരീക്ഷാഫലങ്ങളിൽ ഉണ്ടായ ക്രമക്കേടുകളുമുണ്ട്. അതിനെക്കുറിച്ച് ഞാൻ പറയുന്നില്ല. കാർഡിനൽ വൂൾസിയുടെ ഒരു വാചകമുണ്ട്,

"......Hed I but, served my God with half the zeal with which I have served my King. He would not have forsaken me at this moment......"

ഇതുതന്നെയാണ് എനിക്ക് ഇന്ന് പ്രതിപക്ഷ നേതാവിനോട് പറയാനുള്ളത്. അദ്ദേഹം ഒരു കിടയററ പടയാളിയാണെന്നുള്ള കാര്യം ഞങ്ങൾക്കെല്ലാമറിയാം. അദ്ദേഹത്തെപ്പററി ഞങ്ങൾക്ക് വലിയ ബഹുമാനവും സ്നേഹവുമുണ്ട്. അദ്ദേഹം ധീരനാണ്, കോൺഗ്രസ്സിന്റെ സർവ്വ വിഴുപ്പുകെട്ടുകളും ചുമന്ന ആളുമാണ്. എന്നിട്ട് ഇന്ന് അദ്ദേഹത്തിനു കിട്ടിയ പ്രതിഫലമെന്നു

പറയുന്നത് എന്താണ് ? കരുണാകരന്റെ ശൈലി പിഴച്ചതുകൊണ്ടാണ് ഐക്യ ജനാധിപത്യ മുന്നണിക്ക് ഇവിടെ പരാജയം വന്നത് എന്നാണ് പറയുന്നത്. ഇതു പറയുമ്പോൾ ഒരു മലയാളം ശ്ലോകം എന്റെ ഓർമ്മയിൽ വരികയാണ്.

"വീണിതല്ലോ കിടക്കുന്ന ധരിണിയിൽ
ശോണിതവുമണിഞ്ഞയ്യോ ശിവശിവ
നല്ല മരതകക്കല്ലിനോടൊത്തൊരു

കല്യാണ ശീലൻ കുമാരൻ മനോഹരൻ" എന്നു പറഞ്ഞതുപോലെ പ്രതിപക്ഷ നേതാവ് അങ്ങനെ കിടക്കുകയാണ്. എന്നിട്ടുപോലും അദ്ദേഹത്തിന്റെ പാർട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയുടെ അദ്ധ്യക്ഷനും അദ്ദേഹത്തിന്റെ പാർട്ടിയുടെതന്നെ പ്രധാനമന്ത്രി എന്നുപറയുന്ന ആളും അദ്ദേഹത്തെ തഴഞ്ഞിരിക്കുകയാണ്. ഈയവസ്ഥയിൽ പ്രതിപക്ഷം സങ്കടപ്പെടുന്നത് ഗൗരിയമ്മയെ മുഖ്യമന്ത്രിയാക്കാത്തതിനെക്കുറിച്ചാണ്. അത് ക്രിയാത്മകമായ സങ്കടമാണ്, വലിയ സങ്കടമാണ്. അതുകൊണ്ട് അതു പറയാതിരിക്കാൻ പററുകയില്ല. ഞങ്ങൾക്കും വലിയ ഒരു സങ്കടമുണ്ട്. ഈ തരത്തിൽ ഒരു സംഗതി ഇത്ര ധീരനായ ഒരു പ്രതിപക്ഷ നേതാവിന് സംഭവിച്ചല്ലോയെന്ന് ഓർത്ത്. അതു മാത്രമല്ല, ഇതിനുമുമ്പും പല സ്ഥലത്തും മന്ത്രിമാർ പരാജിതരായിട്ടുണ്ട്, പാർട്ടികൾ പരാജിതരായിട്ടുണ്ട്. വി. കെ. കൃഷ്ണമേനോൻ പ്രതിരോധമന്ത്രി ആയിരുന്ന സമയത്ത് ഇൻഡ്യയും ചൈനയും തമ്മിലുണ്ടായ യുദ്ധത്തിൽ നമ്മുടെ കുറച്ചു സ്ഥലങ്ങൾ നഷ്ടപ്പെട്ട കാര്യം നിങ്ങൾ ഓർക്കുന്നുണ്ടായിരിക്കും. അന്ന് മഹാനായ പണ്ഡിററ് ജവഹർലാൽ നെഹ്റുവിന് സമ്മർദ്ദത്തിന്റെ കൂടുതൽകൊണ്ട് പ്രതിരോധ മന്ത്രിയായിരുന്ന കൃഷ്ണമേനോനെ മന്ത്രിസഭയിൽനിന്ന് ഒഴിവാക്കേണ്ടതായിട്ടു വന്നു. അങ്ങനെ ഒഴിവാക്കേണ്ടതായി വന്ന സമയത്ത് പണ്ഡിററ് ജവഹർലാൽ നെഹ്റു അന്ന് ലോകസഭയിൽ ചെയ്ത പ്രസംഗത്തെപ്പററി ചുരുക്കം പേരെങ്കിലും ഇപ്പോൾ ഓർക്കുന്നുണ്ടായിരിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. വി. കെ. കൃഷ്ണമേനോന്റെ സേവനങ്ങൾ ഭാരതത്തിനു ഒരു കാലത്തും മറക്കാൻ സാധിക്കുകയില്ല എന്നും അദ്ദേഹം പോകുന്നതിൽ ഞങ്ങൾക്ക് സങ്കടമുണ്ട് എന്നും പറഞ്ഞാണ് അദ്ദേഹത്തെ അന്ന് യാത്ര അയച്ചത്. എന്നാൽ ഇവിടെ പറഞ്ഞിരിക്കുന്നത് കരുണാകരന്റെ ശൈലി പിഴച്ചതുകൊണ്ടാണ് ഇവിടെ ഇങ്ങനെയെല്ലാം സംഭവിച്ചതെന്നാണ്. ഏതായാലും ഇത്തരത്തിലുള്ള കാര്യങ്ങളെപ്പററി തീർച്ചയായിട്ടും സങ്കടപ്പെടേണ്ട ആവശ്യമുണ്ട്. ഇന്ന് ശൈലി തന്നെ മാറിപ്പോയി. എന്നിട്ടിപ്പോൾ പ്രതിപക്ഷ മുന്നണിയിലായിട്ടും ഇപ്പോഴെടുക്കുന്ന ഈ ശൈലി ആവർത്തിക്കരുതെന്നു മാത്രമാണ് എനിക്ക് പറയാനുള്ളത്.

ഇവിടെ വളരെയധികം ശ്രദ്ധയാകർഷിച്ച ശ്രീമാൻ ബാലന്റെ ഒരു പ്രസംഗമുണ്ടായിരുന്നു. അഞ്ചിൽനാലു ഭൂരിപക്ഷമുള്ള കോൺഗ്രസ്സാണ് ഇന്ന് ഇൻഡ്യയെ ഭരിക്കുന്നതെന്ന് അദ്ദേഹമിവിടെ പ്രസംഗിച്ചു. ദക്ഷിണേന്ത്യയിൽ എത്രമാത്രം നിങ്ങൾ ഇനി ബാക്കിയുണ്ടെന്നുള്ള കാര്യം അദ്ദേഹം ആലോചിച്ചിട്ടില്ലെന്നു തോന്നുന്നു. തമിഴ്നാട് പോയി, ആന്ധ്രാപ്രദേശ് പോയി, കർണ്ണാടക പോയി. ഇപ്പോൾ കേരളവും പോയി. ഇനി ദക്ഷിണേന്ത്യയിൽ സൂചികുത്താൻ സ്ഥലമില്ലാത്തവിധം ഇപ്പോൾ എല്ലാം പോയിട്ടുണ്ട്. കൂടാതെ പശ്ചിമബംഗാൾ പോയി. ആസ്സാം പോയി, പഞ്ചാബ് പോയി, ഇനി അഞ്ചിൽനാലിൽ കോൺഗ്രസ്സിന് ഏതാണ് ബാക്കിയുള്ളത് ? കോൺഗ്രസ്സിന് ഇനി ആകെ കൂടിയുള്ളത് 'ഹിന്ദി ബെൽററ്' മാത്രമാണ്. ആ ബെൽററും പൊട്ടാറായിട്ടുണ്ട്.

എന്റെ നിയോജകമണ്ഡലത്തിലെ ഒന്നു രണ്ടു കാര്യങ്ങൾകൂടി പറയാനുണ്ട്. മൂവാററുപുഴ മണ്ഡലത്തിൽ കുടിവെള്ളത്തിന് വലിയ ക്ഷാമം ഉണ്ട്. കുടിവെള്ള പ്രശ്നത്തെപ്പററി ഇവിടെ ചർച്ച ചെയ്തതാണ്. കുടിവെള്ള പ്രശ്നം പരിഹരിക്കാൻ വേണ്ടി എന്തെങ്കിലും നടപടി സ്വീകരിക്കാമെന്ന് അവിടത്തെ ജനങ്ങൾക്ക് ഉറപ്പുകൊടുത്തിട്ടാണ് ഞാൻ ഇങ്ങോട്ടു വന്നിരിക്കുന്നത്. ഉടനെ തന്നെ ഗവൺമെൻറിന്റെ സത്വര ശ്രദ്ധ ആ കാര്യത്തിൽ പതിഞ്ഞില്ലെങ്കിൽ തീർച്ചയായിട്ടും മഴ വരുന്നതുവരെ അവർക്ക് വെള്ളത്തിനുവേണ്ടി കാത്തിരിക്കണമെന്നുള്ള ഒരു ഗതികേടുണ്ടെന്നുള്ളതിനെക്കുറിച്ച് ഇവിടെ എടുത്തു പറയേണ്ട ആവശ്യമുണ്ട്. അതുകൂടാതെ മൂവാററുപുഴവാലി ഇറിഗേഷൻ പ്രോജക്ട് സ്തംഭനാവസ്ഥയിലാണ്. ബഡ്ജററിൽ നാലേമുക്കാൽ കോടി രൂപയുടെ മിച്ചം പറഞ്ഞിട്ടുണ്ട്. പക്ഷേ ബഡ്ജററിൽ നാലേമുക്കാൽ കോടി രൂപയുടെ മിച്ചം പറഞ്ഞിരിക്കുന്നതല്ലാതെ ഒരു കൊല്ലവും രണ്ടുകൊല്ലവുമായിട്ട് അവിടെ വർക്ക് നടത്തിയിട്ടുള്ള കോൺട്രാക്ടർമാർക്ക് ഇതുവരെ ബിൽ കൊടുത്തിട്ടില്ല. അതുകാരണം ഇനി ടെൻഡർ വിളിക്കാൻ പാടില്ലെന്ന് കോൺട്രാക്ടർമാരെല്ലാംകൂടി പറഞ്ഞിരിക്കുകയാണ്. അതിന്റെ ഫലമായിട്ട് പണി സ്തംഭനാവസ്ഥയിലാണ്. വരൾച്ചകൊണ്ട് കൃഷി നശിക്കുന്ന അവസരത്തിലും മൂവാററുപുഴവാലി ഇറിഗേഷൻ പ്രോജക്ടിനെപ്പററി ആദ്യം പറയാറില്ല. അതുകൊണ്ട് ദയവുചെയ്ത് ഈ കാര്യത്തിൽ ഗവൺമെൻറിന്റെ സത്വര ശ്രദ്ധ പതിയണമെന്ന് ഞാൻ ഒരിക്കൽകൂടി അപേക്ഷിച്ചുകൊള്ളുന്നു.

കോൺഗ്രസു കാലുവാരിയതുകൊണ്ടാണ് മൂവാററുപുഴയും കല്ലൂപ്പാറയും കേരളാ കോൺഗ്രസ്സിന് നഷ്ടപ്പെട്ടതെന്ന് പി. ജെ. ജോസഫ് പരാതി പറയുന്നതു കേട്ടു. ഏതായാലും എരിയുന്ന തീയിൽ എണ്ണ ഒഴിക്കാൻ ഞാൻ തയ്യാറല്ല. എരിയുന്ന തീയിൽ എണ്ണ ഒഴിച്ച് കോൺഗ്രസ്സിനെ കുററം പറയാനും ഞാനില്ല. പി. ജെ. ജോസഫിന് തെററുപററിപ്പോയി. കേരളത്തിലെ ജനങ്ങൾ വർഗ്ഗീയതയെ എന്നന്നേയ്ക്കുമായി ഉപേക്ഷിച്ചു. വർഗ്ഗീയതയുടെ അടിസ്ഥാനത്തിൽ മൂവാററുപുഴ കിട്ടുമെന്ന് അദ്ദേഹം പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. പക്ഷേ മൂവാററുപുഴ നഷ്ടപ്പെട്ടുപോയി. മൂവാററുപുഴയിലെ ജനങ്ങൾ വർഗ്ഗീയതയെ ഉപേക്ഷിച്ച് ആ ചങ്ങല പൊട്ടിച്ച് വലിച്ചെറിഞ്ഞുകളഞ്ഞു. അതുകൊണ്ട് ഇനി ആ രീതിയിൽ അത് ആഗ്രഹിക്കുന്നത് തെററാണ്. മൂവാററുപുഴയിലെ ജനങ്ങൾ പ്രക്ഷുബ്ദ്ധരായിട്ടുണ്ട്. അവിടത്തെ ജനങ്ങൾ വർഗ്ഗീയതയെ തീർച്ചയായും ഉപേക്ഷിക്കുമെന്നുള്ളതിന്റെ ലക്ഷണമാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നാം കണ്ടത്. അല്ലാതെ കോൺഗ്രസ്സിനെ മാത്രം കുററം പറഞ്ഞിട്ട് കാര്യമില്ല. മററു സംഗതികളെക്കുറിച്ചൊന്നും ഞാൻ ഇവിടെ ആവർത്തിക്കുന്നില്ല. ഈ നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. തമ്പാനൂർ രവി? ദിവാകരൻ : സർ, ഈ നന്ദിപ്രമേയത്തെ സർവ്വാത്മനാ പിന്താങ്ങുന്നു. കഴിഞ്ഞ മൂന്നുനാലു ദിവസങ്ങളിലായി ഈ ചർച്ചയിൽ, കഴിഞ്ഞ തെരഞ്ഞെടുപ്പിന്റെ ജയാപജയങ്ങളിൽ വർഗ്ഗീയതയ്ക്ക് ഉണ്ടായിരുന്ന പങ്കിനെസംബന്ധിച്ചാണ് കൂടുതൽ സമയം ചർച്ച നടന്നത്. ഇവിടെ പ്രതിപക്ഷ നേതാക്കന്മാരും മററ് പ്രതിപക്ഷ അംഗങ്ങളും ഉന്നയിച്ച എല്ലാ പൊള്ളയായ വാദഗതികളേയുംകുറിച്ച് അവരുടെ നേതാവ് ബഹുമാനപ്പെട്ട പ്രധാനമന്ത്രി രാജീവ്ഗാന്ധിതന്നെ ഇന്നലെ വളരെ വ്യക്തമായി മറുപടി പറഞ്ഞിരുന്നു. എനിക്കുമുമ്പ് പ്രസംഗിച്ച ബഹുമാനപ്പെട്ട അംഗം ഐസക് വായിച്ച അതേ മലയാള മനോരമ പത്രത്തിൽ നിന്നുതന്നെ ഞാൻ കോട്ട് ചെയ്യുകയാണ്. ഇതിൽ രാജീവ്ഗാന്ധി പറഞ്ഞിരിക്കുന്നത് "വർഗ്ഗീയ കക്ഷികളുമായി പരിധി കടന്ന് ബന്ധം പുലർത്തിയത് കോൺഗ്രസ്സിന്

LIBRARY ARCHIVES Kerala Legislative Assembly

ദോഷകരമായിരുന്നു" എന്നാണ്. ഇത് പ്രതിപക്ഷാംഗങ്ങൾ ഇവിടെ ഉന്നയിച്ച എല്ലാ വാദഗതികളുടേയും ശരിയായ മറുപടിയാണ്. അതുകൊണ്ട് ഇനിയെങ്കിലും നിങ്ങളുടെ നേതാവ് അംഗീകരിച്ച ഈ നിഗമനമെങ്കിലും അംഗീകരിക്കുവാൻ നിങ്ങൾ തയ്യാറാവണം. അതിന് അദ്ദേഹം പല ദൃഷ്ടാന്തങ്ങൾതന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സമയച്ചുരുക്കം കൊണ്ടും വർഗ്ഗീയതയെ ആരാണ്, എങ്ങനെയാണ് താലോലിച്ചതെന്നുള്ളതിനെ സംബന്ധിച്ച് രാജീവ്ഗാന്ധി തന്നെ വളരെ വസ്തുനിഷ്ടമായി വിലയിരുത്തിയിട്ടുണ്ടെന്നുള്ളതുകൊണ്ടും ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല.

എനിക്ക് ഒരു കാര്യം ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ളത്, ഈ രാജ്യത്തെ സാധാരണ ജനങ്ങൾ കഴിഞ്ഞ 5 വർഷത്തെ ദുർഭരണംമൂലം അനുഭവിക്കുന്ന പ്രയാസങ്ങളെ കുറിച്ചാണ്. ഇന്ന് ഭരണതലത്തിൽ അടിമുടി അഴിമതി നടമാടുന്നു എന്നുള്ള വസ്തുത നിങ്ങൾക്കേവർക്കും അറിവുള്ള വസ്തുതയാണ്. ആ അഴിമതി അവസാനിപ്പിക്കുന്നതിന് ഈ ഗവൺമെന്റ് നടപടി സ്വീകരിക്കണം. ഉദ്യോഗതലത്തിലുള്ള അഴിമതി ഇന്ന് സാധാരണ ജനങ്ങൾക്ക് ദുസ്സഹമാകത്തക്ക രീതിയിൽ അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. "എനിക്ക് വരുമാനമൊന്നും ഇല്ല" എന്ന ഒരു സർട്ടിഫിക്കറ്റ് വാങ്ങുന്നതിനുപോലും കൈക്കൂലി കൊടുക്കേണ്ടുന്ന സ്ഥിതി ഇന്ന് നമ്മുടെ സംസ്ഥാനത്ത് നിലവിൽ വന്നിരിക്കുന്നു. ഇത് ആരുടെ കുററം കൊണ്ടാണ് എന്നുള്ളതിനെക്കുറിച്ച് നിങ്ങൾക്ക് ഞാൻ പറയാതെ തന്നെ അറിയാം. കഴിഞ്ഞ 5 വർഷത്തെ ഭരണം അതാണ് തെളിയിക്കുന്നത്.

"എമ്പ്രാനൽപ്പം കട്ടുഭുജിച്ചാൽ
അമ്പലവാസികളൊക്കെ കക്കും" എന്നു പറയുന്നതുപോലുള്ള ഒരവസ്ഥയാണ് സർ, ഇന്നുള്ളത്. മുകളിലിരുന്നുകൊണ്ട് മന്ത്രിമാരും അവരുടെ ഉദ്യോഗസ്ഥ പ്രമുഖൻമാരും കാണിച്ച അഴിമതി താഴേയ്ക്കു പടർന്ന് ഇന്ന് സാധാരണ ജനങ്ങൾക്ക് അഴിമതി എന്നത് ദുസ്സഹമായി അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന ഈ അവസ്ഥയ്ക്ക് ഒരു അറുതി വരുത്തുന്നതിന് അടിയന്തിരമായ നടപടികൾ ഈ ഗവൺമെന്റ് സ്വീകരിക്കണം. അഴിമതി അവസാനിപ്പിക്കുന്നതിനും അഴിമതിക്കാരായ ഉദ്യോഗസ്ഥൻമാരെ കൂച്ചുവിലങ്ങിടുന്നതിനും തക്കതായ നടപടികൾ സ്വീകരിക്കുന്നതിന് ഗവൺമെന്റ് അടിയന്തിര ശ്രദ്ധ പതിപ്പിക്കണം. അതോടൊപ്പം ഈ സംസ്ഥാനത്തെ സാധാരണ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള താമസം ഒഴിവാക്കുന്നതിനായി "Speedy implementation of the programmes" നടപ്പിലാക്കണം. അതുപോലെ സെക്രട്ടേറിയററ് തലത്തിലും ഡിപ്പാർട്ടുമെന്റ് തലത്തിലുള്ള ചുവപ്പുനാട സമ്പ്രദായം അവസാനിപ്പിക്കുന്നതിനുള്ള പ്രോസസ്സ്—അതിന് ഒരു പുതിയ നയം, ഒരു പുതിയ പരിപാടി ആ കാര്യത്തിൽ-നടപ്പിലാക്കുന്നതിന് ഈ ഗവൺമെന്റ് ശ്രദ്ധ പതിപ്പിക്കണം. അതുപോലെതന്നെ അഴിമതിയെക്കുറിച്ച് പറയുമ്പോൾ, കഴിഞ്ഞ സർക്കാർ അധികാരത്തിരുന്നപ്പോൾ മന്ത്രിമാർ നടത്തിയിട്ടുള്ള അഴിമതികളെക്കുറിച്ച് വ്യക്തമായ ചില ആരോപണങ്ങൾ അന്ന് പ്രതിപക്ഷത്തായിരുന്ന ഞങ്ങൾ ഉന്നയിച്ചിരുന്നു. പക്ഷേ അതിനെക്കുറിച്ച് അന്വേഷിക്കാൻ നമ്മുടെ വിലപ്പെട്ട സമയം കളയണമെന്നില്ലെങ്കിൽ തന്നെയും—അതിൽ നഗ്നമായ അഴിമതികൾ ഉണ്ട്—വളരെ വ്യക്തമായി ഉന്നയിച്ചിട്ടുള്ള ആ അഴിമതികളെസംബന്ധിച്ച്, പൊതു ഖജനാവിൽനിന്ന് പണം ദുർവിനിയോഗം നടത്തിയിട്ടുണ്ടെങ്കിൽ പൊതുഖജനാവിന്റെ ഉത്തരവാദികളായ ജനങ്ങളെ അത് ബോദ്ധ്യപ്പെടുത്താനുള്ള ബാദ്ധ്യത ഈ ഗവൺമെന്റിനുണ്ടെന്നും, അതു സംബന്ധിച്ച് വ്യക്തമായ അന്വേഷണം നടത്തി ജനങ്ങളെയെങ്കിലും ബോദ്ധ്യപ്പെടുത്താൻ ഈ ഗവൺമെന്റിന് കഴിയണമെന്നുള്ളത് ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒരിക്കൽക്കൂടി നന്ദിപ്രമേയത്തെ പിന്താങ്ങിക്കൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. കെ. എം. മാണി :</u> സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പിലെ ജനവിധിയെ ഞങ്ങൾ മാനിയ്ക്കുന്നു. നിങ്ങൾ വിജയിച്ചു, ഞങ്ങൾ പരാജയപ്പെട്ടുവെന്ന കാര്യം സമ്മതിക്കുന്നു. അക്കാര്യത്തിൽ ഞങ്ങളെ സംബന്ധിച്ചിടത്തോളം യാതൊരു ബുദ്ധിമുട്ടുമില്ല സമ്മതിക്കാൻ. ഞങ്ങളുടെ ക്രിയാത്മക പിൻതുണ ഞങ്ങൾ നിങ്ങൾക്ക് വാഗ്ദാനം ചെയ്യുകയാണ്. എന്റെ പാർട്ടിയെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെന്റിനോടുള്ള എന്റെ സമീപനം ഓരോ വിഷയങ്ങളുടേയും ഗുണദോഷങ്ങളുടെ അടിസ്ഥാനത്തിൽ ഈ ഗവൺമെന്റിന് പിൻതുണ നൽകുകയും ഈ ഗവൺമെന്റിനെ എതിർക്കുകയും ചെയ്യുകയെന്നുള്ള ക്രിയാത്മകമായ ഒരു നിലപാട് ആയിരിക്കും ഞാനും എന്റെ പാർട്ടിയും സ്വീകരിക്കുന്നത് എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പക്ഷേ അതേസമയം വിജയ ലഹരിയിൽ നിങ്ങൾ മതിമറന്ന് പോകരുതെന്ന് എനിക്ക് അഭ്യർത്ഥനയുണ്ട്.

ഈ സംസ്ഥാനത്തെ ഒന്നുപകുതി ജനങ്ങൾപോലും നിങ്ങൾക്കനുകൂലമായി വോട്ടുരേഖപ്പെടുത്തിയിട്ടില്ല എന്നുള്ള വസ്തുത ഒരിക്കലും നിങ്ങൾ വിസ്മരിക്കാൻ പാടില്ല. ഇവിടെ ഭരണത്തിലിരുന്നവരെ പ്രതിപക്ഷത്താക്കുകയും പ്രതിപക്ഷത്തിരുന്നവരെ വീണ്ടും ഭരണത്തിലാക്കുകയും ചെയ്തുകൊണ്ട് മാറിമാറി ജനകീയവിധി നൽകിയിട്ടുള്ളവരാണ് കേരളത്തിലെ ജനത എന്നുള്ള കാര്യം നിങ്ങൾ ഒരിക്കലും വിസ്മരിക്കുകയില്ല എന്ന് ഞാൻ കരുതുന്നു. നിങ്ങൾ വിജയിച്ചുവെന്ന് ഞാൻ അംഗീകരിക്കുമ്പോൾ നിങ്ങളുടെ നിഗമനങ്ങളോട് ഞങ്ങൾക്ക് ഒരിക്കലും യോജിക്കുവാൻ നിർവാഹമില്ല. ഗവർണ്ണറെക്കൊണ്ട് ഒരു കാര്യം നിങ്ങൾ പറയിക്കുകയുണ്ടായി. തത്വാധിഷ്ഠിത രാഷ്ട്രീയത്തിനും മതേതരത്വത്തിനും കിട്ടിയ വോട്ടുകളാണ് ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് കിട്ടിയതെന്ന് പറയുന്നത് വിചിത്രമാണ്. നിങ്ങൾക്ക് കിട്ടിയ വോട്ടുകൾ പോസിററീവ് വോട്ടുകളല്ല. തത്വാധിഷ്ഠിതമായ രാഷ്ട്രീയത്തിന് കിട്ടിയ വോട്ടുകളല്ല. ന്യൂനപക്ഷ സമുദായങ്ങൾക്കെതിരെ ബോധപൂർവ്വമായി കഴിഞ്ഞ രണ്ടുവർഷക്കാലം നടത്തിയ ദുഷ്പ്രചരണങ്ങളുടെ അടിസ്ഥാനത്തിൽ ഭൂരിപക്ഷവർഗ്ഗീയതയെ ഇളക്കിവിട്ടുകൊണ്ട് അതിന്റെ വിലയായി നിങ്ങൾ നേടിയ സീററുകളാണ്. നിങ്ങൾ നേടിയ ബഹുഭൂരിപക്ഷം സീററുകളും അപ്രകാരമുള്ളതാണ്. ബി. ജെ. പി. യും ഹിന്ദുമുന്നണിയും ആയിട്ട് അവിഹിതമായി ബന്ധം സ്ഥാപിച്ചുകൊണ്ട് അവരെകൊണ്ട് സ്ഥാനാർത്ഥികളെ നിർത്തി എതിർ വോട്ടുകൾ ഭിന്നിപ്പിച്ചുകൊണ്ട് ഏതാനും വോട്ടുകൾ നിങ്ങൾ നേടിയെടുത്തുവെങ്കിൽ അത് പോസിററീവ് വോട്ടുകളായി ഞങ്ങളാരും കാണുന്നില്ല. ആ നെഗററീവ് വോട്ടുകൾ നിങ്ങൾക്ക് നഷ്ടപ്പെടുമ്പോൾ ഇന്നത്തെ അവസ്ഥയെ സംബന്ധിച്ചിടത്തോളം ആ അവസ്ഥയ്ക്ക് മാററമുണ്ടാകുമെന്നുള്ളതിനെപ്പററി ഞാൻ പ്രത്യേകം പറയേണ്ട കാര്യമില്ല. ഞാൻ ഒരൊററ കാര്യം സൂചിപ്പിക്കട്ടെ, ഇപ്പോൾ നിങ്ങൾ വർഗ്ഗീയതയുടെ കാര്യങ്ങൾ പറയുന്നു. . . .എനിക്ക് അതിൽ സങ്കടമുണ്ട്. കേരളാ കോൺഗ്രസ്സിനെപ്പോലും വർഗ്ഗീയകക്ഷിയെന്ന് മുദ്രകുത്തുവാൻ നിങ്ങൾക്ക് ലജ്ജയില്ലേ ? ഞാൻ വളരെയധികം അമ്പരന്നുപോവുകയാണ്, കേരള കോൺഗ്രസ്സിനെ നിങ്ങൾ വർഗ്ഗീയ കക്ഷിയായി കാണുന്നതിൽ. ഞാൻ ആ കഴിഞ്ഞ കാലഘട്ടത്തെക്കുറിച്ച് ഓർത്തുപോവുകയാണ്. 1980-ൽ ഞങ്ങളുമായി കൂട്ടുകൂടിയവരാണ് മാർക്സിസ്ററുകമ്മ്യൂണിസ്ററ് പാർട്ടി. 1982-ൽ ഞങ്ങൾ ആ കൂട്ടുകെട്ട് പിരിഞ്ഞു. കൂട്ടുകൂടിനിന്ന കാലഘട്ടത്തിൽ ഞങ്ങൾ കൊള്ളാവുന്നവരാണ്. കൂട്ടുപിരിഞ്ഞപ്പോൾ ഞങ്ങൾ വർഗ്ഗീയകക്ഷികളാണ്. കൂട്ടുകൂടാൻ കൊള്ള

രുതാത്തവരാണ്. സർ, ഞാനൊന്നു ചോദിക്കട്ടെ, 1964-ൽ ഉണ്ടായതാണ് കേരള കോൺഗ്രസ്. 1980-ൽ മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റു പാർട്ടിയുമായി കൂട്ടുപിടിക്കുന്നു, 16 വർഷങ്ങൾക്കുശേഷം. കേരളാ കോൺഗ്രസ്സിന്റെ വർഗ്ഗീയ സ്വഭാവം മനസ്സിലാക്കുവാൻ മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റുപാർട്ടിക്ക് കഴിഞ്ഞില്ലെന്നു പറഞ്ഞാൽ ആ വാദഗതി എത്രയോ അന്ധസ്സാരവിഹീനമായ ഒരു വാദഗതിയാണെന്ന് ഞാൻ ചോദിച്ചുപോവുകയാണ്. സർ, അന്ന് 1980-ൽ നായനാർ പറഞ്ഞത് എന്താണെന്ന് എനിക്കോർമ്മയുണ്ട്. കേരള കോൺഗ്രസ്സിന്റെ ആലുവാ സാമ്പത്തികപ്രമേയത്തിലും കേരളാകോൺഗ്രസ്സിന്റെ അദ്ധ്വാനവർഗ്ഗസിദ്ധാന്തത്തിലും ആകൃഷ്ടരായിട്ടാണ് അന്ന് മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റു പാർട്ടി കേരള കോൺഗ്രസ്സുമായി കൂട്ടുകൂടിയത് എന്നാണ് അവർ അന്ന് പറഞ്ഞിരുന്നത്. എന്നാൽ അവരിപ്പോൾ പറയുന്നത് കേരളാ കോൺഗ്രസ് വർഗ്ഗീയ കക്ഷിയാണെന്നാണ്. ഞാൻ ബഹുമാനപ്പെട്ട നായനാരുമായി ഡയലോഗിലേയ്ക്ക് കടക്കാൻ തയ്യാറാണ്. എന്താണ് ഈ വർഗ്ഗീയ കക്ഷിയുടെ അളവുകോൽ ? ആ വർഗ്ഗീയ കക്ഷിയുടെ അളവുകോൽ ആ കക്ഷിയിലെ അംഗങ്ങളുടെ സമുദായ സ്വഭാവം അനുസരിച്ചാണോ? മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ക്രൈസ്തവ സമുദായത്തിലെ അംഗങ്ങൾ വളരെ വളരെ വിരളമാണ്, കുറവാണ്. മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റുപാർട്ടിയിൽ ഏററവും കൂടുതലായിട്ടുള്ളത് ഹൈന്ദവരാണെന്നുള്ളതുകൊണ്ട് മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റുപാർട്ടിയെ ഒരു ഹൈന്ദവപ്പാർട്ടി എന്നോ ഒരു സമുദായപ്പാർട്ടിയെന്നോ ഞാൻ പറഞ്ഞാൽ അത് ശരിയാകുമോ ? ഇല്ല. കേരളാ കോൺഗ്രസ്സിൽ ഏതെങ്കിലും ഒരു സമുദായത്തിലെ അംഗങ്ങൾ കൂടിപ്പോയി എന്നതിന്റെ പേരിൽ കേരളാ കോൺഗ്രസ്സിനെ ഒരു സമുദായ കക്ഷിയെന്നു നിങ്ങൾ വിവക്ഷിച്ചാൽ അതു ശരിയാണോ ? മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റുപാർട്ടിയുടെ നേതാവ് സഖാവ് ഇ. എം. എസ് നമ്പൂതിരിപ്പാട് ആയിപ്പോയാൽ അത് സമുദായകക്ഷിയാണോ ? വേറൊരു സമുദായത്തിലെ അംഗമാണ് കേരളാ കോൺഗ്രസ്സിലെ നേതാവ് എന്നാൽ അത് സമുദായ കക്ഷിയാണോ? ഒരിക്കലുമല്ല, അപ്പോൾ ആ ഒരു നിലപാട് നിങ്ങൾക്ക് ഇല്ലെങ്കിൽ ഞാൻ പറയാനാഗ്രഹിക്കുന്നത് പിന്നെ എന്തിന്റെ പേരിലാണ് തത്വങ്ങളുടെ പേരിലാണോ ? തത്വങ്ങളുടെ പേരിലാണോ ഒരു കക്ഷിയെ സമുദായ കക്ഷിയായിട്ട് വിവക്ഷിക്കുന്നത് ? അങ്ങനെയെങ്കിൽ ഞാൻ വളരെ വളരെ ആത്മാർത്ഥയോടുകൂടി നിങ്ങളോട് പറയുകയാണ് കേരളാ കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം കേരളാ കോൺഗ്രസ്സിന്റെ തത്വം മതനിരപേക്ഷതയാണ്. മതേതരത്വമാണ്, കേരളാ കോൺഗ്രസ്സ് ജനകീയ സോഷ്യലിസമാണ്, ഞങ്ങളുടെ മാർഗ്ഗരേഖ. ഞങ്ങൾ പഖ്യാപിച്ചിട്ടുള്ളത്, അദ്ധ്വാനവർഗ്ഗസിദ്ധാന്തമാണ്, ഞങ്ങളുടെ മുഖമുദ്ര. അദ്ധ്വാനവർഗ്ഗത്തിൽ നായരോ ഈഴവനോ ക്രിസ്ത്യനോ മുസ്ലീമോ എന്നുള്ള വ്യത്യാസമില്ല. ഏതെങ്കിലുമൊരു പ്രത്യേക സമുദായത്തിൽപ്പെട്ടവരല്ല, അദ്ധ്വാനവർഗ്ഗം. അദ്ധ്വാനവർഗ്ഗത്തിൽ ഈ രാജ്യത്തിലെ എല്ലാ സമുദായങ്ങളിലും ഉൾപ്പെടുന്ന പാവപ്പെട്ട ആളുകൾ സാധാരണക്കാരായ ആളുകൾ ചെറുകിടക്കാരായ ആളുകൾ എല്ലാംതന്നെ അദ്ധ്വാനവർഗ്ഗത്തിൽ ഉൾപ്പെടുന്ന ആളുകളാണ്. ഞങ്ങൾ അദ്ധ്വാനവർഗ്ഗത്തിൽ വിശ്വസിക്കുന്ന രാഷ്ട്രീയ കക്ഷിയാണ്. കേരളാ കോൺഗ്രസ്സ് കേന്ദ്രസംസ്ഥാന ബന്ധങ്ങൾ പൊളിച്ചെഴുതണമെന്നാഗ്രഹിക്കുന്ന രാഷ്ട്രീയ കക്ഷിയാണ്. ഞങ്ങളുടെ കേരളാകോൺഗ്രസ് പാർട്ടി ഒരു സംസ്ഥാനപ്പാർട്ടിയാണ്. ഇന്ന് ഞങ്ങൾക്കിവിടെ അംഗസംഖ്യയിൽ കുറവുണ്ട്, എന്നുള്ള കാര്യം

ഞങ്ങൾ സമ്മതിക്കുകയാണ്. 1982-ലെ തെരഞ്ഞെടുപ്പിൽ ആറ് അംഗങ്ങളേയും കൊണ്ടുവന്ന കേരളാ കോൺഗ്രസ് 1987-ലെ തെരഞ്ഞെടുപ്പിൽ 4 അംഗങ്ങളായി കുറഞ്ഞിരിക്കുന്നു, സാരമില്ല. ഞങ്ങളെ സംബന്ധിച്ചിടത്തോളം നിയമസഭയിൽ അംഗസംഖ്യ 25 ആയി വന്നിട്ടുണ്ട്, 17 ആയി വന്നിട്ടുണ്ട്, 22 ആയി വന്നിട്ടുണ്ട്, 15 ആയി വന്നിട്ടുണ്ട്. ശ്രീ. കെ. എം. ജോർജ്ജിന്റെ നേതൃത്വത്തിൽ 1965-ൽ അഞ്ച് അംഗങ്ങളോടുകൂടി ഞങ്ങൾ പ്രതിപക്ഷത്തിരുന്ന കാര്യം ഇപ്പോഴും ഓർക്കുകയാണ്. ഇന്ന് നാലംഗങ്ങളോടുകൂടി ഞാൻ പ്രതിപക്ഷത്തിരിക്കുകയാണ്. ഒരൊററക്കാര്യം ഞാൻ പറയട്ടെ, സർ, കേരളാ കോൺഗ്രസ് എന്റെ പാർട്ടി പ്രസക്തമായ ഒരു സംസ്ഥാനപ്പാർട്ടി എന്നുള്ള നിലയിൽ ശക്തമായി തന്നെ മുന്നോട്ടുപോകും. ഇവിടെ ഏതോ ചില പത്രങ്ങളിൽ കണ്ടു കേരളാ കോൺഗ്രസ് ഏതോ ചില രാഷ്ട്രീയ കക്ഷികളുമായി ലയിക്കാൻ പോകുന്നുവെന്ന്. കേരളാ കോൺഗ്രസ് ഒരു രാഷ്ട്രീയ കക്ഷിയിലും ലയിക്കാൻ ഉദ്ദേശിക്കുന്നില്ല. കേരളാ കോൺഗ്രസ് പാർട്ടി, ഈ രാജ്യത്തെ ഏററവും കൂടുതൽ പ്രസക്തിയുള്ള പാർട്ടി, ഒരു സംസ്ഥാന പാർട്ടി, കർഷകരുടേയും ചെറുകിടക്കാരുടേയും ഒരു പാർട്ടി, അദ്ധ്വാനിക്കുന്ന വർഗ്ഗത്തിന്റെ ഒരു പാർട്ടി എന്നുള്ള നിലയ്ക്ക് കേരളാ കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം കേരളാ കോൺഗ്രസ് ശക്തമായി മുന്നോട്ടു നീങ്ങുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

മറെറാരു കാര്യം ഞാൻ പറയട്ടെ, ഞങ്ങൾ അന്ന് അധികാരത്തിൽ വന്നത് 6-ാം പദ്ധതിയുടെ മദ്ധ്യത്തിലാണ്. 7-ാം പദ്ധതിയുടെ മദ്ധ്യത്തിലാണ് ഇന്ന് നിങ്ങൾ അധികാരത്തിൽ വന്നിരിക്കുന്നത്. ഞാൻ ഓർക്കുന്നു, അന്ന് വിജയകരമായി 6-ാം പദ്ധതി ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് പൂർത്തിയാക്കുകയുണ്ടായി. 1550 കോടി രൂപയുടെ അപ്രൂവ്ഡ് ഔട്ട്ലേ ആയിരുന്നു പദ്ധതി എങ്കിലും ആ സ്ഥാനത്ത് 1750 കോടി രൂപ ചെലവഴിച്ചുകൊണ്ടാണ് 200-ൽപ്പരം കോടി രൂപ ലക്ഷ്യം കവിഞ്ഞ് ചെലവഴിച്ചതിനുശേഷവും 1986-87-ൽ 161 കോടി രൂപയുടെ മിച്ചം കേരളത്തിന്റെ ഖജനാവിലേയ്ക്ക് സമ്പാദിച്ച ഒരു ഗവൺമെൻറായിരുന്നു ഐക്യജനാധിപത്യമുന്നണിയുടെ മുൻ ഗവൺമെൻറ് എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. എനിക്കതിൽ സന്തോഷമുണ്ട്. ബഹുമാനപ്പെട്ട നായനാർ അവതരിപ്പിച്ച ബഡ്ജററിൽ അക്കാര്യം തുറന്നു പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട നായനാരോട് അക്കാര്യത്തിൽ എനിക്ക് കൃതജ്ഞതയുണ്ട്. 2-ാം പേജിൽ വസ്തുതകളുടെ നിജസ്ഥിതി താഴെ വിവരിക്കുന്നു എന്നു പറയുന്നിടത്ത് പറഞ്ഞിട്ടുണ്ട്. ആദ്യത്തെ പേജിൽ പറഞ്ഞു, കണക്ക് പഠിക്കാൻ സമയം കിട്ടിയിട്ടില്ല എന്ന്. 2-ാമത്തെ പേജിൽ പറഞ്ഞിരിക്കുന്നു വസ്തുതകളുടെ നിജസ്ഥിതി താഴെ രേഖപ്പെടുത്തുന്നുവെന്ന്. വർഷാരംഭമിച്ചം — 161 കോടി രൂപ വർഷാവസാനമിച്ചം — നാലേമുക്കാൽ കോടി രൂപ. എന്ന് അദ്ദേഹം ചേർത്തതിൽ എനിക്ക് അദ്ദേഹത്തോട് നന്ദിയുണ്ട്. എന്നാൽ ഒരൊററ ചോദ്യമേ എനിക്ക് ചോദിക്കുവാനുള്ളു. നിങ്ങൾ . . . . . . സർ, ഞാൻ അന്നും നിങ്ങളുടെ കാലത്ത് ധനകാര്യമന്ത്രിയായിരുന്നു. ഇക്കഴിഞ്ഞ ഗവൺമെൻറിന്റെ കാലത്തും ഞാൻ ധനകാര്യമന്ത്രിയായിരുന്നു, എന്നാൽ നായനാർ ഗവൺമെൻറിന്റെ കാലം കഴിഞ്ഞ് ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് അധികാരമേറെറടുക്കുമ്പോൾ ways and means ഉം ഓവർഡ്രാഫ്ററും ഉൾപ്പെടെ 118 കോടി രൂപയുടെ കമ്മിയോടുകൂടിയാണ് കരുണാകരൻ ഗവൺമെൻറ് അധികാരമേററത്. എന്നാൽ ഇന്ന് നാലേമുക്കാൽ കോടി രൂപയുടെ മിച്ചവുമായിട്ടാണ് നിങ്ങൾ അധികാരത്തിൽ കയറിയിരിക്കുന്നതെന്നുള്ള വസ്തുത നിങ്ങൾ വിസ്മരിക്കാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ആ ഒരൊററ കാര്യമേ എനിക്ക് പറയാനുള്ളൂ. 6-ാം പദ്ധതി ഞങ്ങൾ പൂർത്തിയാക്കിയതുപോലെ 6-ാം പദ്ധതിയിൽ ലക്ഷ്യത്തിൽ കവിഞ്ഞ് 200 കോടി രൂപ അധികം ചെലവ് ചെയ്തതുപോലെ 7-ാം പദ്ധതിയിലും ലക്ഷ്യം കവിഞ്ഞ് നിങ്ങൾ വിജയകരമായി പൂർത്തിയാക്കിയതിനുശേഷവും ഒരു വമ്പിച്ച സമ്പാദ്യം കേരളത്തിന്റെ ധനസ്ഥിതി ബലിഷ്ഠമായ സാമ്പത്തിക അടിത്തറയിൽ ഉറപ്പിക്കുവാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് കഴിയുമോയെന്നുള്ള ഒരു ചോദ്യചിഹ്നം ഇവിടെ നിലനിൽക്കുകയാണ്. നിങ്ങൾ 7-ാം പദ്ധതി വിജയകരമായി പൂർത്തിയാക്കുമെങ്കിൽ അത് ആത്മാർത്ഥമായി നടപ്പിലാക്കുന്ന കാര്യത്തിൽ എന്റെ പാർട്ടിയുടെ പിൻതുണയുണ്ട്. സർ, ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിച്ചുകൊള്ളാം.

ഗവർണ്ണറുടെ പ്രസംഗത്തിൽ നിങ്ങൾ ഒരു വാക്ക് പറഞ്ഞിട്ടുണ്ട്. ജനങ്ങളുടെ പൂർണ്ണ സഹകരണത്തോടെ ക്രമസമാധാനം പാലിക്കുമെന്ന്. അതിന്റെ അർത്ഥമെന്താണ്? ജനങ്ങളുടെ സഹകരണം ഇല്ലാഞ്ഞിട്ടാണോ അന്ന് ക്രമസമാധാനം പരാജയപ്പെട്ടത്? ജനങ്ങളുടെ സഹകരണം എന്ന് നിങ്ങൾ ഉദ്ദേശിക്കുന്നത് ഏതെങ്കിലും ജനകീയ കമ്മററികളാണോ? പോലീസ് സ്റേറഷനുമായി ബന്ധപ്പെടുത്തികൊണ്ടുള്ള ജനകീയ കമ്മിററികളുടെ രൂപീകരണമാണോയെന്ന് ഞങ്ങൾ സന്ദേഹിക്കുകയാണ്. ജനങ്ങളുടെ സഹകരണത്തോടുകൂടി ക്രമസമാധാനം പാലിക്കുമെന്ന് പറയുന്ന ഒരു ഗവൺമെന്റാണ്. അതുപോലെതന്നെ തൊഴിലുടമകളുടെ സമീപനത്തിലുണ്ടാകേണ്ട മാററം—അതിന് ആവശ്യംവേണ്ട ഒരു മുൻ ഉപാധിയാണ്. ഈ മാററം കൈവരിച്ചതിനുശേഷം തൊഴിലാളികളിലും ജീവനക്കാരിലും ഒരു പുതിയ ചുമതലാബോധം വളർത്തേണ്ടത് ആവശ്യമായിത്തീർന്നിരിക്കുന്നു. വ്യാവസായിക സമാധാനത്തിന് ഇത് രണ്ടും ഒരേ സമയത്ത് ഉണ്ടാകണം. തൊഴിലാളികളുടെ ചുമതലാബോധവും തൊഴിലുടമകളുടെ ചുമതലാബോധവും മാനസിക പരിവർത്തനവും ഒരേ സമയം ഉണ്ടാകാതെ തൊഴിലുടമകളുടെ വീക്ഷണത്തിൽ മാററമുണ്ടായതിനുശേഷം തൊഴിലാളികളുടെ ചുമതലാബോധത്തിന് ഒരു മാററം വരുത്തുവാൻ ഞങ്ങൾ ശ്രമിക്കുമെന്ന് നിങ്ങൾ പറഞ്ഞിട്ടുള്ളത് ഈ രാജ്യത്തെ വ്യാവസായിക കാലാവസ്ഥ അനുകൂലമാക്കുവാൻ ഒരിക്കലും ഉപകരിക്കുകയില്ലെന്ന് ഞാൻ കൂട്ടിച്ചേർക്കുകയാണ്. ഇതൊക്കെ സൂചിപ്പിക്കുന്നത് നിങ്ങളുടെ വികലമായ പോലീസ് നയമാണ്. നിങ്ങളിനിയും നിങ്ങളുടെ പാളിച്ചകൾ മനസ്സിലാക്കുവാൻ തയ്യാറല്ല. 1957-ലും 1967-ലും 1980-ലും നിങ്ങൾക്ക് സംഭവിച്ച പാളിച്ചകൾ മനസ്സിലാക്കിക്കൊണ്ട് വ്യാവസായിക മേഖലയിൽ സമാധാനം നിലനിറുത്തുന്നതിനും, ആരുടേയും മുഖം നോക്കാതെ ക്രമസമാധാനം പാലിക്കുവാൻ പോലീസിന് സ്വാതന്ത്ര്യം നൽകികൊണ്ട് ഇവിടെ സൈ്വരജീവിതം ഉറപ്പുവരുത്തുവാനും നിങ്ങൾക്ക് കഴിയുമെങ്കിൽ ഞങ്ങളുടെ ക്രിയാത്മകമായ പിൻതുണ നിങ്ങൾക്കുണ്ട്. ഇല്ലെങ്കിൽ ഇനിയും ഭരണപക്ഷത്തിരിക്കുന്ന നിങ്ങളെ ജനങ്ങൾ പ്രതിപക്ഷത്തേക്ക് മാററുമെന്നുള്ള കാര്യം നിങ്ങൾ വിസ്മരിക്കരുത് എന്നു പറഞ്ഞുകൊണ്ട് ഞാൻ ഗവർണ്ണറുടെ നന്ദിപ്രമേയത്തെ എതിർക്കുന്നു.

ശ്രീ. ടി. പി. പീതാംബരൻ മാസ്ററർ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. പ്രതിപക്ഷത്തിരിക്കുന്ന മുൻമന്ത്രിമാർക്ക് അധികാരം നഷ്ടപ്പെട്ട അവസ്ഥയുമായി പൊരുത്തപ്പെടാൻ ഇതുവരെ കഴിഞ്ഞിട്ടില്ല എന്നാണ് അവരുടെ ഈ സഭയിലെ പെരുമാററം വ്യക്തമാക്കുന്നത്. 1980-ൽ അധികാരത്തിൽവന്ന ഇടതുപക്ഷജനാധിപത്യമുന്നണി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറിനെ ക്രമസമാധാനത്തകർച്ച എന്ന മുറവിളി കൂട്ടി അട്ടിമറിച്ച കാര്യം നമുക്കറിയാം. അതുകൊണ്ട് ഇത്തവണയും ക്രമസമാധാനത്തകർച്ച യെന്ന മുറവിളിയുയർത്തി അട്ടിമറി നടത്താമോ എന്നാണ് ആലോചന. 1980-ൽ ഈ മുന്നണിക്കകത്ത് യാഥാസ്ഥികരുടെ ഒരു ഏജൻറുണ്ടായിരുന്നു. അതുകൊണ്ട് ആ ഗവൺമെൻറിനെ ഒററുകൊടുക്കാനുള്ള ആളുകൾ ആ മുന്നണിക്കകത്തുതന്നെ ഉണ്ടായിരുന്നു. അദ്ദേഹത്തിൻെറ നേതൃത്വത്തിൽ നടന്ന കാലുമാററത്തിലൂടെയാണ് 1981-ൽ ഈ ഗവൺമെൻറിനെ തകർത്തത്. ഇന്ന് ഇത്തരം ഉമ്മാക്കി കാണിച്ച് അട്ടിമറി നടത്താമെന്ന് വ്യാമോഹിക്കുന്നുവെങ്കിൽ നിങ്ങൾ ഒരിക്കലും രക്ഷപ്പെടുകയില്ലായെന്നാണ് എനിക്ക് നിങ്ങളെ ഓർമ്മപ്പെടുത്താനുള്ളത്. ആ ഗവൺമെൻറിനെ അട്ടിമറിച്ചതിനുശേഷം ഇവിടെ ഒരു ഗവൺമെൻറുണ്ടാക്കാൻ നിങ്ങൾ ശ്രമിച്ചു. അഞ്ചുകൊല്ലം ആ ഗവൺമെൻറ് ഭരിച്ചു. എങ്ങനെയാണ് ആ ഗവൺമെൻറുണ്ടാക്കിയത് ? ഓരോ ജാതിയ്ക്കും ഓരോ രാഷ്ട്രീയപ്പാർട്ടികളുണ്ടാക്കി ആ ജാതി രാഷ്ട്രീയപ്പാർട്ടികളുടെ മുന്നണിയുണ്ടാക്കി, ഓരോരുത്തരുടേയും വീടുകളിൽ ചെന്ന് ഓരോരുത്തരുടേയും ജാതി മനസ്സിലാക്കി, ആ ജാതിയുടെ പാർട്ടി ഞങ്ങളുടെ മുന്നണിയിലാണ് എന്ന് അവരെ ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ച്, അങ്ങനെ ജാതി പറഞ്ഞ് രാഷ്ട്രീയം പിടിച്ചാണ് കഴിഞ്ഞ തവണ നിങ്ങൾക്ക് ഭൂരിപക്ഷമുണ്ടാക്കാൻ കഴിഞ്ഞത്. ഇത്തവണ ആ ജാതിപ്പാർട്ടികളൊക്കെ നിങ്ങളോടൊപ്പമുണ്ടായിട്ടും കഴിഞ്ഞ അഞ്ചു കൊല്ലക്കാലത്തെനിങ്ങളുടെ ഭരണത്തിൻെറ അനുഭവം ഇത്തരം ജാതി സാമുദായിക പാർട്ടികളുടെ മുന്നണിക്ക് രാജ്യത്ത് യാതൊന്നും ചെയ്യാൻ കഴിയുകയില്ലായെന്ന് ബോദ്ധ്യപ്പെട്ടതുകൊണ്ടാണ് ആ ശ്രമം ഇത്തവണ പരാജയപ്പെട്ടത് എന്നുള്ള യാഥാർത്ഥ്യം അംഗീകരിക്കാൻ നിങ്ങൾ തയ്യാറാകണം. അവസരവാദപരമായ കൂട്ടുകെട്ട് ഉണ്ടാക്കിയെന്നുള്ളതാണ് നിങ്ങളുടെ ഗവൺമെൻറിൻെറ പതനത്തിന് കാരണം. വിഭാഗീയതയെ വളർത്തി ചില വിഭാഗങ്ങളെ പ്രീതിപ്പെടുത്താൻവേണ്ടി ഈ അവസരവാദപരമായ കൂട്ടുകെട്ട് പിടിച്ചുനിർത്താനുള്ള ശ്രമത്തിൽ നടത്തിയ ചില തെററായ നടപടികളാണ് ഈ ഗവൺമെൻറിൻെറ പതനത്തിന് വഴിവച്ചത് എന്ന് നിങ്ങൾ ഇനിയെങ്കിലും മനസ്സിലാക്കണം. ഇനിയെങ്കിലും അത് തിരുത്താൻ ശ്രമിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. 85 ശതമാനം വരുന്ന കേരളത്തിലെ പിന്നോക്ക പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾ തലമുറകളായി അനുഭവിച്ചു വന്നിരുന്ന സാമൂഹ്യമായ അവശതയ്ക്ക് പരിഹാരമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സാമുദായിക സംവരണത്തിൻെറ കടയ്ക്ക് കത്തിവയ്ക്കുന്ന ഒരു പ്രഖ്യാപനമായിട്ടാണ് ചില വിഭാഗങ്ങളെ പ്രീണിപ്പിക്കാൻ ശ്രമിച്ചത്. അതുകൊണ്ടുതന്നെയാണ് നിങ്ങൾക്ക് ആ വിഭാഗങ്ങളുടെ പിൻതുണ നഷ്ടപ്പെട്ടത്. അതുകൊണ്ടുതന്നെയാണ് നിങ്ങൾ പ്രതിപക്ഷത്തിരിക്കേണ്ടി വന്നത്. ഞാൻ ഇത് എടുത്തു പറയാൻ കാരണം ഈ നിയമസഭയിൽ വന്നതിനുശേഷവും ആ തെററായ നടപടികളെ ന്യായീകരിക്കാനും തൊഴിലില്ലായ്മയെയും സംവരണത്തെയും കൂട്ടികുഴയ്ക്കാനും ശ്രമിക്കുന്നുവെന്നുള്ളതാണ്. സാമുദായിക സംവരണം പിന്നോക്ക സമുദായങ്ങളുടെ സാമൂഹ്യമായ അവശത പരിഹരിക്കാനുള്ള സംവിധാനം മാത്രമാണ്. അത് തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള മാർഗ്ഗമല്ല. തൊഴിലില്ലായ്മയും പട്ടിണിയും പരിഹരിക്കുന്നതിന് സാമ്പത്തികമായ പരിപാടികൾ വേണം. അത് രണ്ടും കൂട്ടിക്കുഴച്ച്, വിവിധ വിഭാഗങ്ങളെ കലഹിപ്പിച്ച് രക്ഷപ്പെടാനുള്ള ആശയക്കുഴപ്പമുണ്ടാക്കുക എന്ന സമീപനമാണ് നിങ്ങൾ നേരത്തെ സ്വീകരിച്ചത്. അത് തിരിച്ചടിച്ചിട്ടാണ് നിങ്ങളുടെ ഗവൺമെൻറ് ആടിയുലഞ്ഞ് കുഴപ്പത്തിലായത്.

അതു മാത്രമല്ല വിദ്യാഭ്യാസരംഗത്തെ നിങ്ങളുടെ വിദ്യാഭ്യാസ നയം അന്ന് നിങ്ങളുടെ മുന്നണിക്കകത്തുണ്ടായിരുന്നവരാരെങ്കിലും അംഗീകരിച്ചിട്ടുണ്ടോ? പ്രതിപക്ഷകക്ഷിയിൽ ഇന്നുള്ള ആരെങ്കിലും അംഗീകരിക്കുന്നുണ്ടോ ? അന്നത്തെ ബഹുമാന്യനായ വിദ്യാഭ്യാസ മന്ത്രി അദ്ദേഹത്തിന്റെ വിദ്യാഭ്യാസ നയത്തെ ന്യായീകരിക്കുന്നതിനുവേണ്ടി ഏകപക്ഷീയമായ ഒരു വിലാപകാവ്യം ഇവിടെ നടത്തുന്നതു കേട്ടു. കുരങ്ങിന്റെ കയ്യിൽ കിട്ടിയപൂമാലപോലെ വിദ്യാഭ്യാസ രംഗമാകെ പിച്ചിച്ചീന്തി താറുമാറാക്കിയതാണ് നിങ്ങളുടെ ഗവൺമെന്റ് പൊളിയാൻ കാരണം. അത്തരമൊരു മുന്നണിക്ക് പ്രവർത്തിക്കാൻ സാദ്ധ്യമല്ല. അഞ്ചുകൊല്ലക്കാലം ഭരിച്ചുവെന്ന് നിങ്ങൾ പറയുന്നുണ്ടല്ലോ ഏതെങ്കിലും ഒരു കാര്യത്തിൽ നിങ്ങൾക്ക് യോജിച്ച് ഒരു തീരുമാനമെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ ? അഥവാ എടുത്തിട്ടുണ്ടെങ്കിൽ ആ തീരുമാനം നടപ്പിലാക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ ? പ്രീഡിഗ്രി ബോർഡിന്റെ കാര്യത്തിലെടുത്ത തീരുമാനം നടപ്പിലാക്കാൻ കഴിഞ്ഞോ ? സ്വകാര്യമേഖലയിൽ പോളിടെക്നിക്ക് കൊടുക്കുന്ന കാര്യം നടപ്പിലാക്കിയോ ? മലയോരകൃഷിക്കാർക്ക് പട്ടയം കൊടുക്കുന്ന കാര്യത്തിൽ തീരുമാനമെടുത്ത് നടപ്പിലാക്കിയോ ? ഓരോ കാര്യത്തിലും നിങ്ങൾക്ക് കലഹങ്ങളും ഏററുമുട്ടലുകളും, ജാഥകളും, പ്രകടനങ്ങളും കോലം കത്തിക്കലുമല്ലാതെ എന്നെങ്കിലും ഒന്നിച്ചു നിൽക്കാൻ കഴിഞ്ഞിട്ടുണ്ടോ ? അതിന്റെ പരിണിത ഫലമാണ് തെരഞ്ഞെടുപ്പു കാലത്ത് നിങ്ങൾക്കുണ്ടായ ബുദ്ധിമുട്ടുകൾ. കാരണം യാതൊരുവിധത്തിലും ദേശീയ കാഴ്ചപ്പാടില്ലാത്ത, ജനങ്ങളെ ജനങ്ങളായികാണാൻ കഴിയാത്തവിഭാഗീയ ജാതിചിന്തയുടെ അടിസ്ഥാനത്തിൽ സ്വാർത്ഥപരമായ ലാഭത്തിനുവേണ്ടി മാത്രം പ്രവർത്തിക്കുന്ന ഒരു മുന്നണിയായതുകൊണ്ടുള്ള, അവരവരുടെ കാര്യത്തിനുവേണ്ടി മാത്രം നിൽക്കുന്ന മുന്നണിയായതുകൊണ്ടുള്ള, പരസ്പരകലഹം കൊണ്ടാണ് തെരഞ്ഞെടുപ്പ് കഴിഞ്ഞ് വന്നയുടൻ ശ്രീ.പി. ജെ.ജോസഫിന് ഈ വിലാപം നടത്തേണ്ടിവന്നത്. ഐക്യജനാധിപത്യമുന്നണിയുടെ കൂടെ നിന്ന ഘടക കക്ഷികളുടെ സ്ഥിതി യെന്താണ് ? അവരുടെ കൂടെ കൂടിയാലുള്ള സ്ഥിതിയെന്താണ് ? എന്താണ് കേരള കോൺഗ്രസിന്റെ സ്ഥിതിയെന്ന് ശ്രീ. പി. ജെ. ജോസഫ് ഇവിടെ പറഞ്ഞു. ഇപ്പോൾ ശ്രീ കെ. എം. മാണിയുടെ വിലാപവും നമ്മൾ കേട്ടു. തങ്ങൾ വർഗ്ഗീയ കക്ഷിയല്ലായെന്ന് സമർത്ഥിക്കാനാണ് ഈ കഴിഞ്ഞ ദിവസങ്ങളിൽ ശ്രമം നടത്തിയത്. എസ്. ആർ. പി. എന്നൊരു പാർട്ടി നിങ്ങളുടെ മുന്നണിയിലുണ്ടായിരുന്നു. ഇപ്പോൾ ആ പാർട്ടിയുണ്ടോ ? എൻ. ഡി. പി. എന്നൊരു പാർട്ടിയുണ്ടായിരുന്നു. ആ പാർട്ടി ഇപ്പോൾ ശുഷ്കിച്ച ഒരവസ്ഥയിലെത്തിയിരിക്കുന്നു. മുസ്ലീം ലീഗ് നിങ്ങളുടെ കൂടെയില്ലായിരുന്നുവെങ്കിൽ മലബാറിൽപ്പോലും നിങ്ങൾ രക്ഷപ്പെടുമായിരുന്നില്ല. മുസ്ലീം ലീഗുള്ള മലബാറിൽ നിങ്ങൾക്കുറെ സീററ് കിട്ടി ഞങ്ങൾ സമ്മതിക്കുന്നു. എന്നാൽ മുസ്ലീം ലീഗിന്റെ സംഘടിത വർഗ്ഗീയശക്തിയില്ലാത്ത തിരുവിതാംകൂർ കൊച്ചി ഭാഗത്ത് നിങ്ങളുടെ സ്ഥിതി വളരെ ദയനീയമാണ്. വർഗ്ഗീയ കൂട്ടുകെട്ട് ആത്യന്തികമായി നിങ്ങൾക്ക് ഗുണം ചെയ്യുകയില്ലെന്നുള്ള കാര്യത്തെപ്പററി ഇനിയെങ്കിലും ആലോചിക്കണമെന്നാണ് എനിക്ക് നിങ്ങളോട് പറയാനുള്ളത്. അതല്ലാതെ വർഗ്ഗീയ വിഭാഗീയ ശക്തികളെ ഏറെനാൾ പ്രീണിപ്പിക്കുവാൻ കഴിയുകയില്ലായെന്ന് ബോദ്ധ്യപ്പെടുത്തിക്കൊണ്ട് യാഥാർത്ഥ്യ ബോധത്തോടുകൂടി സാമുദായിക വർഗ്ഗീയ ശക്തികളുമായുള്ള കൂട്ടുകെട്ട് അവസാനിപ്പിച്ചു കൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പ്രഖ്യാപിക്കുന്ന നയങ്ങൾ നടപ്പിലാക്കാൻ സഹായിക്കണമെന്നാണ് എനിക്കു നിങ്ങളോട് പറയാനുള്ളത്. ക്രമസമാധാനം ഭദ്രമാക്കിക്കൊണ്ട് മുന്നോട്ടു പോകണമെന്ന് പ്രഖ്യാപിക്കുന്നതിനോടൊപ്പം തന്നെ തൊഴിലില്ലായ്മക്ക് പരിഹാരമുണ്ടാക്കാനുള്ള നടപടികൾ ആവിഷ്ക്കരിക്കുന്നുണ്ട്. വില നിലവാരം പിടിച്ചുനിറുത്താൻ

LIBRARY ARCHIVES Kerala Legislative Assembly

ശ്രമിക്കുന്നുണ്ട്. വിദ്യാഭ്യാസരംഗത്തുള്ള കുഴപ്പങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നുണ്ട്. ഈ രാജ്യത്ത് ജനങ്ങൾ ആഗ്രഹിക്കുന്ന നയങ്ങളത്രയും ഈ നയപ്രഖ്യാപനത്തിലുണ്ട്. അതിന് ഈ നിയമസഭയ്ക്കകത്തു വന്ന് ഓരോ ദിവസവും ആവശ്യമുള്ളതും ഇല്ലാത്തതുമായ കാര്യങ്ങൾക്കുവേണ്ടി ബഹളമുണ്ടാക്കി സഭാനടപടികൾ അലങ്കോലപ്പെടുത്തി നിങ്ങളുടെ രോഷം പ്രകടിപ്പിക്കുന്നതിനു പകരം യാഥാർത്ഥ്യങ്ങളുമായി ബന്ധപ്പെട്ട ഈ ഗവൺമെന്റിന് പിൻതുണ നൽകണമെന്നാണ് എനിക്ക് നിങ്ങളോട് അഭ്യർത്ഥിക്കാനുള്ളത്. ഞാൻ ഈ നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി പിൻതാങ്ങുന്നു.

<u>ഡോക്ടർ കെ. സി. ജോസഫ് :</u> സർ, ഞാൻ ഈ നന്ദി പ്രമേയത്തെ എതിർക്കുകയാണ്. ഒരു മന്ത്രിസഭയുടെ ആദ്യത്തെ നയപ്രഖ്യാപന പ്രസംഗം ആ മന്ത്രിസഭ അധികാരത്തിൽ വരുന്നതിനു മുൻപ് തെരഞ്ഞെടുപ്പു കാലത്ത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങളുടെ പ്രതിഫലനമായിരിക്കണമെന്നുള്ളതാണ്. ഒരു കാഴ്ചപ്പാട്. ഇതിനുമുൻപുള്ള നടപടിക്രമങ്ങളെല്ലാം അതാണ് കാണിച്ചിട്ടുള്ളത്. എന്നാൽ അതിൽ നിന്നെല്ലാം വ്യത്യസ്തമായി തെരഞ്ഞെടുപ്പ് കാലത്ത് പറഞ്ഞ യാതൊരു കാര്യങ്ങളും സ്മരിക്കാതെ, പ്രകടനപത്രികയിൽ പറഞ്ഞ മുഴുവൻ കാര്യങ്ങളെയും തള്ളിക്കളഞ്ഞു കൊണ്ടാണ് ഈ നയപ്രഖ്യാപന പ്രസംഗം ഇവിടെ നടത്തിയിട്ടുള്ളത് ഞാൻ നേരത്തേ ധനവിനിയോഗ ബില്ലിന്റെ ചർച്ചയിൽ പറഞ്ഞതുപോലെ കാർഷിക മേഖലയെ അവഗണിച്ച് ഒരു നയപ്രഖ്യാപന പ്രസംഗമാണ് ഇത്. ഇവിടെ മററു അംഗങ്ങൾ ചൂണ്ടി കാണിച്ചതുപ്പോലെ കാർഷിക മേഖലയെയും മൽസ്യതൊഴിലാളി മേഖലയെയും അവഗണിച്ചു കൊണ്ടാണ് ഈ നയപ്രഖ്യാപന പ്രസംഗം നടത്തിയിട്ടുള്ളത്. അത്തരം നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്താൻ സാദ്ധ്യമല്ലായെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. മാർക്സിസ്ററു പാർട്ടിക്ക് ഹരിജനങ്ങളോടുള്ള വിരക്തി എത്രമാത്രമാണെന്ന് നയപ്രഖ്യാപന പ്രസംഗം മാത്രമല്ല അതിനുശേഷമുള്ള എല്ലാ സംഭവങ്ങളും കാണിക്കുന്നുണ്ട്. മാർക്സിസ്ററു പാർട്ടി എട്ട് അംഗങ്ങളെ മന്ത്രി സഭയിലും ഒരു അംഗത്തെ സ്പീക്കറായും തെരഞ്ഞെടുത്തു. ഒൻപതു അംഗങ്ങളെ തെരഞ്ഞെടുക്കാൻ അവകാശം കിട്ടിയിട്ട് ഒരൊററ സ്ഥാനത്തേയ്ക്കു പോലും ഒരു ഹരിജനെ നിയോഗിക്കാൻ മാർക്സിസ്ററു പാർട്ടിക്ക് കഴിയാത്തവണ്ണം ഹരിജനങ്ങളോട് മാർക്സിസ്ററു പാർട്ടിക്ക് വിരക്തിയുണ്ടായിരുന്നുവെന്നാണ് ഇവരുടെ നടപടികൾ വ്യക്തമാക്കുന്നത്. ഹരിജൻ മന്ത്രിമാർ ഇല്ലാത്തതുകൊണ്ടാണോ പരിണിതപ്രജ്ഞരായ പല അംഗങ്ങളുമുണ്ട്. എന്നാൽ ഒരു സ്ഥാനത്തേക്കു പോലും ഒരു ഹരിജനെ നിയോഗിക്കാൻ മാർക്സിസ്ററു പാർട്ടിക്ക് കഴിഞ്ഞില്ല. കഴിഞ്ഞ തെരഞ്ഞെടുപ്പു കാലത്ത് ഹരിജനങ്ങൾ മാർക്സിസ്ററു പാർട്ടിയോട് കാണിച്ച സമീപനത്തിനുള്ള ക്രൂരമായ പ്രതികാരമാണ് ഇത് എന്നു മാത്രമേ പറയാൻ കഴിയുകയുള്ളു.

<u>ശ്രീ. എം. എം. ഹസ്സൻ :</u> ഒരു ചോദ്യം ഈ തെരഞ്ഞെടുപ്പു വിജയമെന്നു പറയുന്നത് വർഗ്ഗീയതക്കെതിരായ വിജയമായി അവകാശപ്പെടുന്നതു കൊണ്ട് ജാതി നോക്കാതെ മന്ത്രിമാരെ തെരഞ്ഞെടുത്തതിന്റെ ഫലമായി കീഴ് ജാതിക്കാരായ ഹരിജനങ്ങളെ മാററി നിറുത്തി കളയാമെന്നാണ് മാർക്സിസ്ററു പാർട്ടി തീരുമാനിച്ചതെന്ന് അങ്ങേക്കറിയാമോ ?

<u>ഡോക്ടർ കെ. സി. ജോസഫ് :</u> സർ, ജാതീയത വിട്ടുകളഞ്ഞുവെങ്കിലും പാചക കുറിപ്പിൽ കാണുന്നതുപ്പോലെ ആവശ്യത്തിനു ഉപ്പു ചേർക്കുക എന്നു പറയുന്നതുപ്പോലെ ആവശ്യത്തിന് വർഗ്ഗീയതയും ജാതീയതയും അത്യാവശ്യത്തിന്. നിയോജക മണ്ഡല അടിസ്ഥാനത്തിൽ ഇവർ ചേർത്തിട്ടുണ്ട്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ഇവിടത്തെ ഹരിജനങ്ങളോട് കാണിച്ചിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്ന പ്രതികാര മനോഭാവം കേരളത്തിലെ ഹരിജനങ്ങൾ ശ്രദ്ധിക്കുന്നുണ്ട്
എന്നു മാത്രമേ ഈ അവസരത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുന്നുള്ളൂ. ഈ
നയപ്രസംഗത്തെക്കുറിച്ചു ഇവിടെ ചർച്ച ചെയ്യുന്നതുകൊണ്ട് യാതൊരു
കാര്യവുമില്ലെന്ന് ഈ ഗവൺമെൻറിൻെറ അടുത്തകാലത്തുള്ള ചെയ്തികൾ
കൊണ്ട് മനസ്സിലാക്കുന്നുണ്ട്. കാരണം ഈ നയ പ്രസംഗമല്ല ഇടതുപക്ഷ
ജനാധിപത്യമുന്നണി ഗവൺമെൻറ് അനുവർത്തിക്കാൻ പോകുന്നതു എന്നും
പുത്തരിക്കണ്ടം മൈതാനത്ത് ഇ. എം. എസ്. നടത്തിയ നയപ്രഖ്യാപന
പ്രസംഗമാണ് യഥാർത്ഥ നയപ്രസംഗമെന്നും തെളിയിക്കുന്ന നടപടികളാണ്
ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. അദ്ദേഹം പറഞ്ഞു 1957 ലേയും 1967 —
ലെയും, 1980 ലെയും നയങ്ങളെല്ലാം തന്നെ ആവർത്തിക്കുമെന്ന് അദ്ദേഹം
പറഞ്ഞു. അതിൻെറ നടപടിയായി ഇന്നലെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ
വകുപ്പു മന്ത്രി മറുപടി പറഞ്ഞപ്പോൾ ആദ്യത്തെ ഒരു നയം പറഞ്ഞു.
എന്താണത് ? ഇൻഡ്യൻ ഭരണഘടനയിൽ പറഞ്ഞിട്ടുള്ള അവകാശങ്ങൾ പോലും
ഹനിക്കത്തക്ക രീതിയിൽ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിൻെറ അഭിപ്രായങ്ങൾ
ഞങ്ങൾ പരിഗണിക്കുന്നതാണെന്ന് അദ്ദേഹം പറഞ്ഞു. സർ, ഒരു മതേതര
രാഷ്ട്രത്തിൽ ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും അതു പ്രചരിപ്പിക്കു
വാനും അവകാശമുണ്ടെങ്കിലും അതു നിഷേധിക്കുമെന്നു ഇ. എം. എസ്.
പറഞ്ഞത് പരിഗണിക്കുമെന്ന് വിദ്യാഭ്യാസമന്ത്രി പറഞ്ഞു. 1957—ലെ
നയം ആവർത്തിക്കാനുള്ള ശ്രമങ്ങൾ തുടങ്ങിയിരിക്കുന്നു. ഇവിടെ ക്രമ
സമാധാന രംഗത്തും അതു തന്നെയാണ് സ്ഥിതി. പല സ്ഥലത്തുമുണ്ടായ
അക്രമ സംഭവങ്ങളെപ്പററി ഇവിടെ പറഞ്ഞു, കൊലപാതകങ്ങളെപ്പററി ഇവിടെ
പറഞ്ഞു. അതിനൊക്കെ ന്യായീകരണം ഞങ്ങൾ അധികാരത്തിൽ വരുന്നതിനു
മുമ്പാണ് അവ സംഭവിച്ചതെന്നാണ്. അധികാരത്തിൽ വരുന്നതിനു മുൻപു
നടന്ന സംഭവത്തെ തുടർന്നുണ്ടാകുന്ന അക്രമ സംഭവങ്ങൾ ഞാൻ ഉണ്ടായപ്പോൾ
തുടങ്ങിയതല്ല എന്നുപറഞ്ഞ് തള്ളിക്കളയാൻ ഏതെങ്കിലും ഗവൺമെൻറിന് കഴി
യുമോ. അതുപോലെ കുട്ടനാട്ടു മേഖലയിൽ ശ്രീ. ദിനകരൻെറ നിയോജക
മണ്ഡലത്തിൽതെരഞ്ഞെടുപ്പിന്ശേഷം എന്താണ് സംഭവിച്ചത്. ഐക്യജനാ
ധിപത്യമുന്നണി കഴിഞ്ഞ കാലങ്ങളിൽ ഉണ്ടാക്കിയ വർഗ്ഗ സൗഹാർദ്ദത്തിൻെറ
സമാധാനത്തിൻെറ അന്തരീക്ഷം തകർത്തുകൊണ്ട് വർഗ്ഗ സംഘർഷത്തി
ൻെറതായ അന്തരീക്ഷം സൃഷ്ടിക്കാനുള്ള ശ്രമം കാർഷിക മേഖലയിൽ,
പ്രത്യേകിച്ചും കുട്ടനാടൻ കാർഷിക മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു.
1980 —ൽ ഒരു സംഭവമുണ്ടായി. കൊയ്തു വച്ച കററ പാടത്തു വെള്ളം കയററി
ഒഴുക്കികളഞ്ഞു. ആ സംഭവം വീണ്ടും ആവർത്തിച്ചിരിക്കുന്നു. അമ്പലപ്പുഴ
പഞ്ചായത്തിൽ കൊപ്പാരക്കടവ് എന്ന സ്ഥലത്ത് നാലു പാടങ്ങളിൽ കൊയ്ത്
വച്ച ശ്രീ. അസ്സീസിൻെറ കററ പാടത്തു നിന്നും എടുത്തു മാററാൻ അനുവ
ദിച്ചില്ല, മാത്രമല്ല അഞ്ച് ഏക്കറിലെ കാർഷിക വിള മുഴുവൻ നശിപ്പിക്കുന്ന
നടപടിയിലേക്ക് അവിടത്തെ ആൾക്കാർ നീങ്ങിയിട്ടുണ്ട്. ഈ ഗവൺമെൻറ്
എന്തു നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചത്. കാർഷികമേഖലയിൽ
കൃഷിയിറക്കാനും അതിൻെറ വിളവ് എടുക്കാനുമുള്ള കർഷകൻെറ അവകാ
ശത്തെ നിഹനിക്കാനുള്ള നീക്കങ്ങളുണ്ടായപ്പോൾ കയ്യും കെട്ടി നോക്കി
നിൽക്കുന്ന അത്തരം നീക്കം അംഗീകരിച്ചു കൊടുക്കാൻ തയ്യാറല്ലെന്നു മാത്രമെ
പറയുന്നുള്ളു. ഈ നിലയിൽ 1957-ലുള്ളതുപോലെ, 1967-ലുള്ളതുപോലെ മത
വിശ്വാസത്തെ, ഭരണഘടന അവകാശങ്ങളെ ധ്വംസിക്കുന്ന ക്രമസമാധാനത്തെ
തകർക്കുന്ന വർഗ്ഗീയ സൗഹാർദ്ദത്തെ തകർക്കുന്ന നിലപാട് അംഗീകരിക്കാൻ
കഴിയുകയില്ല. കേരളാ കോൺഗ്രസ് ഏതെല്ലാമോ പാർട്ടിയിൽ ചേരുമെന്ന്
ആഗ്രഹിക്കുന്നവരുണ്ട്. കേരള കോൺഗ്രസ് പാർട്ടി ഒരു പാർട്ടിയിലും ലയി
ക്കുകയില്ല എന്നു മാത്രമല്ല വ്യക്തിത്വം നില നിറുത്തിക്കൊണ്ട് ഈ സംസ്ഥാന



LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ മൊത്തമായ താൽപ്പര്യങ്ങൾ സംരക്ഷിക്കുവാൻ ഇവിടത്തെ സാധാരണക്കാരന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടു നീങ്ങുമെന്നു പറഞ്ഞുകൊണ്ട് ഈ നന്ദി പ്രമേയത്തെ എതിർക്കുന്നു.

ശ്രീ. സി. പി. ബാലൻ വൈദ്യർ: സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ തോററതോടെ പ്രതിപക്ഷ പാർട്ടികൾ ഇരുട്ടടി കിട്ടിയ പ്രീതിയാണു കാണിച്ചുകൊണ്ടിരിക്കുന്നത്. തങ്ങളുടെ നാലേമുക്കാൽ കൊല്ലത്തെ ഭരണമാണ് ഇത്തരമൊരു സ്ഥിതി തങ്ങൾക്കുണ്ടാക്കിയതെന്നുള്ള വസ്തുത കാണാൻ അവർ തയ്യാറാകുന്നില്ല. കഴിഞ്ഞ തെരഞ്ഞെടുപ്പു പ്രഖ്യാപനത്തിനു മുമ്പ് നമ്മുടെ പ്രതിപക്ഷനേതാവ് എല്ലാ ജ്യോൽസ്യൻമാരുടെയും പടി കയറിയിറങ്ങി. ഇൻഡ്യയിലെ പ്രധാനപ്പെട്ട ക്ഷേത്രങ്ങളിൽ എല്ലാം വഴിപാടും തുലാഭാരവും നടത്തിച്ചു. എല്ലാ നിലയിലും ഉറപ്പു വാങ്ങിക്കൊണ്ട് ജയിക്കുമെന്ന പ്രതീക്ഷയോടുകൂടിയാണ് തെരഞ്ഞെടുപ്പു പ്രഖ്യാപനം നടത്തിയത്. പക്ഷെ ഇത്തരമൊരുസ്ഥിതി വന്നത് ഉൾക്കൊള്ളാൻ കഴിയുന്നില്ല. ഗുരുവായൂരപ്പൻ പോലും കരുണാകരനെ കയ്യൊഴിഞ്ഞിരിക്കുന്നു. ഗുരുവായൂരപ്പന്റെ മാല കണ്ടുപിടിച്ചു കൊടുക്കാൻ കഴിയാത്തതോടുകൂടി ഗുരുവായൂരപ്പനും കരുണാകരനെ കൈയൊഴിഞ്ഞ സ്ഥിതിയാണുള്ളത്. അഴിമതിയുടെ മൂർത്തീകരണമായിരുന്നു കഴിഞ്ഞ നാലേമുക്കാൽ കൊല്ലത്തെ ഭരണം. ഉദ്യോഗസ്ഥൻമാരെ കൊണ്ടു പണം പിരിപ്പിക്കുക എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ട്രാൻസ്ഫറിന് ഇത്ര രൂപ ഓരോ ഓരോ. എഞ്ചിനീയർമാർക്കും ഇത്ര ഇത്ര രൂപാ ഡോക്ടറുടെ ട്രാൻസ്ഫറിന് ഇത്ര എന്ന തരത്തിൽ ഉദ്യോഗസ്ഥന്മാരെ കൊണ്ടു പണം പിരിപ്പിക്കുകയും ട്രാൻസ്ഫറിന് പ്രത്യേക റേററ് നിശ്ചയിക്കുകയും ചെയ്തിട്ടുള്ള ഒരു ഭരണമാണ് നാലേമുക്കാൽ കൊല്ലം ഇവിടെ ഉണ്ടായിട്ടുള്ളത്. സംശുദ്ധമായ ഒരു ഭരണം ഇടതുപക്ഷജനാധിപത്യ മുന്നണി പ്രദാനം ചെയ്യുമെന്ന വാഗ്ദാനം കേരളത്തിലെ ജനങ്ങളിൽ വൻപിച്ച പ്രതീക്ഷയും വിശ്വാസവും ഉളവാക്കാൻ ഇടയാക്കിയിട്ടുണ്ട്. അതുപോലെ തന്നെ പോലീസിന്റെ നടപടികൾ ഉണ്ടായിട്ടുണ്ട്. നാലേമുക്കാൽ കൊല്ലത്തെ പോലീസു ഭരണം എന്തായിരുന്നു എന്നുള്ളതിനെ സംബന്ധിച്ച് ഒട്ടനവധി സംഭവങ്ങൾ ഇവിടെ വിവരിക്കപ്പെട്ടു. അതിലേക്ക് ഞാൻ കടക്കുന്നില്ല. തങ്കമണി സംഭവം ഇവിടെ പറഞ്ഞു. ഞാൻ അതു പ്രതിപാദിക്കണമെന്ന് ഉദ്ദേശിക്കുന്നില്ല. തങ്കമണി പ്രദേശത്തെ വീടുകൾ കയറി ചെന്ന് കരുണാകരൻ തന്നെ ആഭ്യന്തര മന്ത്രിയാകും. അതുകൊണ്ട് നിങ്ങളെ മർദ്ദിച്ചിട്ടുണ്ടെങ്കിൽ, നിങ്ങളുടെ മാനം നശിപ്പിച്ചിട്ടുണ്ടെങ്കിൽ അതിനു ഉത്തരവാദികളായ പോലീസുകാരെ ഞാൻ ജയിച്ചാൽ സർവ്വീസിൽ നിന്നും പിരിച്ചു വിടുവിക്കുമെന്ന് വാക്കു കൊടുത്ത് വോട്ടു വാങ്ങി ജയിച്ചു വന്ന പ്രതിനിധി ഇവിടെ വന്നിട്ട് തങ്കമണിയിൽ ഒന്നും നടന്നിട്ടില്ല എന്നു പറഞ്ഞതു ഖേദകരമായിപ്പോയി എന്നു മാത്രമാണ് ആ സംഭവത്തെപ്പററി സൂചിപ്പിക്കാൻ ഞാൻ ഉദ്ദേശിക്കുന്നത്. അതുപോലെ തന്നെ തൊഴിൽ സമരങ്ങളോട് മുൻ സർക്കാർ എടുത്ത സമീപനം, ഗ്വാളിയർ റയോൺസിന്റെ പ്രശ്നം, ഇവയെക്കുറിച്ച് കഴിഞ്ഞ ദിവസം ഇവിടെ സൂചിപ്പിച്ചു. എന്താണ് ആ സമരങ്ങളോട് പോലീസ് സ്വീകരിച്ച സമീപനം. കമ്പനി പടിക്കൽ കെട്ടിയിട്ടുള്ള പന്തൽ പോലീസ് കമ്മീഷണറുടെ നേതൃത്വത്തിൽ പൊളിച്ചുമാററി ക്രൂരമായി ലാത്തിച്ചാർജ്ജും നടത്തി. ഭരണ കക്ഷിയിൽപ്പെട്ട നേതാക്കൻമാരടക്കം മർദ്ദനത്തിന് വിധേയമായി. ഞങ്ങളുടെ നേതാക്കന്മാർ സംഭവ സ്ഥലത്തു വന്ന സമയത്ത് എം. എൽ. എ. ക്വാർട്ടേഴ്സിന് മുൻപിലുള്ള ബംബു പോലെ പുറത്ത് ലാത്തി കൊണ്ട് അടി കൊണ്ട പാട് ഞങ്ങളുടെ നേതാക്കൻമാരെ കാണിച്ചു തരാനുള്ള ഗതികേട് ഇന്ദിരാ കോൺഗ്രസിലെയും മുസ്ലീം ലീഗിലെയും നേതാക്കന്മാർക്ക് അവിടെ ഉണ്ടായി. അത്രത്തോളം

LIBRARY ARCHIVES Kerala Legislative Assembly

ക്രൂരമായാണ് പോലീസ് പെരുമാറിയത്, 21 മാസം പൂട്ടിക്കിടന്ന ആ കമ്പനിയുടെ പ്രശ്നം ചർച്ച ചെയ്യാൻ തൊഴിലാളി യൂണിയന്റെ പ്രതിനിധികളെയും മാനേജുമെന്റ് പ്രതിനിധികളെയും ഒന്നിച്ച് ഒരു കോൺഫറൻസ് വിളിക്കാൻ അന്നത്തെ മുഖ്യമന്ത്രിക്ക് കഴിഞ്ഞില്ല. അതുകൊണ്ട് ആ പ്രശ്നം വളരെ വേഗം പരിഹരിക്കാൻ ശ്രമിക്കണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ മുഖ്യമന്ത്രിയോട് അപേക്ഷിക്കാനുള്ളത്. കുന്നത്തൂർ ടെക്സ്റ്റൈൽസിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചു. എഴുന്നൂറോളം തൊഴിലാളികൾ ജോലി ചെയ്യുന്ന ആ കമ്പനി പതിനഞ്ചു മാസത്തോളമായി പൂട്ടിക്കിടക്കുകയാണ്. അതിന്റെ ഡയറക്ടർ ബോർഡ് ഇപ്പോഴും യോഗം ചേരാറുണ്ട്. പത്തു പതിനയ്യായിരത്തോളം രൂപ ഒരു സിററിംഗിനു അവർ ചെലവാക്കുന്നു. 15 മാസമായി പൂട്ടിക്കിടക്കുന്ന ആ കമ്പനിയിൽ മാസത്തിൽ ഒന്നും രണ്ടും തവണ ബോർഡു യോഗം വിളിച്ചു കൂട്ടി അവിടത്തെ സ്ഥാപനത്തിൽ ചെലവാക്കേണ്ട സർക്കാരിന്റെ പണം ദുരുപയോഗപ്പെടുത്തുക എന്നീ കാര്യങ്ങളെപ്പററിയും ഗൗരവമായി പരിശോധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കാർഷിക മേഖലയെ സംബന്ധിച്ചിടത്തോളമാണെങ്കിൽ കഴിഞ്ഞ സർക്കാർ ഏററവും കൂടുതൽ അവഗണിച്ചിട്ടുള്ളത് കൃഷിക്കാരെയാണ്. 1983-ലെ വരൾച്ചയിലുണ്ടായ നാശങ്ങൾക്ക് നഷ്ടപരിഹാരം കൊടുക്കാൻ കഴിഞ്ഞിട്ടില്ല, 1984-ലെ അതിവർഷക്കെടുതിയിലും ഉരുൾപൊട്ടലിലും നാശനഷ്ടമുണ്ടായിട്ടുള്ള കർഷകർക്കു നഷ്ടപരിഹാരം കൊടുക്കാൻ കഴിയാത്ത സംഭവങ്ങൾ ഇവിടെ തന്നെ സൂചിപ്പിച്ചിട്ടുള്ളതാണ്. ആ തരത്തിലുള്ള അനുഭവം ഞങ്ങൾക്കറിയാം, 1985 86-ൽ നാളികേരത്തിന് വിലയിടിവ് ഉണ്ടായപ്പോൾ അതിന് അടിസ്ഥാന കാരണമായ വെളിച്ചെണ്ണയുടെയും കൊപ്രയുടെയും ഇറക്കുമതി നിർത്തണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടാൻ അന്നത്തെ ഗവൺമെന്റിന് സാധിച്ചിട്ടില്ല. പ്രതിപക്ഷ എം. എൽ. എ. മാർ അന്ന് ചില നടപടികളെടുത്തു ഇൻഡ്യാഗവൺമെന്റ് ഒരു കോൺഫറൻസ് വിളിച്ചു കൂട്ടിയപ്പോൾ ആ കോൺഫറൻസിൽ പങ്കെടുക്കാനുള്ള മനോഭാവം പോലും അന്നത്തെ മുഖ്യമന്ത്രി കാണിച്ചിട്ടില്ല. കുടുംബത്തിൽ ഒരാൾ മരിച്ചുവെന്ന് കള്ളം പറഞ്ഞുകൊണ്ട് ആ കോൺഫറൻസിൽ പങ്കെടുക്കാതെ ഇരിക്കുകയാണ് അന്നത്തെ മുഖ്യമന്ത്രി ചെയ്തിട്ടുള്ളത്. ഞാൻ ആവശ്യപ്പെടുന്നത് വാണിജ്യ വിളകളുടെ വിലയിടിവിനടിസ്ഥാനമായ ഇൻഡ്യാ ഗവൺമെന്റിന്റെ ഇറക്കുമതി നയം നിർത്തണമെന്ന് ശക്തിയായി ഈ ഗവൺമെന്റ് കേന്ദ്രത്തോടാവശ്യപ്പെടണം. ആ തരത്തിൽ കൊപ്രയുടെയും വെളിച്ചെണ്ണയുടെയും റബ്ബറിന്റെയും ഇറക്കുമതി നിറുത്തലാക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. അതുപോലെ തന്നെ ഇറിഗേഷൻ പദ്ധതിയെപ്പററി പറയുകയാണെങ്കിൽ, കോഴിക്കോട് ജില്ലയിലെ കുററിയാടി പദ്ധതി ഇപ്പോഴും പൂർത്തിയാക്കി കഴിഞ്ഞിട്ടില്ല വടകര താലൂക്കിലെ ബഹുഭൂരിപക്ഷം പഞ്ചായത്തിനും വെള്ളം കൊടുക്കാൻ കഴിഞ്ഞിട്ടില്ല. കൊയിലാണ്ടി താലൂക്കിലും കോഴിക്കോട് താലൂക്കിലും വളരെയധികം പ്രദേശങ്ങളിൽ ഇനിയും വെള്ളം എത്തിക്കാനുണ്ട്. ആ പദ്ധതി പൂർത്തിയാക്കി കനാൽ വെട്ടി കോഴിക്കോട് ജില്ലയിൽ മുഴുവൻ പ്രദേശത്തും വെള്ളമെത്തിക്കാൻ ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കണം. അതുപോലെ തന്നെ പുതിയ പദ്ധതികൾ ആരംഭിക്കാൻ നടപടിയുണ്ടാകണം. കോഴിക്കോടു തന്നെ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് കുടിവെള്ളമെത്തിക്കാനുള്ള ബൃഹത്തായ ഒരു പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. അതു പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ തന്നെ പട്ടയം ലഭിക്കേണ്ട ആളുകൾക്ക് പട്ടയം കൊടുക്കാനുള്ള നടപടി എടുക്കണം. കോഴിക്കോട് പട്ടണത്തിലെ കാരായ്മക്കാരെ സംബന്ധിച്ചിടത്തോളം അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യാവകാശം കൊടുക്കാനുള്ള നടപടിയെടുക്കണം. മറ്റൊരു കാര്യം എനിക്ക് സൂചിപ്പിക്കാനുള്ളത് ഭൂരിപക്ഷ വർഗ്ഗീയതയെ പ്രേരിപ്പിച്ചു എന്ന തരത്തിലുള്ള ആക്ഷേപമിവിടെ പറഞ്ഞു. എന്റെ നിയോജകമണ്ഡലത്തിലെ സംഭവം ഞാൻ പറയാം. കഴിഞ്ഞ മാർച്ച് 18-ാം തീയതി ഇൻഡ്യൻ യൂണിയൻ മുസ്ലീംലീഗിലെ 2 നേതാക്കന്മാരും ബി. ജെ. പി. യുടെ മണ്ഡലം സെക്രട്ടറിയും കൂടി ഒരു കാറിൽ അർദ്ധരാത്രി പോയപ്പോൾ നാട്ടുകാർ പിടികൂടി. അതൊരു പ്രശ്നമായപ്പോൾ ലീഗിലെ നേതാക്കന്മാർ ചോദിച്ചത്, ബസ്സിലിങ്ങനെയെല്ലാം കയററില്ലേ? എന്നാണ്. ബി. ജെ. പി. ക്കാർ പറഞ്ഞത് ലീഗ് പരാജയപ്പെട്ടാൽ ഞങ്ങൾക്ക് വളരാൻ സാദ്ധ്യമല്ലായെന്നാണ്. അതുപ്പോലെ തന്നെ കുററിക്കാട്ടൂർ എന്ന സ്ഥലത്ത് ബി. ജെ. പി. ക്കാർ കെട്ടിയ സ്റേറജിൽ ബി. ജെ. പി. ക്കാർ എടുത്ത മൈക്ക് ഓർഡർ ഉപയോഗിച്ചുകൊണ്ടാണ് സെയ്ദ് മുഹമ്മദ് ബാഫഖിതങ്ങൾ മാർച്ച് 16-ാം തീയതി പ്രസംഗിച്ചത്. അത്തരത്തിൽ അന്യോന്യം സഹകരിച്ചുകൊണ്ടുതന്നെയാണ് എന്റെ നിയോജകമണ്ഡലത്തിൽ ബി. ജെ. പി. ക്കാരും ഭരണ മുന്നണിക്കാരും കഴിഞ്ഞ തെരഞ്ഞെടുപ്പിൽ പ്രവർത്തിച്ചിട്ടുള്ളത്. മറെറാരു കാര്യം മാർക്കസിനെ സംബന്ധിച്ച് സൂചിപ്പിച്ചു, സീതിഹാജി പറഞ്ഞത് മാർക്കസിന്റെ വോട്ടു വാങ്ങിയാണ് ഞാൻ ജയിച്ചു വന്നതെന്ന്. മാർക്കസിൽ കാന്തപുരം എ. പി. യെ സംബന്ധിച്ച് മത വിരോധിയെന്നും കള്ളനെന്നും പറഞ്ഞ് ലീഗ് നേതാക്കന്മാർ അദ്ദേഹത്തിന് എതിരായി പ്രസംഗമെഴുതി ചന്ദ്രികയിൽ. അവസാനം തെരഞ്ഞെടുപ്പു പ്രഖ്യാപിച്ചപ്പോൾ ലീഗിന്റെ പ്രതിനിധികൾ, സ്ഥാനാർത്ഥികൾ മാർക്കസിൽ പോയി കാലു പിടിച്ച് കരഞ്ഞ കഥ ആ പ്രദേശത്തെ ആളുകൾക്ക് അറിയാം. ആരെല്ലാമാണ് പോയതെന്നുമറിയാം. അതുകൊണ്ട് തെരഞ്ഞടുപ്പ് പ്രഖ്യാപിക്കുന്നതുവരെ മർക്കസിനെതിരായി പറഞ്ഞവർ തെരഞ്ഞെടുപ്പു പ്രഖ്യാപിച്ചപ്പോൾ അവിടെ പോയി വോട്ടു വാങ്ങിക്കാൻ വേണ്ടി നടത്തിയ ശ്രമങ്ങൾ നമുക്കറിയാം. കോഴിക്കോട് ജില്ലയിൽ 1982-ലെ തെരഞ്ഞെടുപ്പിൽ 9 സീററാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിക്കു ആൾ ഇൻഡ്യാ മുസ്ലീംലീഗ് കൂടെയുള്ളപ്പോൾ ലഭിച്ചത്. അവർ ഐക്യജനാധിപത്യമുന്നണിയുടെ കൂടെ പോയിട്ടും അതേ 9 സീററിൽ ഇപ്പോൾ ഇടതു ജനാധിപത്യമുന്നണി ജയിച്ചു വന്നിരിക്കുന്നു. പി. എം. അബൂബേക്കർ പഴയ ആൾ ഇൻഡ്യാ മുസ്ലീംലീഗിൽ നിന്ന് ജയിച്ചു വരാൻവേണ്ടി പഴയ യൂണിയൻ മുസ്ലീംലീഗിലെ പി. വി. മുഹമ്മദിനെ കാലുവാരിയിട്ട് കൊടുവള്ളിയിൽ പോയതിനുശേഷമാണ് ജയിക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന വസ്തുത അപ്പുറത്തുള്ളവർ ആലോചിക്കണം. കൂടുതൽ കാര്യങ്ങൾ സംസാരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : മാഡം ഡെപ്യൂട്ടി സ്പീക്കർ, ഈ സഭയുടെ ഉപാദ്ധ്യക്ഷയായി അങ്ങ് ഐക്യകണ്ഠ്യേന തെരഞ്ഞെടുക്കപ്പെട്ടതിൽ ഞാനും എന്റെ പാർട്ടിയും അഭിമാനിക്കുകയാണ്. താങ്കളെ ഞാൻ അഭിനന്ദിക്കുന്നു. ഇന്നലെ സത്യപ്രതിജ്ഞ ചെയ്ത മന്ത്രിമാരേയും ഞാൻ അഭിനന്ദിക്കുകയാണ്. എന്റെ ബഹുമാന്യ സ്നേഹിതൻ ശ്രീ. ടി. കെ. രാമകൃഷ്ണൻ ഇന്നലെ സത്യപ്രതിജ്ഞ ചെയ്ത മന്ത്രിയെന്നുള്ള നിലയിൽ ഇന്നു കാലത്ത് ഇവിടെ കടന്നുവന്ന കാര്യത്തെ സംബന്ധിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. അസാധാരണത്വം ഒന്നും അതിലില്ല. പക്ഷെ ഗവൺമെൻറിന് ഒരു ചുമതലയുണ്ടായിരുന്നു. ആ ചുമതല നിർവ്വഹിക്കുന്നതിന്—ബഹുമാനപ്പെട്ട സ്പീക്കർ മുഖേന ആ കാര്യം ഈ സഭയിൽ അറിയിക്കണമായിരുന്നു. ബഹുമാനപ്പെട്ട ഗവൺമെൻറ് അതു മറന്നുപോയതാണോ എന്ന് എനിക്കറിയില്ല. ആ ചുമതല ഈ സഭയുടെ കീഴ്വഴക്കമനുസരിച്ച് നിർവ്വഹിക്കേണ്ട

LIBRARY ARCHIVES Kerala Legislative Assembly

തായിരുന്നു. അത് നിർവ്വഹിക്കാതെ പോയതിൽ ഖേദമുള്ളതുകൊണ്ടാണ് അത്തരം പരാമർശത്തിനിടയായത് എന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഏതായാലും ഒരു തെരഞ്ഞെടുപ്പിലൂടെ ഇടതുപക്ഷ മുന്നണിയെ ഭൂരിപക്ഷത്തോടുകൂടി ജനങ്ങൾ തെരഞ്ഞെടുത്തിരിക്കുകയാണ്. ജനാധിപത്യ വ്യവസ്ഥയനുസരിച്ച് ഭൂരിപക്ഷമുള്ള പാർട്ടിയോ പാർട്ടികളോ അധികാരത്തിൽ വരും. അത് സ്വാഭാവികമാണ്. അപ്പുറത്തും ഇപ്പുറത്തുമെല്ലാം പരിചയമുള്ള ആളുകളാണ് ഇരിക്കുന്നത്. പക്ഷേ ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിന് എന്റെ ബഹുമാനപ്പെട്ട തലശ്ശേരി മെംബർ അവതരിപ്പിച്ച നന്ദിപ്രമേയത്തിന് ചർച്ചയാരംഭിച്ചതു മുതൽക്ക് ഇവിടെ ഒരു പ്രത്യേക വിഭാഗത്തെ എടുത്തുദ്ധരിക്കാൻ വിട്ടുപോയിട്ടുണ്ടെന്നുള്ളത് പ്രത്യേകം സൂചിപ്പിക്കേണ്ട കാര്യമാണ്. മുസ്ലീം ലീഗ് പാർട്ടി ഉൾപ്പെടുന്ന വർഗ്ഗീയ പാർട്ടികളെ കൂട്ടുപിടിച്ചതുകൊണ്ടാണ് ഇപ്പുറത്തിരിക്കുന്ന ആളുകൾക്ക് അവരുടെ ഭൂരിപക്ഷം കുറഞ്ഞതെന്നുള്ള പ്രസംഗം നിരന്തരമായി ഇവിടെ നടന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ഗവർണ്ണറെകൊണ്ടും ആ കാര്യം പറയിപ്പിച്ചത് വളരെ ഖേദകരമായിപ്പോയി. ബഹുമാനപ്പെട്ട ഗവർണ്ണർ പറഞ്ഞത് ജാതിമതാതിഷ്ഠിതവും വർഗ്ഗീയ ശക്തികളെ പ്രീണിപ്പിക്കുന്നതുമായ കാര്യങ്ങൾ രാഷ്ട്രീയതയെ തള്ളിക്കളഞ്ഞിരിക്കുകയാണ് എന്നാണ്. അതിൽ ദുഃസൂചനയുണ്ട്. ഈ ദുഃസൂചനയൊന്നും ഗവർണ്ണറെ കൊണ്ട് പറയിപ്പിക്കേണ്ട കാര്യമുണ്ടായിരുന്നില്ല. ഏതായിരുന്നാലും മുസ്ലീംലീഗ് പാർട്ടി എപ്പോൾ മുതലാണ് അപ്പുറത്തിരിക്കുന്ന എന്റെ സ്നേഹിതൻമാർക്ക് അരോചകമായിത്തീർന്നതെന്നുള്ള കാര്യം നാം ചിന്തിക്കേണ്ടതല്ലേ. മുസ്ലീം ലീഗ് പാർട്ടി 1984-ൽ വിനീതനായ എന്നെ കോഴിക്കോട് മണ്ഡലത്തിൽനിന്ന് പാർലമെന്റിലേക്ക് മൽസരിപ്പിക്കുന്ന സന്ദർഭത്തിൽ ഇ. എം. എസ്. നമ്പൂതിരിപ്പാടിനും അപ്പുറത്തിരിക്കുന്ന സ്നേഹിതൻമാരൊക്കെ തന്നെയും മുസ്ലീം ലീഗ് പാർട്ടി ഒരു വർഗ്ഗീയപാർട്ടിയായിരുന്നില്ല. 1985 ആഗസ്റ്റ് 3-ാം തീയതി ഇരുലീഗുകാരും ഒന്നിച്ചു, ഒന്നിക്കാനുള്ള കാരണമെന്താണെന്നുകൂടി ഞാൻ പറയാം. അതിനുശേഷം ഇവിടെ ഈ വലിയ ന്യൂനപക്ഷം രണ്ടായിരുന്നത് ഒന്നായിതീർന്നുയെന്നുള്ള വസ്തുത മറക്കാൻ നിവൃത്തിയില്ല. ഈയൊരു സാഹചര്യം എങ്ങനെയുണ്ടായി. നമ്പൂതിരിപ്പാടാണ് വയ്യാവേലി വലിച്ചുവെച്ചത്. താൻ പറഞ്ഞ കാര്യങ്ങളെല്ലാം കുറെ കഴിഞ്ഞാൽ അദ്ദേഹം പറഞ്ഞില്ലായെന്ന് പറയും. അതു പറഞ്ഞാൽ പിന്നെ പറയും എനിക്കതേപ്പറ്റി ഒന്നും പറയാനില്ലായെന്ന്. ഏതായിരുന്നാലും ഏകതാബോധം ഇവിടത്തെ ഒരു വലിയ ന്യൂനപക്ഷമായ മുസ്ലീം സമുദായത്തിന് ഉണ്ടായി. അക്കാരണത്താൽ അവർ ഒന്നായി. മുസ്ലീംസമുദായം ഇൻഡ്യയിലെ ഒരു വലിയ ന്യൂനപക്ഷമാണ്. ആ ന്യൂനപക്ഷത്തിന് ഇവിടെ സംഘടിക്കാനുള്ള അവകാശമുണ്ട്. ഇൻഡ്യൻ ഭരണഘടന അനുസരിച്ച് സംഘടിക്കാൻ അവകാശമുള്ള ഈ ന്യൂനപക്ഷം ഇവിടെ സംഘടിച്ചു ഈ ന്യൂനപക്ഷം അതിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് സംഘടിച്ചത്. ആ സംഘടന ഇവിടെ ഉണ്ടായതുമുതൽ അതിനെ എതിർക്കാൻ തുടങ്ങിയ ആളുകൾ ഉണ്ട്. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. ഏതായിരുന്നാലും ഈ സംഘടന വളർന്നു പന്തലിക്കാൻ തുടങ്ങിയപ്പോഴാണ് ഇതിന്റെ ഗുണം മനസ്സിലാക്കികൊണ്ട് അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന ആളുകൾ ആ സംഘടനയുമായി കൂട്ടുകൂടാൻ തുടങ്ങിയത്. എന്തിനേറെ 1980-ൽ ബി. ജെ. പി. ഈ സംഘടനയെ വാരിപ്പുണർന്നിട്ടില്ലേയെന്ന് ഞാൻ ചോദിക്കുകയാണ്. ഇതൊക്കെ നടന്നു. ഞാൻ വളരെയധികം ബഹുമാനിക്കുന്ന ആളാണ് സഖാവ് നമ്പൂതിരിപ്പാട്. അദ്ദേഹമാണ് ഞങ്ങളെ കോൺഗ്രസ്സിൽനിന്നടർത്തി ഇടതുപക്ഷത്തേക്ക് കൊണ്ടു വന്നത്. ഒരുകാലത്ത് ഞങ്ങളെല്ലാം കോൺഗ്ര

LIBRARY ARCHIVES Kerala Legislative Assembly

സിന്റെ ഭാഗത്തായിരുന്നു. നമ്പൂതിരിപ്പാട് അന്ന് കെ. പി. സി. സി. യുടെ പ്രസിഡന്റായിരുന്നു. ആ കാലങ്ങളിൽ ഞങ്ങളെയെല്ലാം കോൺഗ്രസ്സിൽ നിന്ന് അടർത്തി ഇടതുഭാഗത്തേക്ക് കൊണ്ടു വന്നത് അദ്ദേഹമാണ്. അദ്ദേഹം രാജ്യത്തിന്റെ വലിയൊരു പുത്രനാണ്, അദ്ദേഹത്തെ ഞാൻ ബഹുമാനിക്കുന്നു. അങ്ങനെയുള്ള ആ വ്യക്തി 1985 ജൂലൈ മുതൽ ഞങ്ങളുടെ ശരിഅത്തിനെതിരെ കടന്നാക്രമണം നടത്തിയപ്പോൾ, സഹിക്കാൻ നിർവ്വാഹമില്ലാത്ത സാഹചര്യം വന്നപ്പോൾ ആണ് ഭിന്നിച്ചു നിന്ന ലീഗ് 1985 ആഗസ്റ്റ് 3-ാം തീയതി ഒന്നായത്. അങ്ങനെ ഒന്നായതിനുശേഷം ഞങ്ങൾ ഒന്നിച്ചു പ്രവർത്തിക്കാൻ തുടങ്ങി. അതുകൊണ്ട് ഇവിടെ ആർക്കും യാതൊരു ദോഷമായി സംഭവിക്കാൻ പോകുന്നില്ല, ഒരു കക്ഷിക്കും ആപത്തു വരാൻ പോകുന്നില്ല. മുസ്ലീംലീഗ് നാട്ടിലുണ്ടാകുന്നത് വാസ്തവത്തിൽ ഒരു അനുഗ്രഹമാണ്. അനുഗ്രഹമാണെന്നു ഞാൻ പറയാൻ കാരണം ഇവിടെ എന്തെങ്കിലും കുഴപ്പങ്ങളോ, വർഗ്ഗീയ സംഘട്ടനങ്ങളോ ഉണ്ടാകുന്ന സന്ദർഭങ്ങളിൽ അതിലേക്ക് ചാടിയിറങ്ങിചെന്ന് വർഗ്ഗീയ സംഘട്ടനമുണ്ടാകാതെ കാത്തുസൂക്ഷിക്കുന്ന ഒരു സംഘടനയാണ് മുസ്ലീംലീഗ്. ഇവിടെ ബഹുമാനപ്പെട്ട ബാഫക്കിതങ്ങൾ ജീവിച്ചിരുന്ന കാലഘട്ടത്തിൽ കോഴിക്കോടിന്റെ വിവിധ ഭാഗങ്ങളിലുണ്ടായ വർഗ്ഗീയ സംഘട്ടനങ്ങളിലൊക്കെ ചാടി വീണ് സാമുദായിക മൈത്രി സ്ഥാപിക്കാൻ തന്റെ ജീവൻ പോലും പണയം വച്ച് അദ്ദേഹം മുന്നോട്ടിറങ്ങിയ കഥകൾ നിങ്ങൾ ഓർക്കേണ്ടതാണ്. ഞങ്ങളെപ്പററി വർഗ്ഗീയ സംഘടന വർഗ്ഗീയ സംഘടനയെന്ന് ഒരായിരം പ്രാവശ്യം പറഞ്ഞാലേ അപ്പുറത്തിരിക്കുന്ന സ്നേഹിതൻമാർക്ക് സംതൃപ്തിയുണ്ടാകുകയുള്ളു എന്നുണ്ടെങ്കിൽ ഞങ്ങൾക്കതിൽ വിരോധമില്ല. ഏതായാലും ഈയൊരു സമീപനം ശരിയല്ലെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഞാൻ ആരേയും കുററം പറയാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ ഗവർണ്ണറുടെ പ്രസംഗത്തിൽവരെ ഈ കാര്യങ്ങൾ പറയുകയും 3 ദിവസം തുടർച്ചയായി ഇതാവർത്തിച്ചാവർത്തിച്ച് പറയുകയും ചെയ്തതുകൊണ്ടാണ് ഞാൻ ഇതു പറയാൻ ഇടയായത്. ഒരു കാര്യം ഞാൻ പറയട്ടെ എന്തു വില കൊടുത്തും ഈ നാട്ടിലെ സാമുദായിക സൗഹാർദ്ദം നിലനിർത്താൻ മുസ്ലീംലീഗ് അങ്ങേയററംവരെ പരിശ്രമിക്കുമെന്നുള്ളതിൽ രണ്ടു പക്ഷമില്ല. ഞങ്ങൾ എണ്ണത്തിൽ കുറഞ്ഞുപോയി എന്ന് കോഴിക്കോട്-2-ൽ നിന്നു ജയിച്ചുവന്ന ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. മുസ്ലീംലീഗിൽ 18 എം. എൽ. എ.മാർ ഉണ്ടായിരുന്നത് 15 ആയിപ്പോയി എന്നു പറയുകയുണ്ടായി. കോഴിക്കോട് എങ്ങനെ തോററു എന്നും പറയുകയുണ്ടായി. അതിലേക്ക് ഒന്നും ഞാൻ കടക്കുന്നില്ല. വസ്തുതകളിലേക്ക് കടന്നു ചെന്നു എന്താണ് നിങ്ങളുടെ സ്ഥിതി എന്നു നിങ്ങൾ മനസ്സിലാക്കണം. തെലുങ്കാന കമ്മ്യൂണിസ്ററു പ്രസ്ഥാനത്തിന്റെ വികാരമായിരുന്നു. തെലുങ്കാനയിൽ ജീവൻ ബലിയർപ്പിച്ച എത്രയോ സഖാക്കളുണ്ട്. ഈ പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിനുവേണ്ടി തെലുങ്കാനയിൽ എത്രയോ ആളുകളുടെ ജീവൻ ബലിയർപ്പിച്ചിട്ടുണ്ട്. ഇന്ന് തെലുങ്കാനയുടെ സ്ഥിതിയെന്താണ്? ആന്ധ്രായിലെ സ്ഥിതിയെന്താണ് ? അവിടെ സിനിമാനായകനെ കൂട്ടുപിടിച്ചുകൊണ്ട് നാലു സീററു വാങ്ങേണ്ട ഗതികേട് അപ്പുറത്തിരിക്കുന്ന സ്നേഹിതൻമാർക്ക് ഉണ്ടായി എന്നുള്ളത് വസ്തുതയാണ്. അതു മറച്ചു വയ്ക്കാൻ സാധിക്കുമോ ? ഞങ്ങൾക്ക് സീററ് കുറഞ്ഞോ സീററു വർദ്ധിച്ചോ എന്നുള്ളത് ഇവിടെ പ്രശ്നമല്ല. വോട്ടിന്റെ എണ്ണം ഞങ്ങൾക്കു കുറവല്ല. ഞങ്ങൾ ഈ നാട്ടിലെ പ്രബല ന്യൂനപക്ഷത്തെ പ്രതിനിധീകരിക്കുന്നു. അതിനുവേണ്ടി മററാർക്കും സാധിക്കാത്ത പരിശ്രമങ്ങൾ ഞങ്ങൾ നടത്തുന്നു. അതിനുവേണ്ടിയാണ് ഞങ്ങൾ സംഘടിച്ചത്. അതിന് ഞങ്ങൾക്കവകാശമുണ്ട് ഈ അവകാശത്തെ ഹനിച്ചുകൊണ്ട് ഞങ്ങളെ നശിപ്പിക്കാമെന്ന് ആരെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

വിചാരിക്കുന്നുണ്ടെങ്കിൽ അത് തെററാണ്. ആ ധാരണ ശരിയല്ലെന്നു പറയാതിരിക്കാൻ നിർവ്വാഹമില്ല. ഏത് ഗവൺമെൻറ് അധികാരത്തിലിരുന്നാലും ക്രമസമാധാനനില തകർക്കാൻ പാടില്ല. അത് മുൻ ഗവൺമെൻറിൻെറ കാലത്തുണ്ടായതാണ്, അതുകൊണ്ട് ഞങ്ങൾക്ക് ബാദ്ധ്യതയില്ലെന്ന് ഇന്നത്തെ ഗവൺമെൻറ് പറയാൻ പാടില്ല. ഏതായിരുന്നാലും ഇന്നത്തേതോടുകൂടി രണ്ടിൻേറയും മാററുരച്ചു കഴിഞ്ഞല്ലോ? തുടർന്നു കാര്യങ്ങൾ മുന്നോട്ടു പോകാൻ പോവുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നാളെ (5-ാം തീയതി) കാസർകോട് ജില്ലയിലേക്ക് പോകുന്നു. അങ്ങ് അവിടെ പോകുമ്പോൾ മഞ്ചേശ്വരത്ത് 20 വീടുകൾ നശിപ്പിച്ച കാര്യങ്ങളും ഏതാനും സ്നേഹിതൻമാർ മാരകമായി മുറിവേററ് ആശുപത്രിയിൽ കിടക്കുന്ന കാര്യങ്ങളും അവരുടെ കുടുംബങ്ങൾ അനാഥമായ കാര്യങ്ങളുമൊക്കെ പരിശോധിക്കാൻ ദയവുണ്ടാകണമെന്ന് അപേക്ഷിക്കുകയാണ്. നീതി ലഭിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമമാണ് ഈ ഗവൺമെൻറ് ചെയ്യേണ്ടത് എന്നു ഞാൻ അപേക്ഷിക്കുന്നു. ഈ നന്ദി പ്രമേയത്തെ ഒന്നുകൂടി എതിർത്തുകൊണ്ട് എൻെറ വാക്കുകൾ ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സി. കെ. രാജേന്ദ്രൻ : സർ, ഈ നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. കഴിഞ്ഞ 5 വർഷക്കാലം കേരളം ഭരിച്ച, കരുണാകരൻെറ മുന്നണി, തകർത്ത വ്യാവസായിക രംഗത്തെ രക്ഷിക്കാൻ, കാർഷിക രംഗത്തെ രക്ഷിക്കാൻ, വിദ്യാഭ്യാസ രംഗത്തെ രക്ഷിക്കാൻ, ക്രമസമാധാനം ഭദ്രമാക്കാൻ, വിലക്കയററം തടയാൻ, സംശുദ്ധമായ ഭരണം കാഴ്ചവയ്ക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ജനങ്ങൾക്ക് കൊടുത്ത വാഗ്ദാനങ്ങൾ നിറവേററുമെന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് മുന്നോട്ടു പോകുന്നത്. അതിൻെറ തെളിവാണ് ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിൻെറ രണ്ടാമത്തെ ദിവസം, നമ്മുടെ സംസ്ഥാനം നേരിടുന്ന ഭീകരമായ ഏററവും ഗുരുതരമായ വരൾച്ചയെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനുവേണ്ടി കളക്ടർമാരുടെ സമ്മേളനം വിളിച്ചത്. അതിനുശേഷം ഈ സഭയിൽ ആ പ്രശ്നം അവതരിപ്പിക്കുകയും ബഹുമാനപ്പെട്ട മെമ്പർമാരുടെ അഭിപ്രായം ചോദിച്ചുകൊണ്ട് ആ പ്രശ്നത്തിനു പരിഹാരം കാണാൻ ആവശ്യമായ ചില തീരുമാനങ്ങൾക്ക് രൂപം കൊടുക്കുകയും ചെയ്തു. കേരളത്തിലെ ജനങ്ങളുടെ പൂർണ്ണമായ അഭിനന്ദനങ്ങൾ തീർച്ചയായും ഈ ഗവൺമെൻറിന് കിട്ടിക്കഴിഞ്ഞിരിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ പ്രമുഖകക്ഷിയായ മാർക്സിസ്ററു പാർട്ടി കേരളത്തിൽ തകർന്നുകൊണ്ടിരിക്കുന്നു എന്ന് വരുത്തിത്തീർക്കാൻ ചില ആളുകൾ ശ്രമിക്കുകയുണ്ടായി. അപ്പുറത്തു നിന്ന് ഇന്നലെ ചില അട്ടഹാസങ്ങളും മററും കേൾക്കുകയുണ്ടായി. "തൻെറ പൃഷ്ടം കുലുങ്ങുന്നതുപോലെ തന്നെ ഭൂമിയും കുലുങ്ങും" എന്നു ചിന്തിക്കുന്ന ഒരു പക്ഷിയെപ്പോലെ, മാർക്സിസ്ററു പാർട്ടിയിൽ തകർച്ച കാണുന്ന ആളുകളോട്, ഞാൻ ചോദിക്കട്ടെ, കഴിഞ്ഞ നിയമസഭ കഴിഞ്ഞ് ഇവിടെ നിന്നിറങ്ങിപ്പോകുമ്പോൾ മി. രാഘവൻ നിങ്ങളുടെ കൂടെ എത്ര അംഗങ്ങൾ ഉണ്ടായിരുന്നു? നാല്. തിരിച്ചു വന്നപ്പോൾ എത്ര? ഒന്ന്, നഷ്ടപ്പെട്ടതെത്ര? മൂന്ന്. ഒന്ന് എങ്ങിനെയാണ് കിട്ടിയത്? ലീഗിൻെറ കൂടെ ചേർന്നിട്ടായിരുന്നില്ലേ? എന്നിട്ട് മാർക്സിസ്ററു പാർട്ടി തകർന്നു എന്നു പറയുന്നു. കേരളത്തിൻ അസാധുവിന് കിട്ടിയ വോട്ടുപോലും കിട്ടാത്ത ഒരു പാർട്ടിയുടെ നേതാവാണ് ഈ സഭയിൽ വന്നിട്ട് മാർക്സിസ്ററ് പാർട്ടി തകർന്നു എന്നു പറയുന്നത്. അത് അംഗീകരിക്കാൻ കഴിയുമോ ? കേരളത്തിലെ മൂന്നാമത്തെ കക്ഷിയാണ് ഞങ്ങൾ എന്നാണ് അവർ പറയുന്നത്. മാർക്സിസ്ററു പാർട്ടി കഴിഞ്ഞാൽ കോൺഗ്രസ് 'ഐ' കഴിഞ്ഞാൽ മൂന്നാമത്തെ പാർട്ടിയാണ് സി. എം. പി.

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ് അവർ പറയുന്നത്. അത് ഇപ്പോൾ എവിടെ നിൽക്കുന്നു. എന്നിട്ട് നിങ്ങൾ മാർക്സിസ്റ്റ് പാർട്ടിയുടെ തകർച്ചയെ സംബന്ധിച്ചു പറയേണ്ട കാര്യമില്ല. ഈ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഐക്യജനാധിപത്യ മുന്നണിക്കാർ വോട്ടുചോദിച്ചത് എങ്ങനെയാണെന്നെനിക്കറിയാം. എന്റെ മണ്ഡലത്തിൽ ബി. ജെ. പി. സ്ഥാനാർത്ഥിയെ പിൻവലിപ്പിച്ചു. ഹിന്ദു മുന്നണി സ്ഥാനാർത്ഥിയെക്കൊണ്ട് ഐക്യജനാധിപത്യ മുന്നണി സ്ഥാനാർത്ഥിക്കു വേണ്ടി വോട്ടു ചോദിപ്പിച്ചു. ഐക്യജനാധിപത്യമുന്നണി സ്ഥാനാർത്ഥിയും ഹിന്ദുമുന്നണി സ്ഥാനാർത്ഥിയും ഒരേ വാഹനത്തിൽ കയറി സഞ്ചരിച്ച്, വീടുകൾ കയറിയിറങ്ങി വോട്ടുകൾ ചോദിച്ച കഥ എന്റെ മണ്ഡലത്തിലുട നീളം ഉള്ള വോട്ടർമാർക്കറിയാം. അതു മാത്രമാണോ, കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്ത് എല്ലാവീടുകളിലും ഹരിജൻ കോളനികളിലും കടന്നു ചെന്ന് ഉദ്യോഗസ്ഥൻമാരുടെ സഹായത്തോടുകൂടി ഒരു കാർഡ് വിതരണം നടത്തി. ഭാര്യയുടെ പേരു മറന്നാൽ ആ കാർഡിൽ നോക്കിയാൽ കാണാം. മക്കളുടെ എണ്ണം മറന്നാൽ അതിൽ നോക്കിയാൽ കാണാം. അത്ര മാത്രമേ ആ കാർഡിൽ ഉളളൂ. പക്ഷേ ആ കാർഡിന്റെ ഉളളടക്കമെന്താണെന്നു മനസ്സിലാക്കാത്ത ഹരിജനങ്ങളെ വ്യാമോഹിപ്പിച്ചു വോട്ടു പിടിക്കാൻവേണ്ടി മാർച്ച് മാസം 22-ാം തീയതിപോലും കോളനികളിൽ കാർഡ് വിതരണം നടത്തി. ഒററപ്പാലം മണ്ഡലത്തിൽ നാലായിരത്തോളം സാരികൾ വിതരണം ചെയ്തു. ലക്ഷക്കണക്കിന് രൂപ ഇറക്കി. ചിററൂർ മണ്ഡലത്തിലും അങ്ങനെയൊക്കെ ചെയ്തു. ഒററപ്പാലം നിയോജക മണ്ഡലത്തിൽ ഇടതുപക്ഷ മുന്നണിക്ക് മുൻതൂക്കം കിട്ടുമെന്ന് തോന്നിയ അവസരത്തിൽ ഡി. വൈ. എഫ്. ഐ. പ്രവർത്തകനായ സ്വാമിനാഥൻ എന്ന ആളിനെ തെരഞ്ഞെടുപ്പ് പ്രവർത്തനം കഴിഞ്ഞ് വീട്ടിൽ വന്ന് തന്റെ പിഞ്ചുകുഞ്ഞിനെ കളിപ്പിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ (വീട്ടുമുററത്ത് ശബ്ദം കേട്ട് ഇറങ്ങിപ്പോയതായിരുന്നു) കോൺഗ്രസ് 'ഐ' യുടെ ഗുണ്ടകൾ കുത്തിമലർത്തി. ഒരു ഭീകരമായ അന്തരീക്ഷം ഒററപ്പാലത്താകെയുണ്ടായി. അതുപോലെ ആലത്തൂർ മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് പ്രവർത്തനം കഴിഞ്ഞു വീട്ടിലേക്കു വരുന്ന ചന്ദ്രൻ എന്നു പറയുന്ന പാവപ്പെട്ട ചെത്തുതൊഴിലാളിയെ (വീട്ടിലേക്കു സൈക്കിളിൽ കടന്നുവരികയായിരുന്നു) ഐക്യജനാധിപത്യ മുന്നണിയുടെ പ്രചരണ വാഹനം ഇടിച്ച് കൊലപ്പെടുത്തുകയുണ്ടായി. ആ സംഭവം തിരിച്ചാണ് ഈ രാജ്യത്ത് ഉടനീളം പ്രചരിപ്പിച്ചത്. ഐക്യജനാധിപത്യ മുന്നണിയുടെ തെരഞ്ഞെടുപ്പ് പ്രചരണ വാഹനം ഇടിച്ചു കൊന്നിട്ട് അത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ തെരഞ്ഞെടുപ്പ് വാഹനമാണെന്നു പറയാനുള്ള ഉളുമ്പില്ലായ്മയും തൊലിക്കട്ടിയും കാണിച്ചവരാണിവർ. ഇവിടെ യൂത്തു കോൺഗ്രസ്സിന്റെ സ്വാതന്ത്രത്തെ സംബന്ധിച്ചും ശാസ്ത്രീയ മുദ്രാവാക്യത്തെ സംബന്ധിച്ചും പറയുകയുണ്ടായി. എന്താണ് ശാസ്ത്രീയവും, സ്വതന്ത്രവുമായ മുദ്രാവാക്യം. നിങ്ങളുടെ വാദം ഏകകക്ഷി ഭരണവാദമായിരുന്നില്ലേ? എന്തായിരുന്നു ഏകകക്ഷി ഭരണവാദത്തിന്റെ അടിസ്ഥാനം? ഞങ്ങളുടെ പ്രദേശങ്ങളിൽ ഒരു മൃഗത്തേയും കൊണ്ട് ഒരാൾ വരും. അങ്ങോട്ടു ചാടാൻ പറഞ്ഞാൽ അങ്ങോട്ടു ചാടും. ഇങ്ങോട്ടു ചാടാൻ പറഞ്ഞാൽ ഇങ്ങോട്ടു ചാടും. അതുപോലെ ചാടൂ രമേശ് ചെന്നിത്തലേ എന്നു പറഞ്ഞപ്പോൾ അങ്ങോട്ടു ചാടി, ചാടൂ കാർത്തികേയാ എന്നു പറയുമ്പോൾ കാർത്തികേയൻ ചാടുന്നു. അങ്ങനെ അങ്ങോട്ടുമിങ്ങോട്ടും ചാടിയ ഏകകക്ഷി ഭരണവാദം. ഘടകപക്ഷികളിലെ അഭിപ്രായ വ്യത്യാസം തീരുമ്പോൾ ഏകകക്ഷി ഭരണവാദം പിൻവലിക്കുന്നു. "ഭാരത് ബനാവോ" എന്നത് നിങ്ങൾ ഉയർത്തിയ മുദ്രാവാക്യമല്ലേ? ഭാരത് ബനാവോ എന്നു പറഞ്ഞാൽ ഭാരതത്തെ കെട്ടിപ്പടുക്കുക എന്നുള്ളതാണ്. ആരാണ് ഭാരതത്തെ ഇല്ലാതാക്കിയത്? 40 കൊല്ലക്കാലം രാജ്യം ഭരിച്ചവരല്ലേ മറുപടി പറയേണ്ടത്. ഭാരത് ബനാവോ മുദ്രാവാക്യം എവിടെപ്പോയി?

LIBRARY ARCHIVES Kerala Legislative Assembly

ഭാരതത്തെ ഒന്നിപ്പിക്കാൻ കഴിഞ്ഞോ? ഭാരതത്തിന്റെ അഖണ്ഡതയെ കാത്തുസൂക്ഷിക്കാൻ നിങ്ങൾക്കു കഴിഞ്ഞോ? എന്നിട്ട് ശാസ്ത്രീയവും സ്വതന്ത്രവുമായ മുദ്രാവാക്യങ്ങൾ മുന്നോട്ടുവച്ചുകൊണ്ട് പോകുന്നു എന്നു പറയുന്നു. നിങ്ങളുടെ മുദ്രാവാക്യങ്ങൾ പിൻവലിച്ചുകൊണ്ട് മുന്നോട്ടു പോയ ചരിത്രമാണ് കേരളത്തിൽ ഉള്ളത്. വളരെ ശാസ്ത്രീയപരമായ മുദ്രാവാക്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട്, ജനങ്ങളുടെയാകെ പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് പ്രക്ഷോഭങ്ങൾക്കും സമരങ്ങൾക്കും നേതൃത്വം കൊടുത്തതിന്റെ ഭാഗമായിട്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന ചെറുപ്പക്കാർ അണിനിരന്നിട്ടുള്ളത് എന്നുള്ള യാഥാർത്ഥ്യം മനസ്സിലാക്കണമെന്ന് ഞാൻ ഓർമ്മിപ്പിച്ചുകൊണ്ട് ഈ നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീമതി എം. ടി. പത്മ :</u> സർ, ഗവർണ്ണറുടെ നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. പുതിയ ജനവിധി തേടി അധികാരത്തിൽ വന്ന നായനാർ ഗവൺമെന്റിനെ ഞാൻ അഭിനന്ദിക്കുന്നു. ഈ ഗവൺമെന്റിനുവേണ്ടി ഗവർണ്ണർ നടത്തിയ നയപ്രഖ്യാപനത്തിലെ എല്ലാ കാര്യങ്ങളും ഒത്തൊരുമയോടെ നടപ്പിലാക്കുവാൻ നിങ്ങൾക്ക് സാധിക്കുമാറാകട്ടെ എന്ന് ഞാൻ ആശംസിക്കുകയാണ്. കഴിഞ്ഞ കുറെ ദിവസമായി ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ വിജയം വർഗ്ഗീയ ശക്തികൾക്കേററ കനത്ത പ്രഹരമാണെന്ന് ഘോരഘോരം ഇവിടെ പ്രസംഗിക്കുന്നത് കേട്ടു. ഇത് പറഞ്ഞുകൊണ്ടിരിക്കുന്നതിനിടയിൽത്തന്നെ ഇവിടെ മന്ത്രിമാരേയും സ്പീക്കറേയും എല്ലാം തെരഞ്ഞെടുത്തു. ഇവരെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം എന്താണെന്നറിയാൻ എനിക്കാഗ്രഹമുണ്ട്. ഇതിന്റെ മാനദണ്ഡം എന്താണെന്ന് കേരളത്തിലെ ജനങ്ങൾക്കറിയാം. ഗൗരിയമ്മ മുഖ്യമന്ത്രിയാകാത്തതിൽ ദുഃഖമുണ്ട്. രാഷ്ട്രീയമായിട്ടുള്ള ദുഃഖമല്ല എന്റേത് എന്നു പറയുവാൻ ഈയവസരം ഉപയോഗപ്പെടുത്തുകയാണ്. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഒരു വനിത മുഖ്യമന്ത്രിയാകുവാനുള്ള ആ അവസരം നഷ്ടപ്പെട്ടതിന്റെ പേരിലാണ് എനിക്കുള്ള ഖേദം. ഞാൻ മാർക്സിസ്ററു പാർട്ടിയുടെ നേതൃത്വത്തോട് ഒരു കാര്യം പറയുവാനാഗ്രഹിക്കുകയാണ്. സ്ത്രീകളെ വഞ്ചിച്ചവരാരും തന്നെ ഇവിടെ രക്ഷപ്പെട്ടിട്ടില്ല. അമ്മമാരും സഹോദരിമാരുമെല്ലാമടങ്ങുന്ന സ്ത്രീത്വത്തെ വേദനിപ്പിച്ചാൽ അതിന്റെ ഫലം എന്താണെന്ന് നിങ്ങൾ മനസ്സിലാക്കാൻ പോകുന്നതേയുള്ളു. മാർക്സിസ്ററുഭരണം ഉണ്ടായിട്ടുള്ളപ്പോഴൊക്കെ കേരളത്തിലെ ജനങ്ങൾക്ക് ഒരു പൊതു വിചാരമുണ്ട്. അത് മാർക്സിസ്ററു ഭരണത്തിന്റെ കീഴിൽ ഇവിടെ അക്രമം അഴിഞ്ഞാടുമെന്നും അതുപോലെ സമാധാന ജീവിതം അസാദ്ധ്യമാണെന്നും ജനങ്ങൾ വിശ്വസിക്കുന്നു. ഈ വിശ്വാസം ദൂരീകരിക്കാനുതകുന്ന ഒരു വാക്കുപോലും ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ കണ്ടില്ല. ഇവിടത്തെ സമാധാനപ്രേമികൾക്ക് അതിൽ ഉൽക്കണ്ഠയുണ്ട്. അക്രമം ഏതു ഭാഗത്തുനിന്നുണ്ടായാലും അതിനെ അടിച്ചമർത്തുമെന്ന് ഗവർണ്ണറെക്കൊണ്ട് പറയിക്കിപ്പിക്കാൻ എന്താണിത്ര വിഷമമുണ്ടായതെന്ന് ഞാൻ ചോദിക്കുകയാണ്. ഞാൻ ഈ ഗവൺമെന്റിനോട് ചോദിക്കുന്നത് നിങ്ങളുടെ ഭരണത്തെക്കുറിച്ചുള്ള ജനങ്ങളുടെ ഭയാശങ്കകൾ ദൂരീകരിക്കാൻ നിങ്ങൾക്ക് സാധിക്കുമോ എന്നാണ്. അമ്മ പെങ്ങൻമാർക്ക് സൈ്വരമായി വഴി നടക്കാനുള്ള ഒരു സാഹചര്യം ഇവിടെയുണ്ടാകുമെന്ന് നിങ്ങൾ ഉറക്കെ പറയാത്തതെന്തുകൊണ്ടാണ് ? ഈ സംസ്ഥാനത്തെ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുവാൻവേണ്ടി ശക്തമായ നടപടികൾ



LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കണമെന്ന് ഞാൻ ഈ ഗവൺമെൻറിനോട് അപേക്ഷിക്കുകയാണ്. സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെപ്പററി ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ ഒരു വാക്കുപോലും കണ്ടില്ല. ഈ സംസ്ഥാനത്തെ ഭൂരിപക്ഷം വരുന്ന സ്ത്രീകളുടെ വോട്ടുവാങ്ങി ജയിച്ചിരിക്കുന്ന ഇടതുപക്ഷം ഇവിടെ പറഞ്ഞിട്ടുള്ള നയപ്രഖ്യാപനത്തിന്റെ കൂട്ടത്തിൽ സ്ത്രീകൾക്ക് എന്തെങ്കിലും കാര്യം ചെയ്യുമെന്ന് സൂചിപ്പിക്കാത്തത് ഖേദകരമായിപ്പോയി. ഈ ഗവൺമെൻറ് തൊഴിലില്ലായ്മ പരിഹരിക്കാൻ വേണ്ടി അനേകം കാര്യങ്ങൾ ചെയ്യുമെന്ന് ഇവിടെ പറഞ്ഞിട്ടുണ്ട്. പത്തുലക്ഷം ചെറുപ്പക്കാർക്ക് ജോലി നൽകും വർഷന്തോറുമെന്നാണ് പറഞ്ഞിട്ടുള്ളത്. മാന്യമായി ജീവിക്കാനുള്ള പ്രതിഫലം കൊടുക്കുന്ന ജോലി ഇവിടത്തെ ചെറുപ്പക്കാർക്ക് കൊടുക്കുവാൻ സാധിക്കുമെങ്കിൽ അത് നന്നായിരിക്കും, അതിൽ സന്തോഷമുണ്ട്. കണക്കു കൊണ്ട് കസർത്ത് കാണിക്കുന്നതിൽ ഒരർത്ഥവുമില്ല. ഈ ഗവൺമെൻറിന്റെ തുടക്കം കാണുമ്പോൾ ഈ പരിപാടികൾ നടപ്പിലാക്കുമോ എന്നെനിക്ക് ആശങ്കയുണ്ട്. ഡി. വൈ. എഫ്. ഐ. പ്രവർത്തകരുടെ നേതാവ് ശ്രീ. വിജയകുമാർ ഇവിടെ ഇന്നലെ മുഖ്യമന്ത്രിയോട് അഭ്യർത്ഥിച്ചു പി. എസ്. സി. റാങ്ക് ലിസ്റ്റിന് കാലാവധി നീട്ടിക്കൊടുക്കണമെന്ന്. അദ്ദേഹം സാങ്കേതികത്വം പറഞ്ഞ് ഒഴിഞ്ഞതല്ലാതെ അതിന് വ്യക്തമായ മറുപടി കൊടുത്തില്ല. ഡി. വൈ. എഫ്. ഐ. ക്കാർ സമരം നടത്തുമ്പോൾ യുവാക്കൾക്ക് നൽകിയിരുന്ന ഉറപ്പായിരുന്നു അത്. എന്തുകൊണ്ട് അധികാരത്തിൽ വന്നിട്ടും ഈ ചെറിയ കാര്യം സാധിച്ചുകൊടുക്കുവാൻ ഇവർക്ക് സാധിക്കുന്നില്ല എന്നാണ് എനിക്ക് ചോദിക്കുവാനുള്ളത്. ഈ ചെറിയ സഹായം ചെയ്തുകൊടുക്കുവാൻ സൻമനസ്സ് കാണിക്കാത്തവരാണോ പത്തു ലക്ഷം ആളുകൾക്ക് ഒരു വർഷത്തിൽ ജോലി കൊടുക്കുവാൻ പോകുന്നതെന്നാണ് എനിക്ക് ചോദിക്കുവാനുള്ളത്. യുവാക്കളെ വഞ്ചിക്കാൻ ഈ ഗവൺമെൻറ് തയ്യാറായാൽ ഡി. വൈ. എഫ്. ഐ. ക്കാർ തൊഴിലില്ലാത്തവർക്കുവേണ്ടി ഇനിയും വഴിതടയൽ സമരം തുടർന്നുപോകുമോ എന്ന് ഞാൻ അവരോട് ചോദിക്കുകയാണ്. അത് തുടരണമേ എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

എന്റെ നിയോജക മണ്ഡലത്തിലെ കുറച്ച് അടിയന്തിര കാര്യങ്ങൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. അവിടെ ഒരു ഗവൺമെൻറ് ആശുപത്രിയുണ്ട്. താലൂക്കാശുപത്രിയാണ്. അവിടെ ഒരു തുള്ളി വെള്ളം കിട്ടാതായിട്ട് വളരെ ദിവസങ്ങളായി. പ്രസവിച്ച ഒരു സ്ത്രീ ഒരു തുള്ളി വെള്ളത്തിനുവേണ്ടി റോഡ് കുറുകെ കടന്ന് ഒരു ഹോട്ടലിൽ പോകാൻ പോകുമ്പോൾ ആട്ടോറിക്ഷ തട്ടി അവർ ആശുപത്രിയിൽ കിടക്കുകയാണ്. അവിടെ അടിയന്തിരമായി വെള്ളം കൊടുക്കുവാനുള്ള നടപടി എടുത്തിട്ടുണ്ടെങ്കിൽത്തന്നെയും വൃത്തികേടായിട്ടുള്ള ടാറിന്റെ വീപ്പയിലാണ് ഇപ്പോൾ വെള്ളം സംഭരിച്ചു വയ്ക്കുന്നത്. ആ വെള്ളം അവിടത്തെ ടി. ബി. രോഗികളും മററു പകർച്ചവ്യാധികളുള്ള ആളുകളും പ്രസവിക്കാനുള്ള സ്ത്രീകളും പ്രസവിച്ച സ്ത്രീകളും പിഞ്ചുകുഞ്ഞുങ്ങളുമൊക്കെയാണ് ഉപയോഗിക്കുന്നത്. ആ വെള്ളം കുടിച്ചാൽ രോഗമില്ലാത്തവർക്കും രോഗം പിടിപെടും. അതുകൊണ്ട് അടിയന്തിരമായി അവിടെ ഒരു കുഴൽക്കിണർ കുഴിക്കുകയോ അല്ലെങ്കിൽ ഒരു വാട്ടർ ടാങ്ക് പണിയുകയോ ചെയ്യണം. മൽസ്യത്തൊഴിലാളികളടങ്ങുന്ന തീരപ്രദേശങ്ങൾ ഉൾക്കൊള്ളുന്ന ഒരു നിയോജകമണ്ഡലമാണ് എന്റേത്. അവിടത്തെ മൽസ്യത്തൊഴിലാളികൾക്ക് ജോലിയില്ലാതായിട്ട് കുറച്ചുമാസങ്ങളായി. അവർക്ക് അടിയന്തിര സഹായം എത്തിക്കണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. അതുപോലെ കൈത്തറിത്തൊഴിലാളികൾക്കും സിഗരററ് തൊഴിലാളികൾക്കും വേണ്ട അടിയന്തിര ആശ്വാസം

LIBRARY ARCHIVES Kerala Legislative Assembly

എത്തിച്ചുകൊടുക്കണം. കുടിവെള്ളദൗർലഭ്യത്തിന് പരിഹാരം കാണാൻ വേണ്ടി ഹരിജൻ കോളനികളിലും ലക്ഷം വീട് കോളനികളിലും അടിയന്തിര സഹായമെത്തിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈ പ്രമേയത്തെ ഞാൻ ഒന്നുകൂടി എതിർക്കുന്നു.

ശ്രീ. ചിററൂർ ശശാങ്കൻ നായർ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ ശക്തിയായി എതിർക്കുകയാണ്. ഇവർ നൽകുന്ന വാഗ്ദാനങ്ങളൊന്നും തന്നെ പൂർണ്ണമായി പാലിക്കപ്പെടുവാൻ സാധിക്കാത്ത സാഹചര്യങ്ങളാണ് ഉണ്ടായിട്ടുള്ളത് എന്നതുകൊണ്ടും ഇതും അതുപോലെ അപ്രസക്തമായിരിക്കുമെന്നുള്ള ചിന്തകൊണ്ടുമാണ് ഞാൻ ഇതിനെ എതിർക്കുന്നത്. രണ്ടു ദിവസം മുമ്പ് ഈ രാജ്യത്തെ ഒരു ബഹുമാന്യനായ പാർട്ടി നേതാവിനെപ്പററി ബഹുമാനപ്പെട്ട ഒരു മെമ്പർ ചില സൂചനകൾ നൽകുകയുണ്ടായി. ആ സൂചനകൾക്ക് മറുപടി പറയുവാനും അതിന്റെ വസ്തുത തെളിയിക്കുവാനും ഒരു സന്ദർഭമുണ്ടാക്കാതെ ആരോപണം ഉന്നയിക്കാൻ ശ്രമിച്ച പ്രവർത്തകനോട് എങ്ങനെയാണ് മറുപടി പറയേണ്ടത് എന്നു ഞാൻ ആലോചിക്കുകയാണ്. നാഷണൽ ഡെമോക്രാററിക് പാർട്ടിയുടെ നേതാവും എൻ. എസ്. എസിന്റെ അഭിവന്ദ്യനായ നേതാവുമായ ശ്രീ. പി. കെ. നാരായണപ്പണിക്കരെപ്പററിയാണ് ആരോപണമുന്നയിച്ചത്. വ്യക്തമായ സൂചന നൽകാതെ വെറും പ്രചരണത്തിനുവേണ്ടി മാത്രം ഒരു ആരോപണം ഉന്നയിച്ച ആ രീതിയിൽ എന്റേയും എന്റെ പാർട്ടിയുടേയും ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും ഇതുപോലെയുള്ള ആരോപണങ്ങൾ ഒഴിവാക്കണമെന്ന് അങ്ങ് നിർദ്ദേശിക്കുകയും ചെയ്യണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. ഒരു വസ്തുതകൂടി ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുകയാണ്. 1957-ലാണെന്നു തോന്നുന്നു, മഹാനായ ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട് ഈ രാജ്യത്ത് സാമ്പത്തികസംവരണത്തെപ്പററി വ്യക്തമായി പ്രതിപാദിക്കുകയുണ്ടായി. സാമ്പത്തിക സംവരണം നടപ്പിലാക്കുമെന്ന് അദ്ദേഹം പൊതുയോഗങ്ങളിലുംമററും പ്രസംഗിക്കുകയുണ്ടായി. പക്ഷേ അദ്ദേഹത്തിന്റെ പാർട്ടി അധികാരത്തിൽ വന്നപ്പോൾ അതേപ്പററിയുള്ള കാര്യങ്ങളൊന്നും നടപ്പിലാക്കാതെ തന്ത്രപൂർവ്വം ഒഴിഞ്ഞുമാറി നിൽക്കുകയാണുണ്ടായത്. ദയവായി ഇപ്പോൾ രൂപം കൊണ്ടിരിക്കുന്ന പുതിയ ഗവൺമെന്റ് 1957-ൽ ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് നടപ്പിലാക്കുമെന്ന് പ്രസ്താവിച്ച സാമ്പത്തിക സംവരണം ഈ രാജ്യത്ത് നടപ്പിലാക്കാൻ ശ്രമിക്കണമെന്ന് എനിക്ക് അപേക്ഷയുണ്ട്.

അതുപോലെ തന്നെ ഈ രാജ്യത്ത് ഏകദേശം 45 ലക്ഷത്തോളം വരുന്ന ജനങ്ങളുടെ ആരാദ്ധ്യനായ ഒരു നേതാവിനെപ്പററി, വസ്തുതകളുമായി യാതൊരു ബന്ധവുമില്ലാത്ത തരത്തിൽ, വസ്തുതകളുമായി ബന്ധമുണ്ടെന്ന് തെളിയിക്കപ്പെടാത്ത സ്ഥിതിയ്ക്ക് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച ആരോപണം ശരിയല്ലെന്നും അതുകൊണ്ട് അദ്ദേഹം നിരുപാധികം ഈ സഭയുടെ മുമ്പിൽ മാപ്പുപറയണമെന്നും ഞാൻ വിനീതമായി അപേക്ഷിക്കുന്നു. ഈ വക കാര്യങ്ങൾ സഭയിൽ ഉന്നയിക്കുമ്പോൾ അത് സഭയുടെ അന്തസ്സിന് ചേരുന്ന വിധത്തിലായിരിക്കണമെന്ന് വളരെ വിനീതമായ ഭാഷയിൽ ഞാൻ പറയുകയാണ്. ഇക്കാര്യത്തിൽ അങ്ങ് പ്രത്യേകമായ ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് അപേക്ഷിക്കുകയാണ്. ഈ രാജ്യത്ത് ലക്ഷോപലക്ഷം വരുന്ന നിർദ്ധനരായ പാവപ്പെട്ട ആളുകൾക്ക് ഇന്ന് നിലവിലുള്ള സംവരണ വ്യവസ്ഥ അപര്യാപ്തമാണെന്നുള്ളതുകൊണ്ടും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അത്തരം ആളുകൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുകയും ഉദ്യോഗം ലഭ്യമാക്കുകയും ചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിനുവേണ്ടിയാണ് നാഷണൽ ഡെമോക്രാറ്റിക് പാർട്ടി സാമ്പത്തിക സംവരണത്തിന് വേണ്ടി വാദിക്കുന്നത്. ഈ കാര്യത്തിൽ ഗവൺമെന്റ് ആലോചിച്ച് വേണ്ടതുചെയ്യണം. മറ്റൊരു കാര്യം, ഞാൻ പ്രതിനിധാനം ചെയ്യുന്ന കോന്നി നിയോജകമണ്ഡലത്തിൽ ഇന്നത്തെ കുടിവെള്ള ദൗർലഭ്യത്തിന് പരിഹാരം കാണാൻ എന്തു മാർഗ്ഗമുണ്ടെന്നുള്ളതിനെപ്പറ്റി ആലോചിക്കണമെന്ന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയോടും മുഖ്യമന്ത്രിയോടുമഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ നിറുത്തുന്നു.

പ്രൊഫസർ എം. കെ. സാനു : സർ, ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. നന്ദിപ്രമേയത്തെ അനുകൂലിക്കുന്ന സന്ദർഭത്തിൽ ഗവർണ്ണറുടെ പ്രസംഗത്തിലെ മൂന്നാം ഖണ്ഡികയിലുള്ള രണ്ടു വാക്കുകളിലാണ് എനിക്ക് ഊന്നൽ കൽപ്പിക്കുവാനുള്ളത്. ഒന്ന്, തത്വാധിഷ്ഠിത രാഷ്ട്രീയം. മറ്റൊന്ന് സംശുദ്ധമായ ഭരണം. കേരളത്തിലെ ജനങ്ങൾ ഈ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ വളരെ പ്രതീക്ഷയോടുകൂടി നെഞ്ചേറ്റി ലാളിച്ച രണ്ടു വിശേഷണപദങ്ങളാണ് 'തത്വാധിഷ്ഠിത'വും 'സംശുദ്ധ'വും. എന്റെ അനുഭവം വച്ചുപറയുകയാണെങ്കിൽ ഈ രണ്ടു പദങ്ങളും വോട്ടർമാർക്കിടയിൽ ഗണ്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ തിൻമകളിൽ (അതേ തിൻമകളിലെന്നുതന്നെ ഞാൻ പറയും) പ്രകോപിതരായി എന്റെ നിയോജകമണ്ഡലത്തിൽ സ്വാധീനം ചെലുത്തിയ അനേകമാളുകളുടെ കൂട്ടത്തിൽനിന്ന് ആരുടെ പേരുകൾ അങ്ങയുടെ മുമ്പാകെ അവതരിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. ഒന്ന്, ശ്രീമതി മാധവിക്കുട്ടി, സാഹിത്യ-രചനയുടെ മേഖലയിൽ കക്ഷിരാഷ്ട്രീയത്തിനെതിരായി പ്രവർത്തിക്കുന്ന ഒരു വനിതയാണവർ. ശ്രീമതി മാധവിക്കുട്ടി കഴിഞ്ഞ ഗവൺമെന്റിനെക്കുറിച്ച് പറഞ്ഞ ഒരു വാക്യം ഉണ്ട്. ഈ ഗവൺമെന്റ് പരാജയപ്പെടുകയാണെങ്കിൽ അന്ന് രാത്രി ഞാൻ സുഖമായിട്ട് ഉറങ്ങും എന്നാണവർ പറഞ്ഞത്. ശ്രീ. ഒ. വി. വിജയൻ, ഇടതുപക്ഷജനാധിപത്യരാഷ്ട്രീയത്തിന്റെ നേർക്ക് പലപ്പോഴും വിപ്രതിപത്തി പ്രകടിപ്പിക്കുകയും കമ്മ്യൂണിസ്റ്റുസിദ്ധാന്തത്തിനെതിരെയുള്ള ആശയമേഖലയിൽ പ്രവർത്തിക്കുകയും ചെയ്തുപോന്ന ഒരു നോവലിസ്റ്റ് ആണ്. അദ്ദേഹം ഇടതുപക്ഷജനാധിപത്യമുന്നണിയെ വിജയിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രസ്താവനയിറക്കി. വീക്ഷണം പത്രത്തിന്റെ പത്രാധിപരായിരുന്ന വ്യക്തിയും മലയാളത്തിലെ അതുല്യനായ പ്രസിദ്ധ നോവലിസ്റ്റും ആയ ശ്രീ. സി. രാധാകൃഷ്ണൻ എന്റെ നിയോജകമണ്ഡലത്തിൽ ഒരററം മുതൽ മറേറയററംവരെ രാപകൽ, കഴിഞ്ഞ ഗവൺമെന്റിനെ പരാജയപ്പെടുത്തുന്നതിനുവേണ്ടി, പരിശ്രമിച്ചുപോന്നു. ഇമ്മാതിരി എഴുത്തുകാരുടെ പരിശ്രമങ്ങൾ ഇവിടെ നടന്നത് ഒറ്റക്കാരണത്താൽ മാത്രമാണ്—ധാർമ്മികബോധം വ്രണിതമായതിനാൽ മാത്രം. ഞാൻ ഓർമ്മിപ്പിക്കട്ടെ, എഴുത്തുകാരൻ എപ്പോഴും അതീതമായ സത്യം, ഏതോ ഒരു പ്രത്യേക മനോഭാവത്തിലൂടെ അറിയുന്നവൻ ആണ്. അവനെക്കുറിച്ച് സനാതനസത്യമെന്നപോലെ ഇംഗ്ലീഷിൽ പറയുന്ന ഒരു വാചകം ഉണ്ട്. "Poets are the antennaes of the race" മനുഷ്യവർഗ്ഗത്തിന്റെ സ്പർശിനികളാണ് എഴുത്തുകാർ. അവർ വസ്തുതകളെ അടിസ്ഥാനമാക്കി, വസ്തുതകളെ ക്രോഡീകരിച്ച് യുക്തിയിലൂടെ ഒരു നിഗമനത്തിൽ എത്തിച്ചേരുകയല്ല പലപ്പോഴും ചെയ്യുന്നത്. അവർ എങ്ങനെയോ അറിയുന്നു. സഹജാവബോധത്താൽ, ഉൾക്കാഴ്ചയിൽ അറിയുന്നു. ഇവിടെയും അവർ ആ രീതിയിൽ സത്യം അറിഞ്ഞു. "ഇതാ ഈ ഭൂമി പാപത്തിന്റെ ചോരവീണ് പങ്കിലമായിരിക്കുന്നു" എന്ന് പാപത്തിന്റെ ചോര വീണ് പങ്കിലമാകുന്ന ഭൂമിയെക്കുറിച്ച് സോഫോക്ലീസിന്റെ ഒരു നാടകത്തിൽ പ്രതിപാദിക്കുന്നുണ്ട്. പാപത്തിന്റെ ചോര വീഴ്ത്തി ഈ ഭൂമിയെ

LIBRARY ARCHIVES Kerala Legislative Assembly

പങ്കിലമാക്കിയ ഭരണാധികാരിയുടെ പിന്നാലെ വരാച്ച ഉണ്ടായി. ആ ഭരണാധികാരികൾ രാജ്യത്ത് പല തരത്തിലുള്ള കലാപങ്ങൾക്ക് കാരണമായി തീർന്നു. അതിൽ പ്രകോപിതരായ ജനങ്ങളെ അദ്ദേഹം ചിത്രീകരിക്കുന്നുണ്ട്. കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ ഭരണത്തിന്റെ ഫലമായി കേരളത്തെ ഈ അവസ്ഥയിൽ എത്തിപ്പിച്ചതുകൊണ്ടാണ് കേരളത്തിലെ എഴുത്തുകാരെല്ലാവരും കക്ഷിഭേദം കൂടാതെതന്നെ ആ ഗവൺമെന്റിനെതിരെ തങ്ങളുടെ മനസ്സാക്ഷിയുടെ ഗർജ്ജനം അന്തരീക്ഷത്തിൽ മുഴക്കിയത്. എറണാകുളം നിയോജകമണ്ഡലത്തിന് ആ ഗർജ്ജനത്തിന്റെ സ്വാധീനം അനുഭവിക്കേണ്ടിവന്ന ഒരസുലഭാവസ്ഥ ഉണ്ടായി. ആ സ്വാധീനത്തിന്റെ പശ്ചാത്തലത്തിലാണ് ഇവിടെ ഇടതുപക്ഷജനാധിപത്യമുന്നണി തത്വാധിഷ്ഠിതമെന്നും സംശുദ്ധമെന്നുമുള്ള വിശേഷണപദങ്ങൾ നമ്മുടെ മുമ്പാകെ ഉയർത്തിയത്. അതിൽ ഞങ്ങൾ ആകൃഷ്ടരായത് സ്വാഭാവികംമാത്രം. കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടയിൽ ഞങ്ങൾ പലതും കണ്ടു. വിദ്യാഭ്യാസമേഖലയിലും സാംസ്കാരികമേഖലയിലും സാഹിത്യവിദ്യാർത്ഥി എന്ന നിലയിൽ സാഹിത്യമേഖലയിലും വ്യാപരിച്ചുപോന്ന ഒരു വ്യക്തിയാണ് ഞാൻ. ആ നിലയിൽ എന്റെ ബലം എല്ലാക്കാലത്തും എന്റെ മനസ്സാക്ഷി ആയിരുന്നു. ആ മനസ്സാക്ഷി കഴിഞ്ഞ അഞ്ചുവർഷക്കാലമായി അത്യധികം പീഡിതമായി. ഞാൻ വ്യക്തിപരമായി അനുഭവിച്ച ക്ലേശങ്ങളുടെ പേരിലല്ല. ഈ മനോഹരമായ കേരളഭൂമി പ്രബുദ്ധതയിലേക്ക് നീങ്ങിയത് സുമാർ ഒരു നൂററാണ്ടുമുമ്പാണ്. ഒരു നൂററാണ്ടിനുമുമ്പ് അനുഷ്ടിപ്പുവൃത്തത്തിലുള്ള നാലുവരികൾ ആത്മാവിൽ പ്രതിഷ്ഠിച്ചതിന്റെ ഫലമായിട്ടാണ് കേരളം ആധുനികതയിലേക്ക് നീങ്ങിയത്. ആ നാലു വരികൾ

> "ജാതിഭേദം മതദ്വേഷം
> ഏതുമില്ലാതെ സർവ്വരും
> സോദരത്വേന വാഴുന്ന
> മാതൃകാസ്ഥാനമാണിത്".

ഈ ഒരു അനുഷ്ടുപ്പ് വൃത്തത്തിലെ ഈ നാലുവരികളിൽ രോമാഞ്ചമണിഞ്ഞ ആ നാലുവരികൾ നെഞ്ചേററിലാളിച്ചുവന്ന ഒരു തലമുറയാണ്, കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടയ്ക്ക് ഇവിടെ മനുഷ്യൻ അപമാനിക്കപ്പെടുന്നതിന്റെ ഏററവും ക്രൂരമായ ചിത്രങ്ങൾ കാണേണ്ടിവന്നത്. ഇത് ഒരു ജനതയെയെന്നതുപോലെ എഴുത്തുകാരന്റെയും മനസ്സാക്ഷിയെ പ്രകോപിപ്പിക്കുകയാണ് ചെയ്തത്. കാരണം ആര് മനുഷ്യനെ അപമാനിക്കുന്നുവോ അവർ തന്നെയാണ് അപമാനിക്കുന്നതെന്ന ധാർമ്മികബോധത്തോടുകൂടി കേരളത്തിലെ എഴുത്തുകാർ ധാർമ്മിക രോഷത്തോടെ രംഗത്തുവന്നു. കേരളത്തിലെ സാഹിത്യനായകൻമാരെല്ലാവരും കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലും തങ്ങളുടെ ശബ്ദം മേഘഗർജ്ജനത്തിന്റെ ഗാംഭീര്യത്തോടുകൂടി മുഴക്കുകയുണ്ടായി. ആ ശബ്ദം ചക്രവാളങ്ങളിൽ പ്രതിധ്വനിച്ചതിന്റെ ഫലംകൂടിയാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിനെ സ്വാധീനിക്കുകയുണ്ടായിട്ടുള്ളതെന്ന് നിങ്ങളെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

രണ്ടാമത് വർഗ്ഗീയതയെക്കുറിച്ച് ഇവിടെ പറഞ്ഞു. രാഷ്ട്രീയത്തിലെ വർഗ്ഗീയത എന്ന പ്രയോഗം ഞാൻ നിർവ്വചിക്കുവാനാഗ്രഹിക്കുന്നു. ഞാൻ അദ്ധ്യാപക വൃത്തിയിൽ ഏർപ്പെട്ടുപോന്ന ഒരു വ്യക്തിയെന്ന നിലയിൽ ഏതും വ്യക്തമാക്കാനുള്ള വാസന എനിക്കുണ്ടാവുക സ്വാഭാവികമാണല്ലോ. അദ്ധ്യാപകവൃത്തിയെക്കുറിച്ചും ചിലർ ഇവിടെ ആക്ഷേപസ്വരത്തിൽ പരാമർശിക്കുന്നതു കേട്ടു. പക്ഷേ ഞാൻ അതിൽ അഭിമാനിക്കുന്ന വ്യക്തിയാണ്. ആയുഷ്ക്കാലം മുഴുവൻ കുട്ടികളെ പഠിപ്പി

LIBRARY ARCHIVES Kerala Legislative Assembly

കളുവാനും കുട്ടികളുമായി ഇടപഴകാൻ കഴിയുന്നതും ഒരഭിമാനമായി കരുതുന്ന ആളാണ് ഞാൻ. ആ നിലയിൽ പറയുകയാണ്, വർഗ്ഗീയത എന്നു പറയുന്നത് ഒരു നിലയ്ക്ക് നമ്മുടെ ചരിത്രപരമായ പാരമ്പര്യമനുസരിച്ച് നമ്മെയൊക്കെ ബാധിക്കാവുന്ന ഒരു ബലഹീനതയായിരിക്കാം. ഒരാൾക്ക് 'അസ്മാദി' എന്നൊരു തോന്നൽ ഉണ്ടാകാം. അത്ര വലിയ ആപത്തല്ല. പക്ഷേ ജാതി-മത വിഭാഗത്തിൽ അധിഷ്ഠിതമായി രാഷ്ട്രീയകക്ഷി ഉണ്ടാക്കുകയും ആ രാഷ്ട്രീയകക്ഷി പൊതുജീവിതത്തിൽ ഇടപെടുകയും ചെയ്യുമ്പോഴാണ് വർഗ്ഗീയത ദുഷ്ടമായി, ഹിംസാത്മകമായി, പ്രവർത്തിക്കുന്നത്. ആ അടിസ്ഥാനത്തിലാണ് വർഗ്ഗീയതയെ, വസ്തുതകൾ നിരത്തിവയ്ക്കാതെതന്നെ ഞങ്ങൾ എതിർത്തുപോന്നത്. ആ വർഗ്ഗീയതയിൽനിന്ന് നിർമുക്തമായി, അത്തരത്തിലുള്ള യാതൊരു രാഷ്ട്രീയ കക്ഷികളുമായി ബന്ധം സ്ഥാപിക്കാതെ, 30 വർഷത്തിനിപ്പുറം ആദ്യമായി രാഷ്ട്രീയചാരിത്രശുദ്ധിയോടുകൂടി ഇടതുപക്ഷജനാധിപത്യമുന്നണി അവതരിപ്പിച്ച നയപ്രഖ്യാപനമാണ് ഞങ്ങളെപ്പോലുള്ളവരെ ഈ പ്രസ്ഥാനത്തിലേക്ക് ആകർഷിച്ചതെന്നറിയിക്കുവാൻകൂടി ഞാൻ ആഗ്രഹിക്കുന്നു. ആ നയപ്രഖ്യാപനത്തിന്റെ ആണിക്കല്ലുകളായ രണ്ടു വിശേഷണപദങ്ങൾ ഞാൻ വീണ്ടും ആവർത്തിക്കട്ടെ, "തത്വാധിഷ്ഠിത"മെന്നതും "സംശുദ്ധമെന്നതും" ആണ് അവ. ഇനിയും കാത്തുസൂക്ഷിച്ചാൽ കണ്ണിലെ കൃഷ്ണമണിപോലെ, ആത്മാവിന്റെ ആഭരണമായി കാത്തുസംരക്ഷിച്ചാൽ ഇടതുപക്ഷജനാധിപത്യമുന്നണി ഇതിലും വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി ഭാവിയിൽ അധികാരത്തിൽ വരുമെന്ന കാര്യത്തിൽ ഞങ്ങൾക്കാർക്കും സംശയമില്ല. വരട്ടെ എന്നുമാത്രമാണ് എന്റെ ആശംസ. ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

<u>ശ്രീ. വി. ദിനകരൻ</u>: സർ, എന്റെ സുഹൃത്ത് ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ഇടതുപക്ഷജനാധിപത്യമുന്നണിയുടെ പ്രകടനപത്രിക ഞാൻ വിശദമായി പരിശോധിച്ചു. അതിനുശേഷമാണ് നയപ്രഖ്യാപനത്തിലേക്ക് കണ്ണോടിച്ചത്. കടലും കടലാടിയും തമ്മിലുള്ള വ്യത്യാസമാണ് പ്രകടനപത്രികയിലും നയപ്രഖ്യാപനത്തിലും കണ്ടത് എന്ന് വളരെ ഖേദപൂർവ്വം പറയാൻ ഞാനാഗ്രഹിക്കുകയാണ്. ആ നയപ്രഖ്യാപനത്തിൽ ഒരു വാചകമുണ്ടായിരുന്നു. "ഇക്കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പിലൂടെ സംസ്ഥാനത്തെ ജനങ്ങൾ ജാതിമതാധിഷ്ഠിതവും വർഗ്ഗീയ ശക്തികളെ പ്രീണിപ്പിക്കുന്നതുമായ കാര്യലാഭരാഷ്ട്രീയത്തെ തള്ളിക്കളഞ്ഞിരിക്കുകയാണ്" എന്ന്. അതിൽ വല്ല യാഥാർത്ഥ്യവുമുണ്ടോ? കഴിഞ്ഞ തെരഞ്ഞെടുപ്പിൽ എന്താണ് നടന്നത്. ന്യൂനപക്ഷങ്ങളെ ഐക്യജനാധിപത്യമുന്നണി പ്രീണിപ്പിക്കുന്നു എന്ന് കേരളത്തിൽ അങ്ങോളമിങ്ങോളം ഇളക്കിവിടുകയുണ്ടായി. അതിന്റെ മാറ്റൊലി ഭൂരിപക്ഷവികാരത്തെ ആളിക്കത്തിക്കാൻ സഹായിക്കുകയുണ്ടായി. അതിന്റെ പേരിലാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷമുന്നണിക്ക് അധികാരത്തിൽ വരാൻ ഉള്ള സാഹചര്യം ഉണ്ടായത്. മാർക്സിസ്റ്റ് പാർട്ടിയെ സംബന്ധിച്ചിടത്തോളം കേരള രാഷ്ട്രീയത്തെ സംബന്ധിച്ചിടത്തോളവും മലബാർ മേഖലയെന്നു പറയുന്നത് വർഗ്ഗീയ പ്രസ്ഥാനത്തിന് സ്വാധീനം ചെലുത്താൻ കഴിയാത്ത പ്രദേശങ്ങളാണ്. അവിടെ എന്തു സംഭവിച്ചു? ഇടതുപക്ഷപ്രസ്ഥാനത്തെ തൂത്തെറിയുന്ന സാഹചര്യം ഉണ്ടായില്ലേ? മാർക്സിസ്റ്റ് പാർട്ടിയുടെ കോട്ട എന്ന് വിശേഷിപ്പിക്കപ്പെടുന്ന, കർഷകത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പാലക്കാട് ജില്ലയിൽ എന്തു സംഭവിച്ചു? അവിടേയും സംഭവിച്ചത് ഇതുതന്നെയല്ലേ? ഇവിടെ എന്താണ് സംഭവിച്ചത്. ഹിന്ദുമുന്നണിയുടെ സ്ഥാനാർത്ഥികൾ എത്ര വോട്ടുവാങ്ങിയെന്നതിനെ ആധാരമാക്കിയല്ലേ ഇടതുപക്ഷമുന്നണിയുടെ

11 A. M.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാനാർത്ഥികൾ ജയിച്ചത്. ബലമായ സംശയം അതിൽ എനിക്കുണ്ട്. കഴിഞ്ഞ നിയമസഭാസമ്മേളനത്തിലും ഞാൻ ഇതു പറഞ്ഞതാണ്. ശരിഅത്തിനെ സംബന്ധിച്ചും നിലയ്ക്കൽ പ്രശ്നം സംബന്ധിച്ചും ഇ. എം. എസ്സിന്റേയും കെ. ജി. മാരാരുടേയും പ്രസ്താവനകൾ ഒന്നുപോലെയായിരുന്നു. ഞാൻ ബലമായി സംശയിക്കുന്നു, കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഇ. എം. എസ്സും കെ. ജി. മാരാരും തമ്മിൽ അടിഭാജ്യമായ ഒരു കൂട്ടുകെട്ടുണ്ടായിരുന്നു. അവർ തമ്മിലുണ്ടാക്കിയ രാഷ്ട്രീയ ധാരണയുടെ അടിസ്ഥാനത്തിൽ അല്ലേ ഇടതുപക്ഷജനാധിപത്യമുന്നണിക്ക് അപ്പുറത്തിരിക്കാൻ ഉള്ള സാഹചര്യം ഉണ്ടായത്. അത് നാം വിസ്മരിച്ചിട്ട് കാര്യമുണ്ടോ?

എന്റെ നിയോജകമണ്ഡലത്തിലെ ഒരു കാര്യം എനിക്കറിയാം. ഇവർ അവിടുത്തെ ജനാധിപത്യ വിശ്വാസികളെ സമീപിച്ച് പറഞ്ഞത്, ചിഹ്നത്തിൽ കുത്താൻ ബുദ്ധിമുട്ടുണ്ടെങ്കിൽ പേരിൽ കുത്താൻ ആണ്. അതിലും ബുദ്ധിമുട്ടുണ്ടെങ്കിൽ താമരചിഹ്നത്തിൽ കുത്താൻ പറഞ്ഞു. ഈ രീതിയിൽ വോട്ടർമാരെ സ്വാധീനിക്കുന്ന സമീപനമല്ലേ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കണ്ടത്. ഞാൻ ചോദിക്കട്ടെ, ആലപ്പുഴക്കാരായ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഗൗരിയമ്മയുടെ പതനത്തിൽ ദുഃഖമുണ്ട്. ഗൗരിയമ്മയെ കാണിച്ച് അവർ വോട്ട് ചോദിച്ചു. എന്റെ നിയോജകണ്ഡലത്തിൽപോലും ഗൗരിയമ്മ സ്വാധീനിച്ചതിന്റെ ഫലമായി അതിന്റേതായ ബുദ്ധിമുട്ട് അനുഭവിക്കേണ്ടിവന്ന സ്ഥാനാർത്ഥിയാണ് ഞാൻ. ഗൗരിയമ്മയെ സംബന്ധിച്ച് പറഞ്ഞത് എന്താണെന്നറിയാമോ? "കേരം തിങ്ങും കേരളനാട്ടിൽ, കെ. ആർ. ഗൗരി നേതാവേ" എന്നുപറഞ്ഞ് അരൂർ നിയോജകമണ്ഡലത്തിന് മുഖ്യമന്ത്രിയെ വേണോ, എം. എൽ. എ. യെ വേണോ എന്ന് ചുവരുകളിൽ എഴുതിവച്ചു. എം. കെ. രാഘവൻ കോൺഗ്രസ്സിലേക്ക് വന്നപ്പോൾ പറഞ്ഞു, ഐക്യജനാധിപത്യമുന്നണി ജയിച്ചാൽ എം. കെ. രാഘവൻ മന്ത്രിയാകും, കെ. ആർ. ഗൗരി ജയിച്ചാൽ മുഖ്യമന്ത്രി ആകും എന്ന്. മന്ത്രിയെ വേണോ, മുഖ്യമന്ത്രിയെ വേണോ എന്ന് ആലപ്പുഴ ജില്ലയിൽ ഒരു പ്രത്യേക സമുദായത്തെ വിരൽ ചൂണ്ടിക്കാണിച്ചുകൊണ്ട് വില ചോദിക്കുകയുണ്ടായി. എനിക്കുമുമ്പ് സംസാരിച്ച കാലുമാററ സാംസ്കാരിക കേരളത്തിന്റെ നായകനായ സാനുമാസ്ററോട് എനിക്ക് ബഹുമാനമുണ്ട്. അദ്ദേഹത്തിന്റെ പേരുപോലും സ്ഥാനാർത്ഥിത്വത്തിന്റെ പേരുപറഞ്ഞ് വലിച്ചിഴച്ചു. ഒരു കാര്യം ഞാൻ ചോദിക്കുകയാണ്. ഈ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ മാർക്സിസ്ററ് പാർട്ടിക്ക് വലിയ വിജയമുണ്ടായി എന്നു പറയുന്നു. നിങ്ങൾ ആലോചിക്കണം. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജയിച്ചതുംപ്പെടെ 60 സീററിലാണ് അവർ മൽസരിച്ചത്. ഇടതുപക്ഷമുന്നണിയുടെ മററ് ഘടകകക്ഷികളെ സംബന്ധിച്ചിടത്തോളം അവർ ജയിച്ച സീററുപോലും കൊടുത്തില്ല. ശ്രീ. ബേബി ജോണിനെ കാണുമ്പോൾ എനിക്ക് വിഷമമുണ്ട്. കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ ഈററപ്പുലിയെപോലെ, സിംഹം ഗർജ്ജിക്കുന്നതുപോലെ ഇടതുപക്ഷപ്രസ്ഥാനത്തിനുവേണ്ടി ഗർജ്ജിച്ച ആളാണ് അദ്ദേഹം. അന്ന് മുൻനിരയിൽനിന്ന് ലോനപ്പൻ നമ്പാടൻ ഇരിക്കുന്ന നിരയിലേക്ക് മാറിയിരുന്നിട്ട് നമ്പാടനെ പിടിച്ച് മുൻനിരയിലിരുത്താനുള്ള സാമാന്യ മര്യാദയെങ്കിലും അങ്ങ് കാണിക്കണമായിരുന്നു. 1978-ൽ എക്സൈസ് റവന്യൂ, സഹകരണം തുടങ്ങിയ വകുപ്പുകൾ കൈകാര്യം ചെയ്ത ശ്രീ. ബേബി ജോണിന് കൊടുത്തിരിക്കുന്ന വകുപ്പ് ഏതാണെന്നോ, ജലസേചനവകുപ്പ്. അതിനേക്കാൾ വലിയ ഗതികേടുണ്ടോ? ഗൗരിയമ്മക്ക് ഉപമുഖ്യമന്ത്രി സ്ഥാനമുണ്ട്, ആഭ്യന്തരമുണ്ട് എന്നൊക്കെ പറഞ്ഞു. ഇപ്പോൾ ഗൗരിയമ്മക്ക് വകുപ്പില്ലെന്ന് അറിയുന്നു. ദേവസ്വം വകുപ്പെങ്കിലും കൊടുത്ത് പ്രായ

ധികൃത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന ഗൗരിയമ്മയെ സമാശ്വസിപ്പിക്കാൻ നടപടി സ്വീകരിക്കണം. ഇടതുപക്ഷമുന്നണിയിൽ ഇപ്പോൾ അഭിപ്രായ വ്യത്യാസമുണ്ടായിരിക്കുന്നു. ശ്രീ. കോടിയേരി പറഞ്ഞു ഒരു രക്തനക്ഷത്രം ഉദിച്ചിരിക്കുന്നു എന്ന്. ഇന്നലെ സത്യപ്രതിജ്ഞാ സമയത്ത് കാറും കോളും കടന്നിരിക്കുന്നു. ആ രക്തനക്ഷത്രം അപ്രത്യക്ഷമായിരിക്കുന്നു. സമൂഹവിവാഹം എന്ന് കേട്ടിട്ടുണ്ട്. സമൂഹമായി സത്യപ്രതിജ്ഞ ചെയ്ത സംഭവം കേരളത്തിൽ ഉണ്ടായിട്ടില്ല. കലിയുഗത്തിന്റെ ആരംഭമാണ്. ഇനിയും പലതും നടക്കും. ഐക്യമുന്നണി ഗവൺമെന്റ് ചെയ്ത നേട്ടങ്ങളുടെ പട്ടികയുമായി ജനങ്ങളെ സമീപിച്ചപ്പോൾ അവരെ തെററിദ്ധരിപ്പിച്ച്, വർഗ്ഗീയവികാരം ഇളക്കിവിട്ട് ഈ സംസ്ഥാനത്തെ ജനങ്ങളുടെ മതവികാരങ്ങളെ ചൂഷണം ചെയ്ത് വോട്ടു പിടിച്ചധികാരത്തിൽവന്ന ഇടതുപക്ഷമുന്നണി ഗവൺമെന്റ് തീക്കനൽകൊണ്ട് തലചൊറിയിക്കുകയാണ് എന്നുപറഞ്ഞുകൊണ്ട് ഞാൻ ഈ പ്രമേയത്തെ ഒന്നുകൂടി എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. എസ്. ശർമ്മ :</u> സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. സംസ്ഥാന നിയമസഭയിലേക്ക് നടന്ന തെരഞ്ഞെടുപ്പ് ദേശീയ പ്രാധാന്യമുള്ള ഒരു തെരഞ്ഞെടുപ്പായിരുന്നു. തെരഞ്ഞെടുപ്പിൽ കേരളം മറെറാരു പഞ്ചാബായി മാററരുത് എന്നു പറഞ്ഞുകൊണ്ട് ജാതി മത വർഗ്ഗീയ ശക്തികളെ പരാജയപ്പെടുത്താനും മതേതര ജനാധിപത്യ ഇൻഡ്യ കെട്ടിപ്പടുക്കണമെന്ന് ആഗ്രഹിക്കുന്ന ദേശാഭിമാനികളുടെ ഉദ്ഘടമായ ആഗ്രഹത്തിന്റേയും അദമ്യമായ അഭിലാഷത്തിന്റേയും പൂവണിഞ്ഞ വിജയമായിരുന്നു ഇടതുപക്ഷരാഷ്ട്രീയ പ്രസ്ഥാനത്തെ കേരള നേതൃത്വത്തിലേക്ക് ഉയർത്തിക്കൊണ്ടുവന്നത്. ഈ തെരഞ്ഞെടുപ്പിൽ കേരളത്തിലുണ്ടായിട്ടുള്ള വിധി പ്രഖ്യാപനം ദേശീയമായി കോൺഗ്രസ്സ് തുടരുന്ന വർഗ്ഗീയ പ്രീണനനയത്തിനുള്ള താക്കീതുകൂടി ആണെന്നുപറയാൻ ഞാനാഗ്രഹിക്കുകയാണ്. നമ്മുടെ ഭാരതം തകർന്നിരിക്കുന്നു എന്ന് കോൺഗ്രസ്സ് പാർട്ടി സമീപകാലത്ത് പരസ്യമായി സമ്മതിച്ചിട്ടുണ്ടല്ലോ. അതാണല്ലോ 'ഭാരത് ബനാവോ' എന്ന മുദ്രാവാക്യം ഉയർത്തേണ്ടിവന്നത്. ഭാരതം കെട്ടിപ്പടുക്കുക എന്നുപറഞ്ഞാൽ ഭാരതം തകർന്നിരിക്കുന്നു എന്നു സമ്മതിക്കലാണ്. ഭാരതം തകർന്നിരിക്കുന്നുവെന്ന് സമ്മതിച്ചാൽ ഭാരതത്തെ തകർത്തുകൊണ്ടിരിക്കുന്ന ശക്തികൾ ഏതാണെന്നുള്ളതിനെ സംബന്ധിച്ചുള്ള ഉത്തരം നൽകലാണ് ഈ തെരഞ്ഞെടുപ്പിൽ മതേതര ജനാധിപത്യ ശക്തികളെ അധികാരത്തിൽ ഏററിക്കൊണ്ടുവരുന്നതിനുള്ള കേരളത്തിലെ ജനങ്ങൾ പ്രഖ്യാപിച്ചിട്ടുള്ള വിധി. ഭാരതത്തെ തകർത്തുകൊണ്ടിരിക്കുന്ന ശക്തികൾ വർഗ്ഗീയ വിഭാഗീയ ശക്തികളാണ്. അവരുമായി കോൺഗ്രസ്സ് വിരോധത്തിന്റെ പേരിൽ യാതൊരുവിധ ധാരണയോ നീക്കുപോക്കുകളോ ഉണ്ടാക്കേണ്ട കാര്യമില്ല എന്ന് അസന്നിഗ്ദ്ധമായി ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനം തീരുമാനിച്ചു. കോൺഗ്രസ്സ് ആകട്ടെ ഇടതുപക്ഷ പ്രസ്ഥാനത്തോടുള്ള വിരോധത്തിന്റെ പേരിൽ വിശേഷിച്ചും കമ്മ്യൂണിസ്ററ് വിരോധത്തിന്റെ പേരിൽ രാഷ്ട്രത്തിന്റെ താൽപ്പര്യം ബലികഴിച്ചുകൊണ്ട് വർഗ്ഗീയ വിഭാഗീയ ശക്തികളുമായി ബന്ധത്തിൽ ഏർപ്പെട്ടു. 'ഭാരത് ബനാവോ' എന്ന മുദ്രാവാക്യം വിളിക്കുമ്പോൾ ഒരു ഭാഗത്ത് കേരളം കെട്ടിപ്പടുക്കുകയെന്നു പറയുകയും മറുഭാഗത്ത് ഭാരതത്തെ തകർത്തുകൊണ്ടിരിക്കുന്ന ശക്തികളെ പ്രീണിപ്പിക്കുകയും ചെയ്യുകയാണ്. ഈ നടപടിയാണ് തുടരുന്നതെങ്കിൽ, ഇന്ന് കേരളത്തിൽ കോൺഗ്രസ്സ് പാർട്ടിയെ ജനങ്ങൾ കൈവെടിഞ്ഞുവെങ്കിൽ, വരാൻ പോകുന്ന നാളുകളിൽ ഭാരതത്തിൽ കോൺ

LIBRARY ARCHIVES Kerala Legislative Assembly

ഗ്രസ്സ് പാർട്ടിയെ ജനങ്ങൾ കൈവെടിയാൻ പോകുന്നു എന്നുള്ളതിന്റെ സൂചന ആയിട്ടുകൂടി ഈ തെരഞ്ഞെടുപ്പുഫലത്തെ കാണാൻ കോൺഗ്രസ്സ് നേതൃത്വത്തിലുള്ള മുന്നണി മനസ്സിലാക്കണമെന്ന് വളരെ വിനയാന്വിതനായി അപേക്ഷിക്കുകയാണ്. കേരളത്തിനകത്ത് മററൊരു നിലയ്ക്കൽ സംഭവം ഉണ്ടാകാതിരിക്കാൻ, ആലപ്പുഴയിൽ നബിദിനാഘോഷയാത്രയുടെ നേരെ വെടിവയ്പ് ഉണ്ടാകാതിരിക്കാൻ, ചാലക്കമ്പോളം ചോരക്കമ്പോളമായി മാറാതിരിക്കാൻ കേരളത്തിലെ ജനങ്ങളുടെ സുചിന്തിതമായ തീരുമാനമാണ് ഈ തെരഞ്ഞെടുപ്പിൽ മതേതര ജനാധിപത്യ പ്രസ്ഥാനത്തെ, ഇടതുപക്ഷപ്രസ്ഥാനത്തെ കേരളത്തിന്റെ നേതൃത്വത്തിലേക്ക് ഉയർത്തിക്കൊണ്ടുവന്നിട്ടുള്ളത്. അതുകൊണ്ട് ഈ ജനവിധിയെ പൂർണ്ണമായി മാനിച്ചുകൊണ്ട് കേരളത്തിലെ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെൻറ് ജനങ്ങളുടെ താൽപ്പര്യം ഉയർത്തിപ്പിടിക്കും. അതുവഴി വ്യക്തിപരമായ താൽപ്പര്യം ബലികഴിച്ചുകൊണ്ട്, ജനങ്ങളുടെ താൽപ്പര്യം ഉയർത്തിപ്പിടിച്ചുകൊണ്ട്, ഈ ഗവൺമെൻറ് ഒരു ജനകീയ ഗവൺമെൻറായി, ഈ സംസ്ഥാനത്തിനകത്ത് ജനങ്ങളുടെ പിൻതുണയോടുകൂടി മുന്നേറും എന്ന് ഉത്തമവിശ്വാസം എനിക്കുണ്ട്. ഈ നന്ദിപ്രമേയത്തെ എതിർത്തുകൊണ്ട് സംസാരിച്ചപ്പോൾ ശ്രീ. രമേശ് ചെന്നിത്തല തൊഴിലില്ലാത്ത യുവതീ-യുവാക്കളുടെ പ്രശ്നത്തെ സംബന്ധിച്ച് സംസാരിക്കുന്നത് കേട്ടപ്പോൾ എനിക്ക് കൗതുകം തോന്നി. കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ തൊഴിലില്ലാത്ത ചെറുപ്പക്കാർ നേടിയെടുത്ത അവകാശം, ഈ സംസ്ഥാനത്തിനകത്ത് രമേശ് കൂടി മന്ത്രിയായിരുന്ന ഘട്ടത്തിൽ നിഷേധിച്ചപ്പോൾ, അതിനെതിരായി പോരാടിയ സമയത്ത് ഈ മന്ത്രിമാർക്ക് ഒരു പോറൽപോലും ഏൽപ്പിക്കാതെ പതിനായിരത്തോളം വരുന്ന ചെറുപ്പക്കാർ കേരളക്കരയിൽ കിടന്ന് അടികൊണ്ടപ്പോൾ അടിക്കുന്നതിന് പോലീസിനെ ഉപയോഗപ്പെടുത്തിയ മർദ്ദന ഭരണത്തിന്റെ മന്ത്രിയായിരുന്നില്ലേ അങ്ങ് എന്ന കാര്യം ഈ അവസരത്തിൽ ഓർമ്മിപ്പിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

സർ, യുവാവായ രാജീവ്ഗാന്ധി രാജ്യഭരണത്തിന്റെ ചുമതല ഏറെറടുത്തതിനുശേഷം കേന്ദ്രപൊതുമേഖലാസ്ഥാപനങ്ങളിൽ ഏഴു ലക്ഷത്തി അമ്പത്തേഴായിരത്തോളം വരുന്ന യുവതീ-യുവാക്കൾക്ക് ജോലി ലഭിക്കാനുള്ള സാദ്ധ്യത തടസ്സപ്പെടുത്തിക്കൊണ്ട് റിക്രൂട്ടുമെൻറ് ഉപരോധനിയമം കൊണ്ടുവന്നു. ഈ കോൺഗ്രസ് പാർട്ടിയുടെ ഭാഗമല്ലേ അദ്ദേഹമെന്നു ഞാൻ ചോദിക്കുകയാണ്. ഉള്ള തൊഴിൽ ഇല്ലാതാക്കുകയും പുതുതായിട്ട് തൊഴിൽ സാദ്ധ്യത നിഷേധിക്കുകയും ചെയ്യുന്ന മുതലാളിത്ത പ്രീണനനയത്തിന്റെ ഭാഗമെന്നുള്ള നിലയിൽ കമ്പ്യൂട്ടർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന കേന്ദ്രഗവൺമെൻറിന്റെ ഭാഗമല്ലേ അദ്ദേഹം. മുപ്പത്തയ്യായിരത്തോളം വരുന്ന തൊഴിലില്ലാത്ത യുവതീ-യുവാക്കൾക്ക് ജോലി ലഭിക്കാൻ സാദ്ധ്യതയുള്ള കോച്ച്ഫാക്ടറി നഷ്ടപ്പെടുത്തിയ മന്ത്രിസഭയിലെ അംഗമായിരുന്നില്ലേ അദ്ദേഹം. ഈ സംസ്ഥാനത്തെ ജനങ്ങളുടെ ഉത്തമതാൽപ്പര്യങ്ങളുയർത്തിപ്പിടിച്ചുകൊണ്ടുള്ള നടപടികളുമായി മുന്നോട്ട് പോകുന്ന ഈ ഗവൺമെൻറിനോട് ഈ സന്ദർഭത്തിൽ വിനയപൂർവ്വം എനിക്കു അഭ്യർത്ഥിക്കാനുള്ളത് കേരളത്തിലെ തൊഴിലില്ലാത്ത യുവതീ-യുവാക്കളുടെ പ്രശ്നങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനുവേണ്ടി ഒരു യുവജനക്ഷേമ ബോർഡ് രൂപീകരിക്കണമെന്നാണ്. പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുമെന്നും തൊഴിലില്ലാത്ത യുവതീ-യുവാക്കളുടെയും കർഷകരുടെയും ഇടത്തര



LIBRARY ARCHIVES Kerala Legislative Assembly

ക്കാരുടെയും എല്ലാം താൽപ്പര്യങ്ങൾ ഉയർത്തിപ്പിടിക്കുമെന്നും പ്രഖ്യാപിച്ചിട്ടുള്ള ഈ ഗവൺമെന്റിന്റെ നന്ദിപ്രമേയത്തെ ഞാൻ ഒരിക്കൽക്കൂടി അംഗീകരിച്ചുകൊണ്ടും അനുകൂലിച്ചുകൊണ്ടും എന്റെ സംസാരം ചുരുക്കുന്നു.

ശ്രീ. വി. കെ. രാജൻ : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ പിൻതാങ്ങുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അടിയന്തിരപ്രമേയത്തിന് ചർച്ച അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട്, മുഖ്യമന്ത്രി പറഞ്ഞ മറുപടിക്ക് ശേഷവും ചില പരാമർശങ്ങൾ നടത്തുകയുണ്ടായി, തങ്കമണിയിൽ നടന്ന സംഭവത്തെ സംബന്ധിച്ച് കഴിഞ്ഞ നിയമസഭയിൽ ശ്രീ. ജിനദേവൻ അവതരിപ്പിച്ച അടിയന്തിരപ്രമേയം അങ്ങ് ഓർക്കുന്നുണ്ടാകും. ഒരാളെ വെടിവച്ച് കൊന്നു. കാൽ മുറിഞ്ഞ ഒരാളെ വീണ്ടും ഒരു കാൽ വെടിവച്ചു മുറിച്ചു. 40 പേരെ ബലാൽസംഗം ചെയ്തു. ലക്ഷക്കണക്കിന് ഉറുപ്പിക തട്ടിയെടുത്തു ഇതെല്ലാമാണ് നടന്ന സംഭവങ്ങൾ. അന്നു ഇവിടെ പറഞ്ഞത് ഇരുവിഭാഗങ്ങൾ തമ്മിൽനടന്ന സംഘട്ടനമെന്നാണ്. ഇരുവിഭാഗങ്ങൾ തമ്മിൽ നടന്ന സംഘട്ടനമാണോ ബലാൽസംഗം. ഇരുവിഭാഗങ്ങൾ തമ്മിൽ നടന്ന സംഘട്ടനം ബലാൽസംഗമാണെന്ന് അന്ന് ഈ സഭയിൽ പറഞ്ഞതായി രേഖയിൽ ഉണ്ട്. നിങ്ങൾക്ക് പരിശോധിക്കാം.

പ്രതിപക്ഷനേതാവ് രാവിലെ ഒരു ഭീഷണി നടത്തി. രാജ്യം മുഴുവൻ കമ്പിയടിക്കുമെന്നുപറഞ്ഞു. എവിടേയ്ക്കാ കമ്പി അടിക്കുന്നത്? ഡൽഹിക്ക്. ആർക്കാണു കമ്പി അടിക്കുന്നത്? കമ്പിയടിക്കുന്നതിൽ ഈ കോൺഗ്രസ്സുകാർ അതീവ സമർത്ഥരാണെന്ന് കഴിഞ്ഞകാല അനുഭവങ്ങൾ തെളിയിക്കുന്നുണ്ട്. കൊയിലാണ്ടി മെമ്പർ പത്മ അവിടെ ഇരിക്കുന്നുണ്ട്. രാജ്യസഭയിൽ പോകേണ്ടതല്ലേ ശ്രീമതി പത്മ? അവർ ഇവിടെ ഇരിക്കുകയാണ്. അത് ഇനിയും ആവർത്തിക്കണമോ സർ?

ഇവിടെ ക്രമസമാധാനം തകർന്നിരിക്കുന്നെന്ന ഭീഷണികൂടി ശ്രീ. കരുണാകരൻ നടത്തി. "നിങ്ങളെ ഭരിക്കാൻ അനുവദിക്കുകയില്ലെ"ന്നു സാക്ഷാൽ കരുണാകരന്റെ രൂപത്തിൽ ആക്രോശിക്കുന്നത് കേട്ടു. അദ്ദേഹം കാസർകോട്ട് പോയതെന്തിനാണ്? അവിടെ ഹിന്ദുമുന്നണിയേയും മുസ്ലീംലീഗിനേയും പ്രീതിപ്പെടുത്തി രണ്ടുഭാഗത്തും ഉപയോഗപ്പെടുത്തിക്കൊണ്ട് കേരളത്തിൽ വർഗ്ഗീയകലാപമുണ്ടാക്കി കേരളത്തിലെ ക്രമസമാധാനില തകർന്നിരിക്കുന്നു എന്നു സ്ഥാപിച്ച് ഇവിടെ ഭരണാധികാരം നഷ്ടപ്പെടുത്താൻ കുൽസിതമായി ആലോചിക്കാൻ മി. കരുണാകരൻ ഇപ്പോൾ ആരംഭിച്ചിരിക്കുന്നു. എന്താണ് കേരളത്തിലെ പ്രത്യേക രാഷ്ട്രീയസാഹചര്യമെന്നു മുഖ്യമന്ത്രിയെ ഞാൻ ഓർമ്മപ്പെടുത്തുകയാണ്. കരുണാകരൻ കാസർകോട് പോയി തിരിച്ചുവന്നു. ഇന്നത്തെ പ്രകോപനപരമായ പ്രസംഗം, അവിടെ ഹിന്ദു-മുസ്ലിം വർഗ്ഗീയ കലാപമുണ്ടാക്കി ഈ ഗവൺമെന്റിനെ താഴെയിറക്കുവാൻ കേന്ദ്രഗവൺമെന്റിനെ ഉപയോഗപ്പെടുത്തുവാൻ കഴിയും. ഇവിടെ വിമോചനസമരം നടത്തിയ ആളുകളാണ് ഇവർ. കമ്മ്യൂണിസ്റ്റ് വിരുദ്ധ വിമോചനസമരത്തിന്റെ സംസ്കാരമാണ് കഴിഞ്ഞ മൂന്നു നാല് ദിവസങ്ങളായി ഈ നിയമസഭയ്ക്കകത്ത് കേൾക്കുന്നത്. 1959-ൽ നടന്ന വിമോചനസമരം അതേപടി ആവർത്തിക്കാനാണ്. ഇപ്പോൾ കരുണാകരൻ ശ്രമിക്കുന്നത്. ഇവിടെ ലീലാദാമോദരമേനോൻ പറഞ്ഞു സിനിമാനടൻമാരേയും നടികളെയും കൊണ്ടുവന്നെന്ന്. അവരൊക്കെ കോൺഗ്രസ്സുകാരാണ്. സീൽക്കുസ്മിത എന്നു പറയുന്ന യുവതികളുടേയും യുവാക്കളുടേയുമൊക്കെ വലിയൊരു ആരാധനാപാത്രമുണ്ടല്ലോ, അവരെ എന്തുകൊണ്ട് കൊണ്ടുവന്നില്ല? അവരെ കൊണ്ടുവന്നാൽ ഇതിനെക്കാൾ കൂടുതൽ വോട്ട് കിട്ടില്ലേ? പട്ടാമ്പിമെമ്പറോട് ഞാൻ ചോദിക്കുകയാണ് അവരെ കൊണ്ടുവന്നിരുന്നെങ്കിൽ യുവാക്കൾക്ക് വലിയ

LIBRARY ARCHIVES Kerala Legislative Assembly

ഒരു ആവേശം കിട്ടുമായിരുന്നില്ലേ ? വോട്ട് പിടിച്ചുകൂടായിരുന്നോ ? പ്രേംനസീർ എന്തിനാണ് കോൺഗ്രസായത് ? അയ്യാളുടെ കള്ളപ്പണം ഒതുക്കിത്തീർക്കുവാൻ. അയ്യാളുടെ പേരിൽ ധാരാളം ഇൻകംടാക്സ് കുടിശ്ശികയുണ്ട്. അത് കൊടുക്കാതിരിക്കാൻവേണ്ടി നിരവധി സിനിമാതാരങ്ങൾ നിങ്ങളുടെ പാർട്ടിയിൽ വരും. ഞങ്ങൾ താരങ്ങളെ കൊണ്ടുവരാൻ താരയുദ്ധമല്ല ഇവിടെ നടക്കുന്നത്. ഇവിടെ തെരഞ്ഞെടുപ്പ് ജനങ്ങളുടെ ഒരു യുദ്ധമാണ്.

ശ്രീ. വയലാർരവി : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. സഭയിലില്ലാത്ത ആളുകളെക്കുറിച്ച് പരാമർശിക്കേണ്ടിവരും. ഞാൻ എതിരല്ല. പക്ഷെ അലിഗേഷൻ ഉന്നയിക്കുന്നതും പരാമർശിക്കുന്നതും രണ്ടും രണ്ടാണ്. ഈ സഭയിലില്ലാത്ത ഒരാളായ പ്രേംനസീർ ഇൻകംടാക്സ് കൊടുത്തിട്ടില്ലെന്നു പറയുകയാണെങ്കിൽ അതു രേഖ ഹാജരാക്കി പറയുകയാണെങ്കിൽ തരക്കേടില്ല. അദ്ദേഹം രേഖ ഹാജരാക്കാതെ സഭയ്ക്ക് പുറത്തുള്ള ഒരാളിനെക്കുറിച്ച് അലിഗേഷൻ ഉന്നയിക്കുന്നത് ഓർഡറിലാണോ ? പേരു പറയുന്നതിൽ വിരോധമില്ല. പേരുപറഞ്ഞു പരാമർശിക്കാം. പക്ഷെ അലിഗേഷൻ വയ്ക്കാമോയെന്നുള്ളതാണ്.

മി. സ്പീക്കർ : ഇവിടെ വി. കെ. രാജൻ ഒരാളിനെപ്പററി ഇൻകംടാക്സ് കൊടുത്തിട്ടില്ലെന്നു ഒരു ജനറൽ സ്റേററ്മെൻറായിട്ടാണ് പറഞ്ഞത്. സ്പെസിഫിക് അലിഗേഷൻ ഉന്നയിച്ചിട്ടില്ല. അതുകൊണ്ട് ഓർഡറിലാണ്.

ശ്രീ. വി. കെ രാജൻ : സർ, ചേർത്തല മെമ്പർ മി. രവിയ്ക്ക് സിനിമാനടന്മാരോട് വലിയ പ്രേമമാണ്. അതുകൊണ്ട് അദ്ദേഹത്തിന് ദേഷ്യം വരും. സിനിമാനടന്മാർ കോടിക്കണക്കിന് ഉറുപ്പിക ഇൻകംടാക്സായി ഇൻഡ്യാഗവൺമെൻറിനും സംസ്ഥാന ഗവൺമെൻറിനുംകൊടുക്കുവാനുണ്ടെന്ന് പാർലമെൻറിൽ മറുപടി പറഞ്ഞതാണ്. മി. പ്രേംനസീർ കോൺഗ്രസിൽ വന്നപ്പോൾ കുറെ ഖദർ തുണി വാങ്ങിച്ചു. അതിൽ കുറെ ഇപ്പോൾ പഴവങ്ങാടിയിൽ ലേലം ചെയ്യാൻ പോകുന്നു. ബഹുമാനപ്പെട്ട എം. വി. രാഘവൻ ഇപ്പോൾ ഇവിടെയില്ല. ആ ഖദർ തുണി എം. വി. രാഘവന് ഇപ്പോൾ പാകമാണെന്നാണ് ഞാൻ കരുതുന്നത്. പ്രേംനസീർ ഉപയോഗിച്ചതിനുശേഷം പഴവങ്ങാടിയിൽ ലേലം ചെയ്യാൻപോകുന്ന ഖദർ ഷർട്ട് ബഹുമാനപ്പെട്ട രാഘവന് ഇപ്പോൾ അനുയോജ്യമാണ്.

മി. സ്പീക്കർ : അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. ഇ. കെ. മേനോൻ : സർ, ഈ നന്ദിപ്രമേയത്തെ ഞാൻ സർവ്വാത്മനാ പിൻതുണയ്ക്കുന്നു. കേരളത്തിലെ ജാതിമത രാഷ്ട്രീയത്തെ പരാജയപ്പെടുത്തിക്കൊണ്ട് ഇടതുപക്ഷജനാധിപത്യമുന്നണി അധികാരം ഏറെറടുത്തിരിക്കുകയാണ്. മതേതരത്വം നിലനിർത്തുന്നതിനും അഴിമതിയില്ലാത്ത ഒരു സൽഭരണം കേരളത്തിൽ ഉണ്ടാക്കുന്നതിനുംവേണ്ടിയാണ് കേരളത്തിലെ ജനങ്ങൾ ഇടതുപക്ഷജനാധിപത്യമുന്നണിയെ വിജയിപ്പിച്ചത്. ഈയവസരത്തിൽ ഞാൻ എൻെറ മാന്യസുഹൃത്ത് ശ്രീ. സുധീരൻെറ തൃശ്ശൂരിലെ ഒരു പ്രസംഗം ഓർക്കുകയാണ്. തൃശ്ശൂർ എൻ. ജി. ഒ. സമ്മേളനത്തിൽവച്ച് അദ്ദേഹം പ്രസംഗിച്ചത് ഈയവസരത്തിൽ ഓർക്കേണ്ടിവരുന്നു. കഴിഞ്ഞ ഗവൺമെൻറിൻെറ കാലത്ത് ഭരണകക്ഷിയായിരുന്ന കാലത്താണ് തൃശ്ശൂരിൽ അദ്ദേഹം പ്രസംഗം നടത്തിയത്. കേരളത്തിൽ ഒരു പുതിയ സംസ്കാരം ഉടലെടുത്തിരിക്കുന്നു. രാഷ്ട്രീയത്തിൽ അഴിമതിയുടെ സംസ്കാരം ഉടലെടുത്തിരിക്കുന്നു. സ്പെഷ്യൽ ഓർഡറുകളുടെ ഒരു പുത്തൻസംസ്കാരം കേരളത്തിൽ ഉടലെടുത്തിരിക്കുന്നു. ഇത്തരത്തിൽ അദ്ദേഹം അന്ന് എൻ. ജി. ഒ. യൂണിയൻ സമ്മേളന

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ സ്റേറജിൽ വച്ച് പ്രസംഗിച്ചത് ഞാനടക്കം കയ്യടിച്ചാണ് സ്വീകരിച്ചത്. അത്തരത്തിൽ അഴിമതിയുടേയും ദുർഭരണത്തിന്റേയും ഒട്ടനവധി കഥകൾ ഈ സഭയിൽ പറയാനുണ്ടെങ്കിലും അതിനൊന്നും സമയമില്ലാത്തതുകൊണ്ട് നീട്ടിപ്പറയാൻ ആഗ്രഹിക്കുന്നില്ല. പഞ്ചായത്തു മന്ത്രിയായിരുന്ന സ്വാമി ഈ സഭയിലുണ്ട്. അദ്ദേഹം എത്ര സ്പെഷ്യൽ ഓർഡറുകൾ കേരളത്തിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കുവേണ്ടി നൽകിയിട്ടുണ്ടെന്നുള്ളതിന്റെ കണക്ക് അദ്ദേഹത്തിന് തന്നെ ഓർമ്മയുണ്ടോയെന്നാണ് ഞാൻ ചോദിക്കുന്നത്? ബഹുമാനപ്പെട്ട സ്വാമി തൃശൂർ അർബൻ ഡെവലപ്മെൻറ് അതോറിററി രൂപീകരിച്ചു. ആ കോർപ്പറേഷനകത്തു ഏതു തത്വദീക്ഷയനുസരിച്ചാണ് മെമ്പർമാരെ നോമിനേററ് ചെയ്തത്? ചാലക്കുടിയിലെ മുൻ എം. എൽ. എ. ഇട്ടൂപ്പിനെയാണ് തൃശ്ശൂരിൽ ചെയർമാനായി നിശ്ചയിച്ചത്. അവിടെയുണ്ടായിരുന്ന മുൻ കളക്ടർ നമ്പ്യാരെ എന്തുകൊണ്ട് കാലാവധിനീട്ടിക്കൊടുത്ത് ഡെവലപ്മെൻറ് അതോറിററിയുടെ ചെയർമാനാക്കി. അവിടെ നടന്ന അഴിമതിയുടെ കഥ എന്താണെന്ന് ഇതിനകംതന്നെ തൃശ്ശൂരിൽ ജില്ലയിൽ നിന്നുള്ള എം. എൽ. എ. മാർ ഇവിടെ പ്രസംഗിച്ചിട്ടുണ്ട്. അവിടെ തന്നെ സോനിയുടെ കെട്ടിടം നിയമവിരുദ്ധമായി പണിയാനുള്ള അംഗീകാരമല്ലേ നമ്മുടെ സ്വാമി നൽകിയത്. തൃശ്ശൂരിലെ ശുദ്ധജലവിതരണപദ്ധതി പൂർത്തിയാക്കാൻ മുൻഗവൺമെൻറിന് കഴിഞ്ഞിട്ടുണ്ടോ? ആഗ്മെൻറേഷൻ സ്കീം ഇന്ന് ഏട്ടിലെ പശുവായി കിടക്കുകയാണ്. തൃശ്ശൂരും പരിസരത്തുമുള്ള പഞ്ചായത്തിലേയും പട്ടണത്തിലേയും ജനങ്ങൾ ഇന്ന് വെള്ളം കിട്ടാതെ ബുദ്ധിമുട്ടുകയാണ്. 43 ലക്ഷം രൂപയുണ്ടായാൽ തൃശൂരും പരിസരത്തുമുള്ള പഞ്ചായത്തുകളിലെ ജനങ്ങൾക്ക് വെള്ളം കൊടുക്കാൻ കഴിയും. അത് കൊടുക്കാൻ കഴിഞ്ഞിട്ടില്ല. എന്തിന് കരുണാകരനെ സേവിക്കുന്ന കെ. എ. പി. ക്യാമ്പിലെ പോലീസുകാർക്കു ശുദ്ധജലം കിട്ടുന്നില്ല എന്നുള്ളതാണ് സത്യം. ഈ ഗവൺമെൻറ് അതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. സമയക്കുറവുകൊണ്ട് ഞാൻ ചുരുക്കുകയാണ്. ഈ നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി ഞാൻ അനുകൂലിക്കുന്നു.

ശ്രീ. കെ. കരുണാകരൻ: സർ, ഗവൺമെൻറിനുവേണ്ടി ഗവർണ്ണർ ഈ സഭയിൽ ചെയ്ത പ്രസംഗത്തിന് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് അവതരിപ്പിച്ച പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ഗവർണ്ണറുടെ പ്രസംഗം മുഴുവനായി വായിച്ചുനോക്കിയാൽ മുൻകാലങ്ങളിലെ ഗവർണ്ണറുടെ പ്രസംഗത്തിൽനിന്നും വലിയ വ്യത്യാസമൊന്നുമില്ലായെന്നു കാണാൻ സാധിക്കും. വിശദമായ ഒരു നയപ്രഖ്യാപനം നടത്താൻ സാവകാശം കിട്ടിയില്ല എന്നാണ് ട്രഷറി ബഞ്ചിൽ നിന്നും പറഞ്ഞുകേട്ടത്. അതിൽനിന്നുമുള്ള വ്യംഗ്യം ഇന്നത്തെ ഗവൺമെൻറ് അധികാരത്തിൽ വന്നത് ഒരു കളഞ്ഞുകിട്ടിയ വസ്തു എന്നപോലെയാണ്. ജനങ്ങളുടെ ശരിയായ വിധിയെഴുത്താണെങ്കിൽ ആ വിധിയെഴുത്തു നേരത്തെ കാണാൻ കഴിയുമായിരുന്നു. ജനാധിപത്യത്തിൽ രാഷ്ട്രീയപാർട്ടികൾ മാറി മാറി അധികാരത്തിൽ വരും. ഓരോ രാഷ്ട്രീയപാർട്ടിയും അതിന്റേതായ നയപ്രഖ്യാപനവും സമീപനവും അനുസരിച്ചാണ് തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുന്നത്. ഇന്നത്തെ ഭരണമുന്നണിയെ സംബന്ധിച്ചിടത്തോളം പ്രായോഗികമായ ബുദ്ധിമുട്ടുകൾ ഇല്ലായെന്ന് പറയുന്നില്ല. മൂന്നു പാർട്ടികൾ മൂന്നു നിലയിൽ പ്രകടനപത്രിക ഇറക്കിയ സാഹചര്യത്തിൽ കൂട്ടായിയൊന്നും അക്കാര്യത്തിൽ ഉണ്ടായില്ല. എനിക്ക് ആക്ഷേപം ഇല്ല. എന്നാൽ ഒരു ഗവൺമെൻറിന്റെ പ്രകടനപത്രികയെന്നു പറയുമ്പോൾ അല്ലെങ്കിൽ ഗവർണ്ണറുടെ നയപ്രഖ്യാപനം എന്നു പറയുമ്പോൾ ആ നയപ്രഖ്യാപനത്തിൽ പോസിററീവായിട്ട് എന്തെങ്കിലും കാണണം. ഇത് മുൻപിൽ വച്ചുനോക്കിയാൽ പോസിററീവായിട്ട്, അടുത്ത വർഷത്തിൽ ഞങ്ങൾ എന്തു ചെയ്യും എന്ന് ഇതിൽ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിട്ടില്ല. ഇനി ഗവർണ്ണറുടെ പ്രസംഗം അടുത്ത വർഷമാണുള്ളത്. ഒരു വർഷത്തെ കർമ്മപരിപാടി ഈ സഭയ്ക്കും ജനങ്ങൾക്കും നൽകേണ്ടത് ഗവർണ്ണറുടെ പ്രസംഗത്തിൽകൂടിയാണ്. ആ നിലയിൽ കണക്കിലെടുക്കുമ്പോൾ ഇത്രയും നിർഭാഗ്യകരമായ ഒന്നുമില്ലാതെ വെറും പൊള്ളയായ ഒരു പ്രഖ്യാപനം ഇതിന് മുൻപ് ഈ സഭയുടെ ചരിത്രത്തിൽ കാണാൻ സാധിക്കുകയില്ല. അപ്പുറത്തിരിക്കുന്ന പല മെമ്പർമാരും അവരുടെ പ്രസംഗവേളയിൽ തങ്ങൾ എന്തു ചെയ്യാൻ പോകുന്നുവെന്ന കാര്യത്തിൽ ഒരക്ഷരവും മിണ്ടിയിട്ടില്ല. വർഗീയ കക്ഷികളെ എതിർത്തുകൊണ്ട് വർഗീയതയില്ലാത്ത ഒരു മതേതര-സംശുദ്ധ രാഷ്ട്രീയപ്രക്രിയയുടെ ഫലമായിട്ട് അധികാരത്തിൽ വന്നുവെന്നൊക്കെയാണ് വാദിക്കുന്നത്. അതിൽ വലിയ പങ്കു വഹിച്ചത് യുവജനവിഭാഗമാണെന്ന് അവകാശപ്പെടുന്നുണ്ട്. ശരിയാണ്. അത് ചോദ്യം ചെയ്യുന്നില്ല. ഈ യുവജനവിഭാഗത്തോട് ഞാൻ ചോദിക്കുന്നു. കഴിഞ്ഞ ഗവൺമെൻറിൻെറ കാലത്ത് ഒരു എക്സിക്യൂട്ടീവ് ഓർഡർകൊണ്ട് നടപ്പിലാക്കാവുന്ന ഒരു കാര്യംവച്ചുകൊണ്ട് ഇവർ സമരം നടത്തുകയുണ്ടായി. നിയമനിർമ്മാണം ഇക്കാര്യത്തിൽ ആവശ്യമില്ല, ബഡ്ജററിൽ പുതുതായി കൊണ്ടുവരേണ്ട കാര്യമില്ല. അന്നത്തെ ഭരണരംഗത്തുള്ള എല്ലാവരേയും തടയുന്ന ഒരു പരിപാടിയായിരുന്നു ഇത്. അവരുമായി ഞാൻ സംസാരിച്ചപ്പോൾ ഊന്നിപ്പറഞ്ഞ രണ്ടേ രണ്ടു കാര്യങ്ങളായിരുന്നു ഇത്. ഡി. വൈ. എഫ്. ഐ. യുടെ പ്രസിഡൻറും സെക്രട്ടറിയുമൊക്കെ ഇവിടെ ഇരിപ്പുണ്ട്. അവർ അന്നു പറഞ്ഞ ആവശ്യത്തിൽ ഒന്ന് പി. എസ്. സി. തെരഞ്ഞെടുത്ത എല്ലാവർക്കും ഉദ്യോഗം കൊടുക്കുന്നതായിട്ട് ഒരു ഓർഡർ ഇഷ്യൂ ചെയ്യുക. രണ്ട് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ രജിസ്ററർ ചെയ്തിട്ടുള്ള എല്ലാവർക്കും തൊഴിലില്ലായ്മ വേതനം കൊടുക്കുക. ഗവർണ്ണറുടെ നയപ്രഖ്യാപനപ്രസംഗത്തിൽ ഇക്കാര്യങ്ങൾ വെട്ടിത്തുറന്നു പറയാൻ ഇത്ര വലിയ ബുദ്ധിമുട്ട് എന്താണ് ? ഒരു എക്സിക്യൂട്ടീവ് ഓർഡർ അല്ലേ വേണ്ടൂ. കാരണം അന്നത്തെ ഗവൺമെൻറിന് എതിരായി നടത്തിയ ഭീമമായ സമരത്തിൻെറ ഭാഗമായിരുന്നു അത്. ഇന്ന് ഒരു സംശയവുമില്ല. യുവാക്കൾ ആ കാര്യത്തിൽ നിരാശരാണ്.

<u>ശ്രീ. എം. വിജയകുമാർ</u> : സർ, അങ്ങയുടെ ഭരണകാലത്തു (കഴിഞ്ഞ അഞ്ചുവർഷക്കാലംകൊണ്ട്) പി. എസ്. സി. വഴി എത്ര ആളുകളെ നിയമിച്ചു എന്നു പറയാമോ ?

<u>ശ്രീ. കെ. കരുണാകരൻ</u> : സർ, അതിൻെറ കണക്കു തരാം. നേതാവിനോട് ചോദിച്ചാൽ എളുപ്പത്തിൽ കിട്ടുമല്ലോ. ഭരണം അവിടെയല്ല ? നിങ്ങൾ അതാണല്ലോ ഞങ്ങളെ ഇവിടെ ഇരുത്തി എന്നു പറയുന്നത്. അവിടെ ഇരുന്നിട്ടും അത് എന്തുകൊണ്ട് ചെയ്തുകൂട ? അതുമാത്രമേ ഞാൻ ചോദിക്കുന്നുള്ളൂ. നിങ്ങൾക്ക് ഒരു എക്സിക്യൂട്ടീവ് ഓർഡർകൊണ്ട് കൊടുക്കാവുന്ന കാര്യം. എന്തായാലും ഇന്ന് യുവാക്കൾ അക്കാര്യത്തിൽ നിരാശരാണ്.

ഗവർണ്ണറുടെ പ്രസംഗത്തിൽ പറയുന്നത് നോക്കുക. "യുവജനങ്ങളുടെ തൊഴിലില്ലായ്മയാണ് സംസ്ഥാനം അഭിമുഖീകരിക്കുന്ന ഏററവും ഗുരുതരമായ പ്രശ്നം. ഈ പ്രശ്നം പരിഹരിക്കുന്നതിന് എൻെറ ഗവൺമെൻറ് അങ്ങേയററത്തെ മുൻഗണന നൽകുന്നതായിരിക്കും. ഉൽപ്പാദനരംഗത്തു വൻതോതിൽ മുതൽമുടക്കി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതായിരിക്കും സംസ്ഥാന ഗവൺമെൻറിൻേറയും കേന്ദ്രഗവൺമെൻറിൻെറയും നേരിട്ടുള്ള മുതൽമുടക്കുമൂലവും....." ഇങ്ങനെ യുവാക്കളുടെ തൊഴിലില്ലായ്മ പ്രശ്നം വിശദീകരിക്കുകയാണ്. എവിടെ നിന്നാണ് ഇത് മുടക്കാൻ. എത്രമുടക്കാനുണ്ട്. എത്ര മുടക്കിയിട്ടുണ്ട്. നിങ്ങൾ എത്ര പേർക്ക് തൊഴിൽ കൊടുക്കും. പത്തു ലക്ഷം പേർക്ക് തൊഴിൽ കൊടുക്കുമെന്നു പറഞ്ഞ ഒരു പ്രകടനപത്രിക

LIBRARY ARCHIVES Kerala Legislative Assembly

ഇറക്കിയ ആരാക്കാരാണ് നിങ്ങൾ ? ഇപ്പോൾ പറയുകയാണ് എൻ. ആർ. ഇ. പി. യുണ്ട്, ഐ. ആർ. ഡി. പി. യുണ്ട്. ആർ. എൽ. ഇ. ജി. പി. യുണ്ട് എന്നൊക്കെ. കഴിഞ്ഞകാല കണക്കുനോക്കണം. ഏതാണ്ട് 12 ലക്ഷം പേർക്ക് ഈ മേഖലയിൽ തൊഴിൽ കൊടുത്തിട്ടുണ്ട്. മററ് തൊഴിൽ ദിവസങ്ങൾക്ക് പുറമേയാണിത്. രണ്ടരലക്ഷം പേർക്ക് വ്യവസായവകുപ്പിൽ നിന്നും തൊഴിൽ കൊടുത്തിട്ടുണ്ട്. അതിന്റെ മുഴുവൻ കണക്കുകളും അന്നത്തെ കേരളസർക്കാർ പ്രസിദ്ധപ്പെടുത്തിയ ഒരു ലേഖനത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അത് വായിച്ചുനോക്കിയാൽ അറിയാം. പുതിയ മെമ്പർമാർക്ക് അതൊന്ന് കൊടുക്കണം. അവർ ഒന്ന് വായിച്ചുനോക്കട്ടെ. കഴിഞ്ഞ ഗവൺമെൻറ് എന്തുചെയ്തുവെന്ന കാര്യം അപ്പോഴറിയാം. നിങ്ങൾക്ക് ഇതിനെസംബന്ധിച്ച് വ്യക്തമായ ഒരു കാഴ്ചപ്പാട് ആയിട്ടില്ല.

സർ, എനിക്ക് ഇന്ന് വളരെയധികം കൗതുകമുണ്ടാക്കിയ പ്രസംഗം എന്റെ ബഹുമാന്യ സുഹൃത്തും, എല്ലാവരും വളരെയധികം ബഹുമാനത്തോടുകൂടി കാണുന്ന ആളുമായ സാനുമാസ്ററുടെ പ്രസംഗമാണ്. അദ്ദേഹം 'തത്വാധിഷ്ഠിതം, സംശുദ്ധം' എന്നൊക്കെ പ്രയോഗിക്കുകയുണ്ടായി. എത്ര തത്വാധിഷ്ഠിതമുണ്ടിവിടെ? ആദ്യത്തെ ദിവസം അഞ്ച്മന്ത്രിമാർ സത്യപ്രതിജ്ഞ ചെയ്തപ്പോൾ തത്വാധിഷ്ഠിതത്തിന്റെ പേരിൽ ഒരംഗം പറഞ്ഞു എന്നെ ഉൾപ്പെടുത്താത്തത് ശരിയായില്ല അതുകൊണ്ട് ഞാൻ പുനരാലോചിക്കുമെന്ന്. ഉടനെ തത്വാധിഷ്ഠിതം അദ്ദേഹത്തെ ഉൾപ്പെടുത്തി. "ക്രിസ്തുവിന്റെ ആറാംതിരുമുറിവ്" ഉൾപ്പെടെയുള്ള നാടകവും പ്രസിദ്ധീകരണവും നിരോധിച്ചതിനെ ശക്തിയായി എതിർത്ത കേരളത്തിലെ സാംസ്കാരിക പ്രസ്ഥാനത്തിന്റെ സാഹിത്യകാരൻമാരുടെ പ്രതിനിധിയാണ് ശ്രീ. സാനുമാസ്ററർ. സഖാവ് നമ്പൂതിരിപ്പാടുൾപ്പെടെ അതിനെ എതിർത്തു; ആ നാടകം നിരോധിക്കുന്നതിനെതിരെ. പക്ഷെ ആദ്യമായി ആ ഗ്രന്ഥം നിരോധിക്കാനും കുട്ടികളെ പഠിപ്പിക്കരുത് എന്ന് ആവശ്യപ്പെടാനും തുനിഞ്ഞത് സാക്ഷാൽ നമ്പാടൻ മാസ്റററാണ്. അദ്ദേഹം ഇവിടെയിരുന്നു വളരെ വീറോടെ വാദിച്ചു. പക്ഷേ 'സാംസ്കാരിക കേരളം, ഉന്നതമായ സംസ്കാരത്തിന്റെ പാരമ്പര്യം വളർത്തുന്ന കേരളം, മതേതരത്വത്തിന്റെ പ്രതീകമായ കേരളം' അതിന്റെ 'സംശുദ്ധമായ' മുന്നണിയുടെ പേരിൽ ഇവിടെ വന്ന എന്റെ ബഹുമാന്യ സുഹൃത്തു സാനുമാസ്ററുടെ പേരാണ് ആദ്യത്തെ പട്ടികയിൽ കണ്ടിരുന്നത്. ആ പട്ടികയിൽ നിന്നും 'ഈ സംശുദ്ധവും തത്വാധിഷ്ഠിതവും' വന്നപ്പോൾ ഈ നമ്പാടൻ മാസ്റററായി സാനുമാസ്ററുടെ സ്ഥാനത്ത്. ഇതിനേക്കാൾ പാപ്പരത്വമുണ്ടാകുമോ ഒരു മുന്നണിക്ക്. എന്നിട്ട് ഇപ്പോഴും പ്രസംഗിക്കുകയാണ് 'തത്വാധിഷ്ഠിതം, ആദർശപരം, സംശുദ്ധം' എന്നൊക്കെ. മാഷ് തെററിദ്ധരിച്ചിരിക്കുകയാണ്. എന്നാൽ അവരെ പഠിപ്പിച്ചിട്ടുള്ള ഒരാൾ നമ്പാടൻ മാസ്റററാണ്. അദ്ദേഹം ഇവിടെ ഒന്ന് പറയും അവിടെ വേറൊന്നു പറയും.. അതുകൊണ്ട് മാർക്സിസ്ററുപാർട്ടിയുടെ തത്വാധിഷ്ഠിത രാഷ്ട്രീയം എന്താണെന്ന് മാഷ്, നമ്പാടൻ മാസ്ററുടെ അടുക്കെ ചെന്നു പഠിക്കണം.

തത്വാധിഷ്ഠിത രാഷ്ട്രീയം വന്നപ്പോൾ ശ്രീ. നീലലോഹിതദാസൻ നാടാരെ ഒഴിവാക്കാൻ പ്രയാസമാകും. അതുകൊണ്ട് അദ്ദേഹത്തിനും ഒരു മന്ത്രി സ്ഥാനം കൊടുത്തു. അതും ഒരു ചെറിയ വകുപ്പ്. ആ വകുപ്പു കൊണ്ട് എന്താണ് ചെയ്യേണ്ടതെന്ന് ആർക്കും അറിഞ്ഞുകൂടാ. 'വല്ലഭന് പുല്ലും ആയുധമാണ്'. ആ നിലയിലാണെങ്കിൽ ശ്രീ. നീലലോഹിതദാസൻ നാടാരെയും തൃപ്തിപ്പെടുത്തി. സാനുമാസ്ററെ, തത്വാധിഷ്ഠിതമെങ്ങോട്ടു പോവുകയാണ്? എന്ത് ആദർശപരമായ രാഷ്ട്രീയമാണിത്? ഞാൻ ആ ഭാഗം കൊണ്ട് അവിടെ അവസാനിപ്പിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഈ ഗവൺമെന്റിനോട് ഒരു കാര്യം ഞാൻ ചോദിക്കുകയാണ്. മാർക്സിസ്റ്റുപാർട്ടി എന്നെങ്കിലും നേരെയാകുമെന്ന് ആരെങ്കിലും വിചാരിച്ചിട്ടുണ്ടെങ്കിൽ, തെററിദ്ധരിച്ചിട്ടുണ്ടെങ്കിൽ അവർ മണ്ടൻമാരുടെ യുഗത്തിലാണ്. ' മാർക്സിസ്റ്റുകാർ ഒരു കാര്യം പറയും, പറയുന്നത് ഇതുവരെ പ്രവർത്തിച്ചിട്ടില്ല, എന്നാൽ പ്രവർത്തിക്കുന്നത് വേറെ കാര്യവുമായിരിക്കും, അത് പറഞ്ഞില്ലെങ്കിലും പ്രവർത്തിക്കും. പറഞ്ഞില്ലെങ്കിലും പ്രവർത്തിക്കാൻ തയ്യാറാണെന്ന് സഖാവ് ഇ. എം. എസ്. പറഞ്ഞിട്ടുണ്ട്. 1957, 1967, 1980 എന്നീ വർഷങ്ങളിൽ നമ്മൾ കണ്ടതാണ്. അതാണ് തൃക്കരിപ്പൂരിലും കാസർകോടും കേരളത്തിലെ മററു പല ഭാഗങ്ങളിലും കാണുന്നത്. ഇതൊന്നും ഒററപ്പെട്ട സംഭവങ്ങളല്ല. ഇത്തവണ ഒരു പ്രത്യേകതയുണ്ട്, ഈ ആക്രമണങ്ങൾ മുഴുവനും ദുർബലവിഭാഗങ്ങളോടാണ്, മുതലാളിത്തത്തോടല്ല. ഒരു വ്യവസായശാല തകർത്തു. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗവികസന കോർപ്പറേഷനിൽ നിന്നും ഒരു പാവപ്പെട്ട സ്ത്രീ പതിനായിരം രൂപ കടമെടുത്തു ഒരു ചൂളവച്ചു. ആ വ്യവസായ ശാല തകർത്തിട്ട് വിപ്ലവ പ്രസ്ഥാനത്തിന്റെ പ്രതീകമായിട്ട് ഇവിടെ വന്നിരിക്കുകയാണ് ഇവർ. പാവപ്പെട്ട ഒരു ഹരിജൻ സ്ത്രീയുടെ ചൂള തകർത്ത വിപ്ലവ പ്രസ്ഥാനത്തിന്റെ ആശാൻമാരാണിവർ. നിങ്ങൾക്ക് തത്വാധിഷ്ഠിത രാഷ്ട്രീയം പറയാൻ നാണമില്ലേ? ഇടതുമുന്നണിക്ക് ഹരിജനങ്ങളോട് വിരോധമാണ്. അവരെ ഇതുവരെ പററിക്കാൻ സാധിച്ചു. ഇപ്പോൾ അവർ കണ്ണുതുറന്നു, അവർക്കു സംഗതി മനസ്സിലായി. ഒരു കാര്യം അങ്ങ് മനസ്സിലാക്കണം, പൊളിച്ച വീടുകളിൽ പകുതിയും പാവപ്പെട്ട ഹരിജനങ്ങൾക്ക് കൊടുത്ത വീടുകളായിരുന്നു. ഹരിജനങ്ങളോടും ദുർബല വിഭാഗങ്ങളോടും, മൽസ്യത്തൊഴിലാളികളോടും ഇടതുമുന്നണി ഗവൺമെൻറ് വഞ്ചനയാണ് കാട്ടുന്നത്. അവരെക്കുറിച്ച് ഒരു വാക്ക് ഈ സഭയിൽ പറയാമായിരുന്നില്ലേ? പരമ്പരാഗത വ്യവസായങ്ങളെ പുനഃസംഘടിപ്പിക്കുമെന്നു പറഞ്ഞു. അതിനുവേണ്ടി അവരുടെ കണ്ണിൽ പൊടിയിടാൻ ഏഴാം പദ്ധതിയുടെ മദ്ധ്യകാലത്ത് ഒരു പുനഃപരിശോധന, ഒരു പുനഃപരിശോധന നടത്തിയാൽ എല്ലാം ശരിയാകുമോ? അതിന് നിങ്ങളുടെ കൈവശമെന്താണുള്ളത്?

സർ, നിയമസമാധാനനിലയെക്കുറിച്ച് പറയുമ്പോൾ ഞാൻ ഒരു കാര്യം പറയാൻ ആഗ്രഹിക്കുകയാണ്. ഇന്ന് എന്താണ് സ്ഥിതി, അരക്ഷിതാവസ്ഥയെന്നു ഞാൻ പറയുന്നില്ല. ഞങ്ങൾ നിയമസമാധാനനില തകർത്തു എന്നല്ലേ നിങ്ങൾ പറയുന്നത്? നിങ്ങളുടെ ഭരണകാലത്ത് നിയമസമാധാനനില തകർക്കേണ്ടി വരില്ല. തകർന്നത് പിന്നെ തകർക്കേണ്ട ആവശ്യം വരുമോ? ഏതായാലും ഈ സംസ്ഥാനത്ത് ശാന്തമായ ഒരു അന്തരീക്ഷം അഞ്ചു വർഷങ്ങളായിട്ട് ഉണ്ടായിരുന്നു.

വ്യവസായം വിദ്യാഭ്യാസം എന്നീ എല്ലാരംഗങ്ങളിലും നാട്ടിലുടനീളം സമാധാനമുണ്ടായിരുന്നു. ഇവിടെ ഇടതുമുന്നണിക്ക് ആകെ പൊക്കിപിടിക്കാൻ ഗതികെട്ട ഒരു തങ്കമണി സംഭവവും, കീഴ്മാട് സംഭവവുമാണുള്ളത്. അവിടത്തെ കാര്യങ്ങളൊക്കെ പറഞ്ഞുകഴിഞ്ഞു. അതിനി ആവർത്തിക്കേണ്ട. ഈ നാടിന്റെ ചരിത്രത്തിൽ ഇതുവരെ ഉണ്ടാകാത്ത രീതിയിൽ ആ കാര്യത്തിൽ മുൻ ഗവൺമെൻറ് നടപടി സ്വീകരിച്ചു. അതായത്, ആക്ഷേപമുന്നയിച്ച അവസരത്തിൽത്തന്നെ തങ്കമണി സംഭവത്തെക്കുറിച്ച് അന്വേഷിപ്പിക്കാനും സ്ത്രീകൾക്ക് പരാതിയുണ്ടെങ്കിൽ കേൾക്കുന്നതിനും ഒരു സിററിംഗ് സ്ത്രീ ജഡ്ജിനെ ചുമതലപ്പെടുത്താനുള്ള ചങ്കൂററം കഴിഞ്ഞ ഗവൺമെൻറ് അല്ലാതെ ഒരു ഗവൺമെൻറും കാണിച്ചിട്ടില്ല. ഈ ഗവൺമെൻറ് അതിനുള്ള ചങ്കൂററം കാണിക്കില്ല എന്നുള്ള കാര്യത്തിൽ സംശയമില്ല. ഇപ്പോൾ കൊലപാതകത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

പ്രതി മാർക്സിസ്റ്റുകാരനാണെങ്കിൽ അറസ്റ്റു ചെയ്യേണ്ട എന്നാണ്. 'ദേശാഭിമാനി' പത്രത്തിലെ റിപ്പോർട്ട് അനുസരിച്ച് പ്രതിയെ അന്വേഷിച്ച് നടക്കുകയാണ്. ഇന്നലെ രസകരമായ ഒരു സംഭവമുണ്ടായി. 'ദേശാഭിമാനി' യും മാർക്സിസ്റ്റുകാരും പറഞ്ഞ ലിസ്റ്റനുസരിച്ച് പ്രതിയെ അന്വേഷിച്ചു പിടിച്ചത്, ഇലക്ഷൻ ദിവസം മുഴുവൻ സമയവും അവിടത്തെ പോലീസ് ഓഫീസറുടെ വാഹനമോടിച്ചിരുന്ന ഡ്രൈവറെയാണ്. ആ ദിവസം മുഴുവനും പോലീസ് ഓഫീസറുടെ കൂടെ നടന്ന കൃഷ്ണൻ എന്ന ഡ്രൈവറെയാണ് പ്രതിയായിട്ട് പിടിച്ചത്. ദേശാഭിമാനി പത്രവും മാർക്സിസ്റ്റുകാരും അയാളുടെ പേര് പറഞ്ഞുകൊടുത്തു. ഇത്രത്തോളം പക്ഷപാതപരമായി, പാർട്ടിനോക്കിയുള്ള സമീപനം നിറുത്തണം. കുറ്റക്കാർ കോൺഗ്രസ്സുകാരായാലും മാർക്സിസ്റ്റുകാരായാലും ശരി, ശിക്ഷിക്കണം. അതിന് ഞങ്ങൾ എതിരല്ല. ഈ രാജ്യത്തെ മനുഷ്യർക്ക് സുരക്ഷിതത്വം വേണം. സുരക്ഷിതത്വം കേസ്സിന്റെ നമ്പരിലല്ല, ജനങ്ങൾക്ക് ഉണ്ടാകുന്ന ബോധമാണ്. ആ ബോധം നശിപ്പിക്കാവുന്ന നിലയിലാണ് ആരംഭം. പക്ഷേ ഇക്കാര്യത്തിൽ നമുക്ക് ഉൽക്കണ്ഠയില്ല. കാരണം, കേരളത്തിലെ ജനങ്ങൾ ബോധവാൻമാരാണ്. അവസരത്തിനൊത്ത് അവർക്ക് ഉയരാനറിയാം. ചെയ്യേണ്ട കാര്യങ്ങൾ ചെയ്യേണ്ട സമയത്ത് ചെയ്യാനുമറിയാം. അതവർ ചെയ്യുകയും ചെയ്യും.

സർ, ഇടതുമുന്നണിയുടെ ഹരിജൻ വിരോധത്തിന്റെ മറ്റൊരു വശത്തെക്കുറിച്ച് പറയാം. പാവപ്പെട്ട ഹരിജനങ്ങൾക്കുവേണ്ടി പല നടപടികളും സ്വീകരിച്ച കൂട്ടത്തിൽ സ്ത്രീകൾക്കുവേണ്ടി എന്തെല്ലാം ആനുകൂല്യങ്ങൾ കൊടുക്കണമെന്നുള്ള 'ഷെഡ്യൂൾഡ് കാസ്റ്റ്സ് ഷെഡ്യൂൾഡ് ട്രൈബ്സ് കമ്മീഷന്റെ' റിപ്പോർട്ട് അംഗീകരിച്ച സംസ്ഥാനമാണ് കേരളം. ആ റിപ്പോർട്ടിൽ പറയുന്നത്, The victims of rape, not only suffer from torture but carry the burden of shame in the society for all their life. Unfortunately except. in Andra Pradesh, Bihar and Rajastan, there is no scheme for monitering relief to the rape victims. It is recommended that rape victims should be included in the relief scheme by all States. അതുപോലെ പ്ലാനിംഗ് കമ്മീഷന്റെ വർക്കിംഗ് ഗ്രൂപ്പ് റെക്കമെന്റ് ചെയ്തിരിക്കുന്നു.

Compensation should also be given to the victims of atrocities as one of the measures for their rehabilitation. ഇതാണ് ആൾ ഇൻഡ്യാ കമ്മീഷന്റെ റിപ്പോർട്ട്. പട്ടികജാതി-പട്ടിക വർഗ്ഗക്കാരോട് ആത്മാർത്ഥതയുള്ള മുൻ ഗവൺമെന്റ് എല്ലാ രംഗത്തും അവർക്കുവേണ്ടി നടപടികൾ സ്വീകരിച്ച ഗവൺമെന്റാണത്. ബലാൽസംഗം ചെയ്യപ്പെട്ട ഹരിജൻ സ്ത്രീകൾക്ക് അയ്യായിരം രൂപവീതം കൊടുക്കാൻ തീരുമാനിച്ചപ്പോൾ അതിനെ അപഹസിച്ചവരാണിവർ. ലജ്ജാകരമായ ഈ നടപടിയിൽ നിന്ന് പിൻമാറണം. സ്ത്രീത്വത്തിന്റെ പ്രതീകമാണെന്ന് അവകാശപ്പെടുന്ന ശ്രീമതി ഗൗരിയമ്മയെപോലുള്ളവരോട് ഞാൻ ചോദിക്കുകയാണ്, ഇത്തരത്തിലുള്ള നടപടികൾ വളരെ നിർഭാഗ്യകരമല്ലേ? പാവപ്പെട്ടവരെ സഹായിക്കാൻവേണ്ടി ചെയ്യുന്ന നടപടികൾ പോലും ചോദ്യംചെയ്യുന്ന മനോഭാവമാണ് ഭരണപക്ഷത്തുള്ളവർക്കുള്ളതെങ്കിൽ അതിനെക്കുറിച്ചൊന്നും എനിക്ക് പറയാനില്ല.

സർ, സാനുമാസ്റ്ററെപ്പോലുള്ള ആളുകളുൾപ്പെടെയുള്ളവർ ഒരു കാലത്ത് ജനങ്ങളെയും യുവാക്കളെയും തെറ്റിദ്ധരിപ്പിച്ചു. ഇങ്ങനെ അവരെ തെറ്റിദ്ധരിപ്പിച്ച്, വഞ്ചിച്ച് വളരെക്കാലം മുന്നോട്ടുപോകാൻ സാധിക്കില്ല. കാരണം, കേരളത്തിലെ ജനങ്ങൾ ബോധവാൻമാരാണെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തെക്കുറിച്ച് കഴിഞ്ഞ മൂന്നു ദിവസങ്ങളായി നടക്കുന്ന ചർച്ചയിൽ ഭരണകക്ഷി-പ്രതിപക്ഷ ഭാഗങ്ങളിൽ നിന്നും ഒട്ടേറെ നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. വളരെ സ്വാഗതാർഹങ്ങളായ നിർദ്ദേശങ്ങൾ വച്ച അംഗങ്ങളോട് എനിക്ക് നന്ദിയുണ്ട്. നയപ്രഖ്യാപന പ്രസംഗത്തിൽ കൃഷിക്കാർക്കുവേണ്ടി ഒന്നും ചെയ്തിട്ടില്ലെന്ന് ബഹുമാനപ്പെട്ട ഒരംഗം പരാമർശിക്കുകയാണ്ടായി. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടന പത്രികയിൽ പ്രസ്താവിച്ചിട്ടുള്ള എല്ലാ ആശയങ്ങളും നടപ്പിലാക്കുന്നതാണ്. അതിന് ഈ ഗവൺമെൻറ് ബാദ്ധ്യസ്ഥമാണ്. കൃഷിക്കാരെ അലട്ടുന്ന ജന്മിപ്രതിഫലം, കുടികിടപ്പുകാർ നൽകുന്ന നഷ്ടപ്രതിഫലം ഇതിൻെറയൊക്കെ പേരിൽ സ്വീകരിച്ചുവരുന്ന റവന്യൂ റെക്കവറി നടപടികൾ എന്നിവ തൽക്കാലം ഈ ഗവൺമെൻറ് നിറുത്തിവയ്ക്കും.

അതുപോലെതന്നെ കയർ, കശുവണ്ടി, കൈത്തറി തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖലയിലുള്ള തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കും. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ഉദ്ധരിച്ച 'ആറാം ഇൻഡ്യാ കമ്മിഷൻ' റിപ്പോർട്ട് 1982-ലായിരുന്നു. ആ റിപ്പോർട്ടിലെ മൂന്നാമത്തെ ഐററമാണ്, ബലാൽസംഗം ചെയ്യപ്പെട്ട ഹരിജൻ സ്ത്രീക്ക് അയ്യായിരം രൂപ വീതം കൊടുക്കുമെന്നുള്ളത്. തീർച്ചയായിട്ടും മുൻ ഗവൺമെൻറിൻെറ അപമാനകരമായ ആ തീരുമാനം റദ്ദു ചെയ്യാൻ ഈ ഗവൺമെൻറ് തീരുമാനിച്ചിരിക്കുകയാണ്.

ദുരിതമനുഭവിക്കുന്ന മൽസ്യത്തൊഴിലാളികൾക്ക് രണ്ടാഴ്ചത്തെ സൗജന്യ റേഷൻ നൽകുന്നതാണ്. ഇതു പ്രത്യേക മേഖലയിൽ മാത്രമല്ല കേരളത്തിൽ എല്ലായിടത്തും നൽകുന്നതാണ്. രൂക്ഷമായ വരൾച്ചയെത്തുടർന്ന് കുടിവെള്ളമെത്തിക്കാനും മററുമായി തുടർന്നുവന്ന നടപടികൾ ത്വരിതപ്പെടുത്തുവാൻ പതിനഞ്ചു കോടി രൂപ നീക്കിവച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ അഭ്യസ്ത വിദ്യരായ തൊഴിലില്ലാത്തവരുടെ എണ്ണം 19 ലക്ഷത്തിൽ നിന്ന് 27 ലക്ഷമായി വർദ്ധിക്കുകയുണ്ടായി. ഇൻഡ്യയിൽ തൊഴിലില്ലാത്തവരുടെ എണ്ണം വർദ്ധിച്ചുവരികയാണ്. തൊഴിലില്ലായ്മ പൂർണ്ണമായി പരിഹരിക്കുവാൻ മുതലാളിത്ത സമ്പദ് വ്യവസ്ഥിതിയിൽ തന്നെ മാററം വരണം. എന്നാൽ ഈ സാഹചര്യം നിലനില്ക്കെതന്നെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാൻ ഈ ഗവൺമെൻറ് പരമാവധി പരിശ്രമിക്കും.

അതുപോലെതന്നെ കാർഷിക മേഖലയെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. ഗവർമെൻറിൽ നിന്ന് കൃഷിക്കാർക്ക് നൽകിയിട്ടുള്ള കാർഷിക കടം വായ്പകൾ കെ. എൽ. ഡി. സി. യിൽ നിന്നും എടുത്തിട്ടുള്ളത് അടക്കമുള്ളവ തിരിച്ചടക്കാൻ കഴിയാതെ കുടിശ്ശിക ആയത് ഈടാക്കാനുള്ള റവന്യൂ റക്കവറി നിറുത്തിവയ്ക്കുകയും ചെയ്യുന്നതാണ്. ഇലക്ഷൻ ഫലത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും പല നേതാക്കളും ഇവിടെ പറഞ്ഞു. ഹിന്ദുവർഗ്ഗീയ വാദത്തിൻെറ വിജയമാണ് ഈ ഇലക്ഷൻ എന്നും നിഷേധാത്മകമായ വിജയമാണെന്നുമാണ് മുൻ മന്ത്രി ശ്രീ. കെ. എം. മാണി പറഞ്ഞത്. നിഷേധത്തിൻെറ വിജയം ഒരു പോസിററീവ് വിജയമാണെന്നാണ് ഞാൻ കണക്കാക്കുന്നത്. മുൻ ഗവൺമെൻറിൻെറ നടപടികൾ ജനങ്ങൾ അതൃപ്തിയോടുകൂടി വീക്ഷിക്കുകയും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഒരു സമാന്തര പരിപാടിക്ക് ജനങ്ങൾ അനുകൂലമായി വോട്ടു ചെയ്യുകയും ചെയ്തു. അങ്ങനെയാണ് ഈ ഗവൺമെൻറ് വിജയത്തിലെത്തിയിട്ടുള്ളത്. അതു പോലെതന്നെ ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ ഒരു കാര്യം പരാമർശിക്കുകയുണ്ടായി; അതു ഞാൻ കോൺഗ്രസ് സുഹൃത്തുക്കളുടെ



LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധയിൽ കൊണ്ടുവരികയാണ്. അഖിലേൻഡ്യാ കോൺഗ്രസ് നേതൃത്വം ഈ ദുർബലതയെപ്പററിയും പരാജയത്തെപ്പററിയും വിലയിരുത്തിക്കൊണ്ട് വന്നിട്ടുള്ള പരാമർശനങ്ങൾ നിങ്ങൾ എങ്ങനെ ഉൾക്കൊള്ളുന്നുവെന്നാണ് എനിക്ക് മനസ്സിലാകാത്തത്. ശ്രീ. കരുണാകരൻെറ പ്രവർത്തന ശൈലിയും ഐക്യജനാധിപത്യ മുന്നണി സൃഷ്ടിച്ച പ്രതിഛായയുമാണ് കേരളത്തിൽ കോൺഗ്രസ് ഐക്ക് തിരിച്ചടി ഏല്ക്കാൻ കാരണം. പ്രധാനമന്ത്രി രാജീവ്ഗാന്ധിയുടെ വിലയിരുത്തലാണ് ഇത്. ഇലക്ഷൻ പരാജയത്തെപ്പററി ചർച്ച ചെയ്ത് കോൺഗ്രസ് പാർലമെൻററി പാർട്ടി നിർവ്വാഹക സമിതി യോഗത്തിൽ ഇക്കാര്യം അദ്ദേഹം വളരെ വ്യക്തമായിത്തന്നെ പറഞ്ഞു. ഗാന്ധിജി സർവ്വകലാശാലാ പരീക്ഷാഫലങ്ങളിലുണ്ടായ കുഴപ്പങ്ങളാണ് പ്രധാനമന്ത്രി ചൂണ്ടിക്കാണിച്ച മറെറാരു ഘടകം. വർഗ്ഗീയ കക്ഷികളുമായി പരിധി കടന്ന് ബന്ധം പുലർത്തിയത് കോൺഗ്രസ്സിന് ദോഷകരമായെന്ന് ശ്രീ. രാജീവ്ഗാന്ധി കരുതുന്നു. അതിൽ യാതൊരു സംശയവുമില്ല. അദ്ദേഹം ഒരു നയമാററത്തിന് ആവശ്യപ്പെട്ടിട്ടില്ല എന്നാൽ സൂചനകൾ വ്യക്തമാണ്. ഇത് മനോരമയിൽ ഏപ്രിൽ 2-ാം തീയതി വന്നതാണ്. കോൺഗ്രസ് സുഹൃത്തുക്കൾ അഖിലേൻഡ്യാ കോൺഗ്രസ്സിൻെറ ഈ തീരുമാനങ്ങൾ അംഗീകരിക്കുന്നുണ്ടോ? ശ്രീ. കെ. കരുണാകരനെ മാററി ശ്രീ എ. കെ. ആൻറണിയെ കെ. പി. സി. സി. ലീഡറായി കൊണ്ടുവരാൻ പോകുന്നു എന്ന പ്രസ്താവനയും ഉണ്ട്. ഇതിൽ സത്യമുണ്ടോ? ശ്രീ. രാജീവ്ഗാന്ധി പറഞ്ഞിട്ടുള്ള വിമർശനങ്ങൾ കണക്കാക്കുന്നുണ്ടോ? തീർച്ചയായും നിങ്ങൾ അതു പരിഗണിക്കുന്നില്ലെങ്കിൽ അത് നിങ്ങളുടെ നാശത്തിലേക്കാണ് ചെന്നെത്തുക. പ്രതിപക്ഷകക്ഷിയിലുള്ള പരാജയത്തെ സംബന്ധിച്ച് ഇവിടെ ചർച്ച നടക്കുകയുണ്ടായി. ബഹുമാനപ്പെട്ട പി. ജെ. ജോസഫ് ഇന്ന് ഇവിടെ പങ്കെടുക്കുകയുണ്ടായില്ല. അദ്ദേഹം പറഞ്ഞു ഞാൻ ഇവിടെ പരിക്കേററിട്ടാണ് ഇരിക്കുന്നതെന്ന്. കോൺഗ്രസ്സിൻെറ ഒരു ഭാഗത്തുനിന്ന് പരിക്കേററ് മുറിവുപററി രക്തം ചൊരിഞ്ഞുകൊണ്ടാണ് ഈ കസേരയിൽ ഇരിക്കുന്നതെന്ന് ശ്രീ. ജോസഫ് പ്രസംഗിക്കുന്നതുകേട്ടു. ബഹുമാനപ്പെട്ട ജോസഫ് ഒരു പാർട്ടിയുടെ നേതാവാണ്. ഇന്ന് അദ്ദേഹം അവിടെയില്ല. ശ്രീ. കെ. എം. മാണിയേ ഉള്ളു. അതേസമയം അദ്ദേഹത്തിന് ബഹുമാനപ്പെട്ട വയലാർ രവി കൊടുത്ത മറുപടി എന്താണെന്നോ? ശ്രീ. ജോസഫ്, പ്രതിഛായ ചർച്ചതൊട്ട് എടുത്ത നിലപാടാണ് കേരളാ കോൺഗ്രസ്സിലെ കുഴപ്പങ്ങൾക്കും തെരഞ്ഞെടുപ്പിലെ പരാജയത്തിനും കാരണമായത്, എന്ന്. കേരളാ കോൺഗ്രസ് ഗ്രൂപ്പ് പരസ്പരം കാലു വാരിയിട്ടില്ലായിരുന്നുവെങ്കിൽ എന്തു പരാധീനതകൾ ഉണ്ടായിരുന്നാലും ഞങ്ങൾ അധികാരത്തിൽ എത്തുമായിരുന്നു എന്നാണ് അദ്ദേഹം പറഞ്ഞത്. "പരസ്പരം കാലു വാരിയത് ഞങ്ങളല്ല, നിങ്ങളാണ്" ഇത് മാതൃഭൂമിയിൽ വന്നതാണ് നിങ്ങൾ സഹകരിക്കാമെന്നു പറഞ്ഞുവെങ്കിലും കമ്മ്യൂണിസ്ററ് വിരുദ്ധ മുഖംമൂടി ധരിച്ചുകൊണ്ട് ഇന്ന് ക്രമസമാധാന പ്രശ്നവും അക്രമവും ഉയർത്തിയിരിക്കുകയാണ്. ഇത് 1957-ൽ തുടങ്ങിയതാണ്, ഇന്ന് തുടങ്ങിയതല്ല.

ശ്രീ. ഇ. എം. എസ്. മുഖ്യമന്ത്രിയായി അധികാരത്തിൽ വന്ന് മൂന്നു ദിവസത്തിനകം തന്നെ കേരളത്തിൽ ക്രമസമാധാനം തകർന്നു. നിങ്ങൾ പ്രസംഗിക്കുവാൻ തുടങ്ങി, ഇതു നിങ്ങൾക്ക് തന്നെ ആപത്താണ് ഇൻഡ്യയിലെ അമേരിക്കൻ അമ്പാസിഡറായിരുന്ന ശ്രീ. മൊയ്നിഹാൻ എഴുതിയ (The Dangerous Place) എന്ന പുസ്തകത്തിൽ 1957-ലെ അട്ടിമറി സമരം സംഘടിപ്പിച്ചതിന് പത്തു കോടി രൂപ തന്നതായി പറഞ്ഞിട്ടുണ്ട്. നിങ്ങൾ അതു ഇന്നുവരെ നിഷേധിച്ചിട്ടില്ല. അദ്ദേഹം രണ്ടു വർഷം അമേരിക്കൻ അമ്പാസിഡറായിരുന്നതാണ്. അതുപോലെ 1981 ലെ കൂടൽ കമ്മിഷൻെറ റിപ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

എന്തായിരുന്നു? ഗാന്ധി പീസ് ഫൗണ്ടേഷന് ലക്ഷക്കണക്കിന് ഉറുപ്പിക സി. ഐ. എ. യിൽ നിന്ന് കൊടുത്തുവെന്നും അത് ഇവിടെ ക്രമസമാധാനം തകരാറാക്കാനുള്ള പ്രചരണത്തിനാണെന്നും കൂടൽ കമ്മിഷന്റെ റിപ്പോർട്ട് വന്നു. ആ റിപ്പോർട്ടിനെപ്പററി നിങ്ങൾക്ക് ഒന്നും പറയാനില്ല. ക്രമസമാധാനം തകർക്കുന്നതിനുവേണ്ടി അമേരിക്കയിൽ നിന്ന് ഇവിടെ വിദേശപ്പണം കിട്ടുന്നുവെന്ന് കൂടൽ കമ്മിഷൻ ശക്തിയായ ആരോപണം ഉന്നയിച്ചു. അതുപോലെ 1967-ൽ നിങ്ങൾ ഇവിടെ ഈ ഗവൺമെൻറിനെ അട്ടിമറിക്കാൻ ശ്രമം നടത്തി. 1680 ൽ കാലുമാററ വീരൻമാരാണെന്ന പ്രചരണം നടത്തി. ബഹുമാനപ്പെട്ട കെ. എം. മാണി പറഞ്ഞത് ക്രമസമാധാനം തകർന്നിട്ടാണ് കാലുവാരിയതെന്ന്. അന്ന് പത്രത്തിൽ വന്ന പണത്തിന്റെ കണക്ക് ഞാൻ ചോദിച്ചു. ലക്ഷക്കണക്കിന് ഉറുപ്പിക കൈമാറിയിട്ടല്ലേ കാലുമാററം നടത്തിയത്? 1981 ഒക്ടോബറിൽ ക്രമസമാധാന പ്രശ്നം കൊണ്ടാണോ നമ്മുടെ കൂടെയുണ്ടായിരുന്ന ശ്രീ. മാണിയുടെ ഗ്രൂപ്പും ശ്രീ. ആൻറണിയുടെ ഗ്രൂപ്പും കാലുമാറിയത്? ഞങ്ങളുടെ കൂടെയായിരുന്നല്ലോ ശ്രീ. വയലാർ രവിയും ഉണ്ടായിരുന്നത്. അപ്പോൾ ആരാണ് കാലുമാറിയത്? അതു തത്വാധിഷ്ഠിതമായിരുന്നോ? അതുപോലെ ഗാന്ധിപീസ് ഫൗണ്ടേഷനിലെ ജനാർദ്ദനൻ പിള്ളയ്ക്ക് പണം കിട്ടിയത് അമേരിക്കയിൽ നിന്നാണെന്ന് കൂടൽ കമ്മിഷൻ തുറന്നുകാട്ടി. ഇതായിരുന്നു ആ കാലത്ത് നടന്നത്. വിദേശ ശക്തികളുടെ സഹായത്തോടുകൂടി ക്രമസമാധാനം തകർന്നുവെന്ന് പ്രചരണം നടത്തി അട്ടിമറി നടത്തി. കുവൈററിലെ രണ്ട് അനഭിമതൻമാർ ഇവിടെ വന്നതിനെപ്പററി ഞങ്ങൾ തുറന്നുപറഞ്ഞു. ശ്രീ. കരുണാകരൻ ദേശീയ പതാക അനുവദിച്ചിട്ടല്ലേ അവർക്ക് റസ്ററ് ഹൗസ് കൊടുത്തത്? അവർക്ക് വിദേശ ശക്തികളുമായി ബന്ധമുണ്ടെന്ന് ഞങ്ങൾ തുറന്നു പറഞ്ഞു. രണ്ടുപേരെപ്പററി മാത്രമാണ് പറഞ്ഞത്. കുവൈററിലെ ഗവൺമെൻറിനെപ്പററിയല്ല പറഞ്ഞത്. കുവൈററികൾക്ക് ശ്രീ. ഇ. അഹമ്മദ് അടക്കമുള്ളവർ മുഴുവൻ സൗകര്യവും ചെയ്തു കൊടുത്തില്ലേ? അവരാണെങ്കിൽ സി. ഐ. എ. യുമായി നേരിട്ട് ബന്ധമുള്ളവരായിരുന്നില്ലേ? ഈ ആരോപണങ്ങൾ വന്നപ്പോൾ തെളിവു നൽകിയതിന് ഇവിടെ മറുപടി നൽകിയോ? അങ്ങനെ വിദേശ പണം കൊണ്ട് ഈ രാജ്യത്തെ തെരഞ്ഞെടുക്കപ്പെട്ട ഗവൺമെൻറിനെ അട്ടിമറിക്കാൻ ശ്രമം നടത്തിയ ബഹുമാനപ്പെട്ട മെമ്പർമാരാണ് അപ്പുറത്തിരിക്കുന്നതു. എന്നിട്ട് പറയുന്നു ഇവിടെ ക്രമസമാധാനം അപകടത്തിലാണെന്ന്. ഒരു ക്രമസമാധാന പ്രശ്നവും ഉണ്ടാക്കാൻ ശ്രമിക്കരുത്. അതാണ് എനിക്ക് നിങ്ങളോട് അഭ്യർത്ഥിക്കുവാനുള്ളത്.

തൊഴിലില്ലാത്തവരെ സംബന്ധിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. ഞങ്ങൾ പറഞ്ഞത് തൊഴിലില്ലാത്തവർക്ക് ആശ്വാസം നൽകാൻ നടപടികൾ സ്വീകരിക്കുമെന്നാണ്. വ്യവസായ മന്ത്രി അധികാരത്തിൽ വന്ന ആ മാസം ഇവിടെ നടന്ന സമ്മേളനത്തിൽ പറഞ്ഞു, എല്ലാ താലൂക്കിലും ഓരോ കോടി രൂപയുടെ വ്യവസായം ആരംഭിക്കുമെന്ന്. എന്നിട്ട് 56 താലൂക്കുകളിലായി 56 കോടി രൂപയുടെ വ്യവസായം തുടങ്ങിയോ? പൂട്ടിക്കിടക്കുന്ന വ്യവസായശാലകൾ പോലും നിങ്ങൾ തുറന്നില്ല. പുതിയ വ്യവസായങ്ങൾ വന്നില്ല. നിങ്ങൾക്ക് കല്ലിടാൻ വേണ്ടിയുള്ള ധൃതിയായിരുന്നു. എന്നിട്ട് കുന്നത്തറ ടെക്സ്ററയൽസ് തുറന്നോ? മാവൂർ ഗ്വാളിയർ റയോൺസ് തുറന്നോ? അവ തുറക്കാൻ നമ്മൾ സഹകരിച്ച് പ്രവർത്തിച്ചാൽ മാത്രമേ തൊഴിലില്ലാത്തവർക്ക് തൊഴിൽ കൊടുക്കാൻ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളു. അതുകൊണ്ട് ഞാൻ പറയുന്നു, ഞങ്ങളുടെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ നിന്നും ശ്രീ. പി. സി. ചാക്കോയും പാർട്ടിയും പോയി, ആൾ ഇൻഡ്യാ മുസ്ലീം

ലീഗും ഞങ്ങളുടെകൂടെനിന്നും പോയി. സി. എം. പി. യും ഞങ്ങളുടെ കൂടെ നിന്നും പോയി. ഇപ്പോൾ ശ്രീ. കരുണാകരനും പ്രതിപക്ഷത്തുള്ള മററുള്ളവരും സിനിമാക്കാരെ വരുത്തുന്നു. പക്ഷെ എന്നിട്ടും അവർക്ക് വോട്ടു കിട്ടിയില്ല ഇത് കേരളമാണ്, തമിഴ്നാടല്ല, ഉത്തർപ്രദേശമല്ല, ആളുകൾ സിനിമ കാണുന്നത് കാശുകൊടുത്തിട്ടാണ്.

അതുപോലെ ഇപ്പോൾ ശ്രീ. അബുബക്കർ ചോദിച്ചു, നിങ്ങൾക്ക് 51 ശതമാനം വോട്ടുണ്ടോ എന്ന്. ഞാൻ ചോദിക്കുന്നു, നിങ്ങൾ കൂടിയ കോൺഗ്രസ്സിന് നാല്പതു കൊല്ലത്തിനുള്ളിൽ എപ്പോഴാണ് ഭൂരിപക്ഷമുണ്ടായിരുന്നത്? 1952 മുതൽ ഈ വർഷം വരെ കോൺഗ്രസ്സിന് ഒരൊററ കൊല്ലമെങ്കിലും 55 ശതമാനം വോട്ടുണ്ടായിരുന്നോ ഇൻഡ്യയിൽ? അത് മൈനോറിററിയാണ്. പണ്ഡിററ് ജവഹർലാൽ നെഹ്രുവിൻെറ കാലത്ത് മൈനോറിററിയാണ്. ശ്രീമതി ഇന്ദിരാഗാന്ധിയുടെ കാലത്ത് മൈനോറിററിയാണ് ശ്രീ. രാജീവ് ഗാന്ധി ജയിച്ച 1984ൽ മാത്രം 55 ശതമാനം ഉണ്ട്. ബാക്കി എല്ലാം അൻപതിന് താഴെയാണ്. ആ കൂട്ടത്തിലാണ് ഇപ്പോൾ നിങ്ങളുള്ളത്. എന്നിട്ടാണ് ഇപ്പോൾ ഞങ്ങളോട് ചോദിക്കുന്നത് നിങ്ങൾക്ക് ഭൂരിപക്ഷമുണ്ടോയെന്ന്.

അതേസമയത്ത് കഴിഞ്ഞ ഇലക്ഷൻ റിസൾട്ടിൻെറ ഫലമെന്താണ്? ഇലക്ഷനിൽ ജാതി-മത-വർഗ്ഗീയ ശക്തികൾക്കെതിരായിട്ട് തത്വാധിഷ്ഠിതമായ സമീപനം ഇടതുപക്ഷ ജനാധിപത്യ മുന്നണിയും കമ്മ്യൂണിസ്ററ് മാർക്സിസ്ററ് പാർട്ടിയും കൈക്കൊണ്ടു. അതിൻെറ ഫലമായിട്ടുള്ള വിജയമാണിത്. അതായത് വർഗ്ഗീയ ശക്തികൾക്കെതിരായിട്ടുള്ള വിജയമാണ് ഇവിടെ നടന്നിട്ടുള്ള വിജയം. ആ വിജയം മുന്നോട്ടു കൊണ്ടു പോകാൻവേണ്ടി ഈ രാജ്യത്തിലെ മതേതര ശക്തികളുടേയും, ജനാധിപത്യ ശക്തികളുടേയും, പിന്തുണയടക്കം പ്രതിപക്ഷത്തിന് വോട്ടു ചെയ്തവരോടും ഞങ്ങൾക്കുള്ള അഭ്യർത്ഥന ഇതാണ്. നിങ്ങൾക്ക്, വോട്ടു ചെയ്യുമ്പോൾ കുറച്ചൊക്കെ തെററു പററിയിട്ടുണ്ട്. നിങ്ങൾ വിചാരിച്ചു, ഇവിടെ രാജീവ് ഗാന്ധിയുടെ പാർട്ടി എന്നത്തേയ്ക്കും ജയിക്കുമെന്ന്. രാജീവ് ഗാന്ധി പോയി പ്രസംഗിച്ച ഒരൊററ സംസ്ഥാനവും ജയിച്ചിട്ടില്ല. അതാണ് അനുഭവം. കേരളവും ജയിച്ചില്ല, ഇനി ജയിക്കാനും പോകുന്നില്ല. ആസ്സാമിൽ ജയിച്ചോ, പഞ്ചാബിൽ ജയിച്ചോ, മിസ്സോറാമിൽ ജയിച്ചോ, പശ്ചിമ ബംഗാളിൽ ജയിച്ചോ, ത്രിപുരയിൽ ജയിച്ചോ? എവിടെയാണ് നിങ്ങളുടെ പാർട്ടി ജയിച്ചത്? അന്നു ഞാൻ പറഞ്ഞു, രാജീവ്ഗാന്ധി സ്ഥിരമായിട്ട് തിരുവനന്തപുരത്ത് മസ്കററ് ഹോട്ടലിലോ കോവളത്തോ വന്ന് താമസിക്കണമെന്ന്. കാരണം അത്രയും വോട്ട് കൂടുതൽ ഞങ്ങൾക്ക് കിട്ടും. അതിനുള്ള കാരണം അദ്ദേഹത്തിൻെറ തെററായിട്ടുള്ള നയവും തെററായിട്ടുള്ള സമീപനവും കൊണ്ടാണ്. ഈ രീതി സ്വീകരിച്ച് വർഗ്ഗീയ കക്ഷികളുമായിട്ട് കൂട്ടുകൂടാൻ അദ്ദേഹം കരുണാകരനെ ഇവിടെ അനുവദിച്ചു. മുസ്ലീം ലീഗിലെ സുഹൃത്തുക്കൾ ചോദിക്കുന്നത് അവർ വർഗ്ഗീയ ശക്തികളാണോ എന്നാണ്. നിങ്ങൾ വർഗ്ഗീയ ശക്തികളാണ്. ഞങ്ങൾ നിങ്ങളുമായി മുമ്പ് സഹകരിച്ചിട്ടുണ്ട്, യോജിച്ചിട്ടുണ്ട്, മുന്നണിയും ഉണ്ടാക്കിയിട്ടുണ്ട്. ഞാൻ അത് നിഷേധിക്കുന്നില്ല. കോൺഗ്രസ്സിൻെറ വൻ തോക്കിനെ പരാജയപ്പെടുത്താൻ അന്ന് അത് ശരിയായിരുന്നു എന്നാണ് ഞങ്ങളുടെ അഭിപ്രായം. എന്നാൽ ഇന്ന് നിങ്ങളുമായി കൂട്ടു ചേരുന്നത് തെററാണെന്നാണ് ഞങ്ങളുടെ അഭിപ്രായം. ഇന്നത്തെ രാഷ്ട്രീയത്തിൽ ഇൻഡ്യാ രാജ്യത്തിലെ പ്രധാന ആപത്തുകൾ വർഗ്ഗീയത്വവും പ്രാദേശികത്വവും ജാതി-മത-കക്ഷികളും വിഘടിത ശക്തികളുമെല്ലാമാണ്. ദേശീയമായ യോജിപ്പും മതേതര കക്ഷികളുടെ യോജിപ്പും ജാതി-മത-

LIBRARY ARCHIVES Kerala Legislative Assembly

വർഗ്ഗീയത്തിനെതിരായിട്ടുള്ള ഫൈററും കൊണ്ടുമാത്രമേ ഇൻഡ്യയെ വിജയത്തിലേയ്ക്ക് എത്തിക്കാൻ കഴിയൂ. ഇല്ലെങ്കിൽ പഞ്ചാബ് ആവർത്തിക്കുന്നതിൽ എന്താണ് തെററ്? പഞ്ചാബ് പ്രശ്നം ഇന്നും തീർന്നിട്ടില്ല. ഇന്ന് അവിടെ എല്ലാ പാർട്ടികളും യോജിച്ചിട്ടുണ്ട്. നിങ്ങൾക്ക് അത് നിഷേധിക്കാൻ കഴിയുമോ? എല്ലാ പാർട്ടികളും യോജിച്ച് വിഘടിത ശക്തികൾക്കെതിരായിട്ട്, പാകിസ്ഥാൻ ചാരൻമാർക്കെതിരായിട്ട് അവിടെ ഫൈററ് ചെയ്യുന്നുണ്ട്. അതാണ് ഇൻഡ്യയുടെ ഡെയിഞ്ചർ. ആ ഡെയിഞ്ചർ കേരളത്തിൽ വരുത്താനാണ് നിങ്ങൾ ശ്രമിക്കുന്നത്. അത് തടയണമെന്നാണ് ഞാൻ പറയുന്നത്. ഇങ്ങനെയുള്ള ആപത്തിനെപ്പററി ഇൻഡ്യ മനസ്സിലാക്കുന്നില്ലെങ്കിൽ അതിന് ഉത്തരവാദി ഞാനല്ല. ആ ആപത്ത് തീർച്ചയായിട്ടും നമ്മൾ വിളിച്ചു വരുത്തരുത്. അഖിലേന്ത്യാ മുസ്ലീംലീഗ്, കേരളാ കോൺഗ്രസ്സ്, സി. എം. പി. തുടങ്ങിയ കക്ഷികളൊന്നുമില്ലാതെയായിട്ടും ഞങ്ങൾക്ക് ഭൂരിപക്ഷ വോട്ട് നേടാൻ കഴിഞ്ഞിട്ടുണ്ട്. 1,46,000-ൽപ്പരം വോട്ടിന്റെ വ്യത്യാസം പ്രതിപക്ഷവും ഭരണമുന്നണിയും തമ്മിൽ ഇപ്പോഴുണ്ട്. കൈ ചിഹ്നത്തിന്റേയും അതിന്റെ മുന്നണിയുടേയും വോട്ടിന്റെ കണക്കെടുത്തു നോക്കിയാൽ 1,46,000-ലധികം വോട്ട് ഞങ്ങൾക്ക് കൂടുതലുണ്ട്. ആ അടിസ്ഥാനത്തിൽ മത ന്യൂനപക്ഷങ്ങളെ സംബന്ധിച്ചുള്ള ന്യായമായ അവകാശങ്ങൾക്കുവേണ്ടി ഞങ്ങൾ നിലകൊള്ളും. പക്ഷേ മതം രാഷ്ട്രീയത്തിൽ കൈകടത്തിടാൻ പാടില്ല. "Religion must separate from politics" എന്ന് രാജീവ് ഗാന്ധി ലോക്സഭയിൽ പ്രസംഗിക്കുകയുണ്ടായി, മതം രാഷ്ട്രീയത്തിൽനിന്ന് മാറിനിൽക്കണം. "ദൈവം ദൈവത്തിനുള്ളത്, സീസർ സീസർക്കുള്ളത്" എന്ന് പറഞ്ഞതുപോലെ മതത്തെ രാഷ്ട്രീയത്തിൽ നിന്ന് മാററി നിർത്താൻ കരുണാകരനും കോൺഗ്രസ്സ് നേതാക്കളും തയ്യാറുണ്ടോയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. രാജീവ് ഗാന്ധി പ്രസംഗിച്ചത് മാററിയെടുക്കാൻ നിങ്ങൾ തയ്യാറുണ്ടോ? രാജീവ് ഗാന്ധിയുമായിട്ട് പലതിലും ഞങ്ങൾക്ക് അഭിപ്രായവ്യത്യാസമുണ്ട്. പക്ഷേ മതം രാഷ്ട്രീയത്തിൽനിന്ന് മാറി നിൽക്കണമെന്ന് പറഞ്ഞ അദ്ദേഹത്തിന്റെ അഭിപ്രായത്തോട് ഞങ്ങൾക്ക് യോജിപ്പുണ്ട്. മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിക്ക് അനുകൂലമായ സമീപനം അതിൽ ഉണ്ട്. അതുകൊണ്ട് ക്രിയാത്മകമായും ഈ രാജ്യത്തെ പ്രതിപക്ഷമായി പ്രവർത്തിക്കുമെന്നും സഹകരണം നൽകുമെന്നും ഇവിടത്തെ പ്രതിപക്ഷ നേതാക്കൻമാർ ഞങ്ങളെ അറിയിച്ചത് ആത്മാർത്ഥതയോടു കൂടിയാണെങ്കിൽ തീർച്ചയായിട്ടും അത് നിർവ്വഹിക്കേണ്ട ചുമതല നിങ്ങൾക്കുണ്ട്.

ഏഴാം പഞ്ചവൽസര പദ്ധതിയിൽ കേരളത്തിന് നാലേമുക്കാൽ കോടി രൂപയുടെ മിച്ചമുണ്ടായിരുന്നുവെന്ന് ബഹുമാനപ്പെട്ട കെ. എം. മാണി പറഞ്ഞു. കേരള നിയമസഭയിൽ ഈ വിഷയം ചർച്ച ചെയ്തപ്പോൾ മാണിയുടെ മിച്ചത്തെ തച്ചടി പ്രഭാകരൻ ചോദ്യം ചെയ്തിട്ട് മിച്ചമില്ലെന്ന് പറഞ്ഞില്ലേ? എട്ടാം ധനകാര്യ കമ്മിഷനു കൊടുത്ത റിപ്പോർട്ട് അപാകത നിറഞ്ഞതാണെന്ന് മാണിക്കെതിരായിട്ടുള്ള ആരോപണം മുൻ മുഖ്യമന്ത്രിയടക്കം ഇവിടെ സമ്മതിച്ചിട്ടില്ലേ? എന്നിട്ടാണിപ്പോൾ മാണി പറയുന്നത്, മിച്ചത്തിലുള്ള ബഡ്ജററാണ് അന്ന് അവതരിപ്പിച്ചതെന്ന്. ബഹുമാനപ്പെട്ട മാണിയുടെ കണക്ക് കളവാണ്, അത് കമ്മിയാണ്, "it is a paper plan" എന്നു ഞാൻ അന്ന് ഉന്നയിച്ചിരുന്നതാണ്.

കേരളാ കോൺഗ്രസ്സിന്റെ ഭരണത്തേയും സമരത്തേയും പററി പലരും എന്നോട് ചോദിച്ചു. ഞാൻ അവരോട് പറയുകയാണ്, കേരളാ കോൺഗ്രസ്സിനോടുതന്നെ ചോദിക്കൂ ഭരണവും സമരവും നിങ്ങൾ അംഗീകരിക്കു



LIBRARY ARCHIVES Kerala Legislative Assembly

ന്നുണ്ടോയെന്ന്? കാരണം, പി. സി. ജോർജ്ജ് തേങ്ങയ്ക്കുവേണ്ടി തേങ്ങ ഉടച്ചത് കരുണാകരന്റെ നെഞ്ചിലാണ്. കേരളാ കോൺഗ്രസ്സിന്റെ ഒരു എം. എൽ. എ. കോട്ടയത്ത്, ഇത് കരുണാകരന്റെ നെഞ്ചിലാണ് എറിയുന്നതെന്ന് പറഞ്ഞാണ് അന്ന് തേങ്ങ എറിഞ്ഞത്. ആ നിലപാട് നിങ്ങൾ മാററിയിട്ടുണ്ടോ ? കേന്ദ്രഗവൺമെന്റിനെതിരായിട്ട് കേരളാ കോൺഗ്രസ്സിന് ഇപ്പോൾ സമ്മർദ്ദമില്ലെന്ന് പറയാൻ നിങ്ങൾക്ക് കഴിയുമോ ? ഇല്ലെങ്കിൽ കേരളാ കോൺഗ്രസ്സ് പിരിച്ചു വിടട്ടെ. കേന്ദ്രസഹകരണത്തെ സംബന്ധിച്ച്, കേരളത്തിന്റെ അവകാശങ്ങൾക്കുവേണ്ടി ഞങ്ങൾ സമ്മർദ്ദം ചെലുത്തും. അതല്ലാതെ ലാൽഡംഗ നടത്തിയതുപോലുള്ള സമരത്തിനൊന്നും ഞങ്ങളില്ല. ലാൽഡംഗ 20 കൊല്ലം കേന്ദ്രത്തിനെതിരായി ആയുധമേന്തി സമരം നടത്തിയിട്ട് രാജീവ്ഗാന്ധി യോജിപ്പുണ്ടാക്കി മുഖ്യമന്ത്രിയാക്കി.

അതുപോലെതന്നെ ഇവിടത്തെ ക്രമസമാധാന പ്രശ്നത്തെപ്പററി നിങ്ങൾ ആരോപണമുന്നയിച്ചു. 1959-ൽ നിങ്ങൾ അട്ടിമറി സമരം നടത്തി, 1969-ൽ ഇവിടത്തെ ഗവൺമെന്റിനെ നിങ്ങൾ പൊളിച്ചു, 1981-ൽ നിങ്ങൾ കാലുമാററ വീരൻമാരെ സൃഷ്ടിച്ചു. ഇനി 1987-ൽ നിങ്ങളുടെ കാലുമാററൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ നടക്കുകയില്ല. മുമ്പ് അങ്ങനെ നടന്നുവെങ്കിലും ഇപ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി യോജിച്ചു നിൽക്കുന്നതുകൊണ്ട് അത് നടക്കുകയില്ല. ഇത് 1987 ആണ്. പശ്ചിമ ബംഗാൾ മൂന്നാമത്തെ റൗണ്ട് വിജയിച്ച് കോൺഗ്രസ്സിനെ പൊളിച്ച കാലഘട്ടമാണ്. ഇൻഡ്യയുടെ നീക്കം എവിടത്തേയ്ക്കാണെന്ന് നിങ്ങൾ നോക്കണം. മുസ്ലീംലീഗിന് പറയാൻ ഒന്നേയുള്ളു. ബാബറി മസ്ജിദ് പ്രശ്നം. ആ പ്രശ്നം ഇവിടെ വന്നപ്പോൾ ഒത്തുതീർപ്പുണ്ടാക്കാൻ ഇവിടത്തെ കോൺഗ്രസ്സുകാർ ആവശ്യപ്പെട്ടോ ? ഈ പ്രശ്നം ഒത്തുതീർപ്പുണ്ടാക്കാൻ പ്രധാനമന്ത്രി മുൻകൈയെടുക്കണമെന്ന് നിങ്ങൾ പറഞ്ഞോ ? മുസ്ലീംലീഗുകാരെ ഭയന്നിട്ട് ഇവിടത്തെ കോൺഗ്രസ്സുകാർ മിണ്ടിയില്ല. ഇൻഡ്യാ രാജ്യത്തെ കോൺഗ്രസ്സിന്റെ പ്രസിഡന്റും പ്രധാനമന്ത്രിയും ഒരാളാണ്. എന്തുകൊണ്ട് ഇവിടത്തെ കോൺഗ്രസ്സുകാർ ഈ പ്രശ്നം അദ്ദേഹത്തോട് പറഞ്ഞില്ല ? എന്തുകൊണ്ട് അവർ ആ പ്രശ്നം എടുത്തില്ല? ഞാൻ ചോദിക്കുന്നു, നമ്മുടെ രാജ്യത്തിലെ പ്രധാന പ്രശ്നം സാമുദായിക സൗഹാർദ്ദം നിലനിർത്തണമെന്നുള്ളതാണ്. പ്രത്യേകിച്ചും വടക്ക് കാസർകോട്ട് ഭാഗത്ത് ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിലുള്ള മതസൗഹാർദ്ദം നിലനിർത്തേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട കരുണാകരൻ ഇന്നുരാവിലെ ആ ചീമേനി സംഭവത്തെപ്പററി പറഞ്ഞു. അവിടത്തെ ദയനീയമായ ക്രൂരമായ ആ കൊലപാതകങ്ങൾ 40 സഖാക്കളെയാണ് അവിടെ അതിദാരുണമായി പരിക്കേൽപ്പിച്ചത്, അവരിൽ 12 മുസ്ലീങ്ങളുമുണ്ട്. ഞാൻ ആ സ്ഥലത്ത് ആ ദിവസം രാത്രി പോയിരുന്നതാണ്. അവിടെ പത്തുനാൽപ്പതു പേർ ഓഫീസിലുണ്ടായിരുന്നു. ചീമേനിയിൽ ഇക്കഴിഞ്ഞ മാർച്ച് 23-ാം തീയതി രാത്രിയാണ് സംഭവം. ദൗർഭാഗ്യകരമായ ഈ സംഭവം കണ്ണൂരിലാണ് നടന്നത്. അത് ദൗർഭാഗ്യകരമായിപ്പോയി എന്നുതന്നെ ഞാൻ പറയുകയാണ്. അതിനെത്തുടർന്ന് അഞ്ചു പേരാണ് കശാപ്പു ചെയ്യപ്പെട്ടത്. 12 സ്ത്രീ ത്തൊഴിലാളികളടക്കം 40 പേരുള്ള ആ സ്ഥലത്ത് അവരെ രക്ഷിക്കാൻ നമ്മുടെ അഞ്ചു സഖാക്കൾ ജീവാഹൂതി ചെയ്തു. അവരെ കൊലചെയ്തതിനെപ്പററി ഈ അസംബ്ലിയിൽ ഒരു ഖേദം പോലും പ്രതിപക്ഷനേതാവ് പ്രകടിപ്പിക്കാത്തതിൽ പ്രയാസമുണ്ട്. അത് പ്രകടിപ്പിക്കാതിരുന്നത് ദുഃഖകരമാണ്, ഖേദകരമാണ്, തെററാണ്.........(ബഹളം)........ഇവിടെ ചോദിക്കുകയാണ് ആ കൊല ചെയ്യപ്പെട്ട സഖാക്കൾ ഏത് സമുദായക്കാരാണ് എന്ന്. ഞാൻ പറഞ്ഞല്ലോ, ഹിന്ദുവായാലും മുസ്ലീമായാലും നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

ഒരു സഖാക്കളും കൊലചെയ്യപ്പെടാൻ പാടില്ല. ആരേയും കൊല്ലാൻ പാടില്ല. .......... (ബഹളം)........ പൊന്നാനിയിൽ വച്ച് കൊലചെയ്യപ്പെട്ടത് മൊയ്തു എന്ന സി. പി. ഐ. പ്രവർത്തകനാണ്. അതുകൊണ്ട് തത്വാധിഷ്ഠിതവും സംശുദ്ധവുമായി എന്ന് സാനു മാഷ് പറഞ്ഞകാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മനസ്സിലാക്കിയിട്ടുണ്ടോയെന്ന് ഞാൻ സംശയിക്കുകയാണ്. കാരണം തത്വാധിഷ്ഠിതമെന്നാൽ എന്താണ്? നിങ്ങളുടെ അവസരവാദ രാഷ്ട്രീയം നിങ്ങൾ ഉപേക്ഷിക്കണം. രാജീവ് ഗാന്ധി ഇപ്പോൾ പറയുന്നത്, കേരളത്തിൽ കോൺഗ്രസ്സ് തോററത് വർഗ്ഗീയ ശക്തികളുമായി കൂട്ടു പിടിച്ചതുകൊണ്ടാണെന്നാണ്. അതേ സമയത്ത് രാജ്യത്തെ വർഗ്ഗീയ ശക്തികളുമായി കൂട്ടുകൂടാൻ പാടില്ലെന്ന തത്വാധിഷ്ഠിതമായ സമീപനം ഭരണകക്ഷിയും സാനുമാഷും ഉൾപ്പെടെയുള്ളവർ ഇവിടെ പറഞ്ഞ് ഞങ്ങളെയാകെ ആവേശം കൊള്ളിച്ചു. എന്നാൽ നമ്മുടെ പ്രതിപക്ഷ നേതാവിന് അതിൻെറ അർത്ഥമെന്താണെന്ന് മനസ്സിലായിട്ടില്ല. ഇനി അതിൻെറ അർത്ഥം മനസ്സിലാക്കണമെങ്കിൽ വീണ്ടും ഒരു പ്രസംഗം തന്നെ ഇവിടെ നടത്തേണ്ടി വരുമോയെന്ന് എനിക്ക് സംശയമുണ്ട്. അതുകൊണ്ടാണ് ഞാൻ പറയുന്നത് ഇത് 1969 അല്ല, ഇത് 1987 ആണെന്ന കാര്യം നിങ്ങൾ മനസ്സിലാക്കിക്കൊണ്ട് നമ്മുടെ രാജ്യത്തെ ജനങ്ങൾ നൽകിയിട്ടുള്ള പിൻതുണ നിങ്ങൾ നൽകണം. നിങ്ങളിൽ പലരും ഇന്നലെ ഇവിടെ പ്രസംഗിച്ചു, ഇവിടെ "നിങ്ങൾ ചെയ്ത നല്ല കാര്യത്തിന് ഞങ്ങൾ പിൻതുണ നൽകും" എന്ന്. ഞങ്ങൾ ഇവിടെ നല്ല കാര്യങ്ങൾ തന്നെയാണ് ചെയ്യാൻ പോകുന്നത്. അത് നിങ്ങളുടെ സഹകരണത്തോടുകൂടിയായിരിക്കും ചെയ്യുന്നത്. അല്ലാതെ എതിർപ്പ് പ്രകടിപ്പിച്ചുകൊണ്ടുള്ള ഒരു സമീപനമല്ല. പിൻതുടരാൻ ഉദ്ദേശിക്കുന്നത്. നിങ്ങളുടെ ഭാഗത്തു നിന്ന് ഞങ്ങൾക്ക് വോട്ടു ചെയ്ത എത്രയോ നല്ലയാളുകളുണ്ട്. കോൺഗ്രസ്സുകാരടക്കം ഞങ്ങൾക്ക് വോട്ടു ചെയ്തിട്ടുണ്ട്. നിങ്ങളുടെ കാലത്ത് കോൺഗ്രസ്സിന് വോട്ടു ചെയ്ത എത്രയോ ആളുകൾ ഞങ്ങൾക്ക് വോട്ടുചെയ്തിട്ടുണ്ട്. തെരഞ്ഞെടുപ്പിൽ കോൺഗ്രസ് ക്ഷീണിച്ചിട്ടുണ്ട്. എസ്. ആർ. പി. പോയി, എൻ. ഡി. പി. ഒന്നായി ചുരുങ്ങി. അതുപോലെതന്നെ മാണി ക്ഷീണിച്ചിട്ടുണ്ട്, ജോസഫ് ക്ഷീണിച്ചിട്ടുണ്ട്, അതേസമയം ഇടതുപക്ഷ ജനാധിപത്യ മുന്നണി ശക്തിപ്പെട്ടിട്ടുണ്ട്. ഇക്കാര്യം നിങ്ങൾ മനസ്സിലാക്കണം. ഈ രാജ്യത്ത് അതുപോലെതന്നെ മുസ്ലീം ലീഗ് ക്ഷീണിച്ചിട്ടില്ല. എന്നാൽ തളർന്നിട്ടുണ്ട്. ഭരണാധികാരത്തിൻെറ ശീതളഛായയിലിരുന്ന് പലതും നേടിയിട്ടുള്ളവർക്ക് ഇനി ആ ശീതളഛായ ആനുകൂല്യം കിട്ടുകയില്ല................(ബഹളം)................റേഷനരി വാങ്ങിയതിൽ പത്തേമുക്കാൽ കോടി രൂപയുടെ കൃത്രിമം നടന്നതിൻെറ കണക്ക് ഓഡിററർ ജനറൽ പറഞ്ഞത് മി. അഹമ്മദിന് ഓർമ്മയുണ്ടോ? അതിൻെറ കണക്ക് ഈ അസംബ്ലിയിൽ തന്നെ വന്നിട്ടുള്ള കാര്യം ഓർമ്മയുണ്ടോ? ബഹുമാനപ്പെട്ട അഹമ്മദിൻെറ പേരിൽ സിമൻറിനെക്കുറിച്ചുള്ള ആരോപണം ഇവിടെ വന്നിട്ടുണ്ട്. അക്കാര്യം ഓർമ്മയുണ്ടോ? അതുപോലെ മി. ശ്രീനിവാസനെക്കുറിച്ചുള്ള ആരോപണം വന്നിട്ടുള്ളത് ഓർമ്മയുണ്ടോ? ഞാൻ അക്കാര്യമൊന്നും മറന്നിട്ടില്ല. അതിൻെറയൊക്കെ കണക്ക് എൻെറ കൈയ്യിൽ ഇല്ലാഞ്ഞിട്ടല്ല, പക്ഷേ ഈ രാജ്യത്ത് നിങ്ങൾക്ക് ഞങ്ങളുടെ മന്ത്രിമാരുടെ പേരിൽ അവർക്കെതിരെ ഒരൊററ അഴിമതി ആരോപണം പോലും ഉന്നയിക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ള കാര്യം കണക്കിലെടുത്തുകൊണ്ടാണ് കേരളത്തിലെ ജനങ്ങൾ ഞങ്ങൾക്കനുകൂലമായി വോട്ടു നൽകി വിധിയെഴുതിയിട്ടുള്ളത്, എന്നുള്ള കാര്യം നിങ്ങൾ ഓർക്കണം. അതുകൊണ്ട് ഈ ഞങ്ങളുടെ ഈ രാജ്യത്ത് നടക്കാൻ പോകുന്ന സൗഹാർദ്ദ നിലപാട്

ഗവൺമെന്റിന്റെ മുൻപിലുണ്ട്. തീർച്ചയായിട്ടും വിശദമായി ഗവർണ്ണറുടെ നയപ്രഖ്യാപനത്തിലുണ്ട്. ആന്ധ്രയും, കർണ്ണാടകവും മദ്രാസുമൊക്കെയുണ്ട്. ഞങ്ങളുടെ കൈയ്യിൽ, നിങ്ങളുടെ കൈയിലില്ല. അതുകൊണ്ട് ഞാൻ പറഞ്ഞത് അതിനെതിരായിട്ടുള്ള വിധിയാണ് കേരളത്തിലെ വിധി. ഈ കാര്യം നിങ്ങൾ മനസ്സിലാക്കണം. ഈ പോക്ക് നിങ്ങൾ കാണണം. ഈ പോക്ക് കണ്ടില്ലെങ്കിൽ കോൺഗ്രസ് അങ്ങേയററം വീണ്ടും ദുർബലപ്പെട്ട് പശ്ചിമ ബംഗാളിന്റെ മാതൃകയിൽ എത്തും..........(ബഹളം)........ ഞാൻ കോൺഗ്രസ്സുകാരോടാണ് കാര്യം പറയുന്നത്. ലീഗുകാർ തളരും ഇനിയും തളരാൻ പോവുകയാണ്. നിങ്ങൾ മതവും രാഷ്ട്രീയവും കൂട്ടികലർത്തി ഇത്രയും കാലം ചെയ്തതുപോലെ മുഴുവൻ സ്വാധീന ശക്തിയും ഉപയോഗിച്ച് തങ്ങളുടെ കീശവീർപ്പിക്കാൻ നടന്നാൽ അത് ഇനി ശരിയാവുകയില്ല. അത് ശരിയല്ല. മതത്തെ രാഷ്ട്രീയത്തിൽ നിന്നും അകററി നിർത്തിക്കൊണ്ടുള്ള ഒരു സമീപനമാണ്. നമുക്ക് വേണ്ടത്. ഞാൻ എന്റെ പ്രസംഗം നീട്ടുന്നില്ല. ഗവർണ്ണറുടെ പ്രസംഗത്തിന്.......... ....(ബഹളം) ................ നിങ്ങളുടെ പിൻതുണ ലഭിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു........(ബഹളം) ........

ശ്രീ. ഉമ്മൻ ചാണ്ടി: സർ, മുഖ്യമന്ത്രി അദ്ദേഹത്തിന്റെ പ്രസംഗം കഴിഞ്ഞതിനുശേഷം അവസാനം ചില ചോദ്യങ്ങൾക്ക് വഴങ്ങാമെന്ന് പറഞ്ഞിരുന്നു. ഞങ്ങൾക്ക് ചില ചോദ്യങ്ങൾ ചോദിക്കാനുണ്ട്.

(ബഹളം)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചോദ്യത്തിന് വഴങ്ങുന്നുണ്ടോ ?

ശ്രീ. ഇ. കെ. നായനാർ: ഇല്ല.

ശ്രീ. കെ. എം. മാണി: സർ, ഒരു ചോദ്യത്തിന് അദ്ദേഹം വഴങ്ങാമെന്നാണ് പറഞ്ഞിരുന്നത്. എന്നിട്ടിപ്പോൾ വഴങ്ങുന്നില്ലെന്ന് പറയുന്നത്

(ബഹളം)

ശ്രീ. ഇ. കെ. നായനാർ: ഇനിയിപ്പോൾ ഒരു ചോദ്യത്തിനും വഴങ്ങുന്നില്ല.

(ബഹളം)

മി. സ്പീക്കർ: ശ്രീ. ഉമ്മൻ ചാണ്ടി, അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ഭേദഗതിയെ അനുകൂലിക്കുന്നവർ

(ബഹളം)

ശ്രീ. വയലാർ രവി: സർ, പോയിന്റ് ഓഫ് ഓർഡർ. മുഖ്യമന്ത്രിയുടെ പ്രസംഗത്തെക്കുറിച്ചാണ് എനിക്ക് പറയുവാനുള്ളത്. റൂൾ 15 (4).

സർ, ഞാൻ വായിക്കാം.

"The Chief Minister or any other Minister whether he has previously taken part in the discussion or not, shall on behalf of the Government have a general right of explaining the position of the Government at the end of the discussion and the Speaker may fix the hour by which the discussion shall conclude".

സർ, ഇവിടെ മുഖ്യമന്ത്രി ഗവൺമെൻറിന്റെ കാര്യങ്ങളും, ഇവിടത്തെ ചർച്ചയ്ക്കും മറുപടി പറയണം. എന്നാൽ അദ്ദേഹം ചർച്ചയ്ക്ക് മറുപടി പറയുന്നതിനു പകരം ഉന്നയിച്ച പ്രശ്നങ്ങൾക്ക് മറുപടി പറയുന്നതിനു പകരം അദ്ദേഹം പുതിയ പ്രശ്നം ഉന്നയിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ ആ അധികാര ദുർവിനിയോഗം ഓർഡറിലാണോ എന്നാണ് എന്റെ ചോദ്യം.

മി. സ്പീക്കർ : മുഖ്യമന്ത്രി അദ്ദേഹത്തിന്റെ അധികാര പരിധിയിൽ നിന്നുകൊണ്ട് തന്നെയാണ് സംസാരിച്ചത്. അതിനാൽ യാതൊരു ക്രമ പ്രശ്നവും അതിലില്ല.

ശ്രീ. ഉമ്മൻ ചാണ്ടി അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ. എം. മാണി അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. ഇ. അഹമ്മദ് അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. ടി. എച്ച്. മുസ്തഫ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. വയലാർ രവി അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൻമേൽ നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച പ്രമേയം, അംഗീകരിക്കാമോ എന്ന പ്രശ്നം...

ശ്രീ. ഉമ്മൻചാണ്ടി : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭ താഴെ പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിച്ചവർ 76

1. Shri Anathalavattom Anandan
2. ,, T. J. Anjalose
3. ,, K.P. Aravindakshan
4. ,, T. K. Arumughan
5. ,, Baby John
6. ,, Babu Divakaran
7. ,, Kodiyeri Balakrishnan
8. ,, Balan Vaidyar
9. ,, O. Bharathan
10. Smt. Bhargavi Thankappan
11. Shri K. R. Chandra Mohanan
12. ,, K. Chandrasekharan
13. ,, E. Chandrasekharan Nair
14. ,, V. Chitharanjan
15. ,, M. Dasan
16. ,, K. J. George
17. ,, M.R. Gopalakrishnan

LIBRARY ARCHIVES Kerala Legislative Assembly

18. Shri Gopi Kottamurikkal
19. Smt. K. R. Gouri Amma
20. Shri S. Govindakurup
21. ,, T. K. Hamza
22. Dr. A. V. Issac
23. Shri N.M. Joseph
24. ,, E.K. Menon
25. ,, A. Kanaran
26. ,, V. Kesavan
27. ,, C. T. Krishnan
28. ,, Krishnan Kaniyamparambil
29. ,, E. K. Nayanar
30. ,, C. P. Kunhu
31. ,, Lonappan Nambadan
32. ,, K.K. Madhavan
33. ,, Mamman Iype
34. ,, K. P. Mammoo Master
35. ,, C.A. Mathew
36. ,, Mathew T. Thomas
37. Smt. J. Mercykutty Amma
38. Shri K.K. N. Pariyaram
39. Smt. Nabeesa Ummal
40. Shri T. Nanoo Master
41. ,, C.P. Narayanan
42. ,, A. Neelalohithadasan Nadar
43. ,, A. K. Padmanabhan
44. ,, K. Pankajakshan
45. ,, A.M. Paraman
46. ,, T. P. Peethambaran Master
47. ,, B. Raghavan
48. ,, P. K. Raghavan
49. ,, V.V. Raghavan
50. ,, V.P. Ramakrishna Pillai
51. ,, V. K. Rajan
52. ,, C.K. Rajendran
53. ,, Kanam Rajendran
54. ,, P.R. Kurup
55. ,, P. Ravindran
56. Smt. Rosamma Punnoose
57. Shri K. Sankaranarayana Pillai
58. Prof. M. K. Sanoo
59. Shri S. Sarma
60. ,, Sathyan Mokeri
61. ,, M. Sathyanesan
62. ,, A. C. Shanmughadas
63. ,, T. Sivadasa Menon
64. ,, N. Sivan Pillai
65. ,, P. S. Sreenivasan

LIBRARY ARCHIVES Kerala Legislative Assembly

66. Shri Sundaram Manickam
67. ,, K. V. Surendranath
68. ,, V. J. Thankappan
69. ,, S. R. Thankaraj
70. ,, K.J. Thomas
71. ,, P. C. Thomas
72. ,, R. Unnikrishna Pillai
73. , M.P. Veerendrakumar
74. ,, M. Vijayakumar
75. ,, V. Viswanatha Menon
76. ,, George Joseph Podippara

പ്രതികൂലിച്ചവർ—55

1. Shri Cherkalam Abdulla
2. ,, K.P. Abdul Majeed
3. ,, P. M. Aboobacker
4. ,, E. Ahamed
5. ,, C.T. Ahammad Ali
6. ,, Korambayil Ahamed Haji
7. ,, R. Balakrishna Pillai
8. ,, P. Balan
9. ,, P.K.K. Bava
10. ,, P. Bhaskaran
11. ,, K.A. Chandran
12. ,, V. Dinakaran
13. ,, Eapen Varghese
14. ,, M.M. Hassan
15. ,, Ishaque Kurikkal
16. ,, T. M. Jacob
17. Dr. K.C. Joseph
18. Shri K. Karunakaran
19. ,, P.K. Kunhalikutty
20. ,, Kunhalikutty Keyi
21. ,, K. P. Kunhikannan
22. Dr. M.A. Kuttappan
23. Smt. Leela Damodara Menon
24. Shri K.M. Mani
25. ,, M.V. Mani
26. ,, N. Manoharan Master
27. ,, Mathew Stephen
28. ,, Aryadan Mohammed
29. ,, Kalladi Mohammed
30. ,, K. Mohammed Ali
31. ,, P.T. Mohana Krishnan
32. ,, K. Moideenkutty Haji

33. Shri T.H. Musthafa
34. ,, K.S. Narayanan Namboodiri
35. ,, K.P. Noordeen
36. ,, Oommen Chandy
37. Smt. M.T. Padma
38. Shri K. Raghavan Master
39. ,, K. K. Ramachandran Master
40. ,, Ramesh Chennithala
41. ,, Vayalar Ravi
42. ,, Rosamma Chacko
43. ,, K. Sankaranarayanan
44. ,, Chittoor Sasankan Nair
45. ,, Nalakath Soopy
46. ,, K. K. Sreenivasan
47. ,, Pandalam Sudhakaran
48. ,, V. M. Sudheeran
49. ,, C. M. Sundaram
50. ,, M.P. Thami
51. ,, P. P. Thankachan
52. ,, C.F. Thomas
53. ,, K. K. Thomas
54. ,, K.P. Viswanathan
55. ,, M.J. Zakaria

അനുകൂലിച്ചവർ—76
പ്രതികൂലിച്ചവർ—55
നിഷ്പക്ഷത പാലിച്ചവർ—ആരുമില്ല.

ഗവർണ്ണറുടെ നയപ്രഖ്യാപനത്തിന് നന്ദിരേഖപ്പെടുത്തികൊണ്ട് ശ്രീ.കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാർ: സർ, ഗവൺമെൻറിന് തല്ക്കാലം മററ് ബിസിനസ്സുകരം ഒന്നും നടത്തേണ്ടതില്ലാത്തതിനാൽ സഭ അനിശ്ചിത കാലത്തേക്ക് നിർത്തിവയ്ക്കണമെന്നഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞിരിക്കുന്നു.

(സഭ ഉച്ചയ്ക്കുശേഷം 12-14-ന് അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

77327.



## SECRETARIAT OF THE KERALA LEGISLATURE

### NOTIFICATION

No. 5408/Table-1/87/Leg. *Dated, Trivandrum, 4th April* 1987.

In exercise of the powers conferred by sub-clause (a) of clause 2 of Article 174 of the Constitution of India, the Governor of the State of Kerala hereby prorogues the First Session of the Eight Kerala Legislative Assembly with effect from April 4, 1987.

ഇൻഡ്യൻ ഭരണഘടന 174-ാം അനുച്ഛേദം 2-ാം ഖണ്ഡം (എ) ഉപ ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങം വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണ്ണർ എട്ടാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം 1987 ഏപ്രിൽ 4-ാം തീയതി മുതൽ സമാപിപ്പിച്ചിരിക്കുന്നു.

By order of the Governor,

K.P. PADMANABHAN,

*Secretary,*

*Legislative Assembly.*

LIBRARY ARCHIVES Kerala Legislative Assembly